ദിവ്യബോധനം ഗ്രന്ഥാവലി – 19

# ആധുനിക ഭാരതസഭ

## (18-ാം നൂറ്റാണ്ടു മുതലുള്ള ചരിത്ര സംഗ്രഹം)

ഫാ. ഡോ. വി. സി. ശാമുവേൽ

ദിവ്യബോധനം പബ്ലിക്കേഷൻസ്
ഓർത്തഡോക്സ് സെമിനാരി
കോട്ടയം – 686 001

വില: 75.00

*(Malayalam)*

---

**Aadhunika Bharatha Sabha**

(History of Indian Church during 18th - 20th Centuary)

**Fr. Dr. V. C. Samuel**

| | | |
|---|---|---|
| Published by | : | **Divyabodhanam Publications** |
| | | Orthodox Seminary, P.B. 98, Kottayam |
| | | Ph: 0481 - 2566 526, 2568 083 |
| First Published | : | August 1987 |
| Second Edition | : | April 1999 |
| Third Edition | : | June 2015 |
Copyright reserved


| | | |
|---|---|---|
| Number of copies | : | 1000 |
| D.T.P. & Printing | : | Sophia Print House, Kottayam |

Price: **Rs. 75/-**

# പ്രസ്താവന

സഭാംഗങ്ങൾക്കുവേണ്ടി ഓർത്തഡോക്സ് വൈദിക സെമിനാരി അവതരിപ്പിക്കുന്ന ഒരു വിശ്വാസ പരിശീലനപദ്ധതിയാണ് ദിവ്യബോധനം. കഴിവും താൽപര്യവുമുള്ള ആർക്കും സ്ത്രീപുരുഷ ഭേദമെന്യേ ഈ പദ്ധതിയിൽ ചേരാം.

സഭയുടെ വിശ്വാസം അറിയുന്നതിനും പുലർത്തുന്നതിനും അടുത്ത തലമുറയ്ക്കു പകർന്നുകൊടുക്കുന്നതിനുമുള്ള ചുമതല വൈദികർക്കു മാത്രമുള്ളതല്ല. സഭ മുഴുവന്റെയും കൂടിയുള്ള ഉത്തരവാദിത്വമാണിത്. അത്മായക്കാരായ സ്ത്രീകൾക്കും പുരുഷന്മാർക്കും വളരെ വലിയ പങ്കാണുള്ളത്, ഈ ചുമതല കാര്യക്ഷമമായി നിർവഹിക്കുന്നതിൽ.

യുക്തിചിന്തയുടെ ഈ കാലയളവിൽ സത്യവിശ്വാസം നിലനിർത്തണമെങ്കിൽ, ആരാധനയിലും സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഓർത്തഡോക്സ് വിശ്വാസത്തെ ബുദ്ധിപരമായിക്കൂടെ സ്വായത്തമാക്കേണ്ടുന്നയാവശ്യം സഭാംഗങ്ങൾക്കെല്ലാവർക്കുമുണ്ട്.

പ്രത്യേകിച്ചും സണ്ടേസ്കൂൾ അദ്ധ്യാപകർ, മർത്തമറിയം സമാജ പ്രവർത്തകർ, യുവജന പ്രസ്ഥാനത്തിലും വിദ്യാർത്ഥി പ്രസ്ഥാനത്തിലും നേതൃത്വം നൽകുന്നവർ, മുതലായ നേതൃത്വ നിരയിലുള്ള അത്മായർക്ക് വിശ്വാസപഠനം പ്രത്യേകമായി ആവശ്യമാണ്.

ഭക്തിയോടും വിശ്വാസത്തോടുംകൂടിയുള്ള സത്യാരാധനയും ക്രിസ്തുവിന്റെ മനുഷ്യസ്നേഹത്തിന്റെ മൂർത്തീകരണവുമാണ് സഭയുടെ രണ്ടു പ്രധാന ചുമതലകൾ. ഇവ രണ്ടും ശരിയായി നിർവഹിക്കണമെങ്കിൽ സഭാപാരമ്പര്യത്തിലെ ഗാഢമായ ഉപരിജ്ഞാനത്തിന്റെ താഴ്ന്ന പടികളിലേക്കെങ്കിലും വിശ്വാസികൾ കടന്നുവരാതെ, വിശ്വാസകാര്യങ്ങൾ വൈദികർക്കു മാത്രമായി വിട്ടുകൊടുക്കുന്നതു ഓർത്തഡോക്സ് പാരമ്പര്യത്തിനു നിരക്കാത്തതാണ്. മൂറോനഭിഷേകംമൂലം പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടുള്ള എല്ലാ സത്യവിശ്വാസികൾക്കും, ആരാധനയിലും മനുഷ്യസേവനത്തിലും കൂടിയുള്ള തങ്ങളുടെ ക്രിസ്തീയ ധർമനിർവ്വഹണത്തിന് ഈ പദ്ധതി സഹായകമായിത്തീരട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ സ്നേഹം നിറഞ്ഞ ജനങ്ങളെ തന്റെ പ്രത്യേക കരുണയാൽ കടാക്ഷിച്ച് അവർക്കു ദിവ്യബോധനം നൽകാൻ ഈ പദ്ധതി ഉപയോഗിക്കുമാറാകട്ടെ.

**ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ**
(പ്രസിഡന്റ്, ദിവ്യബോധനം കേന്ദ്രക്കമ്മിറ്റി)

സ്വർഗ്ഗാരോഹണ പെരുന്നാൾ 2015
പഴയസെമിനാരി

# ആമുഖം

'ഭാരതസഭാ ചരിത്ര പ്രവേശിക'യുടെ ഒന്നാം വാല്യം 'സഭ വളരുന്നു' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ചു. അതിൽ രണ്ടാം വാല്യം പ്ലാൻ ചെയ്യുന്ന വിവരം പ്രസ്താവിച്ചിരുന്നു. അതാണ് ഇപ്പോൾ ഈ ഗ്രന്ഥ ത്തിലൂടെ പൊതുജനസമക്ഷം അവതരിപ്പിക്കുന്നത്.

ആദ്യത്തെ വാല്യം അടിസ്ഥാനമാക്കിയുള്ള ക്ലാസ്സുകൾക്കു നമ്മുടെ പല പള്ളികളിലും പോകുവാൻ സാധിച്ചത് സന്തോഷത്തോടെ സ്മരി ക്കുന്നു. ഓരോ പള്ളിയിലും ബ. അച്ചന്മാർക്കും ക്ലാസ്സുകളുടെ ചുമതല നിർവഹിച്ച മാന്യ സുഹൃത്തുക്കൾക്കും സർവ്വോപരി ക്ലാസ്സുകളിൽ സംബന്ധിച്ച സഹോദരീസഹോദരങ്ങൾക്കും എന്റെ ഹാർദ്ദമായ അഭി വാദ്യങ്ങൾ. കഴിഞ്ഞ വാല്യത്തിൽ ചില ആശയങ്ങൾ ആസ്പദമാക്കി നാം സാധാരണ ധരിച്ചു വച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായ സമീ പനം അവലംബിച്ചിരുന്നു. ഈ വാല്യത്തിൽ ആ വൈഷമ്യം കാണുക യില്ല. എന്നാൽ ഗ്രന്ഥം സൂക്ഷ്മമായി വായിച്ചാൽ ഇതിലും മറ്റു പല ചരിത്രകാരന്മാർ അവലംബിക്കുന്ന നിലപാടുകളിൽ നിന്നും വ്യത്യസ്ത മായവിധം ചരിത്രം പരാമർശിക്കുന്നുണ്ടെന്നു കാണാം.

ഒരു കാര്യം പ്രത്യേകം ഇവിടെ പ്രസ്താവിച്ചു കൊള്ളട്ടെ. ഇതു ഭാര തസഭാചരിത്രമാണ്, മലങ്കരസഭയുടെ ചരിത്രം മാത്രമല്ല. ആ നിലയിൽ മലങ്കരസഭയുടെ ചരിത്രം ഗ്രന്ഥത്തിലൊരു ഭാഗമായി മാത്രമെ ഇതിൽ പരാമർശിക്കുന്നുള്ളു. ഭാരതസഭാ ചരിത്രമാസ്പദമാക്കി റോമൻ കത്തോ ലിക്കാ സഭ, മലങ്കരസുറിയാനി സഭ, മറ്റു സുറിയാനി പാരമ്പര്യം നില നിർത്തുന്ന സഭകൾ, പ്രോട്ടസ്റ്റന്റു സഭകൾ എന്നിവയെല്ലാം ഇതിൽ ചുരു ക്കമായി പ്രതിപാദിക്കുന്നുണ്ട്. ഈ നൂറ്റാണ്ടിൽ നിലവിൽ വന്ന തെന്നി ന്ത്യൻ സഭ (സി.എസ്.ഐ.), ഉത്തരേന്ത്യൻ സഭ (സി.എൻ.ഐ.) എന്നീ സമൂഹങ്ങളും ഇവ രണ്ടിലും ചേരാതെ കഴിയുന്ന പ്രോട്ടസ്റ്റന്റു സഭകളും ഇവിടെ പരാമർശിക്കപ്പെടുന്നു.

ഇന്ത്യയിലെ ക്രൈസ്തവ സഭകളെപ്പറ്റിയുള്ള ഒരു ആകമാന വീക്ഷണം മാത്രമാണിതിൽ ചേർത്തിരിക്കുന്നത്. ഈ ഗ്രന്ഥമുപയോഗി ക്കുന്നവർക്കു ഗ്രന്ഥകാരന്റെ ഭാവുകാശംസകൾ.

**ഗ്രന്ഥകാരൻ**

കോട്ടയം
മറുരൂപപ്പെരുന്നാൾ
6-8-87

# പ്രസാധകക്കുറിപ്പ്

ഭാരതസഭാചരിത്രം വളരെ വിസ്തൃതമായിക്കിടക്കുന്ന ഒരു വിഷയമാണെങ്കിലും അതിനെ ശ്രദ്ധയോടെ കടഞ്ഞെടുത്ത് സാധാരണക്കാർക്കു രുചികരമായും ആധികാരികമായും അവതരിപ്പിക്കുന്നതിൽ സഭാചരിത്രപാരംഗതനായ ബ. ഫാ. ഡോ. വി. സി. ശാമുവേൽ വളരെയേറെ പരിശ്രമിച്ചിട്ടുണ്ട്. ആരുടെയും വികാരത്തെ വ്രണപ്പെടുത്താതെ, എന്നാൽ വസ്തുനിഷ്ഠമായി ചരിത്രവസ്തുതകൾ വിവരിക്കുന്നതിൽ അദ്ദേഹം കാണിച്ചിട്ടുള്ള സൂക്ഷ്മതയും പാണ്ഡിത്യവും ഔചിത്യബോധവും പ്രശംസനീയമാണ്. ഓരോ സഭാവിഭാഗത്തേയും അതിന്റെ കാലഘട്ടത്തിൽ നിന്നും അടർത്തിയെടുക്കാതെയുള്ള വിവരണവും വിലയിരുത്തലും ചരിത്രാന്വേഷികൾ വിലമതിക്കുമെന്നതിന് സംശയമില്ല. ഈ ഗ്രന്ഥത്തിന്റെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിക്കാൻ ഇടയായതിൽ സന്തോഷിക്കുന്നു.

ദിവ്യബോധനം ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ മേൽനോട്ടം വഹിക്കുന്ന പ്രസ്ഥാനം പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ, പ്രിൻസിപ്പൽ ഫാ. ഡോ. ഒ. തോമസ്, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, രജിസ്ട്രാർ ഫാ. ഡോ. നൈനാൻ കെ. ജോർജ്ജ്, സെൻട്രൽ ഓർഗനൈസർ പ്രൊഫ. ഡോ. വർഗ്ഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മിറ്റിയാണ് ഈ പ്രസ്ഥാനത്തിന്റെ അനുദിന പ്രവർത്തനങ്ങൾ നിയന്ത്രിച്ചു വരുന്നത്.

വൈദിക സെമിനാരിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഈ പദ്ധതിയുടെ പഠനനിലവാരത്തിന്റെ ഉത്തരവാദിത്വം സെമിനാരി ഫാക്കൽറ്റിയിൽ നിക്ഷിപ്തമാണ്. പ്രാദേശികതലത്തിലും യൂണിറ്റു തലത്തിലും അദ്ധ്യാപകരും സംഘാടകരും ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പിൽ അക്ഷീണം പ്രവർത്തിക്കുന്നുണ്ട്. അവർക്കെല്ലാം പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

സർവ്വോപരി സകല നന്മകൾക്കും കാരണഭൂതനായ സർവ്വശക്തനായ ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം ദിവ്യബോധനം ഗ്രന്ഥാവലിയിൽ പ്രസിദ്ധീകരിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മിറ്റിക്കു വേണ്ടി

**ഫാ. ഡോ. നൈനാൻ കെ. ജോർജ്**

(രജിസ്ട്രാർ)

സ്വർഗ്ഗാരോഹണ പെരുന്നാൾ 2015
പഴയസെമിനാരി

# ഉള്ളടക്കം


| | | |
|---|---|---|
| പ്രസ്താവന | | 3 |
| ആമുഖം | | 4 |
| പ്രസാധകക്കുറിപ്പ് | | 5 |


## യൂണിറ്റ് 1

## 18-ാം നൂറ്റാണ്ടിലെ ഇന്ത്യൻ സഭ


| | | |
|---|---|---|
| 1 | ആമുഖം | 8 |
| 2. | കേരളത്തിലെ റോമൻ കത്തോലിക്കാ സഭ | 12 |
| 3. | മലങ്കര സുറിയാനി സഭ | 17 |
| 4. | കേരളത്തിനു വെളിയിലെ സഭാപുരോഗമനം | 24 |
| 5. | പ്രോട്ടസ്റ്റന്റ് മിഷൻ: ഒരു പൊതു വിവരണം | 29 |
| 6. | ട്രാങ്കുബാർ, സെറാമ്പൂർ ഇവിടങ്ങളിലെ മിഷൻവേല | 33 |


## യൂണിറ്റ് 2

## 19-ാം നൂറ്റാണ്ടിലെ ഇന്ത്യൻ സഭ


| | | |
|---|---|---|
| 1. | ബ്രിട്ടീഷ് ആധിപത്യം | 40 |
| 2. | മലങ്കര സുറിയാനിസഭയുടെ വളർച്ചയും തളർച്ചയും | 44 |
| 3. | മുളന്തുരുത്തി സുന്നഹദോസ് | 50 |
| 4. | കേരളത്തിലെ റോമൻ കത്തോലിക്കാ സഭ | 55 |
| 5. | ഇന്ത്യയുടെ മറ്റു ഭാഗങ്ങളിലെ റോമൻ കത്തോലിക്കാ സഭ | 60 |
| 6. | 19-ാം നൂറ്റാണ്ടിലെ പ്രൊട്ടസ്റ്റന്റ് മിഷൻ | 64 |

## യൂണിറ്റ് 3

## ബ്രിട്ടീഷ് ഇന്ത്യയിലെ സഭ


| | | |
|---|---|---|
| 1. | പ്രോട്ടസ്റ്റന്റ് മിഷൻ: കൂടുതൽ വിവരങ്ങൾ | 70 |
| 2. | മിഷൻ സമൂഹങ്ങളുടെ സഹകരണം | 76 |
| 3. | ഇന്ത്യൻ ക്രിസ്ത്യാനികൾ സുവിശേഷരംഗത്ത് | 81 |
| 4. | ഭാരതവത്കരണ യത്നങ്ങൾ | 87 |
| 5. | മലങ്കര സുറിയാനി സഭ | 93 |
| 6. | റോമിന്റെ കീഴിൽ സ്വയംപര്യാപ്തത | 100 |


## യൂണിറ്റ് 4

## സ്വതന്ത്ര ഭാരതത്തിലെ സഭ


| | | |
|---|---|---|
| 1. | ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധി | 107 |
| 2. | കേരളത്തിലെ സുറിയാനി സഭകൾ | 113 |
| 3. | പ്രോട്ടസ്റ്റന്റ് സഭകൾ ഐക്യത്തിലേയ്ക്ക് | 121 |
| 4. | റോമൻകത്തോലിക്കാ സഭയുടെ വളർച്ച | 128 |
| 5. | സഭകളുടെ ആകമാന സേവനം | 134 |
| 6. | ഉപസംഹാരം | 140 |
| **ഗ്രന്ഥസൂചിക** | | **144** |

# യൂണിറ്റ് 1

# 18-ാം നൂറ്റാണ്ടിലെ ഇൻഡ്യൻ സഭ

## പാഠം 1

## ആമുഖം

❑ പ്രാരംഭം ❑ ഗ്രന്ഥത്തെപ്പറ്റി ❑ ഉള്ളടക്കം ആസ്പദമാക്കി

### 1. പ്രാരംഭം

ഗ്രന്ഥത്തെപ്പറ്റി പൊതുവായ ചില വസ്തുതകൾ ഈ ആമുഖത്തിന്റെ ആദ്യഭാഗത്തു ചേർക്കുന്നു. രണ്ടാമത്തെ ഭാഗത്ത് ഏഴു കാര്യങ്ങളും എടുത്തു കാണിക്കുന്നു. രണ്ടു ഭാഗങ്ങളും നന്നായി വായിച്ച് ഗ്രന്ഥത്തെപ്പറ്റി ഒരു ധാരണ ഉളവാക്കുവാൻ ആദ്യമെ ശ്രമിക്കണം.

### 2. ഗ്രന്ഥത്തെപ്പറ്റി

'സഭ വളരുന്നു' എന്ന ശീർഷകത്തിൽ ദിവ്യബോധന ഗ്രന്ഥാവലി 2 ആയി പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിന്റെ രണ്ടാം വാല്യമാണ് ഈ കൃതി. കഴിഞ്ഞ വാല്യത്തിൽ ഭാരതസഭയുടെ 18-ാം നൂറ്റാണ്ടു വരെയുള്ള ചരിത്രം ചേർത്തിരുന്നു. അതിനെത്തുടർന്ന് 1980 വരെയുള്ള കാലഘട്ടത്തിലെ സഭാചരിത്രമാണ് പ്രതിപാദിക്കുന്നത്. താരതമ്യേന ചുരുങ്ങിയ കാലഘട്ടമാണിതിലെ ചർച്ചാ വിഷയമെങ്കിലും വളരെയധികം വസ്തുതകൾ ഈ വാല്യമുൾക്കൊള്ളുന്നുണ്ട്.

18-ാം നൂറ്റാണ്ടു മുതൽ ഇൻഡ്യയിൽ സഭയ്ക്കു പ്രചരിക്കുവാൻ മുമ്പുണ്ടായിരുന്നതിലുമധികം സാധ്യത ഉണ്ടായിരുന്നു. എന്നാൽ പല കാരണങ്ങളാലും ആ സാധ്യതയ്ക്കനുസരണമായി 18-ാം നൂറ്റാണ്ടിൽ സഭ പുരോഗമിച്ചില്ല. അതിന്റെ കാരണങ്ങൾ ഈ ഗ്രന്ഥത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. പിന്നീട് 19-ാം നൂറ്റാണ്ടു മുതലാണ് കേരളത്തിനു പുറത്തുള്ള ഇൻഡ്യൻ പ്രദേശങ്ങളിൽ സഭ വികസിച്ചത്. ഈ വസ്തുതയും ഈ വാല്യത്തിൽ വ്യക്തമാക്കുവാൻ യത്നിക്കുന്നു.

16-ഉം 17-ഉം നൂറ്റാണ്ടുകളിൽ പോർട്ടുഗീസാധിപത്യത്തിനു വിധേയമായി ('പദ്രോവാദോ', 'പ്രൊപ്പഗാൻഡാ' ഇവയെപ്പറ്റി ഒന്നാം വാല്യം യൂണിറ്റ് 3; പാഠം 1-ലും, യൂണിറ്റ് 4; പാഠം 2-ലും പ്രതിപാദിച്ചിട്ടുള്ളതു കാണുക) തെക്കേ ഇൻഡ്യയുടെ കടലോരങ്ങളിലും റോബർട്ടു ഡി നോബിലിയുടെ നേതൃത്വത്തിൽ സമാരംഭിച്ച മധുര മിഷന്റെ ആഭിമുഖ്യത്തിലും മറ്റും നടന്ന വേലയെപ്പറ്റിയുള്ള ചില വിവരങ്ങൾ കഴിഞ്ഞ വാല്യ

ത്തിലുൾപ്പെടുത്തിയിരുന്നു. ഫ്രാൻസിസ്ക്കൻ സന്യാസിമാരാരംഭിച്ച കട ലോരങ്ങളിലെ വേല 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിനു ശേഷം പുരോ ഗമിപ്പിച്ചതു മിക്കവാറും ജസ്വിത്തരായിരുന്നു. എന്നാൽ 17-ാം നൂറ്റാണ്ടു മുതൽ കർമ്മലീത്തരും മറ്റു സന്യാസ സമൂഹങ്ങളിൽപ്പെട്ടവരും മിഷൻ രംഗത്തു പ്രവേശിച്ചു. കർമ്മലീത്തർ പൊതുവെ പ്രോപ്പഗാൻഡായാൽ നിയോഗിതരായിട്ടായിരുന്നു ഇൻഡ്യയിൽ വന്നത്. ജസ്വിത്തരാകട്ടെ പദ്രോ വാദോ ബന്ധത്തിൽ ഗോവായിലെ ആർച്ചുബിഷപ്പിനു വിധേയത്വം അംഗീ കരിച്ചുകൊണ്ടു പ്രവർത്തിച്ചു വന്നു. 18-ാം നൂറ്റാണ്ടിൽ ഇവയിലൊന്നു മായി ബന്ധപ്പെട്ടാണ് ഇൻഡ്യയിലെ റോമൻ കത്തോലിക്കാ മിഷൻ സേവ നമനുഷ്ഠിച്ചു വന്നത്.

പദ്രോവാദോയ്ക്ക് വിധേയരും പ്രോപ്പഗാൻഡായാൽ നിയോഗിതരു മായ മിഷണറിമാർ പരസ്പരം സൗഹൃദം പാലിച്ചിരുന്നില്ല. ഇൻഡ്യയിലെ മിഷൻവേല റോം നേരത്തെതന്നെ പോർട്ടുഗീസുകാർക്കു വിട്ടുകൊടു ത്തിട്ടുള്ളതിനെ മാനിക്കണമെന്നു പദ്രോവാദോയുമായി ബന്ധപ്പെട്ടവരും, 17-ാം നൂറ്റാണ്ടിലെ നിയോഗ അടിസ്ഥാനത്തിലുള്ള അവകാശം ഉന്നയി ച്ചുകൊണ്ട് പ്രോപ്പഗാൻഡായുമായി ചേർന്നവരും വാദിച്ചുവന്നു. ഈ സാഹചര്യത്തിൽ യൂറോപ്പിലുണ്ടായ ചില സംഭവവികാസങ്ങൾ പദ്രോ വാദോയെ ഒരളവിൽ ബാധിച്ചു. 1759-ൽ പോർട്ടുഗൽ, സ്പെയിൻ, ഫ്രാൻസ് ഈ രാജ്യങ്ങളും അവയോടു ചേർന്നു റോം തന്നെയും ജസ്വി ത്തർക്കെതിരായി നിരോധനം പ്രഖ്യാപിച്ചു. നാൽപതു കൊല്ലത്തോളം നീണ്ടുനിന്ന ആ സ്ഥിതിവിശേഷം ഇൻഡ്യയിലെ അവരുടെ വേലയെ തടസ്സപ്പെടുത്തി. ആ കാലത്തു ഫ്രഞ്ചുകാരായ പാരീസ് മിഷനറിമാർ വഴി അതു നിർവഹിച്ചു എങ്കിലും, ജസ്വിത്തരുടെ നിരോധനം മിഷൻ പ്രവർത്തനത്തെ ബലഹീനമാക്കി.

19-ാം നൂറ്റാണ്ടിൽ പദ്രോവാദോ തന്നെ അതിന്റെ ക്ഷീണാവസ്ഥ വെളി പ്പെടുത്തി. ആ അടിസ്ഥാനത്തിലും വസ്തുനിഷ്ഠമല്ലാത്ത മറ്റു കാരണ ങ്ങളാലും ഗ്രിഗറി VI പാപ്പ പദ്രോവാദോ ഭരണസീമകളെ സാരമായി ക്ലിപ്തപ്പെടുത്തുന്ന ഒരു ബൂളാ 1838-ൽ പ്രസിദ്ധീകരിച്ചു. എന്നാൽ അത് സ്വീകരിച്ച് അതിലെ അനുശാസനങ്ങൾ നടപ്പിലാക്കുവാൻ ഗോവാ വിസ മ്മതിക്കുകയും ആ നിലപാട് അവിടുത്തെ ആർച്ചുബിഷപ്പ് തന്റെ അധീ നതയിലുള്ള സഭയെ അറിയിക്കുകയും ചെയ്തു. 'ഗോവൻ സിസം' (Goan Schism) എന്നു പറഞ്ഞു വരുന്ന ഈ സംഭവം റോമൻ കത്തോലിക്കാസ ഭയിൽ വളരെ ഒച്ചപ്പാടുണ്ടാക്കി. 1857-ൽ റോമും പോർട്ടുഗലും തമ്മിലു ണ്ടായ ഒത്തുതീർപ്പ് ആ പ്രശ്നം പരിഹരിച്ച് 20-ാം നൂറ്റാണ്ടിലെ സഭയ്ക്ക് അടിസ്ഥാനമിട്ടു.

കേരളത്തിനു പുറത്തുള്ള ഇൻഡ്യൻ പ്രദേശങ്ങളിൽ സുവിശേഷപ്രചരണം നിർവഹിക്കുവാൻ ചില പ്രോട്ടസ്റ്റന്റു സമൂഹങ്ങളും 18-ാം നൂറ്റാണ്ടു മുതൽ ഉദ്യമിച്ചു. ആ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇംഗ്ലണ്ടിലെ ആംഗ്ലേയ സഭയുടെ പിൻതുണയോടുകൂടി ജർമൻകാരായ ചില മിഷനറിമാർ ട്രാങ്കുബാറിൽ വേല ആരംഭിച്ചു. ഇതായിരുന്നു ഇൻഡ്യയിൽ ഇദംപ്രഥമമായി നിലവിൽ വന്ന പ്രോട്ടസ്റ്റന്റു മിഷൻ പരിപാടി. ആ വേല വലിയ വിജയം വരിച്ചില്ല. 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ സെറാമ്പൂർ മിഷൻ സമാരംഭിച്ചു. തുടർന്ന് 19-ാം നൂറ്റാണ്ടിൽ പ്രോട്ടസ്റ്റന്റു മിഷൻ പല സ്ഥലങ്ങളിലുമായി പ്രവർത്തനം നടത്തി. അത് ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. ആ നൂറ്റാണ്ടു തന്നെ പ്രോട്ടസ്റ്റന്റു സുവിശേഷപ്രചരണത്തിന്റെ വലിയ വിജയം കുറിക്കുന്ന കാലഘട്ടവുമായിരുന്നു. ഈ വസ്തുതകളെല്ലാം ഈ ഗ്രന്ഥത്തിൽ സംക്ഷിപ്തമായി വിവരിക്കുന്നുണ്ട്.

### ഉള്ളടക്കം ആസ്പദമാക്കി

ഇതിലെ ഉള്ളടക്കം അധികരിച്ച് ചില കാര്യങ്ങൾ ഇവിടെ എടുത്തു പറയുകയാണ്.

1. 18-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഏകദേശം ഇന്നോളം ഇൻഡ്യയിലെ സഭ പല അവാന്തര വിഭാഗങ്ങളിലുൾപ്പെട്ടു നിലനില്ക്കുന്നു. അതിന്റെ ഒരു പ്രധാന ഭാഗം ഇന്നും കേരളത്തിൽ സ്ഥിതിചെയ്യുന്നു. എന്നാൽ കേരളത്തിലെ സഭ വിഭജിതമാണ്. 18-ാം നൂറ്റാണ്ടു മുതൽ രൂപമെടുത്ത പിരിവുകൾ ഈ ഗ്രന്ഥത്തിൽ പരാമർശിക്കുന്നുണ്ട്. കേരളത്തിനു വെളിയിലും സഭ ഭിന്നിച്ചു കഴിയുന്നു. പ്രോട്ടസ്റ്റന്റു മിഷൻ മൂലമുളവായ സഭാവിഭാഗങ്ങൾ തമ്മിൽ 19-ാം നൂറ്റാണ്ടു മുതൽ തന്നെ ഐക്യത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരുന്നത് 20-ാം നൂറ്റാണ്ടിൽ പ്രാവർത്തികമായി. അവയിൽ മിക്ക സമൂഹങ്ങളും ചേർന്നുള്ള രണ്ടു സഭാസംയോജനങ്ങൾ നിലവിൽ വന്നു. ഈ വസ്തുതയും ഇവിടെ ചൂണ്ടിക്കാണിക്കുന്നു.

ഈ സഭകളുടെയെല്ലാം ആകമാന ചരിത്രം വേണ്ടവണ്ണം പ്രതിപാദിക്കുവാൻ ഈ ചെറു കൃതിയിൽ സാധ്യമല്ല. അതുകൊണ്ട് സർവപ്രധാനമായി കരുതാവുന്ന വസ്തുതകൾ മാത്രമേ ഇതിൽ പരാമർശിക്കുന്നുള്ളു.

2. ഇവിടെ അവലംബിക്കുന്ന സമീപനം ഇങ്ങനെയാണ്. നാലു യൂണിറ്റുകളിൽ ഓരോന്നും 18-ാം നൂറ്റാണ്ട്, 19-ാം നൂറ്റാണ്ട്, 20-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് ഇൻഡ്യയിലെ സഭ, സ്വതന്ത്ര ഭാരതത്തിലെ സഭ, ഈ ക്രമത്തിൽ നീങ്ങുന്നു. ഓരോ യൂണിറ്റിലും കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ (സുറിയാനി സഭകൾ), കേരളത്തിലും പുറത്തുമുള്ള റോമൻ കത്തോലിക്കാ സമൂഹങ്ങൾ, പ്രോട്ടസ്റ്റന്റു സമൂഹങ്ങൾ ആദിയായവയെപ്പറ്റിയുള്ള പ്രധാന വിവരങ്ങൾ ചേർത്തിട്ടുണ്ട്.

3. സഭകൾ വിഭജിതമായി സ്ഥിതി ചെയ്യുന്നുവെങ്കിലും അവയെ കഴിയുന്നത്ര ഒരുമിച്ചു വീക്ഷിക്കുവാനുള്ള ഉദ്യമമാണിവിടെ അലംബിക്കുന്നത്. എന്നാൽ അതുകൊണ്ടു സഭകൾ തമ്മിലുള്ള വിയോജിപ്പിനെ മറച്ചു വയ്ക്കുന്നില്ല.

4. ഓരോ സഭയെയും കുറിച്ചുള്ള പരാമർശത്തിൽ കഴിവതും വസ്തുനിഷ്ടമായ സമീപനമാണു നടത്തിയിട്ടുള്ളത്. ഈ ഗ്രന്ഥം മലങ്കര ഓർത്തഡോക്സ് സഭയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഒരു പാഠപുസ്തകമായതിനാൽ ആ സഭയെപ്പറ്റിയുള്ള വിവരങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. അറിയാവുന്ന പരമാർത്ഥങ്ങൾ എല്ലാ സഭകളെയും പറ്റി നിഷ്പക്ഷമായി എടുത്തുപറയുവാൻ പരമാവധി പരിശ്രമിക്കുന്നു.

5. നാലു യൂണിറ്റുകളിലായി കേരളത്തിലെ സഭയെയും കേരളത്തിനു വെളിയിലുള്ള സഭയേയും പഠനവിഷയമാക്കുന്നു. അതുപോലെ വിവിധ പാരമ്പര്യങ്ങൾ സ്വീകരിച്ചു കഴിയുന്ന മാർത്തോമ്മാ സുറിയാനി ക്രിസ്ത്യാനികൾ, ഭിന്ന പാരമ്പര്യങ്ങൾ നിലനിർത്തുന്ന പ്രോട്ടസ്റ്റന്റു ക്രിസ്ത്യാനികൾ ഇവരെയെല്ലാം പറ്റിയുള്ള വിവരങ്ങൾ എടുത്തു കാണിക്കുന്നു. ദക്ഷിണേന്ത്യാസഭ (C.S.I.), ഉത്തരേന്ത്യാസഭ ((C.N.I.) എന്നിവയുടെ രൂപീകരണവും സംക്ഷിപ്തമായി പ്രതിപാദിക്കുന്നു.

6. ഈ ഗ്രന്ഥത്തിന്റെ അവസാന പാഠത്തിൽ ഭാരത സഭയുടെ മുമ്പിൽ ഉയർന്നു വരുന്ന രണ്ടു സുപ്രധാന ചോദ്യങ്ങൾ ചേർത്തിട്ടുണ്ട്. അവയിലേയ്ക്കു പഠിതാക്കളുടെയും അനുവാചകരുടെയും ശ്രദ്ധയെ പ്രത്യേകം ക്ഷണിക്കുന്നു.

7. ഇതിലെ പ്രതിപാദനം കുറ്റമറ്റതാണെന്നു ഗ്രന്ഥകർത്താവ് അവകാശപ്പെടുന്നില്ല. ഏതു ന്യൂനതയും വസ്തുനിഷ്ഠമായവിധം ചൂണ്ടിക്കാണിച്ചാൽ, അതു സഗൗരവം പരിഗണനാവിധേയമാക്കുന്നതാണ്. ഇൻഡ്യയിലെ ക്രൈസ്തവ സഭയെ സംബന്ധിച്ചുള്ള പ്രധാന വിവരങ്ങൾ നൽകുവാനാണ് ഇതിന്റെ മുൻ വാല്യത്തിലും ഇതിലുംകൂടി യത്നിച്ചിരിക്കുന്നത്. ആ ലക്ഷ്യം സാധിക്കുവാൻ ഒരളവിലെങ്കിലും കഴിഞ്ഞിട്ടുണ്ടെങ്കിൽ ഗ്രന്ഥകർത്താവ് കൃതാർത്ഥനായിരിക്കും.

## ചോദ്യങ്ങൾ

1. 18, 19, 20 ഈ നൂറ്റാണ്ടുകളിൽ ഇൻഡ്യയിലുണ്ടായിരുന്ന ക്രൈസ്തവ സഭകളെ പൊതുവിൽ എങ്ങനെ തരംതിരിക്കാം?

2. 'പദ്രോവാദോ', 'പ്രോപ്പഗാൻഡാ' ഈ പാരമ്പര്യങ്ങളെപ്പറ്റി നമുക്കെന്തറിയാം? അവ തമ്മിലുള്ള ഉരസ്സലിനു കാരണമെന്തായിരുന്നു?

3. 18-ാം നൂറ്റാണ്ടിൽ ഏതെല്ലാം പ്രോട്ടസ്റ്റന്റു മിഷൻ സമൂഹങ്ങൾ ഇൻഡ്യയിൽ പ്രവർത്തനം ആരംഭിച്ചു? എവിടെവിടെയായിരുന്നു അവ തങ്ങളുടെ പ്രവർത്തനം തുടങ്ങിയത്?

## പാഠം 2

# കേരളത്തിലെ റോമൻ കത്തോലിക്കാ സഭ

❑ പ്രാരംഭം ❑ മൂന്നു സഭാകേന്ദ്രങ്ങൾ ❑ സ്വയംഭരണത്തിനുവേണ്ടിയുള്ള യത്നങ്ങൾ ❑ കൊച്ചിയിലെ സഭാകേന്ദ്രം

### 1. പ്രാരംഭം

ഈ വാല്യം വായിക്കുന്നവർ കഴിഞ്ഞ വാല്യം മൂന്നും നാലും യൂണിറ്റുകളിലെ ഉള്ളടക്കം പ്രത്യേകം ഓർത്തിരിക്കണം. ഈ പാഠം വായിക്കുന്നതിനു മുമ്പായി യൂണിറ്റ് 3 - പാഠം ആറും, യൂണിറ്റ് 4 - പാഠം രണ്ടും, പാഠം അഞ്ചും ഒരാവർത്തി വായിച്ചിരിക്കുകയും വേണം.

18-ാം നൂറ്റാണ്ടിൽ കേരളത്തിലെ റോമൻ കത്തോലിക്കാ സഭയ്ക്കു കൊടുങ്ങല്ലൂർ, കൊച്ചി, വരാപ്പുഴ എന്നീ കേന്ദ്രങ്ങളുണ്ടായിരുന്നു. ഇവയിൽ കൊടുങ്ങല്ലൂർ സുറിയാനി ക്രിസ്താനികളുടെ പുരാതന സഭാതലസ്ഥാനമായിരുന്നെങ്കിലും, 16-ാം നൂറ്റാണ്ടിൽ അങ്കമാലി പ്രാധാന്യം പ്രാപിച്ചു. ഉദയംപേരൂർ സുന്നഹദോസിനു ശേഷം, ആർച്ചുബിഷപ്പ് ഫ്രാൻസിസ് റോസ് തന്റെ ആസ്ഥാനം കൊടുങ്ങല്ലൂരിലേക്കു മാറ്റിയെങ്കിലും 18-ാം നൂറ്റാണ്ടിൽ അങ്കമാലി, സുറിയാനി ക്രിസ്ത്യാനികളുടെ പ്രധാന സ്ഥലമായി അംഗീകരണം പ്രാപിച്ചിരുന്നു. ഉദയംപേരൂർ ഭേദഗതികൾ വരുത്തി സ്വീകരിച്ച പേർഷ്യൻ സഭാ പാരമ്പര്യങ്ങളും കൊച്ചി ലത്തീൻ പാരമ്പര്യങ്ങളും, അങ്കമാലി, കൊടുങ്ങല്ലൂർ എന്നീ കേന്ദ്രങ്ങൾ നിലനിർത്തി വന്നു.

### 2. മൂന്നു സഭാകേന്ദ്രങ്ങൾ

1557-ൽ കൊച്ചിയെ ഗോവയിലെ ആർച്ചുബിഷപ്പിന്റെ അധികാരസീമയ്ക്കുള്ളിൽ ഒരു ഭദ്രാസനമായി പോർട്ടുഗീസുകാർ ഉയർത്തി. സുറിയാനി ക്രിസ്ത്യാനികളുടെ മെത്രാനെയും ഈ വിധത്തിൽ ഗോവയുടെ കീഴിലാക്കുവാൻ ഉദയംപേരൂർ സുന്നഹദോസു വഴി പോർട്ടുഗീസധിപതികൾ ശ്രമിച്ചെങ്കിലും, 1608-ൽ അങ്കമാലിയെ ആർച്ചുബിഷപ്പിന്റെ ആസ്ഥാനമായി റോം അംഗീകരിച്ചു. എന്നാൽ സഫ്രഗൻ ബിഷപ്പിന്റെ അഭാവത്തിൽ

അങ്ങനെ ലഭ്യമായ സ്ഥാനം, പേരിൽ മാത്രമൊതുങ്ങി നിന്നു. തന്മൂലം 18-ാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ അഥവാ അങ്കമാലി ആർച്ചുബിഷപ്പും കൊച്ചിയിൽ ബിഷപ്പും കേരളത്തിലുണ്ടായിരുന്നു.

ഇവ രണ്ടിനും പുറമേയാണ് വരാപ്പുഴ ഒരു മെത്രാസനമായിത്തീർന്നത്. അതു സംഭവിച്ചതിങ്ങനെയാണ്. 1653-ലെ കൂനൻകുരിശു സത്യത്തിനു ശേഷം മലങ്കരസഭാ ഭരണം റോം നേരിട്ടെടുത്ത് പ്രോപ്പഗാൻഡാ വഴി നിർവഹിക്കാനുള്ള ഉദ്യമമാണു നടന്നത്. അതിലേയ്ക്ക് പ്രോപ്പഗാൻഡാ നിയോഗിച്ചത് കർമ്മലീത്തരായ മിഷനറിമാരെയായിരുന്നു. എന്നാൽ അങ്ങനെ വന്ന മിഷനറിമാർക്ക് കേരളത്തിൽ ഒരാസ്ഥാനമുണ്ടായിരുന്നില്ല. ആ കുറവു പരിഹരിക്കുവാൻ 1673-ൽ ഒരു കർമ്മലീത്താ വൈദികനായിരുന്ന ഫാദർ മാത്യു (Mathew of St. Joseph) ഡച്ചുകാരുടെ അനുമതി വാങ്ങി വരാപ്പുഴയിൽ ഒരു മിഷൻകേന്ദ്രം പണികഴിപ്പിച്ചു. അത് അന്നത്തെ അനുകൂല സാഹചര്യത്തിൽ വളർന്നു. 18-ാം നൂറ്റാണ്ടിൽ ഒരു മെത്രാസനമായി രൂപംകൊണ്ടു.

ഇങ്ങനെ 18-ാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ അഥവാ അങ്കമാലി ആർച്ചുബിഷപ്പും കൊച്ചി ബിഷപ്പും, വരാപ്പുഴ ബിഷപ്പും കേരളത്തിലെ റോമൻ കത്തോലിക്കാ സഭയുടെ മേൽപ്പട്ടക്കാരായി പ്രവർത്തിച്ചു. ഇവരിൽ കൊടുങ്ങല്ലൂരും കൊച്ചിയും ഗോവായുമായി ബന്ധപ്പെട്ടും, വരാപ്പുഴ പ്രോപ്പഗാൻഡാ വഴി റോമുമായി ചേർന്നും സഭയെ നയിച്ചു. വരാപ്പുഴ ബിഷപ്പിന്റെ സ്ഥാനം 'അപ്പോസ്തോലിക വികാരി' (പോപ്പിന്റെ സ്ഥാനപതി) എന്നായിരുന്നു.

### 3. സ്വയംഭരണത്തിനുവേണ്ടിയുള്ള യത്നങ്ങൾ

ഉദയംപേരൂർ സുന്നഹദോസ് സ്വീകരിച്ചു കഴിയുന്ന സുറിയാനി ക്രിസ്ത്യാനികളെ വിളിക്കുന്ന പേര് 'സീറോമലബാർ' (Syro Malabar) സഭ എന്നാണ്. 18-ാം നൂറ്റാണ്ടിൽ ആ സമൂഹം പൊതുവെ അസ്വസ്ഥമായി കഴിഞ്ഞു വന്നു. 1599-ലെ ഉദയംപേരൂർ സുന്നഹദോസിനെ സ്വീകരിച്ചും, അതിനെ നിരാകരിക്കുന്ന 1653-ലെ കൂനൻകുരിശു സത്യത്തെ തങ്ങളുടെ നിലപാടിനനുകൂലമായി വ്യാഖ്യാനിച്ചും കഴിഞ്ഞ അവർ റോമിന്റെ അധീശത്വം സമ്മതിച്ചു വന്നു. എന്നാൽ അതുകൊണ്ടു സ്വയംഭരണാവകാശം പ്രാവർത്തികമാക്കാൻ അവർക്കു കഴിഞ്ഞില്ല. റോമിന്റെ മേൽക്കോയ്മയിൻകീഴിൽ നാട്ടുകാരനായ ഒരു മെത്രാൻ അവരെ ഭരിപ്പാൻ വേണമെന്നുള്ളതായിരുന്നു അവരുടെ അദമ്യമായ ആഗ്രഹം. അതു നടക്കാതെ വന്നത് യൂറോപ്യരായ കർമ്മലീത്തരും ജസ്വിത്തരും തങ്ങളുടെ സ്ഥാപിത താത്പര്യങ്ങൾ നിലനിർത്തുവാൻവേണ്ടി സൃഷ്ടിച്ച പ്രതിബന്ധങ്ങൾ മൂലമാണെന്നവർ വിശ്വസിച്ചു. ഇതും യൂറോപ്യരുടെ അധീശ

മനോഭാവവും അവരെ രോഷാകുലരാക്കി. എങ്കിലും അവർ ഒരിക്കലും റോമിനെ കുറ്റം പറഞ്ഞിരുന്നില്ല. അതിലുമുപരി, റോമിന്റെ പരമാധികാരം സമ്മതിക്കുന്ന അടിസ്ഥാനത്തിൽ അവരുമായി ചേരാതെ കഴിഞ്ഞുവന്ന സുറിയാനി ക്രിസ്ത്യാനികളെയും ചേർത്ത് മാർത്തോമ്മാ ക്രിസ്ത്യാനികൾ ഒരു സമൂഹമായിത്തീരണമെന്നുള്ള ചിരാഭിലാഷം അവർ പുലർത്തി. ഇതെപ്പറ്റി കൂടുതൽ കാര്യങ്ങൾ പിന്നാലെ കാണാവുന്നതാണ്.

1712-ൽ നിര്യാതനായ ആഞ്ജലൂസ് ഫ്രാൻസിസ് വരാപ്പുഴയുമായി ബന്ധപ്പെട്ടു ജീവിച്ചു. അദ്ദേഹത്തിനു ശേഷം 18-ാം നൂറ്റാണ്ടിൽ മൂന്നു ബിഷപ്പന്മാർ അപ്പോസ്തോലിക വികാരിമാരായി അവിടെ ഭരണം നടത്തി. ആഞ്ജലൂസ് ഫ്രാൻസിസിനെ സീറോ മലബാർ സഭ അത്യധികം ബഹുമാനിച്ചു സ്നേഹിച്ചു വന്നു എങ്കിലും പിന്നീട് ആ സഭ കർമ്മലീത്തരുമായി വൈരസ്യത്തിൽ വന്നു. ഈ വിദ്വേഷം കൊടുങ്ങല്ലൂർ അങ്കമാലിയുമായിച്ചേർന്നു നിന്ന സീറോമലബാർ സമൂഹത്തിനും ഉണ്ടായിരുന്നു. മിഷനറിമാർ നാട്ടുകാരായ വൈദികരെ അവഹേളിക്കുക മാത്രമല്ല, ദേഹോപദ്രവം പോലും ചെയ്യുന്നു. ഇതു മൂലം ഒരു പട്ടക്കാരൻ മരിക്കുവാനിടയായി എന്നും മറ്റുമുള്ള പരാതികൾ ഉയർന്നുവന്നു. ഇതിന്റെ എല്ലാം ഫലമായി 1776-ൽ അങ്കമാലിയിൽ വച്ച് ഒരു സഭാപ്രതിനിധി യോഗം കൂടി. മിഷനറിമാരെയെല്ലാം കേരളത്തിൽ നിന്ന് പറഞ്ഞയച്ച്, സ്വയംഭരണാവകാശം പ്രാവർത്തികമാക്കാനുള്ള അനുമതി റോമിൽ നിന്നും പ്രാപിക്കണമെന്നു തീരുമാനിച്ചു. ഇതിലേക്ക് ഒരു പ്രതിനിധി സംഘത്തെ റോമിലേക്കയക്കണമെന്നും നിശ്ചയിച്ചു.

യൂറോപ്യൻ യാത്രയ്ക്ക് ഒരു വലിയ കൂട്ടം ജനം ആരംഭത്തിലിറങ്ങിത്തിരിച്ചു. പിന്നീട് പണച്ചെലവും, പ്രായോഗിക വൈഷമ്യങ്ങളും പരിഗണിച്ച് രണ്ടു വൈദികർ മാത്രം മദ്രാസിൽ നിന്നും യൂറോപ്പിലേക്ക് 1778-ൽ കപ്പലിൽ കയറി. കരിയാറ്റിൽ ഡോ. ജോസഫ് മല്പാനും പാറേമ്മാക്കൽ തോമസ് കത്തനാരും ആയിരുന്നു ആ വൈദികർ. ജോസഫ് മല്പാൻ റോമിൽ വൈദികപഠനം നടത്തി ഡോക്ടർ ബിരുദം കരസ്ഥമാക്കിയ ആളായിരുന്നു. ദൗത്യനിർവ്വഹണത്തിനാവശ്യമായ പരിചയം അദ്ദേഹത്തിനുണ്ടെന്നു പൊതുജനം വിശ്വസിച്ചിരുന്നു. ഏതായാലും ഗോവയുമായി ബന്ധപ്പെട്ടിരുന്നതിനാൽ, പോർട്ടുഗലിലും റോമിലും ഒരുപോലെ പ്രവേശന സ്വാതന്ത്ര്യം അവർ പ്രതീക്ഷിച്ചു. അവർ ആദ്യമായി പോർട്ടുഗലിന്റെ തലസ്ഥാനമായ ലിസ്ബണിലെത്തി അവിടെ നിന്നും റോമിലേയ്ക്കു യാത്ര തുടർന്നു. പ്രോപ്പ്ഗാൻഡാ സമൂഹമായ കർമ്മലീത്താ മിഷനറിമാരെ കുറ്റപ്പെടുത്തുന്ന അവരുടെ നിവേദനം റോമിൽ സ്വീകാര്യമായില്ല. അവിടെനിന്നും ഒരു കാര്യവും നേടിയെടുക്കുവാൻ അവർക്കു കഴിഞ്ഞുമില്ല. ഈ പരാജയം മലങ്കരയിൽ ആധിപത്യം ചെയ്തിരുന്ന

കർമ്മലീത്തരുടെ പ്രേരണ മൂലമായിരുന്നു എന്ന് അവർ വിശ്വസിച്ചു. മറ്റുള്ളവരെക്കൊണ്ട് അതു വിശ്വസിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു. റോമിൽ നിന്നും അവർ പോർട്ടുഗലിൽ മടങ്ങിയെത്തുകയും, അന്നവിടെ ഭരണം നടത്തിയിരുന്ന രാജ്ഞിയുടെ ആജ്ഞാനുസരണം ജോസഫ് മല്പാൻ കൊടുങ്ങല്ലൂരിന്റെ ആർച്ചുബിഷപ്പായി അവരോധിതനാകുകയും ചെയ്തു.

ആർച്ചുബിഷപ്പ് കരിയാറ്റിലും പാറേമ്മാക്കലച്ചനും ഇൻഡ്യയിലേയ്ക്കു മടങ്ങി. 1786 മെയ് മാസത്തിലവർ ഗോവായിലെത്തി. പദ്രോവാദോ ഭരണത്തിൻകീഴിലിരുന്ന അവർക്ക്, അതിന്റെ ഇൻഡ്യയിലെ ആസ്ഥാനമായ ഗോവായിൽ നിന്നും അധികാരപത്രങ്ങൾ വേണ്ടിയിരുന്നു. അതിലേയ്ക്കു അവിടെ താമസിച്ചുവന്ന അവസരത്തിൽ ആർച്ചുബിഷപ്പ് പെട്ടെന്നു രോഗബാധിതനായി ആസന്നമരണം പ്രാപിച്ചു. ഈ ചുറ്റുപാടിൽ പാറേമ്മാക്കലിനെ കൊടുങ്ങല്ലൂർ ഭരണാധിപനായി (Governor) ഗോവയിലെ ആർച്ചുബിഷപ്പ് നിയമിച്ചു. അദ്ദേഹം കേരളത്തിൽ തിരിച്ചെത്തി, 1799-ൽ നിര്യാതനാകുന്നതുവരെ ആ സ്ഥാനത്തു സേവനമനുഷ്ഠിച്ചു.

പാറേമ്മാക്കലിനെ ആർച്ചുബിഷപ്പായി ഉയർത്തുവാൻ സീറോ മലബാർ സഭ അഭിലഷിച്ചു. എങ്കിലും, അതു സാദ്ധ്യമായില്ല. ഇതു മൂലം രണ്ടു സംഭവങ്ങൾ അദ്ദേഹത്തിന്റെ ഭരണകാലത്തു നടന്നു. ഒന്ന്, 1787 ഫെബ്രുവരിയിൽ 84 പള്ളിക്കാർ അങ്കമാലിയിൽ കൂടി ഒരു പടിയോല അംഗീകരിച്ചു. 'അങ്കമാലി പടിയോല' എന്നറിയപ്പെടുന്ന ഈ പ്രമാണം മിഷനറിമാരെ നിരാകരിച്ച് പാറേമ്മാക്കലിനെ സുശക്തം പിൻതാങ്ങുന്നതായിരുന്നു. ഇതു തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാരെക്കൊണ്ട് അംഗീകരിപ്പിച്ച് മിഷനറിമാരെ സഭാഭരണത്തിൽ നിന്നും വിടുവിക്കാൻ സമുദായനേതാക്കൾ യത്നിക്കുകയും അതിലേയ്ക്ക് 50,000-ത്തിലധികം രൂപാ പിരിച്ചുണ്ടാക്കി രാജാക്കന്മാർക്കു കൊടുത്ത് അവരുടെ ആനുകൂല്യം സമ്പാദിക്കുകയും ചെയ്തു. മിഷനറിമാരും തങ്ങളുടെ നില ഉറപ്പിക്കുവാൻ വേണ്ടതു ചെയ്തു. ഈ വിധത്തിൽ സഭാന്തരീക്ഷം കലുഷിതമായി എങ്കിലും സീറോമലബാർ സമൂഹത്തിന്റെ ലക്ഷ്യം സാധിതമായില്ല.

പാറേമ്മാക്കൽ ഗവർണറിന്റെ കാലത്തു നടന്ന രണ്ടാമത്തെ സംഭവമാണ് റോമുമായി ചേർന്നുകഴിഞ്ഞ കൽദായ പാത്രിയർക്കീസിനാൽ അവരോധിതനായ ഒരു നാട്ടുകാരൻ മെത്രാനെ ലഭിക്കുവാൻ വേണ്ടി നടന്ന ശ്രമം. 1796-ൽ സീറോമലബാർ സഭയുടെ ഒരു ദൗത്യസംഘം പാത്രിയർക്കീസിന്റെ ആസ്ഥാനത്തെത്തി. പാത്രിയർക്കീസ് അന്നു റോമിലായിരുന്നു. ഫ്രഞ്ചു യുദ്ധം മൂലം കത്തുകൾക്കു മറുപടി ലഭിക്കുവാൻ താമസവും നേരിട്ടു. ഇങ്ങനെ പല മാസങ്ങൾ കഴിഞ്ഞശേഷം സിംഹാ

സനാധിപനായിരുന്ന പ്രധാന മെത്രാപ്പോലീത്താ നിവേദകസംഘത്തിൽപ്പെട്ട പോൾ പണ്ടാരി എന്ന പട്ടക്കാരനെ അബ്രഹാം എന്ന പേരിൽ മെത്രാൻ സ്ഥാനത്തുയർത്തി, രണ്ടു കൽദായ പട്ടക്കാരുമൊരുമിച്ചു കേരളത്തിലേയ്ക്കയച്ചു. 1798-ൽ മടങ്ങിയെത്തിയ മാർ അബ്രഹാമിനെ ചങ്ങനാശ്ശേരിയിൽ സ്വീകരിച്ചു എങ്കിലും സീറോ-മലബാർ സഭ ആകമാനം അംഗീകരിച്ചില്ല. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെയോ, അദ്ദേഹത്തിനെന്തു സംഭവിച്ചു എന്ന വസ്തുതയോ ആരും സൂക്ഷ്മമായി രേഖപ്പെടുത്തി വച്ചിട്ടില്ല. സീറോമലബാർ സഭ 1799-ലുണ്ടായ പാറേമ്മാക്കലിന്റെ നിര്യാണശേഷം മറ്റു പട്ടക്കാരെ ഗവർണർമാരായി തിരഞ്ഞെടുത്ത് അവർ മൂലം സഭാ കാര്യങ്ങൾ നിർവ്വഹിച്ചു വന്നു.

## 4. കൊച്ചിയിലെ സഭാകേന്ദ്രം

സീറോ-മലബാർ സഭയിലെ ഈ സംഭവവികാസങ്ങളൊന്നും കൊച്ചിയിലെ മെത്രാസനത്തെയോ, അതിന്റെ അധീനതയിലിരുന്ന സഭയേയോ ബാധിച്ചിരുന്നില്ല. തെക്കേ ഇൻഡ്യയുടെ കടലോരപ്രദേശങ്ങളും ശ്രീലങ്കയും കൊച്ചിയുടെ ഭരണസീമയിൽ ഉൾപ്പെട്ടിരുന്നു. അവിടെ ബിഷപ്പായിരുന്ന മികെൽ റംഗേൽ 1646-ൽ നിര്യാതനായി. അതിനുശേഷം കുറേക്കാലത്തേയ്ക്ക് അവിടെ ഒരു ബിഷപ്പ് നിയമിതനായില്ല. തന്മൂലം 1663-ൽ ഡച്ചുകാർ പോർട്ടുഗീസുകാരിൽ നിന്നും കൊച്ചി പിടിച്ചെടുത്തപ്പോൾ അവിടെ ബിഷപ്പ് ഉണ്ടായിരുന്നുമില്ല. 1646 മുതൽ കൊച്ചിയിലെ സഭാകാര്യങ്ങൾ നിർവ്വഹിച്ചുവന്നത് അവിടത്തെ ചാപ്റ്റർ (കൗൺസിൽ) ആയിരുന്നു. ഡച്ചുകാർ അന്നത്തെ ചാപ്റ്ററിനെ പിരിച്ചുവിട്ടു എങ്കിലും സ്ഥിതിഗതികൾ നിയന്ത്രണവിധേയമാകുന്നതുവരെ സഭാഭരണം നിർബാധം നടന്നു.

1698-ലെ ഒത്തുതീർപ്പിന്റെ (വാല്യം 1, യൂണിറ്റ് 4, പാഠം 3 കാണുക) ഫലമായി പോർട്ടുഗീസുകാരല്ലാത്ത യൂറോപ്യൻ മിഷനറിമാർക്കു കേരളത്തിൽ പ്രവർത്തന സ്വാതന്ത്ര്യം ലഭിച്ചു. അതിനു മുമ്പുതന്നെ 1694-ൽ പ്രെഡോ പാച്ചിക്കോയെ കൊച്ചിയുടെ ബിഷപ്പായി നിയമിക്കുവാൻ സാധിച്ചിരുന്നു. അദ്ദേഹം 1713 വരെ സഭയെ നയിച്ചശേഷം ചരമമടഞ്ഞു. പിന്നീട് 18-ാം നൂറ്റാണ്ടിൽ മൂന്നു ബിഷപ്പന്മാർ കൊച്ചിയുടെ ആധിപത്യത്തിലുള്ള സഭയെ ഭരിച്ചു. അവരെല്ലാം പദ്രോവാദോ വ്യവസ്ഥയ്ക്കു വിധേയമായി ഗോവായിലെ ആർച്ചുബിഷപ്പിന്റെ സഫ്രഗന്മാരായിരുന്നു.

## ചോദ്യങ്ങൾ

1. കേരളത്തിലെ റോമൻ കത്തോലിക്കാസഭയിൽ ഏതെല്ലാം വിഭാഗങ്ങളായിരുന്നു 18-ാം നൂറ്റാണ്ടിലുണ്ടായിരുന്നത്?

2. സീറോമലബർ സഭ 18-ാം നൂറ്റാണ്ടിൽ അസ്വസ്ഥതയിലിരിപ്പാൻ കാരണമെന്ത്? അതു നീങ്ങിക്കിട്ടുവാൻ വേണ്ടി ആ സഭ എന്തു ചെയ്തു?

3. കരിയാറ്റിൽ മല്പാൻ, പാറേമ്മാക്കലച്ചൻ ഇവർ എന്തിനായി യൂറോപ്യൻ യാത്ര ചെയ്തു? ആ യാത്ര കൊണ്ട് അവർ എന്തു സാധിച്ചു?

4. പോൾ പണ്ടാരി ആര്? കേരളത്തിലെ സഭയ്ക്കുവേണ്ടി അദ്ദേഹം എന്തു ചെയ്തു?

## പാഠം 3

# മലങ്കര സുറിയാനി സഭ

❑ പ്രാരംഭം ❑ മാർത്തോമ്മാ അഞ്ചാമനും അന്ത്യോഖ്യൻ ബന്ധവും ❑ മാർത്തോമ്മാ ആറാമനും അദ്ദേഹം നേരിട്ട പ്രശ്നങ്ങളും ❑ തൊഴിയൂർ സഭ

### 1. പ്രാരംഭം

1653-ലെ കൂനൻകുരിശു സത്യത്തെ 1599-ലെ ഉദയംപേരൂർ സുന്നഹദോസിന്റെ നിരാകരണമായി മനസ്സിലാക്കി അതിലുറച്ചുനിന്ന കേരളത്തിലെ സുറിയാനി സഭാ വിഭാഗത്തെ ആണ് 'മലങ്കര സുറിയാനി സഭ' എന്ന പ്രയോഗം കൊണ്ട് ഈ ഗ്രന്ഥത്തിൽ വിവക്ഷിക്കുന്നത്. ഈ പാഠം വായിക്കുന്നതിനു മുമ്പ് കഴിഞ്ഞ വാല്യത്തിലെ യൂണിറ്റ് 4, പാഠങ്ങൾ 1, 3, 4 ഇവയിലെ ഉള്ളടക്കം ഓർമ്മയിൽ വരുത്തണം.

18-ാം നൂറ്റാണ്ടിൽ സീറോ മലബാർ സഭ റോമുമായുള്ള ബന്ധത്തിൽ തൃപ്തിയടഞ്ഞു. എന്നാൽ മലങ്കര സുറിയാനി സഭ അതുപോലെയുള്ള യാതൊരു വിദേശബന്ധത്തിലും വന്നിരുന്നില്ല. 1665 മുതൽ അത് അന്ത്യോക്യൻ സുറിയാനി സഭയുമായി ബന്ധപ്പെട്ടുവെങ്കിലും, സഭ ആകമാനം ആ വേഴ്ചയിൽ ഉറച്ചിരുന്നില്ല. എന്നാൽ മലങ്കരസഭയെ അതിൽ ഉറപ്പിച്ച്, അന്ത്യോക്യയുടെ അധീശത്വം അതിനെക്കൊണ്ട് സമ്മതിപ്പിക്കുവാനുള്ള ശ്രമം പാത്രിയർക്കീസിന്റെ ഭാഗത്തു നിന്നും 1751 മുതൽ വ്യക്തമായി നടന്നുകൊണ്ടിരുന്നു. അതിനു വഴിപ്പെടാതെ, മലങ്കരസഭയുടെ സ്വയംഭരണാവകാശം പരിരക്ഷിക്കുവാൻ സഭാനേതൃത്വം ശ്രദ്ധിച്ചുപോന്നു.

## 2. മാർതോമ്മാ അഞ്ചാമനും അന്ത്യോക്യൻ ബന്ധവും

1728 മുതൽ 1765 വരെയുള്ള 37 വർഷങ്ങൾ മാർത്തോമ്മാ അഞ്ചാമൻ മലങ്കര സുറിയാനി സഭയെ നയിച്ചു. അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് 1751–ൽ മാർ ബസേലിയോസ് ശക്രുള്ളായുടെ നേതൃത്വത്തിൽ മാർ ഗ്രീഗോറിയോസ് ഉൾപ്പെടെ ഒരു സംഘം വൈദികരെ അന്നത്തെ അന്ത്യോക്യൻ സുറിയാനി പാത്രിയർക്കീസ് മാർ ഗീവറുഗീസ് മലങ്കരയിലേക്കയച്ചു. മാർത്തോമ്മായുടെ മേൽപ്പട്ടസ്ഥാനം സാധുവല്ല. അവർ മൂലം അതു ശരിയാക്കണം എന്ന് അവർ ശഠിച്ചു. മാർതോമ്മാ വഴങ്ങിയില്ല. 1754–ൽ വിദേശീയരായ വൈദിക അദ്ധ്യക്ഷന്മാരുമായി ഒരു ഒത്തുതീർപ്പിന് അദ്ദേഹം തയ്യാറായി എങ്കിലും 1761–ൽ അവരുടെ സഹകരണം കൂടാതെ സ്വന്ത നിലയിൽ തന്റെ പിൻഗാമിയെ വാഴിച്ചു. 1765–ൽ അദ്ദേഹം നിര്യാതനായി.

മാർതോമ്മാ അഞ്ചാമന്റെ സ്ഥാനത്തെ എങ്ങനെ വിലയിരുത്തും? അദ്ദേഹത്തെ സാധൂകരിക്കുന്നവരുണ്ടെങ്കിലും അന്ത്യോക്യൻ പക്ഷീയരും റോമൻ കത്തോലിക്കാ ഗ്രന്ഥകാരന്മാരും പൊതുവെ അദ്ദേഹത്തിന്റെ സ്ഥാനം ശരിവയ്ക്കാത്തവരാണ്. അതിനാൽ ഈ ഗ്രന്ഥം അവലംബിക്കുന്ന നിലപാട് എന്തെന്നു ചൂണ്ടിക്കാണിക്കേണ്ടതുണ്ട്.

മാർതോമ്മാ അഞ്ചാമനെ അധികരിച്ചുള്ള സമകാലീന രേഖകളൊന്നും നമുക്ക് ലഭ്യമല്ല. അദ്ദേഹത്തിന്റെ സ്ഥാനം സാധുവായിരുന്നില്ലെന്നു വാദിക്കുവാൻ രണ്ട് ന്യായങ്ങളാണ് ഉന്നയിക്കാവുന്നത്. ഒന്ന്, അതൊരു മേൽപ്പട്ടക്കാരൻ തനിച്ച്, മറ്റ് മേൽപ്പട്ടക്കാരുടെ സഹകരണം കൂടാതെ, നൽകിയതായിരുന്നു എന്ന്. ഇത് ഉന്നയിക്കാവുന്ന ഒരു ന്യായമല്ലെന്ന് കഴിഞ്ഞ വാല്യത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട് (ഒന്നാം വാല്യം, യൂണിറ്റ് 4, പാഠം 1. ഗ്രന്ഥത്തിന്റെ 141–142 വശങ്ങൾ കാണുക. യൂണിറ്റ് 4, പാഠം 3. ഗ്രന്ഥത്തിന്റെ 153 വശം ജോസഫ് സെബസ്റ്റിയാനി തനിച്ചു പറമ്പിൽ ചാണ്ടി ബിഷപ്പിനെ വാഴിച്ച സംഭവം ഇവിടെ പ്രസക്തമാണ്). രണ്ട്, ആ ഒരു മേല്പ്പട്ടക്കാരൻ രോഗാവലംബിയായിരുന്നതിനാൽ അദ്ദേഹം സ്ഥാനം ശരിയാംവണ്ണം നൽകിയില്ല എന്ന്. ഈ രണ്ടാമത്തെ ന്യായത്തിനുള്ള തെളിവാണ് നാം പരിശോധിക്കേണ്ടത്. 1728–ൽ നടന്ന സംഭവത്തെപ്പറ്റി ഒന്നര നൂറ്റാണ്ടോളം കഴിഞ്ഞ്, ഒരു തെളിവും എടുത്തുപറയാതെ, ഇട്ടൂപ്പ് റൈട്ടർ ചെയ്ത പ്രസ്താവനയാണ് ഇതിനു നമുക്ക് ലഭ്യമായ ആധാരം.

ഇട്ടൂപ്പ് പറയുന്നു: 'നാലാം മാർതോമ്മാ മെത്രാൻ അനന്തിരവനെ അഞ്ചാമത്തെ മാർത്തോമ്മാ മെത്രാനായി തനിച്ചു വാഴിച്ചത് ശരിയല്ല എന്നു ചിലർ വാദിക്കുകയും അദ്ദേഹത്തെ (അഞ്ചാം മാർതോമ്മായെ) കുറേനാൾ കൈക്കൊള്ളാതിരിക്കുകയും ചെയ്തു (ഇസ്സഡ്. എം. പാറേട്ട്,

മലങ്കര നസ്രാണികൾ വാല്യം 3, പുറം 25). ഇവിടെ മാർതോമ്മാ അഞ്ചാമനെ രോഗശയ്യയിൽ കിടന്ന മുൻഗാമി അപൂർണ്ണമായവിധം വാഴിക്കുകയായിരുന്നു എന്ന് ഇട്ടൂപ്പ് പറയുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ സ്ഥാനം ന്യൂനതയുള്ളതായി വാദിക്കുന്നത് ശരിയായ വസ്തുത അടിസ്ഥാനമാക്കിയല്ല.

ഇട്ടൂപ്പിന്റെ ഗ്രന്ഥം അടിസ്ഥാനമാക്കി 19–ാം നൂറ്റാണ്ടിലെ രാജകീയ കോടതിയിൽ ഭൂരിപക്ഷ ജഡ്ജിമാർ ഇങ്ങനെ പ്രസ്താവിക്കുന്നു (Royal Court Judgement, I. pp. 30-31): മാർതോമ്മായുടെ സ്ഥാനം ശരിയല്ലെന്നു വാദിച്ചവർ കൊച്ചി രാജാവിന്റെ അടുക്കൽ പരാതിപ്പെടുകയും, മെത്രാന്റെ സ്ഥാനം പൂർത്തീകരിച്ചു കൊടുക്കണമെന്നുള്ള അവരുടെ അപേക്ഷ ഡച്ചുകാർ വഴി രാജാവ് പാത്രിയർക്കീസിനയയ്ക്കുകയും ചെയ്തു. ഈ അപേക്ഷയ്ക്കു യാതൊരു മറുപടിയും 18 കൊല്ലക്കാലത്തോളം കിട്ടാതിരുന്നു. അതിനുശേഷം കൊച്ചിയിലെ ഒരു യൂദ വ്യാപാരി വഴി ബസ്രായിൽ നിന്നും ഒരു ഈവാനിയോസിനെ തത്പരകക്ഷികൾ വരുത്തി. ഇദ്ദേഹം മാർത്തോമ്മായെ സംബന്ധിച്ച് ഒന്നും ചെയ്യുവാൻ മുതിർന്നില്ല. ഇങ്ങനെയിരിക്കവെ, മാർത്തോമ്മാ തന്നെ ഒരു സിറിയൻ വ്യാപാരി വഴി 'പണ്ഡിതനായ ഒരു മേൽപട്ടക്കാരനെ' അയച്ചുതരണമെന്ന് പാത്രിയർക്കീസിന് എഴുതി. ആ കത്തു കിട്ടിയ ഉടനെ പാത്രിയർക്കീസ് മാർ ബസേലിയോസിന്റെ നേതൃത്വത്തിൽ ഒരു വൈദികസംഘത്തെ കേരളത്തിലേക്കയച്ചു. 1751–ൽ അവർ ഒരു ഡച്ചു കപ്പലിൽ കൊച്ചിയിൽ വന്നിറങ്ങി.

മലങ്കരസഭ പുരാതനകാലം മുതൽതന്നെ അന്ത്യോക്യയുടെ അധീശത്വം സ്വീകരിച്ചിരുന്നു എന്ന നിലപാട് അവലംബിക്കുന്നവരാണ് ഇ. എം. ഫിലിപ്പും ഇട്ടൂപ്പ് റൈട്ടറും. ഇവരിൽ ഇട്ടൂപ്പിന്റെ കൃതിയിൽ നിന്നും ലഭിക്കാവുന്ന ഈ കഥ സൂക്ഷ്മമായി പരിശോധിച്ചാൽ, അദ്ദേഹം ഉദ്ദേശിക്കുന്ന ആശയം അതിലില്ലെന്നു വ്യക്തമാകും. മാർതോമ്മാ അഞ്ചാമൻ തന്റെ സ്ഥാനം പൂർത്തീകരിച്ചു കിട്ടുവാൻവേണ്ടി പാത്രിയർക്കീസിനെ സമീപിച്ചില്ല. മലങ്കരസഭയിൽ വൈദിക വിദ്യാഭ്യാസം നൽകുന്നതിനു സഹായിപ്പാൻ 'ഒരു പണ്ഡിതനായ മേൽപ്പട്ടക്കാരനെ' (മാർതോമ്മാ അഞ്ചാമന്റെ അപേക്ഷ 'a very learned Prelate'നു വേണ്ടിയായിരുന്നു) അയച്ചുതരണമെന്ന് മാത്രമായിരുന്നു അദ്ദേഹത്തിന്റെ അഭ്യർത്ഥന. എന്നാൽ 1728 മുതൽ സഭയെ നയിക്കുന്ന അദ്ദേഹത്തിന്റെ അപേക്ഷയ്ക്ക് 1751–ൽ കിട്ടുന്ന ഉത്തരമാണ്, അദ്ദേഹത്തിനു പുനരായി പട്ടംകൊടുത്തു എന്നു വരുത്തി ആ അടിസ്ഥാനത്തിൽ പാത്രിയർക്കീസിന്റെ ആധിപത്യം മലങ്കരസഭമേൽ സ്ഥാപിക്കുവാനുള്ള ഉദ്ദേശ്യത്തോടെ ഒരു സംഘം വൈദികരെ കേരളത്തിലേയ്ക്ക് അയയ്ക്കുന്നതിൽ കാണാവുന്നത്. ഇത് മാർതോമ്മാ അഞ്ചാമനെ ക്ഷോഭിപ്പിച്ചിരിക്കണം.

നമുക്ക് ലഭ്യമായ തെളിവുകൾ വച്ചുകൊണ്ട് മാർത്തോമ്മാ അഞ്ചാമനെപ്പറ്റി പറയാവുന്നത് ഇത്രയുമാണ്. അദ്ദേഹത്തെ മാർതോമ്മാ നാലാമൻ തനിച്ച് വാഴിച്ചതിനെപ്പറ്റി 1728 മുതൽ സഭയിൽ ചിലരെല്ലാം ചോദ്യമുന്നയിച്ചിരിക്കാമെങ്കിലും, 1751 വരെ അതാരും വലിയ കാര്യമായി കരുതിയില്ല. എന്നാൽ അതിനുശേഷം മലങ്കരസഭയെ കീഴ്പ്പെടുത്തണമെന്നുള്ള ഉദ്ദേശ്യത്തോടെ, ആ കാലത്തുവന്ന മേൽപ്പട്ടക്കാർ അദ്ദേഹത്തിന്റെ സ്ഥാനം സാധുതയുള്ളതല്ലെന്നും അവർ മൂലം അത് ശരിയാക്കണമെന്നും വാദിച്ചു. മാർതോമ്മാ അതിന് വില കൊടുത്തില്ലെങ്കിലും, അതിനെ സ്വീകരിക്കുന്ന ഒരു കക്ഷിയെ സഭയിൽ സൃഷ്ടിക്കുവാൻ അവർക്കു കഴിഞ്ഞു. ആ നിലപാടിനെയാണ് ഇട്ടൂപ്പ് പ്രതിബിംബിക്കുന്നത്.

### 3. മാർതോമ്മാ ആറാമനും അദ്ദേഹം നേരിട്ട പ്രശ്നങ്ങളും

1765 മുതൽ 1808 വരെ മലങ്കര സുറിയാനി സഭയ്ക്ക് നേതൃത്വം നൽകിയ മാർത്തോമ്മാ ആറാമന്റെ കാലത്തു നടന്ന നാലു സംഭവങ്ങൾ ശ്രദ്ധാർഹങ്ങളാണ്.

**(a) മെത്രാൻ സ്ഥാനം സ്ഥിരീകരണം:** സ്വന്തം മുൻഗാമിയുടെ നിര്യാണാനന്തരം അഞ്ചു വർഷക്കാലം സഭയെ നയിച്ച മാർതോമ്മാ ആറാമൻ 1770–ലും അതിനുശേഷം 1799–ലും ചെയ്തതായി അവകാശപ്പെടുന്ന രണ്ട് നടപടികളിലൊന്ന് അന്ത്യോക്യൻ പക്ഷീയരേയും മറ്റേത് റോമൻ കത്തോലിക്കരേയും പ്രീണിപ്പിച്ചിരിക്കാം. എന്നാൽ അവയിൽ ഒന്നും അദ്ദേഹം മലങ്കരസഭയുടെ പൗരസ്ത്യ സ്വഭാവം വേണ്ടവണ്ണം മനസ്സിലാക്കിയിരുന്നതായി വ്യക്തമാക്കുന്നില്ല. അദ്ദേഹം ബുദ്ധിമാനും ഭരണപ്രാപ്തനും ആയിരുന്നുവെന്ന് തീർച്ചയായും പറയാം.

മാർത്തോമ്മാ ആറാമനെപ്പറ്റി സൂചനയുള്ള ഒന്നാമത്തെ വസ്തുത, അദ്ദേഹം 1770–ൽ തന്റെ മെത്രാപ്പോലീത്താ സ്ഥാനം സ്ഥിരീകരണം പ്രാപിച്ചു എന്നതാണ്. 1751–ൽ ആഗതരായ മേൽപ്പട്ടക്കാരിൽ മാർ ബസേലിയോസ് ശക്രുള്ളാ 1764–ൽ നിര്യാതനായി. അതിനു മുമ്പ് 1754–ൽ അന്നത്തെ സിറിയൻ വൈദികസംഘത്തിൽപ്പെട്ട ഒരു റമ്പാനെ, അദ്ദേഹം, മാർ ഗ്രീഗോറിയോസിന്റെ സഹകരണത്തിൽ മാർ ഈവാനിയോസായി മേൽപട്ടസ്ഥാനത്ത് അവരോധിച്ചു. ഇപ്പോൾ മാർ ഗ്രീഗോറിയോസ്, മാർ ഈവാനിയോസിന്റെ സഹകരണത്തിൽ, മാർതോമ്മാ ആറാമനെ ദീവന്നാസ്യോസായി സ്ഥിരീകരിച്ചു. 1751 മുതൽ മലങ്കര സുറിയാനി സഭയിൽ ശക്തി പ്രാപിച്ചു വന്ന അന്ത്യോക്യൻ പക്ഷീയരുടെ സമ്മർദ്ദം ഈ സംഭവത്തിന്റെ പിമ്പിലുണ്ടായിരുന്നിരിക്കാം. എന്നാൽ മാർതോമ്മാ ഈ നടപടിക്കൊരുമ്പെടുന്നതിനു മുമ്പ് സർക്കാരിൽ അടിയറ തീർത്ത്

തന്റെ സ്ഥാനം കേരളത്തിൽ ഉറപ്പാക്കിയ ശേഷമായിരുന്നു അതിനു സമ്മതിച്ചത് (മലങ്കര നസ്രാണികൾ വാല്യം 3, പുറം 35 മുതൽ).

**(b) ജാത്യൈക്യ പ്രേമം:** മാർതോമ്മാ ആറാമനെപ്പറ്റി പറഞ്ഞുവരുന്ന രണ്ടാമത്തെ സംഗതി അദ്ദേഹം റോമൻ കത്തോലിക്കാ സഭയുമായി ഐക്യപ്പെടുവാൻ യത്നിച്ചു എന്നതാണ്. ഇതിനെപ്പറ്റി രണ്ട് അഭിപ്രായ ഗതികളുണ്ട്. അവയിലൊന്ന് റോമൻ കത്തോലിക്കാ ഗ്രന്ഥകാരന്മാരും (J. Kollaparambil: Mar Dionysius the Great of Malabar for the One fold, Rome, 1964. ഈ ഗ്രന്ഥത്തെപ്പറ്റി വാല്യം 1, പുറം 164-ൽ സൂചനയുണ്ട്) മറ്റേത് ഓർത്തഡോക്സ് ചരിത്രകാരന്മാരും (മലങ്കര നസ്രാണികൾ വാല്യം 3, പുറം 57-72) നൽകുന്നതാണ്.

മാർ ദീവന്നാസ്യോസ് എന്ന പേര് സ്വീകരിച്ച ശേഷം മാർതോമ്മാ ആറാമൻ മൂന്നു കാര്യങ്ങൾ ചെയ്തതായി ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു.

1. കേരളത്തിൽ അന്ന് സേവനമനുഷ്ഠിച്ചിരുന്ന യൂറോപ്യരായ റോമൻ കത്തോലിക്കാ ബിഷപ്പന്മാരോടും മറ്റു പ്രധാന മിഷനറി വൈദികരോടും, അവരുടെ സഭയുമായി ചേരുവാനുള്ള തന്റെ ആഗ്രഹം അദ്ദേഹം അറിയിച്ചു.

2. 1778-ൽ യൂറോപ്പിലേയ്ക്കു പോയ കരിയാറ്റിൽ മൽപ്പാനും പാറേമ്മാക്കൽ അച്ചനും അതു സംബന്ധിച്ചു വേണ്ടത് ചെയ്യുവാൻ അദ്ദേഹം താൽപര്യപ്പെടുത്തിയിരുന്നു.

3. 1799-ൽ അദ്ദേഹം റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു. പിന്നീട് മടങ്ങിപ്പോന്നതുമൂലം വാക്കുമാറിയതിന് അദ്ദേഹത്തെക്കൊണ്ട് വലിയ ഒരു പ്രായശ്ചിത്തം തിരുവിതാംകൂർ ഖജനാവിൽ കെട്ടിക്കുവാൻ തച്ചിൽ മാത്തൂത്തരകന് സാധിച്ചു.

രണ്ടു ഭാഗത്തു നിന്നുമുള്ള തെളിവുകൾ പരിശോധിച്ചാൽ, മാർ ദിവന്നാസ്യോസ് ഒന്നാമനെപ്പറ്റി നമുക്ക് ഇങ്ങനെ പറയാം. സ്വന്ത സമുദായത്തെ ഐക്യത്തിൽ വരുത്തി അതിന്റെ ആകമാന നേതാവായി സ്വയം അവരോധിതനാകണമെന്ന് അദ്ദേഹം അത്യധികം അഭിലഷിച്ചു. ആ ലക്ഷ്യം സാധിക്കുവാൻ വേണ്ടതെല്ലാം ചെയ്യുവാൻ അദ്ദേഹം മുതിരുമായിരുന്നു. മാർ ദിവന്നാസ്യോസിന്റെ ഈ ബലഹീന വശം തങ്ങൾക്ക് പ്രയോജനകരമായി ഉപയോഗപ്പെടുത്തുവാൻ കേരളത്തിലെ സീറോ മലബാർ സഭാനേതൃത്വം വിദഗ്ദ്ധമായി പ്രവർത്തിച്ചു. അതു മൂലമുണ്ടായ തിക്താനുഭവങ്ങൾ അദ്ദേഹത്തിനു സഹിക്കേണ്ടതായി വന്നു.

**(c) ടിപ്പു സുൽത്താന്റെ കേരളാക്രമണം:** മാർ ദിവന്നാസ്യോസ് ഒന്നാമന്റെ കാലത്തു നടന്ന ഒരു ഭീകര സംഭവമായിരുന്നു ടിപ്പു സുൽത്താന്റെ കേരളാക്രമണം. കേരളത്തിലെ ക്രൈസ്തവർ ക്രിസ്ത്യാനികളായ ബ്രിട്ടീഷുകാരോട് മമത പുലർത്തുവാനുള്ള സാദ്ധ്യത ഇല്ലാതെയാക്കുവാൻ ടിപ്പു പ്രത്യേകം ശ്രദ്ധിച്ചു.

1782-ൽ ഹൈദരാലി നിര്യാതനായശേഷം ടിപ്പു തന്റെ പിതാവിന്റെ പാതയിൽ പുരോഗമിച്ചു കേരളം പിടിച്ചെടുക്കുവാൻ 1789 ഡിസംബറിൽ അദ്ദേഹം നടത്തിയ യത്നം വിജയിച്ചില്ല. പിന്നീട് 1790 മാർച്ചിൽ അത് പുനരാരംഭിച്ചു. ടിപ്പുവിന്റെ സായുധസേന ഹൈന്ദവ സ്ഥാപനങ്ങളേയും ക്രൈസ്തവ ദേവാലയങ്ങൾ, ആശ്രമങ്ങൾ, വിദ്യാലയങ്ങൾ ആദിയായവയേയും ആകമാനം നശിപ്പിച്ചു. അനേക സഹസ്രം ക്രിസ്ത്യാനികളെ കൊന്നൊടുക്കുകയോ മറ്റുവിധത്തിൽ പീഡനവിധേയരാക്കുകയോ ചെയ്തു.

എന്നാൽ മൈസൂർ സൈന്യങ്ങൾ ആലുവായിൽ എത്തിയപ്പോഴേക്കും കേരളത്തിലെ കാലവർഷം ആരംഭിച്ചു. അതിന്റെ ആഘാതത്തിൽ നിന്നും പട്ടാളത്തിന് രക്ഷ നൽകുവാൻ സഹായകമായ ഒന്നും ഉണ്ടായിരുന്നില്ല. ഈ വിഷമസന്ധിയിൽ ബ്രിട്ടീഷ് സൈന്യം ടിപ്പുവിന്റെ തലസ്ഥാന നഗരം പിടിച്ചെടുക്കുവാൻ തുടങ്ങിയതായുള്ള വാർത്ത അയാൾക്കു ലഭിച്ചു. ഉടനെതന്നെ കേരളം വിട്ടു മടങ്ങി. മൈസൂരിലും പരാജിതനായ ശേഷം ആ വ്യാഘ്രം കീഴടങ്ങി. 1792-ൽ യുദ്ധം അവസാനിപ്പിച്ചും ബ്രിട്ടീഷ് അധീശത്വം അംഗീകരിച്ചുമുള്ള ഉടമ്പടിയിലൊപ്പു വച്ചശേഷം ആയോധന പരിപാടിയിൽ നിന്നും ടിപ്പു വിടവാങ്ങി.

**(d) പിൻഗാമിയെ വാഴിക്കുന്നത്:** 1796-ൽ മാർ ദിവന്നാസ്യോസ് ഒന്നാമൻ മാർതോമ്മാ ഏഴാമനെ തന്റെ പിൻഗാമിയായി സ്വയമേവ വാഴിച്ചു. ഈ സംഭവത്തിന്റെ പ്രാധാന്യം പ്രത്യേകം നാം ഓർത്തിരിക്കണം. 1751-ൽ വന്ന സിറിയൻ വൈദിക സംഘത്തിൽപ്പെട്ട മാർ ബസേലിയോസ് 1764-ൽ ചരമഗതി പ്രാപിച്ച വിവരം മുകളിൽ നാം കണ്ടു. ശേഷിച്ച രണ്ടു സിറിയൻ മേൽപ്പട്ടക്കാരിൽ മാർ ഗ്രീഗോറിയോസ് 1772-ലും, മാർ ഈവാനിയോസ് 1794-ലും നിര്യാതരായി. ഇവരുടെ എല്ലാം കാലശേഷം ആ കർമ്മം നിർവ്വഹിച്ചത് സ്വന്തം നിലയിൽ അതു ചെയ്യണമെന്നുള്ള ഉദ്ദേശ്യം മൂലമായിരുന്നു എന്നു ന്യായമായി ഊഹിക്കാം. അതുപോലെ പിൻഗാമിക്കു കൊടുത്ത പേര് മാർതോമ്മാ എന്നു തന്നെ ആയിരുന്നു എന്ന വസ്തുതയും സ്മർത്തവ്യമാണ്. ഇവയിൽ നിന്നെല്ലാം മാർ ദിവന്നാസ്യോസ് ഒന്നാമൻ അന്ത്യോക്യയെ ഗൗരവപൂർവ്വം കരുതിയില്ല എന്നു വ്യക്തമാണ്. കേരളത്തിലെ മാർതോമ്മാ ക്രിസ്ത്യാനികളെ എല്ലാം ഒരുമിപ്പിച്ച് അവ

രുടെ ആകമാന നേതാവായിരിപ്പാൻ റോം അദ്ദേഹത്തെ അനുവദിച്ചിരുന്നു എങ്കിൽ മാർ ദിവന്നാസ്യോസ് ഒന്നാമൻ റോമുമായി സഹകരിക്കുമായിരുന്നു എന്നതിൽ കൂടുതലായുള്ള പ്രതിപത്തിയൊന്നും അദ്ദേഹത്തിന് റോമിനോടുണ്ടായിരുന്നില്ല.

മാർ ദിവന്നാസ്യോസ് ഒന്നാമന്റെ നിലപാട് എങ്ങനെയിരുന്നാലും 1751 മുതൽ 1794 വരെയുള്ള നാല്പത്തിമൂന്ന് വർഷക്കാലം അന്ത്യോക്യൻ സുറിയാനി സഭയുടെ വിശ്വാസപരവും ആരാധനാപരവും ശിക്ഷണപരവുമായ പാരമ്പര്യങ്ങൾ മലങ്കര സുറിയാനി സഭയിൽ വ്യാപകമായി പ്രചരിപ്പിക്കുവാൻ സിറിയൻ മേൽപ്പട്ടക്കാർക്ക് കഴിഞ്ഞു. അങ്ങനെ നിലവിൽ വന്ന സഭാരൂപമായിരുന്നു 19-ാം നൂറ്റാണ്ടിൽ മലങ്കരസഭയ്ക്കുണ്ടായിരുന്നത്.

### 4. തൊഴിയൂർ സഭ

മാർ ദീവന്നാസ്യോസ് ഒന്നാമന്റെ കാലത്തായിരുന്നു തൊഴിയൂർ സഭ രൂപംകൊണ്ടത്. 1751-ൽ വന്ന സിറിയൻ മേൽപട്ടക്കാർ, മാർതോമ്മാ അഞ്ചാമൻ തങ്ങളുടെ അഭീഷ്ടത്തിനു കീഴ്പ്പെടാത്തപക്ഷം, അവർക്കനുകൂലമായി ഒരു കക്ഷിയെ സഭയിലുളവാക്കുവാൻ ശ്രമിച്ചു. അതിലേയ്ക്ക് കാട്ടുമങ്ങാട്ട് കുര്യൻ കത്തനാരെ തങ്ങൾക്ക് സഹായം നൽകുവാൻ പറ്റിയ ആളായി അവർ കണ്ടു.

കാട്ടുമങ്ങാട്ടു കുടുംബക്കാർക്കു സിറിയൻ മേൽപട്ടക്കാരുമായി മമത പുലർത്തുവാൻ പ്രത്യേക കാരണമുണ്ടായിരുന്നു. 1678-ൽ കേരളത്തിൽ വന്ന സുറിയാനിക്കാരനായ അന്ത്രയോസിന്റെ കൂടെ ആഗതനായി ആ കുടുംബത്തിൽ നിന്നും കല്യാണം ചെയ്തു താമസിച്ച ഒരു സഹോദരനെപ്പറ്റി കഴിഞ്ഞ വാല്യത്തിൽ സൂചിപ്പിച്ചിരുന്നു (വാല്യം 1, പുറം 168 -169 കാണുക). ആ കുടുംബാംഗമായിരുന്നു ഈ കുര്യൻ കത്തനാർ. ആ അടിസ്ഥാനത്തിലായിരിക്കാം മാർ ബസേലിയോസ്, കുര്യൻ കത്തനാരെ റമ്പാനാക്കി നിർത്തിയിരുന്നു. 1770-ൽ മാർ ഗ്രിഗോറിയോസ് മാർതോമ്മാ ആറാമനെ മാർ ദിവന്നാസ്യോസ് ഒന്നാമനായി സ്ഥിരീകരിച്ചശേഷം 1772-ൽ കുര്യൻ റമ്പാനെ മാർ കൂറിലോസായി മെത്രാൻ സ്ഥാനത്തവരോധിച്ചു. പിന്നീട് ദീർഘനാളുകൾ മാർ ഗ്രിഗോറിയോസ് ജീവിച്ചിരുന്നില്ല. മാർ കൂറിലോസാകട്ടെ, മാർ ദിവന്നാസ്യോസിന്റെ അധികാരത്തിൻകീഴിലിരുന്ന പള്ളികളെ സ്വാധീനത്തിൽ വരുത്തുവാൻ ഒരു ശ്രമം നടത്തി. എന്നാൽ സർക്കാരിന്റെ ആനുകൂല്യം നേരത്തെ തന്നെ ആർജ്ജിച്ചിരുന്ന മാർ ദീവന്നാസ്യോസിനെ കീഴ്പ്പെടുത്തുവാൻ കൂറിലോസിനു കഴിഞ്ഞില്ല. തിരുവിതാംകൂറിലും കൊച്ചിയിലും പരാജിതനായ ശേഷം, ആ രണ്ടു രാജ്യങ്ങൾക്കും പുറത്തു സ്ഥിതിചെയ്തിരുന്ന അഞ്ഞൂ

രിലേയ്ക്കു മാർ കൂറിലോസും അനുയായികളും താമസം മാറ്റി. ഈ മാർ കൂറിലോസ് 1794-ൽ തൊഴിയൂർ അഥവാ അഞ്ഞൂർ സഭ സ്ഥാപിച്ചു. ഈ വിധം 1774-ൽ തന്റെ സഹോദരനെ കൂറിലോസ് രണ്ടാമനായി വാഴിച്ചശേഷം 1802-ൽ നിര്യാതനായി.

### ചോദ്യങ്ങൾ

1. മാർത്തോമ്മാ അഞ്ചാമനെപ്പറ്റി നമുക്കെന്തറിയാം? അദ്ദേഹത്തിന്റെ സ്ഥാനന്യൂനതയ്ക്കാധാരമായി ചൂണ്ടിക്കാണിക്കുന്ന ന്യായങ്ങൾക്ക് എത്രത്തോളം കഴമ്പുണ്ട്?

2. മാർത്തോമ്മാ ആറാമൻ, അഥവാ മാർ ദീവന്നാസ്യോസ് ഒന്നാമനെപ്പറ്റി റോമൻ കത്തോലിക്കാ ഗ്രന്ഥകാരന്മാർ ഉന്നയിക്കുന്ന വാദങ്ങളെ എങ്ങനെ വിലയിരുത്താം?

3. ടിപ്പു സുൽത്താന്റെ കേരളാക്രമണത്തെ എങ്ങനെ മനസ്സിലാക്കാം? അതിന്റെ ഫലമെന്തായിരുന്നു?

4. തൊഴിയൂർ സഭ സ്ഥാപിതമായതെങ്ങനെ?

പാഠം 4

## കേരളത്തിനു വെളിയിലെ സഭാപുരോഗമനം

❑ പ്രാരംഭം ❑ മധുര മിഷൻ ❑ പ്രോപ്പഗാൻഡാ നേതൃത്വത്തിൽ ❑ പദ്രോവാദോയുടെ യത്നങ്ങൾ

### 1. പ്രാരംഭം

കേരളത്തിനു വെളിയിലെ സഭ 18-ാം നൂറ്റാണ്ടിൽ കാര്യമായ പുരോഗമനം പ്രാപിച്ചില്ല. പോർട്ടുഗീസുകാരുടെ രാഷ്ട്രീയതലത്തിലെ പരാജയവും പ്രോട്ടസ്റ്റന്റു നിലപാടു പുലർത്തിവന്ന ഡച്ചുകാരുടെ മുന്നേറ്റവും പദ്രോവാദോയ്ക്കു വിധേയമായ വേലയെ സാരമായി ബാധിച്ചു. എന്നാൽ 18-ാം നൂറ്റാണ്ടിൽ ചില സ്മരണാർഹരായ മിഷനറിമാരെയും അവരുടെ ശ്രദ്ധേയമായ പ്രവർത്തനങ്ങളെയും കാണാം.

### 2. മധുര മിഷൻ

റോബർട്ട് ഡി നോബിലി 17-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ ആരംഭിച്ച മധുര മിഷനെപ്പറ്റി കഴിഞ്ഞ വാല്യത്തിൽ പരാമർശിച്ചിട്ടുണ്ട് (വാല്യം

1. യൂണിറ്റ് 3, പാഠം 3 കാണുക). ഡി നോബിലി 1656-ൽ നിര്യാതനായ ശേഷവും ആ വേല തുടർന്നുകൊണ്ടിരുന്നു. എന്നാൽ അദ്ദേഹം വിഭാവനം ചെയ്തതുപോലെ ഉയർന്ന ജാതിക്കാരിൽ നിന്നും അധികമാരും മതപരിവർത്തനത്തിനു തയ്യാറായില്ല. ശൂദ്രരും താണജാതികളിൽപ്പെട്ടവരുമായിരുന്നു സഭയിൽ ചേർന്നവരിൽ വലിയ ഭാഗവും.

ഡി. നോബിലിയുടെ കാലശേഷവും മധുര മിഷനുമായി ബന്ധപ്പെട്ട രണ്ടു വ്യക്തികളെപ്പറ്റി അറിയേണ്ടതുണ്ട്. ഒരാൾ കുലീന പോർട്ടുഗീസ് കുടുംബാംഗമായ ജോൺ ഡി ബ്രിട്ടോയും മറ്റേയാൾ ഇറ്റലിക്കാരനായ കോൺസ്റ്റാൻഷ്യസ് ബഷിയുമായിരുന്നു. ജോൺ ഡി. ബ്രിട്ടൊ 1763-ൽ ഇൻഡ്യയിലാഗതനായി മധുര മിഷനോടു ചേർന്നു പ്രവർത്തിക്കുവാൻ തുടങ്ങി. വിശ്വാസപ്രചരണത്തിൽ അത്യന്തം ഉത്സുകനായ ഇദ്ദേഹം രാമനാട്ടിലുള്ള ക്രിസ്ത്യാനികളെ സന്ദർശിച്ച് അവർക്കാവശ്യമായ സേവനം നൽകുവാൻ 1686-ൽ അവിടേയ്ക്കു പോയി. അന്നു ക്രിസ്തുമത പ്രചരണത്തെ ആ നാടുകളിലെ ഭരണാധിപൻ നിരോധിച്ചിരുന്നതിനാൽ, ഒരു മിഷനറിയായ ബ്രിട്ടൊ ബന്ധനവിധേയനായി കുറെക്കാലം കാരാഗൃഹവാസമനുഭവിച്ചു. പിന്നീടു വിമോചിതനായി എങ്കിലും 1693-ൽ വീണ്ടും അവിടം സന്ദർശിച്ച അവസരത്തിൽ രാജകല്പനയാൽ അദ്ദേഹം വധിക്കപ്പെട്ടു.

ജോസഫ് ബഷാ 1700-ൽ ഇൻഡ്യയിലെത്തി. 1742 വരെ മധുര മിഷനിൽ പ്രവർത്തിച്ചു. ജോൺ ബ്രിട്ടോയുടേതിൽ നിന്നും വ്യത്യസ്ത സ്വഭാവക്കാരനായിരുന്നു ഇദ്ദേഹം. ഡി. നോബിലിയുടെ മാർഗം സ്വീകരിച്ച് ഒരു ഹിന്ദു സന്യാസിയെപ്പോലെ ബഷി ജീവിച്ചു. തമിഴു ഭാഷ നല്ലവണ്ണം പഠിച്ച് നിരവധി ഗ്രന്ഥങ്ങൾ ആ ഭാഷയിൽ അദ്ദേഹം രചിച്ചു. ബഷിയുടെ കാലത്തായിരുന്നു ട്രാങ്കുബാറിൽ പ്രോട്ടസ്റ്റന്റു മിഷൻ ഇൻഡ്യയിലാദ്യമായി 1706-ൽ ആരംഭിച്ചത്. അതിനെതിരായി ബഷി പലതുമെഴുതി. ആ വേലയെ നിരുത്സാഹപ്പെടുത്തുവാൻ ശ്രമിച്ചു.

മധുര മിഷനിലും ഗോവായുടെ അധീനതയിലുള്ള മറ്റു പല സ്ഥലങ്ങളിലും പ്രവർത്തിച്ചിരുന്നതു പൊതുവെ ജസ്വിത്തരായിരുന്നു. 18-ാം നൂറ്റാണ്ടിൽ അവർക്കു പല പ്രതിബന്ധങ്ങളും നേരിടേണ്ടതായി വന്നു. ഒന്നാമത്, ഹൈന്ദവ സംസ്കാരവുമായി ചേർന്നു പോകത്തക്ക ഡി. നോബിലിയുടെ ആശയഗതികളെ പാടെ നിരാകരിക്കുന്ന നിലപാട് റോം അംഗീകരിച്ചു. ഇത് മധുര മിഷന്റെ കർമ്മപരിപാടിക്ക് ഒരു വലിയ പ്രഹരമായിരുന്നു. രണ്ടാമത്, ജസ്വിത്തു സമൂഹത്തെപ്പറ്റി ഉന്നയിക്കപ്പെട്ട പല ആരോപണങ്ങളും അടിസ്ഥാനമാക്കി 1759-ൽ പോർട്ടുഗൽ അതിനെ നിരോധിക്കുകയും ഇൻഡ്യയിലെ സഭാസേവനത്തിൽ നിന്നും ജസ്വി

ത്തരെ വിലക്കുകയും ചെയ്തു. അതിനുശേഷം അതേ കാരണങ്ങളാൽ ഫ്രാൻസും സ്പെയിനും ജസ്വിത്തർക്കു വിപരീതമായി നടപടികൾ സ്വീകരിച്ചു. ഈ റോമൻ കത്തോലിക്കാ രാഷ്ട്രങ്ങളുടെ സമ്മർദ്ദം മൂലം 1773-ൽ റോമും ജസ്വിത്തു സമൂഹത്തെ നിർത്തൽ ചെയ്തു. അതിനുശേഷം നാല്പതു കൊല്ലക്കാലത്തോളം അവർക്ക് ആനുകൂല്യം നൽകിയ ഒന്നു രണ്ടു രാജ്യങ്ങളിലല്ലാതെ, ജസ്വിത്തു സമൂഹാംഗങ്ങൾ പ്രവർത്തിച്ചിരുന്നതേയില്ല. ആ അവസരത്തിൽ ചില ജസ്വിത്തർ മറ്റു സമൂഹങ്ങളുമായി ചേർന്നു തങ്ങളുടെ സേവനം തുടർന്നു എങ്കിലും, മറ്റു പലരും പ്രവർത്തിരഹിതരായി കഴിച്ചുകൂട്ടി. ഇത് ഇൻഡ്യയിലെ സുവിശേഷ പ്രചരണത്തെ ദുർബലപ്പെടുത്തി.

### 3. പ്രോപ്പഗാൻഡായുടെ നേതൃത്വത്തിൽ

റോം പ്രോപ്പഗാൻഡാ സമൂഹത്തെ സ്ഥാപിച്ച (വാല്യം 1, യൂണിറ്റ് 4, പാഠം 2 കാണുക) വസ്തുത കഴിഞ്ഞ വാല്യത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പോർട്ടുഗീസുകാരുടെ ക്ഷീണാവസ്ഥ മനസ്സിലാക്കി, അവരുടെ അധീനതയ്ക്കു പുറത്തുള്ള ഇൻഡ്യൻ പ്രദേശങ്ങളിൽ പ്രോപ്പഗാൻഡാ സമൂഹത്തിൽപ്പെട്ടവരെക്കൊണ്ട് സുവിശേഷപ്രചരണം നടത്തിക്കുക എന്ന നയമായിരുന്നു റോം ആദ്യമായി ആവിഷ്ക്കരിച്ചത്. എന്നാൽ അതിനുപോലും പോർട്ടുഗൽ സമ്മതം നൽകിയില്ല. ഇതുമൂലം പ്രോപ്പഗാൻഡായും പദ്രോവാദോയും തമ്മിൽ കഠിനമായ ഉരസ്സൽ ഉണ്ടായി.

പോർട്ടുഗീസുകാരെ പിണക്കാതെ പ്രോപ്പഗാൻഡായുടെ പ്രവർത്തനം ഫലപ്രദമാക്കുവാൻ ഒരു മാർഗം നിർദ്ദേശിച്ചു. സഭ അംഗീകരിക്കുന്ന ഏതെങ്കിലും മെത്രാസനത്തിന്റെ പേരിൽ റോമിന്റെ സ്ഥാനപതികളെ നിയോഗിക്കുക എന്നതായിരുന്നു ആ നിർദ്ദേശം. അങ്ങനെ നിയമിതരായ ബിഷപ്പന്മാർ അവർക്കു പ്രത്യേക ബന്ധമൊന്നുമില്ലാത്ത സ്ഥലങ്ങളിലെ മെത്രാന്മാരും അതാതു സ്ഥലത്തെ അപ്പോസ്തോലിക വികാരിമാരുമായി സ്ഥാനം പ്രാപിച്ചു. ഈ വിധത്തിലായിരുന്നു 1663-ൽ പറമ്പിൽ ചാണ്ടിക്കത്തനാർ മെഗാറായുടെ ബിഷപ്പും മാർതോമ്മാ ക്രിസ്ത്യാനികളുടെ 'അപ്പോസ്തോലിക വികാരി'യുമായി നിയമിതനായത് (വാല്യം 1, യൂണിറ്റ് 4, പാഠം 3 കാണുക). അതിനും പുറമേ, 17-ാം നൂറ്റാണ്ടിൽ മൂന്ന് അപ്പോസ്തോലിക വികാരിമാരെ ഇൻഡ്യയിൽ പ്രോപ്പഗാൻഡാ വഴി റോം നിയോഗിച്ചു.

അവരിൽ ആദ്യത്തെയാൾ 'ഇൻഡ്യാക്കാരൻ ബിഷപ്പും ബിജാപ്പൂർ സഭാധിപനു'മായി വന്ന ഡോം മാത്യു ഡി കാസ്ട്രോ ആയിരുന്നു. ക്രിസ്തുമതം സ്വീകരിച്ച ഗോവാ ദേശീയനായ ഒരു ബ്രാഹ്മണനായിരുന്നു ഇദ്ദേഹം. 1630-ൽ റോമിൽ വച്ചു വൈദികപട്ടം പ്രാപിച്ചശേഷം ഡോം

മാത്യു, അപ്പോസ്തോലിക വികാരിയായി സ്ഥാനമേറ്റ് ഇൻഡ്യയിൽ വന്നു. ഗോവായിൽ നിന്നും വലിയ ദൂരത്തല്ലാതെ, പോർട്ടുഗീസാധിപത്യത്തിനു പുറത്ത് മുഗൾ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്നു ബീജാപ്പൂർ. എന്നാൽ ഈ നിയമനം ഗോവായിലെ ആർച്ചുബിഷപ്പിനിഷ്ടമായില്ല. പോരെങ്കിൽ, മാത്യു ഡി കാസ്ട്രോ പോർട്ടുഗീസാധിപത്യത്തെ നിശിതമായി വിമർശി ക്കുന്ന ആളുമായിരുന്നു. അതുമൂലം അദ്ദേഹത്തിന് ഇൻഡ്യയിൽ കാര്യ മായിട്ടൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല. 1658 മുതൽ നിര്യാണം വരെ അദ്ദേഹം റോമിൽ തന്നെ ജീവിച്ചു. അദ്ദേഹത്തിന്റെ പിൻഗാമികളായി വന്നവർ ഗോവായുമായി നേരെ പിണങ്ങാതെ കഴിഞ്ഞതിനാൽ അവർക്കു ചിലതെല്ലാം ചെയ്യുവാൻ സാധിച്ചു. 18-ാം നൂറ്റാണ്ടിൽ ഈ ആസ്ഥാനം മുഗൾ സാമ്രാജ്യം മുഴുവന്റെയും അപ്പോസ്തോലിക വികാരി എന്ന പേരിൽ അംഗീകരണം നേടി.

രണ്ടാമത്തെ അപ്പോസ്തോലിക വികാരിയുടെ കേന്ദ്രമായിരുന്നു വരാപ്പുഴ. അതിനെപ്പറ്റിയുള്ള ചില പ്രധാന വിവരങ്ങൾ ഇതിനകം നാം കണ്ടു കഴിഞ്ഞു (ഈ വാല്യം, യൂണിറ്റ് 1, പാഠം 2 കാണുക).

മൂന്നാമത്തേതു കർണ്ണാടകത്തിന്റെ അപ്പോസ്തോലിക വികാരിയായിരുന്നു. 1674-ൽ നിയമിതനായ ഡോം തോമ്മസ് ഡി. കാസ്ട്രോ ആയിരുന്നു ആ സ്ഥാനത്ത് അവരോധിതനായത്. മാത്യൂ കാസ്ട്രോയുടെ ചാർച്ചയിൽപെട്ട ഇദ്ദേഹവും ക്രിസ്തുമതമവലംബിച്ച ഗോവാ ദേശീയനായ ഒരു ബ്രാഹ്മണനായിരുന്നു. ബാംഗ്ലൂരിൽ ആസ്ഥാനമാക്കിയ ഇദ്ദേഹം 1685-ൽ നിര്യാതനായി. അതിനുശേഷം ഈ ആസ്ഥാനം ഗോവായുമായി ചേർന്നു നിലനിന്നു.

മദ്രാസ്, പോണ്ടിച്ചേരി, സൂററ്റ് ഈ സ്ഥലങ്ങളിലും മിഷനറിമാർ സുവിശേഷ പ്രചരണം നടത്തിയതിന്റെ ഫലമായി അവിടെയെല്ലാം സഭാ സമൂഹങ്ങൾ രൂപംകൊണ്ടു. എങ്കിലും 18-ാം നൂറ്റാണ്ടിൽ അവയൊന്നും വികസിച്ചില്ല. ഈ മൂന്നു സ്ഥലങ്ങളിലും പ്രവർത്തിച്ചതു ഫ്രഞ്ചുകാരായ കപ്പൂച്ചിൻ മിഷനറിമാരായിരുന്നു. പദ്രോവാദോയുമായിട്ടല്ല, പ്രോപ്പഗാൻഡയുമായിട്ടായിരുന്നു അവർ ബന്ധപ്പെട്ടിരുന്നത്.

### 4. പദ്രോവാദോയുടെ അധീനതയിൽ

18-ാം നൂറ്റാണ്ടിൽ ഇൻഡ്യയിലെ സഭയെയും മിഷൻ പ്രവർത്തനങ്ങളെയും പദ്രോവാദോയ്ക്കു വിധേയമായി ഗോവായിലെ ആർച്ചുബിഷപ്പ് നിയന്ത്രിച്ചു വന്ന വിവരം നാം ഇതിനകം കണ്ടു. കേരളത്തിൽ കൊടുങ്ങല്ലൂർ ഗോവായുടെ ബന്ധത്തിലും കൊച്ചി ഗോവായുടെ കീഴിലും പ്രവർത്തിച്ചുവന്നു. കേരളത്തിനു വെളിയിൽ മൈലാപ്പൂർ (മൈലാപ്പൂരിനെപ്പ

റ്റിയുള്ള ചില വിവരങ്ങൾ കഴിഞ്ഞ വാല്യം യൂണിറ്റ് 3, പാഠം 3-ൽ സൂചിപ്പിച്ചിട്ടുണ്ട്) കൊച്ചിയെപ്പോലെ ഗോവായുടെ അധീശത്വം അംഗീകരിച്ചു കഴിഞ്ഞു. മറ്റുവിധത്തിൽ പറഞ്ഞാൽ, 17-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ പ്രോപ്പഗാൻഡാ സമൂഹം വിശ്വാസപ്രചരണത്തിനും സഭാനിയന്ത്രണത്തിനുംവേണ്ടി ആളുകളെ ഇൻഡ്യയിലേയ്ക്കയക്കുന്നതുവരെ രൂപമെടുത്ത ഇൻഡ്യൻ റോമൻ കത്തോലിക്കാ സഭയെയും അതിന്റെ കർമ്മ പരിപാടികളെയും നിയന്ത്രിച്ചു വന്നതു ഗോവായായിരുന്നു. എന്നാൽ 17-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർക്കുണ്ടായ പരാജയം ഗോവായെ വളരെയധികം ബലപ്പെടുത്തി. തന്മൂലം അതിനു മുമ്പു രൂപംകൊണ്ട സഭാസമൂഹങ്ങൾ ഒരുവിധത്തിൽ നിലനിന്നതല്ലാതെ കൂടുതലായി ഒട്ടുംതന്നെ വികസിക്കുവാൻ അവയ്ക്കു കഴിഞ്ഞില്ല. ആ സ്ഥാനത്തു ക്രമേണയായി പുരോഗമിച്ചത് പ്രോപ്പഗാൻഡാ സമൂഹത്തിന്റെ പ്രവർത്തനമായിരുന്നു. പ്രോപ്പഗാൻഡാ തന്നെയും 18-ാം നൂറ്റാണ്ടിൽ കാര്യമായി മുന്നേറിയില്ല.

ഇതിന് ഒരുദാഹരണം ഇവിടെ ചൂണ്ടിക്കാണിക്കാം. പോർട്ടുഗീസുകാരുടെ ക്ഷീണാവസ്ഥയിൽ മറ്റു പല മിഷൻ സമൂഹങ്ങളും സുവിശേഷരംഗത്തു പ്രവേശിച്ചു. അവയിൽ ഫ്രഞ്ച് കപ്പൂച്ചിൻ സംഘം ശ്രദ്ധയർഹിക്കുന്നു. പേർഷ്യയിലും മെസപ്പൊട്ടോമിയായിലും മറ്റും സുവിശേഷവേല ചെയ്തുകൊണ്ടിരുന്ന ചില കപ്പൂച്ചിൻ സന്യാസിമാരെ 1639-ൽ ഇൻഡ്യയിലേക്കയച്ചിരുന്നു. ആ സന്യാസിമാർ അക്കാലം മുതൽ ഇവിടെ സേവനമനുഷ്ഠിച്ചു. കപ്പൂച്ചിൻ സന്യാസിമാരിൽ ഒരു കൂട്ടം ടിബറ്റ്, നേപ്പാൾ തുടങ്ങിയ ഹിമാലയൻ പ്രദേശങ്ങളിൽ സുവിശേഷ ഘോഷണം നിർവ്വഹിക്കുവാൻ അഭിലഷിച്ചു. 1706 മുതൽ ഏതാനും ദശകങ്ങളിലേയ്ക്കു നീണ്ടുനിന്ന അവരുടെ പ്രവർത്തനം ബുദ്ധമതാനുയായികളായ നാട്ടുകാരുടെയും അവരുടെ രാജാവിന്റെയും എതിർപ്പുമൂലം ഉപേക്ഷിക്കേണ്ടി വന്നു. പിന്നീട് കപ്പൂച്ചിൻ സമൂഹം ശ്രദ്ധ കേന്ദ്രീകരിച്ചത് പാറ്റ്നാ ആദിയായ വടക്കേ ഇൻഡ്യൻ പ്രദേശങ്ങളിലായിരുന്നു. ഹിന്ദുസ്ഥാൻ അപ്പോസ്തോലിക വികാരിത്തം നിലവിൽ വരുത്തുവാൻ ചെയ്ത യത്നം 18-ാം നൂറ്റാണ്ടിൽ വിജയിച്ചില്ല.

**ചോദ്യങ്ങൾ**

1. റോബർട്ടു ഡി നൊബിലിക്കു ശേഷം മധുര മിഷനെപ്പറ്റി നമുക്കെന്തറിയാം?

2. പ്രോപ്പഗാൻഡായുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഇൻഡ്യയിലെ മിഷൻ രംഗത്തു നടന്നു?

3. റോമൻ കത്തോലിക്കാ സഭയിൽ 'അപ്പോസ്തോലിക വികാരി' ആരാണ്?

4. 18-ാം നൂറ്റാണ്ടിൽ പദ്രോവാദോയ്ക്കു വിധേയമായ സഭയുടെ സ്ഥിതി എന്തായിരുന്നു?

**പാഠം 5**

# പ്രോട്ടസ്റ്റന്റ് മിഷൻ: ഒരു പൊതുവിവരണം

❑ പ്രാരംഭം ❑ 16-ാം നൂറ്റാണ്ടിലെ യൂറോപ്യൻ നവീകരണം ❑ സുവിശേഷപ്രചരണത്തിനു വേണ്ടിയുള്ള സജ്ജീകരണം

## 1. പ്രാരംഭം

16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ വഴി ഇൻഡ്യയിൽ നടന്ന റോമൻ കത്തോലിക്കാ സഭയുടെ മിഷൻ കഴിഞ്ഞ വാല്യത്തിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ 16-ാം നൂറ്റാണ്ട് ആ സഭയ്ക്കു യൂറോപ്പിൽ വലിയ പരീക്ഷണഘട്ടമായിരുന്നു. പല രൂപങ്ങളിൽ സഭയെ നവീകരിക്കണമെന്നുള്ള ആശയങ്ങൾ മിക്ക സ്ഥലങ്ങളിലും പ്രചരിച്ചു. അതുമൂലം യൂറോപ്പിലെ സഭ പല വിഭാഗങ്ങളായി പിരിയുവാനിടയായി. ആ വിഭജനത്തിൽപ്പെട്ട പ്രോട്ടസ്റ്റന്റു സഭകൾ ജർമ്മനി, ഹോളണ്ട്, ഡന്മാർക്ക്, സ്വീഡൻ, നോർവേ, ഇംഗ്ലണ്ട്, സ്കോട്ട്ലൻഡ് ആദിയായ രാജ്യങ്ങളിൽ വളരെയധികം ശക്തി പ്രാപിച്ചു. എന്നാൽ 16-ഉം 17-ഉം നൂറ്റാണ്ടുകളിൽ ആ സഭകൾ വിദേശമിഷനെപ്പറ്റി കാര്യമായിട്ടൊന്നും ചിന്തിച്ചിരുന്നില്ല. 18-ാം നൂറ്റാണ്ടിൽ അവയിലൊരു ചെറിയ ചലനമുണ്ടായി.

## 2. 16-ാം നൂറ്റാണ്ടിലെ യൂറോപ്യൻ നവീകരണം

റോമിന്റെ അധീശത്വത്തിൽ നൂറ്റാണ്ടുകൾ കഴിച്ചതാണു യൂറോപ്പിലെ സഭ. റോമിന്റെ ഉപദേശങ്ങളിലും മറ്റു പാരമ്പര്യങ്ങളിലും പലതിനേയും നിരാകരിച്ചവർ മദ്ധ്യശതകങ്ങളിൽ യൂറോപ്പിലുണ്ടായിരുന്നു എങ്കിലും, അങ്ങനെയുള്ളവരെ കീഴമർത്തുവാൻ ആ കാലങ്ങളിൽ സഭയ്ക്കു കഴിയുമായിരുന്നു. എന്നാൽ 16-ാം നൂറ്റാണ്ടിൽ ആ നിലയ്ക്കു ഒരു വ്യത്യാസം ഉണ്ടായി. ജർമ്മനിയിലെ ഒരു ഭരണത്തലവൻ റോമിനെ എതിർത്ത മാർട്ടിൻ ലൂഥറിനെ പിൻതാങ്ങി. മാത്രവുമല്ല, ജർമ്മനി ഉൾപ്പെടെ യൂറോപ്പിലെ പല ഭാഗങ്ങളിലും ജനങ്ങൾ നവീകരണാശയങ്ങളെ സ്വാഗതം ചെയ്തു. ഇംഗ്ലണ്ടിൽ ഒരു രാജാവ് തന്നെ അവിടത്തെ സഭയോടു ചേർന്നു നവീകരണം നടപ്പിൽ വരുത്തി. സ്കോട്ടുലൻഡും ആ പാത സ്വീകരിച്ചു. ഈ വിധത്തിൽ റോമിന്റെ അധികാരത്തെ നിഷേധിച്ച്, വേദപുസ്തകവുമായി കൂടുതൽ താദാത്മ്യം പുലർത്തുന്നതെന്നു തോന്നിയ ഉപദേശവും

സഭാരൂപവും അവലംബിക്കുന്ന സമൂഹങ്ങൾ വടക്കുപടിഞ്ഞാറൻ യൂറോപ്പിലും ബ്രിട്ടനിലും രൂപംകൊണ്ടു. ഇവയായിരുന്നു 16-ാം നൂറ്റാണ്ടിലെ പ്രോട്ടസ്റ്റന്റു സഭകൾ.

ഈ സഭകളെല്ലാം വിശ്വാസപരമായും സഭാപരമായും ഒരേ നിലപാടല്ല സ്വീകരിച്ചത്. പല കാര്യങ്ങളിലും അവ തമ്മിൽ വ്യത്യാസങ്ങൾ നിലനിന്നിരുന്നു. എന്നാൽ ദൈവത്തെയും യേശുക്രിസ്തുവിനെയും ആസ്പദമാക്കി ആ സഭകൾ തമ്മിലും, അവയും റോമൻ കത്തോലിക്കാസഭയുമായും ആശയ ഐക്യമുണ്ടായിരുന്നു. പ്രോട്ടസ്റ്റന്റു സഭകൾ പ്രധാനമായി ആറു കാര്യങ്ങളിൽ റോമൻ കത്തോലിക്കാ സഭയുമായി വിയോജിച്ചു. അവ:

1. റോമിന്റെ അധീശത്വം ആ സഭകളെല്ലാം നിരാകരിച്ചു.

2. വേദപുസ്തകത്തിന് അവ കേന്ദ്ര പ്രാധാന്യം നൽകി.

3. കൂദാശകളെപ്പറ്റി അവ ഭിന്നമായ നിലപാടു സ്വീകരിച്ചു. കൂദാശകൾ ഏഴെന്നുള്ള കണക്കുകൂട്ടലിനെ ആ സഭകൾ തിരസ്ക്കരിച്ചു. കർത്താവ് നേരെ കല്പിച്ചു നിയമിച്ചതു കുർബാനയും മാമോദീസായും മാത്രമായിരുന്നു എന്ന അടിസ്ഥാനത്തിൽ രണ്ടു കൂദാശകൾ എന്നു പ്രോട്ടസ്റ്റന്റു സഭകൾ നിഷ്കർഷിച്ചു.

4. വൈദികരുടെ വിവാഹം അനുവദനീയമായി ഉദ്ഘോഷിച്ചു.

5. കന്യകമറിയാമിനും പരിശുദ്ധന്മാർക്കും റോമൻസഭ നിലനിർത്തിവന്ന സ്ഥാനം ആരാധനയിൽ നിന്നും നീക്കം ചെയ്തു. അതുപോലെ, പരേതർക്കുവേണ്ടി പ്രാർത്ഥന കഴിച്ചുവന്ന രീതിയും നിർത്തൽ ചെയ്തു. രൂപങ്ങളെ വണങ്ങുന്ന പതിവും നിർമ്മാർജനം ചെയ്തു.

6. വി. കുർബ്ബാനയിലെ അപ്പവീഞ്ഞുകൾ തത്ത്വപരമായ വ്യതിയാനം പ്രാപിച്ച് യേശുക്രിസ്തുവിന്റെ ശരീരരക്തങ്ങൾ തന്നെ ആയി വസ്തുഭേദപ്പെടുന്നു (Transubstantiation) എന്ന റോമൻ കത്തോലിക്കാ സിദ്ധാന്തം തിരസ്കരിച്ചു.

നവീകരണത്തിനെതിരായുള്ള റോമൻ കത്തോലിക്കാസഭയുടെ പ്രതികരണം 16-ാം നൂറ്റാണ്ടിൽ തന്നെ പ്രകടിതമായി. 1517-ൽ ആരംഭിച്ച ലൂഥറിന്റെ പ്രസ്ഥാനത്തെയും അതുവഴിയുണ്ടായ മറ്റു നവീകരണ സംരംഭങ്ങളെയും റോമൻസഭയുമായി രമ്യപ്പെടുത്തി വിഭജനം ഒഴിവാക്കുവാനുള്ള യത്നങ്ങൾ 1543 വരെയും നടന്നു. അവയൊന്നും ഫലപ്രദമാകാതെയിരുന്ന സാഹചര്യത്തിൽ 1545 മുതൽ 1563 വരെ മൂന്നു ഗഡുക്കളിലായി ഒരു സുന്നഹദോസ് കൂടി. ഇറ്റലിക്കാരായ ബിഷപ്പന്മാർക്കു ഭൂരിപ

ക്ഷമുണ്ടായിരുന്ന ഈ സമ്മേളനമാണ് ട്രെന്റു സുന്നഹദോസ്. 1562 ജനുവരി മുതൽ 1563 ഡിസംബർ വരെ നടന്ന സുന്നഹദോസിന്റെ അവസാന യോഗങ്ങൾ പ്രോട്ടസ്റ്റന്റു നിലപാടുകളെ നിരാകരിക്കുന്ന നിശ്ചയങ്ങൾ പാസ്സാക്കിയെടുത്തു. ആ അടിസ്ഥാനത്തിൽ പീയൂസ് നാലാമൻ മാർപാപ്പാ ഒരു വിശ്വാസപ്രഖ്യാപനം പ്രസിദ്ധീകരിച്ചു. അതായിരുന്നു ഉദയംപേരൂർ സുന്നഹദോസിനെക്കൊണ്ട് 1599-ൽ ആർച്ചുബിഷപ്പ് മെനേസിസ് സ്വീകരിപ്പിച്ചത്.

### 3. സുവിശേഷ പ്രചരണത്തിനുള്ള സജ്ജീകരണം

17-ാം നൂറ്റാണ്ടു മുതൽ പോർട്ടുഗീസുകാർക്കു പുറമേ മറ്റു യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും വ്യാപാര സംഘടനകൾ ഇൻഡ്യയിൽ ആസ്ഥാനങ്ങൾ ഉറപ്പിച്ചു പുരോഗമിക്കുവാൻ വേണ്ട നീക്കങ്ങൾ ചെയ്തു തുടങ്ങിയിരുന്നു. ഈ വിധത്തിൽ ഇൻഡ്യയിൽ വന്നവരാണ് ഡച്ച്, ഇംഗ്ലീഷ്, ഡേനീഷ്, ഫ്രഞ്ച് ഈ ജനതകളിൽപെട്ട സമൂഹങ്ങൾ. ഇവരിൽ ആദ്യത്തെ മൂന്നും പ്രോട്ടസ്റ്റന്റു നിലപാടുകൾ അവലംബിച്ചവരായിരുന്നു. വ്യാപാരമായിരുന്നു അവരുടെയും ലക്ഷ്യം. എന്നാൽ അവരും പോർട്ടുഗീസുകാരും തമ്മിൽ ഒരു വ്യത്യാസമുണ്ടായിരുന്നു. പോർട്ടുഗീസുകാർക്കു വ്യാപാരത്തിനു പുറമേ മതപ്രചരണവും ആരംഭം മുതൽ തന്നെ അവരുടെ ഉദ്ദേശ്യത്തിൽപ്പെട്ടിരുന്നു. എന്നാൽ പ്രോട്ടസ്റ്റന്റുകാർ നയിച്ച വ്യാപാരസംഘടനകൾക്കു മതപ്രചരണം അവരുടെ ഉദ്ദേശ്യമേ ആയിരുന്നില്ല.

1600-ൽ ഇംഗ്ലണ്ടിലെ ഏതാനും പ്രമുഖ വ്യാപാരികൾ ചേർന്ന് 'ഈസ്റ്റ് ഇൻഡ്യാ കമ്പിനി' സ്ഥാപിച്ച്, അതിനു ഗവൺമെന്റ് അനുവാദം ഒരു ചാർട്ടർ മുഖേന വാങ്ങി. രണ്ടു കൊല്ലങ്ങൾക്കുശേഷം ഡച്ചുകാരും അവരുടെ 'ഈസ്റ്റ് ഇൻഡ്യാ കമ്പനിക്കു' രൂപംകൊടുത്തു. ഇംഗ്ലീഷുകാർ സൂററ്റിലും, മദ്രാസിലും, കഡലൂരിലും വ്യാപാരകേന്ദ്രങ്ങൾ നിർമ്മിച്ചു. മദ്രാസിൽ അവർ നാലു ചതുരശ്രമൈൽ വിസ്താരത്തിൽ സ്ഥലം വിലയ്ക്കു വാങ്ങി സെന്റ് ജോർജ്ജിന്റെ (Fort St. George) കോട്ട പണിതു. അതുപോലെ കഡലൂരിലും കൽക്കട്ടായിലും ആവശ്യമായ സ്ഥലം വാങ്ങി ആസ്ഥാനങ്ങൾ ഉറപ്പിച്ചു. ഡച്ചുകാർ തൂത്തുക്കുടി, നാഗപട്ടണം, കൽക്കട്ടായ്ക്കടുത്ത് ചിൻസുറാ എന്നീ സ്ഥലങ്ങൾ കൈവശത്തിൽ വരുത്തി. ഫ്രഞ്ചുകാർ പോണ്ടിച്ചേരി സ്വാധീനത്തിലാക്കി. ഡന്മാർക്കുകാർ കൽക്കട്ടായ്ക്കടുത്ത് സെറാമ്പൂരും പോണ്ടിച്ചേരിയ്ക്ക് തെക്ക് ട്രാങ്കുബാറും അവരുടെ വ്യാപാരകേന്ദ്രങ്ങളാക്കിത്തീർത്തു.

ഈ വിധത്തിൽ 17-ാം നൂറ്റാണ്ടിൽ വന്ന പാശ്ചാത്യ വ്യാപാരസംഘടനകളോടു കൂടി അവരുടെ ആദ്ധ്യാത്മികസേവന നിർവ്വഹണം ഉദ്ദേശിച്ചു

ചാപ്ലെന്മാർ വന്നിരുന്നു. ഇങ്ങനെ ഇൻഡ്യയിൽ ആഗതരായ വൈദികരിൽ പലരും സ്മരണാർഹരാണ്. എന്നാൽ അവരാരും നാട്ടുകാരുടെ ഇടയിൽ മതപ്രചരണം നിർവ്വഹിക്കുവാൻ വന്നവരായിരുന്നില്ല. 18-ാം നൂറ്റാണ്ടിൽ ഡന്മാർക്കിലെ ഒരു രാജാവ് ഇതിൽനിന്നും വ്യത്യസ്തമായ ഒരു നിലപാട് സുവിശേഷവേലയിൽ അവലംബിക്കുകയും അങ്ങനെ ഇൻഡ്യയിൽ ആദ്യമായി മിഷനറി പ്രവർത്തനം പ്രോട്ടസ്റ്റന്റു ഭാഗത്തുനിന്നും സമാരംഭിക്കുകയും ചെയതു.

മിഷൻ പ്രവർത്തനം ലാക്കാക്കി ഇംഗ്ലണ്ടിലെ ആംഗ്ലേയ സഭ സ്വീകരിച്ച ചില നടപടികൾ ഇവിടെ സ്മരിക്കേണ്ടതുണ്ട്. 1689-ൽ ആ സഭ 'ക്രിസ്തീയ വിജ്ഞാന പ്രചരണസമൂഹം' (Society for Promoting Christian Knowledge - S.P.C.K.) സ്ഥാപിച്ചു. ഇംഗ്ലണ്ടിലും വെയിൽസിലും ധർമ്മ സ്ഥാപനങ്ങളായി സ്കൂളുകൾ നടത്തുക, വേദപുസ്തകവും മറ്റു ക്രൈസ്തവ കൃതികളും വിതരണം ചെയ്യുക ആദിയായവയായിരുന്നു അതിന്റെ ഉദ്ദേശ്യം. എങ്കിലും അവസരം ലഭിക്കുന്നതിനനുസരിച്ച് വിദേശങ്ങളിൽ ക്രിസ്തീയ വിജ്ഞാനം പ്രചരിപ്പിക്കുന്നതും ഒരു ലക്ഷ്യമായി അതു സ്വീകരിച്ചിരുന്നു. പിന്നീട് 1701-ൽ അന്യനാടുകളിൽ സുവിശേഷ വേല ചെയ്യുവാൻ പ്രത്യേകം ഉദ്ദേശിച്ച് 'സുവിശേഷ പ്രചരണ സമൂഹം' (Society for the Propagation of the Gospel - S.P.G.) ആംഗ്ലേയ സഭയിൽ സ്ഥാപിതമായി. രണ്ടു സമൂഹങ്ങളിൽ എസ്.പി.കെ. ഇൻഡ്യയിലെ സുവിശേഷ പ്രചരണശുശ്രൂഷയിൽ സാമ്പത്തിക സഹകരണം നൽകി. എസ്.പി.ജി. വിദേശത്തു ജോലികളിൽ ഏർപ്പെട്ടിരുന്ന ഇംഗ്ലീഷ് സമൂഹങ്ങൾക്കു ആംഗ്ലേയ സഭയുടെ ചാപ്ലെന്മാരെ നൽകി വന്നു.

ഇൻഡ്യയിലെ പ്രോട്ടസ്റ്റന്റു മിഷൻ ആരംഭിച്ചത് ആംഗ്ലേയ സഭയുടെ പ്രവർത്തനം മൂലമായിരുന്നില്ല. അതു നടന്നതു ഡന്മാർക്കിലെ രാജാവ് സ്വന്ത നിലയിൽ അവലംബിച്ച പരിപാടി മൂലമായിരുന്നു. അതിന് ഒരളവിൽ എസ്.പി.സി.കെ. സാമ്പത്തിക സഹായം പ്രദാനം ചെയ്തു. പിന്നീട് 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇംഗ്ലണ്ടിൽ നിന്നും മിഷൻവേലയ്ക്കായി ഇൻഡ്യയിൽ വന്നത് ഒരു ബാപ്റ്റിസ്റ്റുകാരനായ വില്യം കേറി ആയിരുന്നു.

**ചോദ്യങ്ങൾ**

1. റോമൻ കത്തോലിക്കാ സഭയ്ക്കെതിരായി പ്രോട്ടസ്റ്റന്റുകാർ ഉന്നയിച്ച നിലപാടുകൾ എന്തെല്ലാമായിരുന്നു?

2. ട്രെന്റ് സുന്നഹദോസിനെപ്പറ്റി നമുക്ക് എന്തെല്ലാം കാര്യങ്ങൾ അറിയാം?

3. പ്രോട്ടസ്റ്റന്റു മിഷനു സഹായകമായി എന്തെല്ലാം സംഗതികൾ 17-ാം നൂറ്റാണ്ടിൽ നടന്നു?

പാഠം 6

# ട്രാങ്കുബാർ, സെറാമ്പൂർ ഇവിടങ്ങളിലെ മിഷൻവേല

❑ പ്രാരംഭം ❑ ട്രാങ്കുബാർ മിഷൻ തുടങ്ങിയ വിധം ❑ ട്രാങ്കുബാർ മിഷനറിമാർ ❑ സെറാമ്പൂർ മിഷൻ

## 1. പ്രാരംഭം

ഇൻഡ്യയിലെ പ്രോട്ടസ്റ്റന്റു സുവിശേഷ യത്നത്തിന്റെ ആരംഭം കുറിക്കുന്നതു ട്രാങ്കുബാർ മിഷനിലാണ്. ഡന്മാർക്കിലെ ഫ്രെഡറിക് IV രാജാവിന്റെ ഉത്സാഹത്തിൽ തുടങ്ങിയതാണ് ആ മിഷൻ. അദ്ദേഹം ഡേനിഷു രാജകീയ മിഷൻ (Danish Royal Mission) എന്ന പേരിൽ ഒരു സമൂഹം രൂപീകരിച്ച് അതുവഴിയാണ് ആ വേല ആരംഭിച്ചത്. പ്രാരംഭത്തിൽ പല പ്രയാസങ്ങളും അതിനു തരണം ചെയ്യേണ്ടി വന്നു. എന്നാൽ അവയെ അതിജീവിച്ച് മിഷൻ അതിന്റെ പ്രവർത്തനം നിർവഹിച്ചു.

18-ാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ സുവിശേഷഘോഷണം ലക്ഷ്യമാക്കി ഇംഗ്ലണ്ടിൽ നിന്നും ഇൻഡ്യയിൽ വന്ന്, പല വൈഷമ്യങ്ങളും അഭിമുഖീകരിച്ചശേഷം വില്യം കേരിയുടെ നേതൃത്വത്തിൽ സ്ഥാപിതമായതാണ് സെറാമ്പൂർ മിഷൻ. ട്രാങ്കുബാർ മിഷനെയും സെറാമ്പൂർ മിഷനെയും കുറിച്ചുള്ള ചില പ്രധാന വിവരങ്ങൾ ഈ പാഠത്തിൽ കാണാം.

## 2. ട്രാങ്കുബാർ മിഷൻ തുടങ്ങിയവിധം

1620-ൽ ഡന്മാർക്കുകാർ ട്രാങ്കുബാർ സ്വാധീനമാക്കിയപ്പോൾ വ്യാപാരം നടത്തി ലാഭമുണ്ടാക്കുന്നതിൽ കൂടുതലായുള്ള ഉദ്ദേശ്യമൊന്നും അവർക്കുണ്ടായിരുന്നില്ല. എന്നാൽ 18-ാം നൂറ്റാണ്ടിൽ ഫ്രെഡറിക്ക് നാലാമന്റെ ഭക്തനായ ചാപ്ലൈൻ നൽകിയ പ്രചോദനഫലമായി രാജാവിന് ഈ വിഷയത്തിൽ താത്പര്യം ജനിച്ചു. ഡന്മാർക്കിലെ സഭ അനുകൂലിക്കുമെന്നു ബോദ്ധ്യമില്ലാതിരുന്നതിനാൽ സ്വന്ത നിലയിൽ മിഷൻ സ്ഥാപിക്കാൻ രാജാവ് വേണ്ട നടപടികൾ സ്വീകരിച്ചു.

മിഷൻ രംഗത്തിലേയ്ക്കയയ്ക്കുവാൻ ഒരുത്തരേയും അന്നു ഡന്മാർ

ക്കിൽ ലഭിക്കുമായിരുന്നില്ല. ലൂഥറൻ വിശ്വാസമടിസ്ഥാനമാക്കിയ നില പാട് അവലംബിച്ചിരുന്ന രാജാവ് സമീപരാജ്യമായിരുന്ന ജർമ്മനിയിൽ നിന്നും രണ്ടു ലൂഥറൻ യുവാക്കളെ കണ്ടുപിടിച്ചു. ബാർത്തലോമ്മ്യൂ സീഗൻബാൾഗു (Barthalomew Ziegenbalg) ഹെൻറി പ്ലൂട്സ്ചാവു (Henry Plutschaw) ഇവരായിരുന്നു ആ യുവാക്കൾ. അവരിരുവരേയും ഡന്മാർ ക്കിന്റെ തലസ്ഥാനമായ കോപ്പൻഹേഗനിൽ വരുത്തി അവിടുത്തെ ലൂഥ റൻ ബിഷപ്പിനെക്കൊണ്ടു അവർക്കു വൈദികസ്ഥാനം നൽകി (ലൂഥ റിന്റെ നവീകരണ പ്രസ്ഥാനത്തിൽ ജർമ്മനിയിലെ ബിഷപ്പന്മാരാരും ചേർന്നില്ല. തന്മൂലം ആ രാജ്യത്തെ ലൂഥറൻ സഭയ്ക്കു ബിഷപ്പന്മാരു ണ്ടായിരുന്നില്ല. എന്നാൽ നോർവേ, സ്വീഡൻ, ഡന്മാർക്ക്, ഈ സ്ക്കാൻഡിനേവിയൻ രാജ്യങ്ങളിലെ സഭ ആകമാനം ലൂഥറൻ നില അവലംബിച്ചതിനാൽ അവിടത്തെ സഭയിൽ ബിഷപ്പന്മാരുണ്ടായിരുന്നു). അതിനുശേഷം അവരെ അദ്ദേഹം ഇൻഡ്യയിലേയ്ക്കു യാത്രയാക്കി.

ട്രാങ്കുബാർ തഞ്ചാവൂർ ഡിസ്ട്രിക്റ്റിൽപെട്ട ഒരു ചെറു ഗ്രാമമായി രുന്നു. 1706 ജൂലൈ 9-ാം തീയതി ആ യുവാക്കളിരുവരും ട്രാങ്കുബാറി ലെത്തി. എന്നാൽ ആ വ്യാപാരകേന്ദ്രാധിപരിൽ നിന്നൊ അവരോടുകൂടി യുള്ള ചാപ്ലെന്മാരിൽ നിന്നൊ ഹാർദ്ദവമായ സ്വീകരണമൊന്നും അവ ർക്കു ലഭിച്ചില്ല. അവർ യാത്ര ചെയ്തിരുന്ന കപ്പലിന്റെ കപ്പിത്താന് അവ രോട് തൃപ്തി തോന്നിയിരുന്നുമില്ല. ട്രാങ്കുബാറിലെത്തിയശേഷം കരയ്ക്കി റങ്ങുവാൻ അവർക്കു സൗകര്യം ലഭിച്ചതു തന്നെ മൂന്നു ദിവസങ്ങൾക്കു ശേഷമായിരുന്നു. പിന്നീട് അവർക്കു താമസസൗകര്യം നൽകുവാനിവിടെ ആരുമുണ്ടായിരുന്നില്ല. ഈ പ്രയാസങ്ങൾക്കുശേഷം അവർ അവിടെ ഒരു വിധത്തിൽ ചെന്നുചേർന്നു. ഇതിനെല്ലാം പുറമേ ആ വ്യാപാരകേന്ദ്ര ത്തിന്റെ നേതാവായ കമാൻഡർ ഹെസ്യൂസ് പല കൊല്ലങ്ങൾ അവരെ എതിർത്തു തന്നെ പ്രവർത്തിച്ചു.

ഇതൊന്നും കൂട്ടാക്കാതെ ആ യുവ മിഷനറിമാർ അവരുടെ ജോലി യിൽ ഉത്സുകരായി. അവർ വ്യാപൃതരായ നാലു കാര്യങ്ങൾ: 1. ഡേനിഷ് കമ്പനിയുടെ സൈന്യത്തിൽപെട്ട ജർമ്മൻ പട്ടാളക്കാർക്കുവേണ്ട ആത്മീ യസേവനം നൽകി.

2. കമ്പനിയിലും മറ്റും പ്രവർത്തിച്ച യൂറോപ്യരായ ഉദ്യോഗസ്ഥന്മാർക്കു വീട്ടുവേല ചെയ്തുവന്ന ജോലിക്കാർക്ക് പ്രത്യേക ക്ലാസ്സുകൾ സംഘടി പ്പിച്ച് അവരെ ക്രിസ്തീയ വിശ്വാസം പഠിപ്പിക്കുവാൻ ഉദ്യമിച്ചു.

3. ഏതാനും അനാഥകുട്ടികളെ എടുത്തു വളർത്തി, അവരെ തമിഴും, പോർട്ടുഗീസും ജർമ്മനും പഠിപ്പിക്കത്തക്ക വിദ്യാലയം നിർമ്മിച്ചു.

4. നാട്ടുകാരോടു തമിഴിൽ സുവിശേഷം പ്രസംഗിച്ചു. ഇതിന്റെ എല്ലാം ഫലമായി, ഒരു കൊല്ലത്തിനകം ക്രിസ്തീയ വിശ്വാസം സ്വീകരിക്കുന്ന ഒരു ചെറിയ സമൂഹത്തെ സംഘടിപ്പിക്കുവാൻ അവർക്കു കഴിഞ്ഞു. ആ സമൂഹത്തിനുവേണ്ടി അവർ ഡേനിഷ് കമ്പനിയുടെ കോട്ടയ്ക്കു പുറത്തായി ഒരാരാധനാസ്ഥലം പണിതുണ്ടാക്കി.

ആരംഭം മുതൽ തന്നെ മിഷനറിമാരിരുവരും ഭാഷാപഠനത്തിൽ ശ്രദ്ധ പതിച്ചു. സാധാരണ മനുഷ്യരുമായി ബന്ധപ്പെടുവാൻ അവർക്കു തമിഴും ആവശ്യമായിരുന്നു. ഇതിൽ സീഗൻബാൾഗു കൂടുതൽ പ്രാവീണ്യം നേടി. അതിനും പുറമെ അവർക്കു പോർട്ടുഗീസും പഠിക്കണമായിരുന്നു. ഇന്ന് ഇംഗ്ലീഷുപോലെ, അന്നു പ്രചാരത്തിലിരുന്ന യൂറോപ്യൻ ഭാഷയായിരുന്നു പോർട്ടുഗീസ്. അത് പ്ലൂട്സ്ചോവും വേഗത്തിൽ വശമാക്കി.

സിഗൻബാൾഗ് ആദ്യകാലങ്ങളിൽ തന്നെ ഇൻഡ്യൻ മുൻഷിമാരുടെ സഹായത്തോടെ തമിഴിൽ ക്രിസ്തീയ വിശ്വാസം അടിസ്ഥാനമാക്കിയുള്ള കൃതികൾ ചമച്ചു. ഇൻഡ്യയിൽ വന്നശേഷം രണ്ടു കൊല്ലങ്ങൾക്കകമായി അദ്ദേഹം പുതിയനിയമം തമിഴിലേയ്ക്കു വിവർത്തനം ചെയ്തു. ഇതായിരുന്നു ഒരിൻഡ്യൻ ഭാഷയിൽ ഇദംപ്രഥമമായി ഉണ്ടായ വേദപുസ്തക പരിഭാഷ. 1719-ൽ സീഗൻബാൾഗു മരിക്കുന്നതിനു മുമ്പായി പഴയനിയമത്തിന്റെ ഒരു ഭാഗവും തർജ്ജിമ ചെയ്തിരുന്നു. ഇവയ്ക്കു പുറമെ, പ്രസംഗങ്ങൾ, ലഘുലേഖകൾ, സ്ക്കൂൾ പുസ്തകങ്ങൾ ആദിയായി മറ്റു പല കൃതികളും അദ്ദേഹം തമിഴുഭാഷയിൽ എഴുതി. ഇവയെല്ലാം അച്ചടിച്ചത് ഇംഗ്ലണ്ടിലെ ആംഗ്ലേയ സഭയുടെ കീഴിലുള്ള എസ്.പി.സി.കെ. ദാനമായി നൽകിയ പ്രസിലായിരുന്നു. അച്ചുകൂടത്തിനാവശ്യമായ തമിഴുലിപികൾ ജർമ്മനിയിൽ നിർമ്മിച്ചവയായിരുന്നു. അതിനാൽ 18-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ ഇൻഡ്യയിൽ ആദ്യമായി വേദപുസ്തകത്തിലെ പുതിയനിയമം പ്രസിദ്ധീകൃതമായത് ഡന്മാർക്കും, ഇംഗ്ലണ്ടും, ജർമ്മനിയും ഒരളവിൽ ഇൻഡ്യയും ചേർന്നുള്ള സഹകരണത്തിലാണെന്നു പറയാം.

ജർമ്മനിയിൽ പ്രസിദ്ധീകരിച്ച മിഷൻ റിപ്പോർട്ട് അവരുടെ വേലയെപ്പറ്റി യൂറോപ്പിൽ സംതൃപ്തി ഉളവാക്കി. അതുമൂലം 1709-ൽ കൂടുതൽ മിഷനറിമാരും ധനസഹായവും മിഷനു ലഭിച്ചു. മിഷൻ ആ പണം കൊണ്ട് ആവശ്യമായ ഭവനങ്ങൾ, സ്കൂളുകൾ ആദിയായവ നിർമ്മിച്ച് അതിന്റെ നില ഭദ്രമാക്കി. ഡേനിഷ് രാജാവ് 1714-ൽ 'ഡേനീഷ് മിഷൻ ബോർഡ്' കോപ്പൻഹേഗിൽ സ്ഥാപിച്ചു. പിന്നീട് ഏതാനും കൊല്ലക്കാലം ആ മിഷൻ ബോർഡിന്റെ ട്രഷറാറുമായി സാമ്പത്തികകാര്യങ്ങളിൽ സീഗൻ ബാൾഗിനു മല്ലിടേണ്ടി വന്നു. ആ വൈഷമ്യങ്ങളെയും അതിജീവിച്ച് മിഷൻ പുരോഗമിച്ചു എങ്കിലും അതിന്റെ വളർച്ച കാണുവാൻ സീഗൻബാൾഗിന്

ഇടയായില്ല. 1719-ൽ തന്റെ 36-ാം വയസ്സിൽ അദ്ദേഹം അതിക്ഷീണിതനായി ഐഹികവാസം വെടിഞ്ഞു.

### 3. ട്രാങ്കുബാർ മിഷനറിമാർ

18-ാം നൂറ്റാണ്ടിൽ അമ്പത്തിയാറു യൂറോപ്യൻ മിഷനറിമാർ ട്രാങ്കുബാർ മിഷനുമായി ബന്ധപ്പെട്ട് സേവനമനുഷ്ഠിച്ചു. അവരിൽ പതിനഞ്ചു പേർ മാത്രമാണ് സ്വന്ത നാട്ടിലേക്ക് മടങ്ങിപ്പോയത്. മറ്റുള്ളവരെല്ലാം ഇന്ത്യയിൽ തന്നെ ജീവിച്ചു മരിച്ചു. മിഷന്റെ പ്രവർത്തനം വേഗത്തിൽ മദ്രാസ്, കഡലൂർ, നാഗപട്ടണം, തൃശിനാപ്പള്ളി ഈ സ്ഥലങ്ങളിലേക്ക് വ്യാപിച്ചു.

1726-ൽ ഷൂൾട്സെ (Schultze) ട്രാങ്കുബാറിൽ നിന്ന് മദ്രാസിലേക്ക് പോയി. ട്രാങ്കുബാറിനു പുറത്തുള്ള വേലയ്ക്കു ഡേനീഷ് സഹായം ലഭ്യമായിരുന്നില്ല. എന്നാൽ അതു എസ്.പി.സി.കെ. നൽകി. മദ്രാസിൽ ദീർഘകാലം പ്രവർത്തിച്ച ഒരു മിഷനറിയായിരുന്നു ഫാബ്രിഷ്യസ് (Fabricius). 1742 മുതൽ 1788 വരെ അദ്ദേഹം അവിടെ സേവനം അനുഷ്ഠിച്ചു. ആ കാലങ്ങളിൽ അദ്ദേഹത്തിന് പല വൈഷമ്യങ്ങളും അനുഭവിക്കേണ്ടി വന്നു. അതൊന്നും വകവയ്ക്കാതെ ഫാബ്രിഷ്യസ് തമിഴ് നന്നായി പഠിച്ച്, പല ഗ്രന്ഥങ്ങളും ആ ഭാഷയിൽ പ്രസിദ്ധീകരിച്ചു. ജർമ്മൻ പാട്ടുകൾ തർജ്ജമ ചെയ്യുക, തമിഴ്-ഇംഗ്ലീഷും, ഇംഗ്ലീഷ്-തമിഴും ഡിക്ഷ്ണറികൾ ചമയ്ക്കുക, അതിലുപരി വേദപുസ്തകം തമിഴിലേക്ക് പരിഭാഷപ്പെടുത്തുക ഇങ്ങനെ പലതും അദ്ദേഹം ചെയ്തു.

ട്രാങ്കുബാർ മിഷനുമായി ബന്ധപ്പെട്ടവരിൽ ഏറ്റവും പ്രശസ്തി ആർജ്ജിച്ചത് സി. എഫ്. ഷ്വാർട്ട്സ് (Schwartz) ആയിരുന്നു. 1750-ൽ അദ്ദേഹം ഇൻഡ്യയിൽ എത്തി. 1798-ൽ നിര്യാതനാകുന്നതു വരെ മുടങ്ങാതെ സേവനമനുഷ്ഠിച്ചു. ആദ്യത്തെ പന്ത്രണ്ടു കൊല്ലക്കാലം ട്രാങ്കുബാറിൽ പ്രവർത്തിച്ച ശേഷം അദ്ദേഹം മറ്റു സ്ഥലങ്ങൾ സന്ദർശിച്ചു. അവയിലൊന്നായിരുന്നു തൃശിനാപ്പള്ളി. ട്രാങ്കുബാർ സഹോദരങ്ങളുടെ സമ്മതത്തോടെ 1762-ൽ അദ്ദേഹം അവിടെ ഒരു മിഷൻ സ്ഥാപിച്ചു. മദ്രാസിലെപ്പോലെ തൃശിനാപ്പള്ളിയിലും എസ്.പി.സി.കെ. യുടെ സഹായം മിഷനു ലഭിച്ചു. സഭാനേതൃത്വത്തിലും സാമൂഹ്യജീവിതത്തിലും മാത്രമല്ല, രാഷ്ട്രീയരംഗത്തും ഷ്വാർട്ട്സ് വളരെയധികം ശോഭിച്ചു. തമിഴുനാട്ടിലെ യൂറോപ്യൻ കേന്ദ്രങ്ങളിലെല്ലാം ക്രിസ്തീയ സമൂഹങ്ങളെ സംഘടിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. സത്യസന്ധനും വിശ്വസ്തനുമായ അദ്ദേഹം സർവസമ്മതനുമായിരുന്നു.

ട്രാങ്കുബാർ മിഷൻ ചെയ്ത വേലയുടെ ഫലമായി 18-ാം നൂറ്റാണ്ടിൽ 34,970 ആളുകൾ അതിന്റെ പല കേന്ദ്രങ്ങളിലും കൂടി മാമോദീസാ സ്വീകരിച്ചു. പതിനാലു ഇൻഡ്യാക്കാർ വൈദികസ്ഥാനത്തു ഉയർത്തപ്പെട്ടു.

## 4. സെറാമ്പൂർ മിഷൻ

18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം ഇംഗ്ലണ്ടിൽ മതപരമായ ഉണർവിന്റെ കാറ്റു വീശിക്കൊണ്ടിരുന്ന കാലമായിരുന്നു. അതിന്റെ സ്വാധീനത്തിൽ വന്ന ഒരു സാധാരണക്കാരനായിരുന്നു ഇൻഡ്യയിൽ ആദ്യത്തെ മിഷനറിയായി വന്ന വില്യം കേറി. സ്വയം വിദ്യാഭ്യാസം നടത്തി ഒരു ഗ്രാമത്തിൽ ബാപ്റ്റിസ്റ്റു സമൂഹത്തിന്റെ പാസ്റ്ററായി അദ്ദേഹം പ്രവർത്തിച്ചു. ഉപജീവനത്തിനായി കേറി ഒരു സ്കൂളിൽ പഠിപ്പിക്കുകയും മറ്റു സമയങ്ങളിൽ ചെരിപ്പു കുത്തുന്ന ജോലി നടത്തുകയും ചെയ്തു. സഹപാസ്റ്റർമാരെ ചേർത്ത് 'ബാപ്റ്റിസ്റ്റു മിഷനറി സമൂഹം' സ്ഥാപിച്ചശേഷം അതിന്റെ ആഭിമുഖ്യത്തിൽ ഒരു മിഷനറിയായി കേറി ഇന്ത്യയിലേയ്ക്കു പോകുവാൻ തീരുമാനിച്ചു. 'ദൈവത്തിൽ നിന്നു വൻ കാര്യങ്ങൾ പ്രതീക്ഷിക്കുക; ദൈവത്തിനുവേണ്ടി വൻ കാര്യങ്ങൾ ചെയ്യുവാൻ യത്നിക്കുക' ഇതായിരുന്നു ബാപ്റ്റിസ്റ്റു മിഷനറി സമൂഹം അതിന്റെ മുദ്രാവാക്യമായി സ്വീകരിച്ചത്.

താമസിയാതെ വില്യം കേറി, തന്റെ ഭാര്യയും നാലു മക്കളും ഭാര്യാസഹോദരിയുമൊരുമിച്ചു യാത്രതിരിച്ച് 1793 നവംബർ മാസത്തിൽ കൽക്കട്ടയിലെത്തി. സ്വന്ത അദ്ധ്വാനം കൊണ്ടു ജീവിക്കണമെന്നു തീരുമാനിച്ച കേറിക്കു ആദ്യത്തെ ഏതാനും മാസങ്ങൾ ഗുരുതരമായ കഷ്ടതകൾ അനുഭവിക്കേണ്ടി വന്ന കാലഘട്ടമായിരുന്നു. അതിനുശേഷം ഉൾപ്രദേശങ്ങളൊന്നിലൊരു നീലച്ചെടി (indigo) തോട്ടത്തിൽ സൗകര്യപ്പെട്ട ജോലി അദ്ദേഹം സ്വീകരിച്ചുവെങ്കിലും കുടുംബസംബന്ധമായ ക്ലേശങ്ങൾ നേരിട്ടു. അവയേയും അതിജീവിച്ച കേറി പിന്നീടുള്ള അഞ്ചര വർഷക്കാലം ബംഗാളിയും സംസ്കൃതവും പഠിച്ചു. ഒരു മുൻഷിയുടെ സഹായത്തോടെ അദ്ദേഹം പുതിയനിയമവും പഴയനിയമത്തിന്റെ വലിയ ഭാഗവും ബംഗാളിയിലേക്കു പരിഭാഷപ്പെടുത്തി.

1799-ൽ നാല് ഇംഗ്ലീഷ് കുടുംബങ്ങൾ കൽക്കട്ടായിലെത്തി. മിഷനറിമാരെന്ന നിലയിൽ അവിടെയിറങ്ങുവാൻ ബ്രിട്ടീഷ് അധിപതികൾ അവരെ അനുവദിച്ചില്ല. അവർ അവിടെനിന്നും ഹൂഗ്ലി നദി വഴി സെറാമ്പൂരിലേക്കു നീങ്ങി. അതിനകം കേറിയും തന്റെ ജോലി ഉപേക്ഷിച്ച് ഡേനീഷു കോളനിയായിരുന്ന സെറാമ്പൂരിലെത്തിയിരുന്നു. എന്നാൽ ആ നാല് ഇംഗ്ലീഷുകാരിൽ രണ്ടു പേർ നിര്യാതരായി. ശേഷിച്ച യോശുവാ മാർഷ്മാൻ, വില്യംവാർഡ് എന്നിവർ കേറിയുമായിച്ചേർന്ന് സെറാമ്പൂർ മിഷൻ സ്ഥാപിച്ചു.

1800 ഡിസംബർ ആയപ്പോഴേയ്ക്കും സെറാമ്പൂരിൽ ഒരു ചെറിയ ക്രിസ്തീയ സമൂഹം നിലവിൽ വന്നു. പിന്നീട് അതു വളർന്നുകൊണ്ടി

രുന്നു. മിഷനോടു ചേർന്ന് ഒരു പ്രസ്സും സംഘടിപ്പിച്ചിരുന്നതിനാൽ 1801-ൽ ബംഗാളി പുതിയനിയമത്തിന്റെ അച്ചടി പൂർത്തിയാക്കുവാൻ സാധിച്ചു. ഈ പ്രസിദ്ധീകരണം ഒരനുഗ്രഹമായിത്തീർന്നു. ആ കാലത്തായിരുന്നു ഡോ. ക്ലോഡിയസ് ബുക്കാനന്റെ നേതൃത്വത്തിൽ ഫോട്ടു വില്യം കോളജ് കൽക്കട്ടായിൽ ആരംഭിച്ചത്. മിഷനറിമാരെ പരിശീലിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ള ആ കോളജിൽ കേറിക്കു ബംഗാളി പ്രൊഫസർ സ്ഥാനം ലഭ്യമായി. അദ്ദേഹത്തിനവിടെ കിട്ടിയ ശമ്പളം മിഷന്റെ പൊതുഫണ്ടിൽ ചേർത്ത് അദ്ദേഹം മിഷനെ വളർത്തി.

ഈ വിധത്തിൽ സാമ്പത്തികഭദ്രത കൈവന്ന ശേഷം കേറിയും സഹകാരികളും വേദപുസ്തകം വിവിധ ഭാഷകളിൽ വിവർത്തനം ചെയ്യിക്കുവാൻ ശ്രമിച്ചു. ഭാഷാപണ്ഡിതന്മാരുടെ സഹായത്തോടെ കേറി തന്നെ ബംഗാളി, ഹിന്ദി, സംസ്കൃതം, മറാത്തി ഈ ഭാഷകളിൽ തർജ്ജമകൾ പ്രസിദ്ധീകരിച്ചു. 1834-ൽ നിര്യാതനാകുന്നതിനകമായി വേദപുസ്തകം മുഴുവന്റെയും പരിഭാഷ ആറു ഭാഷകളിലും, പുതിയനിയമം മാത്രം വേറെ ഇരുപത്തിമൂന്നു ഭാഷകളിലും വേദപുസ്തകഭാഗങ്ങൾ വേറെ പത്തു ഭാഷകളിലും വിവർത്തനം ചെയ്യിക്കുവാൻ കേറിക്കു സാധിച്ചു. ഇവയിൽ ഇൻഡ്യൻ ഭാഷകൾക്കും പുറമേ ബർമീസ്, ജാപനീസ്, മലേഷ്യൻ, ചൈനീസ് ഈ ഭാഷകളും ഉൾപ്പെട്ടിരുന്നു.

വില്യം കേറിയുടെ നേതൃത്വത്തിൽ സെറാമ്പൂർ മിഷൻ മറ്റു മൂന്നു കാര്യങ്ങൾ കൂടി നിർവ്വഹിച്ചു. 1. ഇൻഡ്യയിലും മറ്റു പൗരസ്ത്യ നാടുകളിലും സുവിശേഷകന്മാരെ അയയ്ക്കുവാൻ ആവശ്യമായ മിഷനറി പരിശീലനം സെറാമ്പൂരിൽ നൽകത്തക്ക പരിപാടി ആവിഷ്ക്കരിച്ചു. 2. 1818 വരെയായി സെറാമ്പൂർ മിഷൻ 126 പ്രാഥമിക സ്കൂളുകൾ നടത്തിയിരുന്നു. 3. കേറിക്കു സാമൂഹ്യസേവനത്തിൽ അത്യധികം താത്പര്യമുണ്ടായിരുന്നു. മരിക്കുന്ന ഭർത്താവിന്റെ ശവശരീരത്തോടു ജീവിച്ചിരിക്കുന്ന ഭാര്യയേയും ചേർത്തു കെട്ടി ദഹിപ്പിക്കുന്ന സതിസമ്പ്രദായം നിർത്തൽ ചെയ്യുവാൻ ബ്രിട്ടീഷ് ഗവൺമെന്റിൽ അദ്ദേഹം സമ്മർദ്ദം ചെലുത്തി. 1829-ൽ ബംഗാൾ ഗവർണറായിരുന്ന വില്യം ബന്റിക്ക് പ്രഭു അത് നിരോധിക്കുകയും ചെയ്തു.

കേവലം നിസാരതയിൽ നിന്നും ദൈവം ഉയർത്തി വൻ കാര്യങ്ങൾ ചെയ്യിച്ച സമാദരണീയ മഹാത്മാവാണ് വില്യം കേറി. ഇന്ത്യയിലെ സഭകളെല്ലാം തന്നെയും ഒരു വിധത്തിലല്ലെങ്കിൽ മറ്റു വിധത്തിൽ അദ്ദേഹത്തോടും സെറാമ്പൂർ മിഷനോടും കടപ്പെട്ടവയാണ്.

### ചോദ്യങ്ങൾ

1. ഇന്ത്യയിൽ പ്രോട്ടസ്റ്റന്റു മിഷൻ തുടങ്ങിയതെങ്ങനെയാണ്?

2. ട്രാങ്കുബാർ മിഷനോടു ബന്ധപ്പെട്ട പ്രഗത്ഭരായ മിഷനറിമാരാരൊക്കെയാണ്? അവരെപ്പറ്റി നമുക്കെന്തെല്ലാമറിയാം?

3. വില്യം കേറി ആരാണ്? അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്നും നമുക്കു പഠിക്കാവുന്ന പ്രധാന പാഠങ്ങൾ ഏവ?

4. സെറാമ്പൂർ മിഷൻ എന്തെല്ലാം ശ്രദ്ധേയമായ സംഗതികൾ ചെയ്തു.

# യൂണിറ്റ് 2

# 19-ാം നൂറ്റാണ്ടിലെ ഇന്ത്യൻ സഭ

## പാഠം 1

## ബ്രിട്ടീഷ് ആധിപത്യം

❑ പ്രാരംഭം ❑ ബ്രിട്ടീഷുകാർ ഇൻഡ്യയിൽ ❑ ബ്രിട്ടീഷ് ശക്തിയുടെ മുന്നേറ്റം ❑ ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ നയവ്യതിയാനം

### 1. പ്രാരംഭം

ഇൻഡ്യയുമായുള്ള വാണിജ്യബന്ധം ബ്രിട്ടീഷുകാർ 17-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ തന്നെ ആരംഭിച്ചു. സൂറത്ത്, കൽക്കട്ടാ, ബോംബെ എന്നീ സ്ഥലങ്ങളിൽ അവർ വ്യാപാരകേന്ദ്രങ്ങൾ നിർമ്മിച്ചു തങ്ങളുടെ ആസ്ഥാനങ്ങൾ ഉറപ്പിച്ചു. 18-ാം നൂറ്റാണ്ടിന്റെ ഏകദേശം മദ്ധ്യഘട്ടം വരെ വാണിജ്യം മാത്രമായിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ അതിനുശേഷം രണ്ടു പ്രധാന കാരണങ്ങളാൽ അവർ തങ്ങളുടെ നയം മാറ്റി. ഒന്നാമത്, വ്യാപാരം സുഗമമായി നടത്തിക്കൊണ്ടു പോകുവാനാവശ്യമായ ദേശത്തെ ക്രമസമാധാനപാലനത്തിന് നാട്ടുരാജാക്കന്മാർ പോരെന്നുള്ള ബോദ്ധ്യം. രണ്ടാമത്, 17-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിനു ശേഷം ഇൻഡ്യയിൽ ആഗതരായ ഫ്രഞ്ചുകാർ ഇൻഡ്യയിൽ രാഷ്ട്രീയാധിപത്യം സ്ഥാപിക്കുവാനുള്ള സാദ്ധ്യത ഹനിക്കണമെന്നുള്ള ചിന്ത.

ഫ്രഞ്ചുകാർ പോണ്ടിച്ചേരി കൈവശമാക്കി വ്യാപാരമാരംഭിച്ചു. 1724 മുതൽ ഫ്രഞ്ചു ജനറൽ ഡ്യൂപ്ളേ (Dupleix) ഇൻഡ്യയിൽ ഒരു ഫ്രഞ്ചു സാമ്രാജ്യം സ്ഥാപിക്കുവാൻ വേണ്ടി പ്രവർത്തിച്ചു തുടങ്ങി. ഈ സാഹചര്യത്തിൽ ബ്രിട്ടീഷുകാർ ഫ്രഞ്ചുകാരെ തോൽപ്പിക്കുകയും, ഇൻഡ്യയിലെ നാട്ടുരാജാക്കന്മാരെ ഓരോന്നായി കീഴടക്കുകയും ചെയ്തു. ഈ നീക്കം വഴി 18-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും തെക്കേ ഇൻഡ്യ മുഴുവനും ബ്രിട്ടീഷ് അധീനതയിൽ വന്നു. 19-ാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തോടുകൂടി ഇൻഡ്യ ആകമാനവും, ബർമ്മാ, ശ്രീലങ്ക (സിലോൺ) എന്നീ സമീപപ്രദേശങ്ങളും ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഭാഗമായിത്തീർന്നു.

### 2. ബ്രിട്ടീഷുകാർ ഇൻഡ്യയിൽ

16-ാം നൂറ്റാണ്ടിൽ ഇംഗ്ലീഷുകാർക്ക് ആത്മവിശ്വാസം നേടിയെടുക്കുവാൻ കഴിഞ്ഞിരുന്നു. 1580-ൽ ഇംഗ്ലീഷുകാരനായ ഡ്രേക്കിന് സമുദ്രയാത്രയിൽ ലഭ്യമായ വിജയവും സ്പെയിൻകാരുടെ അർമ്മേഡാ എന്ന

കപ്പൽ സൈന്യത്തെ തോൽപ്പിക്കുവാൻ ഇംഗ്ലീഷുകാർക്കു കഴിഞ്ഞതും വിദേശ വാണിജ്യത്തിനുള്ള ആവേശം അവരിലുണർത്തി. ഉത്സുകരായ ചില വ്യക്തികൾ ചേർന്ന് ഈസ്റ്റ് ഇൻഡ്യാ കമ്പനി (East India Company) രൂപീകരിക്കുകയും, 1600 ഡിസംബർ 31-ാം തീയതി എലിസബേത്തു രാജ്ഞി അതിനുള്ള അനുമതി നൽകുകയും ചെയ്തു. കച്ചവടം നടത്തി ആദായമുണ്ടാക്കുക എന്നതു മാത്രമായിരുന്നു അതിന്റെ അന്നത്തെ ഉദ്ദേശ്യം.

ഇൻഡ്യാ അന്നു രാഷ്ട്രീയതലത്തിൽ ഒരുമിച്ചു സ്ഥിതി ചെയ്തിരുന്നില്ല. ഉത്തരേന്ത്യ മിക്കവാറും മുഴുവനും തന്നെ മുഗൾ ചക്രവർത്തിമാർ ഭരിച്ചു വന്നു. ദക്ഷിണേന്ത്യയുടെ പല ഭാഗങ്ങളും പോർട്ടുഗീസുകാരുടെ അധീനതയിലുമായിരുന്നു. ഇതിനും പുറമേ ചില ഭാഗങ്ങളിൽ ഏതാനും നാട്ടുരാജാക്കന്മാരും ഭരണം നടത്തി. പോരെങ്കിൽ 17-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഡച്ചുകാർ ഇൻഡ്യയിൽ ആഗതരായി വ്യാപാരത്തിൽ ഏർപ്പെട്ടു തുടങ്ങി. 1639-ൽ ഗോവ പിടിച്ചടക്കുവാൻ അവർ ചെയ്ത ശ്രമം സഫലമായില്ലെങ്കിലും 1658-ൽ അവർ സിലോൺ സ്വാധീനമാക്കി.

ഇംഗ്ലീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനി ഇൻഡ്യയിൽ ആദ്യമായി ആസ്ഥാനമുറപ്പിച്ചത്, അന്നു പശ്ചിമേൻഡ്യൻ തുറമുഖ നഗരമായി പ്രസിദ്ധിയാർജ്ജിച്ചിരുന്ന സൂറത്തിലായിരുന്നു. മുഗൾ ചക്രവർത്തിയുടെ അനുവാദത്തോടെ 1613-ൽ അവർ അവിടെ ഒരു ഫാക്ടറി നിർമ്മിച്ചു. അതിനുശേഷം മറ്റു ചില സ്ഥലങ്ങളിലും അവർ വ്യാപാരകേന്ദ്രങ്ങൾക്കു രൂപംകൊടുത്തു. കൂടാതെ മദ്രാസ്, ബോംബെ, കൽക്കട്ടാ എന്നീ സ്ഥലങ്ങളിൽ ഫാക്ടറികൾ നിർമ്മിക്കുവാനും അവർക്കു കഴിഞ്ഞു. മദ്രാസിൽ അവർ സെന്റ് ജോർജിന്റെ കോട്ട 1634-ൽ പണികഴിപ്പിച്ച വസ്തുത കഴിഞ്ഞ പാഠത്തിൽ നാം കണ്ടു. 1668-ൽ ഇംഗ്ലണ്ടിലെ രാജാവായിരുന്ന ചാൾസ് II ബോംബെ ദേശം ഈസ്റ്റു ഇൻഡ്യാ കമ്പനിയുടെ അധീനതയിലേയ്ക്ക്, പ്രതിവർഷം പത്തു പവൻ വാടകയായി കൊടുക്കണമെന്നുള്ള വ്യവസ്ഥയിൽ വിട്ടു കൊടുത്തു. ബോംബെ വേഗത്തിൽ വളർന്ന്, 1687-ൽ സൂറത്തിനേക്കാൾ മികച്ച ബ്രിട്ടീഷ് വ്യാപാരകേന്ദ്രമായിത്തീർന്നു.

കൽക്കട്ടായും ഇതുപോലെ വളർന്നു. 1651-ൽ ഹൂഗ്ലിയിൽ ഇംഗ്ലീഷുകാർ ഒരു ഫാക്ടറി സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചുവെങ്കിലും, താമസംവിനാ അവർക്ക് ഉപേക്ഷിക്കേണ്ടി വന്നു. പിന്നീട് 17-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ അവർ കാളിഘാട്ടു (കൽക്കട്ടാ) ഉൾപ്പെടെ മൂന്നു ഗ്രാമങ്ങൾ ചേർന്നുള്ള സ്ഥലവിഭാഗം വിലയ്ക്കു വാങ്ങി വ്യാപാരത്തിലേർപ്പെട്ടു. ബോംബെ പോലെ കൽക്കട്ടായും ക്രമേണ വികസിച്ചു. ഇങ്ങനെ ഇൻഡ്യയിലെ രണ്ടു വലിയ പട്ടണങ്ങൾക്കു 17-ാം നൂറ്റാണ്ടിൽ അടിസ്ഥാനമിടുവാൻ സാദ്ധ്യമായി.

## 3. ബ്രിട്ടീഷ് ശക്തിയുടെ മുന്നേറ്റം

18-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം മുതലായിരുന്നു ബ്രിട്ടീഷുകാരുടെ ശക്തി ഇൻഡ്യയിൽ പ്രകടമായത്. അപ്പോഴേയ്ക്കും പോർട്ടുഗീസുകാരുടെയും ഡച്ചുകാരുടെയും നില ബലഹീനമായിത്തീർന്നിരുന്നു. ഈ സാഹചര്യത്തിൽ ബ്രിട്ടീഷുകാരും ഫ്രഞ്ചുകാരും അവരുടെ വാണിജ്യത്തിൽ പുരോഗമിച്ചു. ഇൻഡ്യയിലെ രാഷ്ട്രീയ ഭരണകൂടങ്ങൾക്കന്നില്ലാതിരുന്ന നാവികബലം ഈ രണ്ടു വിദേശ ശക്തികൾക്കും ഉണ്ടായിരുന്നു. അതിൽ ഫ്രഞ്ചുകാരേക്കാൾ കഴിവുണ്ടായിരുന്നത് ബ്രിട്ടീഷുകാർക്കായിരുന്നുവെങ്കിലും, ബ്രിട്ടീഷുകാരുടെ സ്ഥാനത്ത് ഒരിന്ത്യൻ സാമ്രാജ്യം സ്ഥാപിക്കുവാനുള്ള സാദ്ധ്യത ഫ്രഞ്ചുകാർക്കും 18-ാം നൂറ്റാണ്ടിലുണ്ടായിരുന്നതാണ്. ഫ്രഞ്ചു ജനറൽ ഡ്യൂപ്ളേ അതു മനസ്സിലാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. എന്നാൽ ആ ലക്ഷ്യം നേടിയെടുക്കുവാൻ ഫ്രഞ്ചുകാർക്കു സാധിച്ചില്ല. ഫ്രഞ്ചു കമ്പനിയുടെയും ബ്രിട്ടീഷ് കമ്പനിയുടെയും നിലപാടുകൾ തമ്മിലുള്ള വ്യത്യാസമായിരുന്നു അതിന്റെ പ്രധാന കാരണം. ബ്രിട്ടീഷ് കമ്പനി ഇംഗ്ലണ്ടിലെ ഏതാനും വ്യക്തികൾ ചേർന്ന് സർക്കാർ അനുവാദത്തോടെ സംഘടിപ്പിച്ചതായിരുന്നു. ഫ്രഞ്ചു കമ്പനിയാകട്ടെ, ഫ്രാൻസിലെ ഗവൺമെന്റ് നേരിട്ടു നടത്തുന്നതുമായിരുന്നു. അതിനാൽ ബ്രിട്ടീഷ് കമ്പനിയുടെ പ്രവർത്തന സ്വാതന്ത്ര്യം ഫ്രഞ്ചു കമ്പനിക്കുണ്ടായിരുന്നില്ല.

ഫ്രഞ്ചുകാർ ഇൻഡ്യയിൽ ആധിപത്യം ഉറപ്പിക്കുന്നത് തടയുവാൻ ബ്രിട്ടീഷുകാർക്ക് കഴിഞ്ഞു. അതോടൊപ്പം അവർ ബംഗാളിനെ തങ്ങളുടെ അധീനതയിൽ വരുത്തി. അവരെ അടിമപ്പെടുത്തുവാൻ യത്നിച്ച ഹൈദരാലിയെയും മകൻ ടിപ്പു സുൽത്താനെയും അവർ പരാജയപ്പെടുത്തി. ഈ വിധം ശക്തി ആർജ്ജിച്ചശേഷം ബ്രിട്ടീഷുകാർ ഇൻഡ്യയിലെ മറ്റു നാട്ടുരാജാക്കന്മാരെയും തോൽപ്പിച്ചു പുരോഗമിച്ചു. 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം ആയപ്പോഴേയ്ക്കും അവർ ഇൻഡ്യയുടെ ഭരണമേധാവികളായിത്തീർന്നു. ഇൻഡ്യ മാത്രമല്ല, ബർമ്മായും മലേഷ്യയും, സിലോണും ചേർന്നുള്ള ഒരു വലിയ സാമ്രാജ്യം തെക്കു കിഴക്കൻ ഏഷ്യായിൽ അവർ കെട്ടിപ്പടുത്തു. അവിടെയായിരുന്നു 19-ാം നൂറ്റാണ്ടിൽ ഇൻഡ്യൻ സഭ വികസിച്ചത്.

## 4. ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ നയവ്യതിയാനം

കേവലം വാണിജ്യം ഉദ്ദേശിച്ച് ഇൻഡ്യയിൽ വന്ന ബ്രിട്ടീഷുകാർ 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം മുതൽ സാമ്രാജ്യസ്ഥാപനത്തിൽ ശ്രദ്ധ പതിച്ചതിലടങ്ങുന്ന വ്യതിയാനമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ അവരവലംബിച്ച മറ്റൊരു നയവ്യതിയാനമാണ്.

ഈസ്റ്റിൻഡ്യാ കമ്പനി ആരംഭിച്ചപ്പോൾ മതപ്രചരണം അതിന്റെ ഉദ്ദേശ്യത്തിൽ കമ്പനി ഉൾപ്പെടുത്തിയിരുന്നില്ല. മിഷനറി പ്രവർത്തനത്തിൽ ഏർപ്പെടുന്നപക്ഷം നാട്ടുകാർക്കു അപ്രീതി ഉളവാക്കി കമ്പനിയുടെ വ്യാപാരത്തെ അവതാളത്തിലാക്കുമെന്നു അവർ ഭയപ്പെട്ടു. ബ്രിട്ടീഷുകാർ രാഷ്ട്രീയാധികാരത്തിൽ വന്നശേഷവും ആ നിലപാടു തന്നെ കമ്പനി തുടർന്നുകൊണ്ടിരുന്നു. എന്നാൽ അതിൽനിന്നും വ്യതിയാനം വരുത്തുവാനുള്ള സമ്മർദ്ദം ജനങ്ങളിലൊരുഭാഗത്തു നിന്നും ഉയർന്നു.

18-ാം നൂറ്റാണ്ടു പൊതുവേ യൂറോപ്പിലും ബ്രിട്ടനിലും ഉള്ള പ്രോട്ടസ്റ്റന്റു സമൂഹങ്ങളുടെ പല ഭാഗങ്ങളിലും ആത്മീയ ഉണർവിന്റെ കാലമായിരുന്നു. അതിൽ നിന്നുമുളവായതാണ് ട്രാങ്കുബാർ മിഷൻ. സെറാമ്പൂർ മിഷന്റെ  പിമ്പിലും അതു തന്നെ പ്രവർത്തിച്ചിരുന്നു. ഇതു മൂലം 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 19-ാം നൂറ്റാണ്ടിന്റെ ആരംഭദിശയിലും പല മിഷനറി സമൂഹങ്ങൾ യൂറോപ്പിലും ബ്രിട്ടണിലും അമേരിക്കയിലും സംഘടിതമായി. അവയിൽ പെട്ടവയാണ് 1792-ലെ ബാപ്റ്റിസ്റ്റു മിഷനറി സൊസൈറ്റി. 1795-ലെ ലണ്ടൻ മിഷനറി സൊസൈറ്റി, 1799-ലെ ചർച്ച് മിഷനറി സൊസൈറ്റി, 1813-ലെ മെത്തഡിസ്റ്റു മിഷനറി സൊസൈറ്റി എന്നിവ. ഇതിനെ തുടർന്ന് ബ്രിട്ടണിലെയും അമേരിക്കയിലെയും പ്രോട്ടസ്റ്റന്റു സഭകളിൽ മിക്കവയും മിഷനറി സമൂഹങ്ങൾക്കു രൂപംകൊടുത്തു. ഇവയുടെയെല്ലാം പ്രവർത്തന സ്വാതന്ത്ര്യത്തെ ബ്രിട്ടീഷുകാർ സ്വീകരിച്ച നയവ്യതിയാനം സഹായിച്ചു.

ഇരുപതു വർഷങ്ങളിൽ ഒരിക്കൽ ചാർട്ടർ പുതുക്കുന്ന രീതി ഈസ്റ്റ് ഇൻഡ്യാ കമ്പനിക്കുണ്ടായിരുന്നു. ബ്രിട്ടീഷ് പാർലമെന്റിൽ കൂടിയായിരുന്നു അതു നിർവ്വഹിച്ചു വന്നത്. 1793-ൽ പാർലമെന്റു കൂടിയ അവസരത്തിൽ മിഷനറി പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കുന്നവിധം ചാർട്ടർ വ്യത്യാസപ്പെടുത്തുവാനുള്ള പ്രമേയം അവിടെ അവതരിപ്പിച്ചു എങ്കിലും അതിനനുകൂലമായ തീരുമാനം അന്നുണ്ടായില്ല. അതിനുശേഷം വന്ന ഇരുപതു കൊല്ലക്കാലത്തിനുള്ളിൽ മിഷനറി വേലയെ പിൻതാങ്ങുന്ന പലരും പാർലമെന്റിൽ സ്ഥാനം പിടിച്ചു. അവരുടെ സഹകരണം മൂലം 1813-ൽ സമ്മേളിച്ച പാർലമെന്റ് 'ഇൻഡ്യയിലെ മനുഷ്യരുടെ മതപരവും ധാർമ്മികവുമായ ഉന്നമനത്തിനാവശ്യമായ വിജ്ഞാനം പ്രദാനം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ ഇൻഡ്യയിൽ പോയി അവിടെ താമസിച്ചു പ്രവർത്തിക്കാനനുവദിക്കുന്ന നിയമം ഉളവാക്കേണ്ടതാണ്' എന്നു നിശ്ചയിച്ചു. ഇതിനുശേഷം പ്രോട്ടസ്റ്റന്റു മിഷനറിമാർ ഇൻഡ്യയിൽ ധാരാളമായി വന്ന് അവരുടെ പ്രവർത്തനപരിപാടികൾ ആസൂത്രണം ചെയ്തു പുരോഗമിച്ചു.

### ചോദ്യങ്ങൾ

1. ബ്രിട്ടീഷുകാർ എങ്ങനെ ഇൻഡ്യയിൽ വന്നു?

2. ഇൻഡ്യ എങ്ങനെ രാഷ്ട്രീയാധിപത്യത്തിനു വിധേയമായിത്തീർന്നു?

3. പ്രോട്ടസ്റ്റന്റു മിഷനറി പ്രവർത്തനം ഇൻഡ്യയിൽ വികസിക്കുവാൻ സഹായിച്ച സംഭവമെന്ത്?

4. പ്രധാനമായി ഏതെല്ലാം മിഷനറി സമൂഹങ്ങൾ അതുകൊണ്ടു പ്രയോജനം വരുത്തി?

പാഠം 2

## മലങ്കര സുറിയാനി സഭയുടെ വളർച്ചയും തളർച്ചയും

❑ പ്രാരംഭം ❑ വളർച്ചയുടെ പാതയിൽ ❑ സി.എം.എസ്. സഹകരണവും പരിണിതഫലങ്ങളും ❑ സഭയ്ക്കുള്ളിലെ സംഘട്ടനങ്ങൾ

### 1. പ്രാരംഭം

19-ാം നൂറ്റാണ്ടിന്റെ ആരംഭദശയിൽ മലങ്കര സുറിയാനി സഭ പുരോഗമന സാദ്ധ്യതയുടെ വക്കിൽ എത്തി എന്നു പറയാം. എന്നാൽ അതു ഫലമണിഞ്ഞില്ല. സഭയെ സഹായിക്കുവാൻ വന്ന സി.എം.എസ്. മിഷനറിമാരുടെ സഹകരണം മൂലം ചില പ്രയോജനങ്ങൾ ഉളവായി എങ്കിലും, മറുവശത്ത് അത് സഭയുടെ ഐക്യത്തിനും ഭദ്രതയ്ക്കും ഹാനികരമായി പരിണമിച്ചു. തന്മൂലം അതുവരെ ഏകമായി കഴിഞ്ഞുവന്ന സമുദായം മൂന്നു തട്ടുകളിലായി പിരിഞ്ഞു. അവയിൽ ഭൂരിപക്ഷ സഭാസമൂഹം 1876 മുതൽ ഔദ്യോഗികമായി അന്ത്യോക്യൻ സുറിയാനി സഭാ ബന്ധത്തിൽ വരുവാനിടയായി. അതുവരെയുണ്ടായ സംഭവവികാസങ്ങൾ ഈ പാഠത്തിൽ വിവരിക്കുന്നു.

### 2. വളർച്ചയുടെ പാതയിൽ

ടിപ്പു സുൽത്താന്റെ അധഃപതനത്തോടുകൂടി കേരളം; തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ മൂന്നു ഭാഗങ്ങളായി വേർതിരിക്കപ്പെട്ടു. ഇവയിൽ ആദ്യത്തേത് രണ്ടും ബ്രിട്ടീഷ് അധീശത്വം അംഗീകരിക്കുന്ന നാട്ടുരാജ്യങ്ങളായി തുടർന്നു. മലബാർ ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ചുവന്ന മദ്രാസ് പ്രോവിൻസിൽ അവർ ഉൾപ്പെടുത്തി. തിരുവിതാംകൂറിലും കൊച്ചിയിലും ബ്രിട്ടീഷ് മേൽക്കോയ്മ സാർത്ഥകമായി നിലനിർത്തുവാൻ

അവിടെ ഒരു റെസിഡന്റിനെ ബ്രിട്ടീഷു ഭരണത്തലവൻ നിയമിച്ചു. 1800 മുതൽ 1810 വരെ കർണൽ കോളിൻ മക്കോളിയും 1810 മുതൽ 1819 വരെ കർണൽ ജോൺ മൺട്രോയും ആ സ്ഥാനം വഹിച്ചു. അവരിരുവരും പ്രത്യേകിച്ച് മൺട്രോ മലങ്കര സുറിയാനി സഭ, ആംഗ്ലേയ സഭയുമായുള്ള സഹകരണത്തിൽ വന്നു കാണുവാൻ അഭിലഷിച്ചിരുന്നു.

മക്കോളിയുടെ കാലത്തു നടന്ന രണ്ടു സംഭവങ്ങൾ പ്രസ്താവ്യമാണ്. ഒന്ന്, 1806-ൽ ആംഗ്ലേയ സഭയിലെ രണ്ടു പ്രമുഖ വൈദികർ മലങ്കര സഭ സന്ദർശിച്ചു - ഡോ. ക്ലോഡിയസ് ബുക്കാനൻ, ഡോ. റിച്ചാർഡു ഹാൾ കേർ. ഇവരിരുവരും മലങ്കര സഭാദ്ധ്യക്ഷനായിരുന്ന മാർ ദിവന്നാസ്യോസ് ഒന്നാമനുമായി അഭിമുഖ സംഭാഷണം നടത്തി (ഡോ. ബുക്കാനനെപ്പറ്റി കൂടുതൽ വിവരങ്ങൾ ഈ യൂണിറ്റ് പാഠം 6-ൽ ചേർത്തിട്ടുണ്ട്. ഇൻഡ്യയിൽ സുശക്തമായ ഒരു ആംഗ്ലേയ സഭയുണ്ടാകണമെന്നാഗ്രഹിച്ച ആളായിരുന്നു ബുക്കാനൻ. എന്നാൽ അത് ആംഗ്ലേയ സഭ ഔദ്യോഗികമായി അന്ന് സ്വീകരിച്ചിരുന്നില്ല). മെത്രാപ്പോലീത്താ ബുക്കാനന്റെ കൈവശം ഒരു പുരാതന സുറിയാനി കൈയെഴുത്തു വേദപുസ്തകം ഏൽപിച്ചു. അതിന്റെ അച്ചടിച്ച കോപ്പികൾ പള്ളികളിൽ വിതരണം ചെയ്യുവാൻ വേണ്ടി ആ ആംഗ്ലേയ വൈദികൻ കേരളത്തിലെത്തിച്ചു തരുകയും ചെയ്തു. അതിനും പുറമേ ആലപ്പുഴ പീലിപ്പോസ് റമ്പാൻ സുറിയാനിയിൽ നിന്നും മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്ത വേദപുസ്തകഭാഗവും ബോംബെയിൽ മുദ്രണം ചെയ്യിച്ചു തരുവാൻ ബുക്കാനൻ ശ്രദ്ധ പതിച്ചു. രണ്ട്: 1808-ൽ മാർ ദീവന്നാസ്യോസ് ഒന്നാമന്റെ കാലശേഷം അദ്ദേഹത്തിന്റെ പിൻഗാമി മാർതോമ്മാ ഏഴാമൻ 10,500/- രൂപാ വരുന്ന 3000 പൂവരാഹൻ (Star Pagodas) പ്രതിവർഷം 8 ശതമാനം പലിശ സമുദായത്തിനു ലഭിക്കത്തക്കവണ്ണം, ബ്രിട്ടീഷ് കമ്പനിയിൽ സ്ഥിരമായി നിക്ഷേപിച്ചു. ആ സംഖ്യയിൽ ഒരു ഭാഗം മാർ ദിവന്നാസ്യോസ് സമുദായത്തിൽ നിന്നും പിരിച്ചുണ്ടാക്കിയതും ബാക്കിയുള്ളതു മക്കോളിയുടെ സഹകരണത്തിൽ ലഭിച്ചതുമായിരുന്നു.

മൺട്രോയുടെ കാലത്തുണ്ടായ മൂന്നു സംഭവങ്ങൾ: ഒന്ന്, പഴയസെമിനാരി സ്ഥാപനം, പുലിക്കോട്ടിൽ ജോസഫ് കത്തനാരുടെ നേതൃത്വത്തിൽ 1815-ൽ സെമിനാരി സ്ഥാപിതമായി. അതിന്റെ ആവശ്യത്തിലേയ്ക്കു മൺട്രോയുടെ ഉത്സാഹത്തിൽ 16 ഏക്കർ ഭൂമിയും ആവശ്യമായ മരവും 20,000/-ൽപരം രൂപായും അന്ന് തിരുവിതാംകൂർ ഭരിച്ചിരുന്ന റാണി ലക്ഷ്മിബായിയിൽ നിന്നും ലഭിച്ചു. രണ്ട്: ജോസഫ് കത്തനാരെ എപ്പിസ്ക്കോപ്പൽ സ്ഥാനത്തുയർത്തി. സെമിനാരി നിർമ്മാണത്തിനുപയോഗിക്കുവാൻ ഏതാനും കൊല്ലങ്ങളിലെ വട്ടിപ്പണത്തിന്റെ പലിശ മൺട്രോ ജോസഫ് കത്തനാരെ ഏൽപ്പിച്ചശേഷം അതു വാങ്ങേണ്ടത് സഭയുടെ

മെത്രാപ്പോലീത്താ ആയിരിക്കണമെന്നുള്ള നിബന്ധന റസിഡന്റു മന സ്സിലാക്കി. ആ സാഹചര്യത്തിലായിരുന്നു 1816-ൽ ജോസഫ് കത്തനാരെ അഞ്ഞൂർ സഭയുടെ മാർ പീലക്സിനോസിനെക്കൊണ്ടു മേൽപ്പട്ടസ്ഥാന ത്തുയർത്തുവാൻ മൺട്രോ മുൻകൈ എടുത്തു പ്രവർത്തിച്ചത്. മൂന്ന്: സി.എം.എസ്. മിഷനറിമാരുടെ സഹകരണം. ഈ വിഷയം അടുത്ത ഭാഗത്തിൽ പരാമർശിക്കുന്നു.

ജോസഫ് കത്തനാരെ മാർ ദിവന്നാസ്യോസ് എന്ന പേരിൽ (ഇദ്ദേഹ മാണ് ദിവന്നാസ്യോസ് രണ്ടാമൻ) എപ്പിസ്ക്കോപ്പൽ സ്ഥാനത്ത് അവ രോധിച്ച സംഭവം പ്രാധാന്യമർഹിക്കുന്നതാണ്. ഒന്നാമത്, പകലോമറ്റം കുടുംബത്തിൽ നിന്നു മാത്രം മലങ്കരസഭാദ്ധ്യക്ഷന്മാരെ തിരഞ്ഞെടുത്തു വന്ന പതിവിന് അതുമൂലം അവസാനം വന്നു. രണ്ടാമത്, അഞ്ഞൂർ സഭ യുടെ പട്ടത്വം ന്യൂനതയുള്ളതെന്ന വാദത്തിന്മേൽ മാർ ദീവന്നാസ്യോസ് രണ്ടാമന്റെ സ്ഥാനസാധുതയെ കോനാട്ടു മല്പാന്റെ നേതൃത്വത്തിൽ സഭയിൽ ഒരു കക്ഷി വിമർശിച്ചു. ഈ ചുറ്റുപാടിൽ സമുദായത്തിൽ ഭിന്ന തയുണ്ടാകാതിരിപ്പാൻ, മാർ ദിവന്നാസ്യോസിനെ സഭയാകമാനം സ്വീക രിച്ചുകൊള്ളണമെന്ന് അനുശാസിക്കുന്ന രാജകീയ വിളംബരം പ്രസി ദ്ധീകരിപ്പിക്കുവാൻ മൺട്രോയ്ക്കു സാധിച്ചു.

മാർ ദീവന്നാസ്യോസ് രണ്ടാമന്റെ സ്ഥാനാരോഹണം മൂലം മലങ്കര സഭയ്ക്കു അഞ്ഞൂർ സഭയുമായി ബന്ധം സ്ഥാപിക്കുവാൻ ഇടയായി. ദിവന്നാസ്യോസ് രണ്ടാമൻ അധികനാൾ ജീവിച്ചില്ല. അദ്ദേഹത്തിന്റെ പിൻഗാമിയെ 1818-ൽ മാർ പീലക്സിനോസ് (അഞ്ഞൂർ) തന്നെ മാർ ദിവന്നാസ്യോസ് മൂന്നാമനായും പിന്നീട് 1825-ൽ അടുത്ത പിൻഗാമിയെ മാർ ദിവന്നാസ്യോസ് നാലാമനായും വാഴിച്ചു.

### 3. സി.എം.എസ്. സഹകരണവും പരിണിതഫലങ്ങളും

1816-നും 1818-നും ഇടയിൽ മലങ്കരസഭയോടു സഹകരിച്ചു പ്രവർത്തി ക്കുവാനുള്ള ഉദ്ദേശ്യത്തോടെ തോമസ് നോർട്ടൻ, ബഞ്ചമിൻ ബെയ്ലി, ഹെൻട്രി ബേക്കർ, ജോസഫ് ഫെൻ എന്നീ നാലു മിഷനറിമാർ കേരള ത്തിൽ വന്നു. കർണൽ മൺട്രോയുടെ നിർദ്ദേശാനുസരണം ചർച്ച് മിഷ നറി സൊസൈറ്റി അയച്ച ഈ നാലു മിഷനറിമാരിൽ നോർട്ടൺ ആല പ്പുഴ കേന്ദ്രമാക്കി തന്റെ വേല നിർവ്വഹിച്ചു. മറ്റു മൂന്നുപേരും കോട്ട യത്തും താമസമുറപ്പിച്ചു. ഫെൻ സെമിനാരിയിലെ സേവനത്തിലും, ബെയ്ലി വേദപുസ്തക പരിഭാഷയിലും, ബേക്കർ സ്കൂളുകൾ സ്ഥാപി ക്കുന്നതിലും വ്യാപൃതരായി. ബെയ്ലി കോട്ടയത്ത് ഒരു അച്ചുകൂടം ആരംഭിച്ച്, അവിടെ വേദപുസ്തകം, ആംഗ്ലേയ സഭയുടെ പ്രാർത്ഥനാ പുസ്തകം ആദിയായവയുടെ മലയാള വിവർത്തനം മുദ്രണം ചെയ്തു.

അതിനു പുറമേ, ബെയ്‌ലി മലയാള ഭാഷ നന്നായി പഠിച്ച്, അതിന്റെ രണ്ടു ഡിക്ഷ്ണറികൾ രചിച്ചു പ്രസിദ്ധീകരിച്ചു. ബെയ്‌ലി മലയാള ഭാഷയ്ക്കു ഈടുറ്റ സംഭാവനകൾ നൽകി. ബേക്കർ പല സ്ഥലങ്ങളിലും സ്കൂളുകൾ സ്ഥാപിച്ചു വിദ്യാഭ്യാസരംഗത്തും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

ഈ സഹകരണത്തെപ്പറ്റി മിഷനറിമാരുടെ ഭാഗത്തു നിന്നും സഭയുടെ വശത്തു നിന്നും ആദിമുതലെ ആശങ്കകൾ ഉണ്ടായിരുന്നു. മലങ്കരസഭയിലന്നു നിലവിലിരുന്ന ആരാധനയിലും മറ്റും അവർക്കു കൂടി ചേർന്നു പോകാവുന്ന വിധത്തിലുള്ള വ്യതിയാനങ്ങൾ വരുത്തിക്കാണണമെന്നു മിഷനറിമാർ അഭിലഷിച്ചു. അവർക്ക് ഔദ്യോഗിക സ്വാഗതം നൽകുവാൻ 1818-ൽ മാർ ദീവന്നാസ്യോസ് മൂന്നാമന്റെ അദ്ധ്യക്ഷതയിൽ മാവേലിക്കര വച്ചു കൂടിയ സഭായോഗത്തിൽ ജോസഫ് ഫെൻ അതു പ്രകടിപ്പിക്കുകയും, അതു നിർവ്വഹിക്കുന്നതിലേയ്ക്ക് ഒരു കമ്മിറ്റിയെ യോഗം തിരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ സഭ അത് കാര്യമായി എടുത്തില്ല. മാർ ദീവന്നാസ്യോസ് മൂന്നാമൻ 1825-ൽ നിര്യാതനാകുന്നതുവരെ മിഷനറിമാരുമായി സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്തു.

1825-ൽ മാർ ദീവന്നാസ്യോസ് നാലാമൻ (ചേപ്പാട്ടു മാർ ദിവന്നാസ്യോസ്) അവരോധിതനായ ശേഷം 1829-ൽ അഞ്ഞൂർ മാർ പീലക്സീനോസ് നിര്യാതനാകുന്നതുവരെ അവരിരുവരും ചേർന്നു മിഷനറിമാരുമായി സഹകരിച്ച് സേവനമനുഷ്ഠിച്ചു. എന്നാൽ 1825-ൽ മാർ അത്താനാസ്യോസ് സിറിയായിൽ നിന്നും വന്നു. സഭയിലൊരു കക്ഷിയുടെ പിൻബലത്തോടുകൂടി സെമിനാരി സ്വാധീനത്തിലാക്കി. നാട്ടുമെത്രാന്മാരിരുവർക്കും മേല്പട്ടസ്ഥാനം നൽകുവാൻ അദ്ദേഹം ഒരു ശ്രമം നടത്തി. അന്ത്യോക്യൻ സുറിയാനി പാത്രിയർക്കീസിന്റെ അധികാരം മലങ്കരസഭ മേലുറപ്പിക്കാൻ ചെയ്ത ഈ യത്നം വിജയിച്ചില്ല. മാർ ദീവന്നാസ്യോസിന്റെ സമ്മതത്തോടെ ഗവൺമെന്റ് അത്താനാസ്യോസിനെ നാടുകടത്തി. 1823-ൽ ആഞ്ഞൂർ മാർ പീലക്സിനോസ് രണ്ടാമന്റെ പിൻഗാമിയായി മാർ കൂറിലോസ് മൂന്നാമനെ മാർ ദീവന്നാസ്യോസ് നാലാമൻ മെത്രാനായി വാഴിക്കുകയും ചെയ്തു.

അതിനുശേഷം ഒരു വ്യത്യാസമുണ്ടായി. മിഷനറി സഹകരണത്തെ എതിർത്ത കക്ഷി ബലപ്പെടുകയും മാർ ദിവന്നാസ്യോസ് നാലാമൻ അവരെ അനുകൂലിക്കുകയും ചെയ്തു. അപ്പോഴേയ്ക്കും കേരളത്തിലെത്തിയിരുന്ന പുതിയ മിഷനറിമാർ സഭാ നവീകരണം നടപ്പിൽ വരുത്തുന്നതിൽ അഭൂതപൂർവ്വമായ തീക്ഷ്ണത പ്രകടിപ്പിച്ചു. തന്മൂലം രംഗം കൂടുതൽ വഷളായി. ഈയവസരത്തിൽ പ്രശ്നപരിഹാരമുദ്ദേശിച്ച്, അന്ന്

ഇൻഡ്യയിലെ ആംഗ്ലേയ ബിഷപ്പായിരുന്ന ദാനിയേൽ വിൽസൻ (ഈ ബിഷപ്പിനെപ്പറ്റി കൂടുതൽ വിവരങ്ങൾ താഴെ പാഠം 6-ൽ കാണുക) ആറു നിർദ്ദേശങ്ങൾ മെത്രാപ്പോലീത്തായുടെ പരിചിന്തനത്തിനായി നൽകി. അദ്ദേഹം അവ 1836-ൽ അതിലേയ്ക്കായി വിളിച്ചുകൂട്ടിയ മാവേലിക്കര യോഗത്തിൽ ആലോചനാ വിഷയമാക്കി. ആ സഭായോഗം അവയെ നിരാകരിച്ചുകൊണ്ടു തീരുമാനം ചെയ്തു. അതിനെയാണ് 'മാവേലിക്കര പടിയോല' എന്നു പറയുന്നത്. മിഷനറി സഹകരണം അതോടെ അവസാനിച്ചു.

മാവേലിക്കര പടിയോലയുടെ ഫലമായി മൂന്നു സംഭവങ്ങൾ നടന്നു. ഒന്ന്, മിഷനറിമാർ വന്നു തുടങ്ങിയശേഷം സഭയ്ക്കു ലഭിച്ച സ്വത്തുക്കളെല്ലാം 1840-ലുണ്ടായ കൊച്ചി മദ്ധ്യസ്ഥ കോടതി മിഷനറിമാർക്കു കൊടുത്തുകൊണ്ടുള്ള വിധി നൽകി. രണ്ട്, സഭയിലെ ഒരു ചെറിയ വിഭാഗം ആംഗ്ലേയ സഭയുമായി ചേർന്നു. മൂന്ന്, സഭയെ ആകമാനം നവീകരിക്കുവാനുള്ള പരിപാടിയുമായി ഒരു ജനവിഭാഗം മുന്നോട്ടു വന്നു. ഈ മൂന്നാമത്തെ സംഭവം 19-ാം നൂറ്റാണ്ടിൽ അര നൂറ്റാണ്ടു കാലത്തോളം നീണ്ടുനിന്ന അന്തഃച്ഛിദ്രം സഭയിലുളവാക്കി.

### 4. സഭയ്ക്കുള്ളിലെ സംഘട്ടനങ്ങൾ

മിഷനറിമാരുമായി ചേർന്ന് സെമിനാരിയിൽ പഠിപ്പിച്ചുവന്ന മാരാമണ്ണുകാരൻ പാലക്കുന്നത്ത് അബ്രഹാം മല്പാന്റെ നേതൃത്വത്തിൽ രൂപമെടുത്ത സഭാനവീകരണപ്രസ്ഥാനം 1843 മുതൽ മൂന്നു ദശകങ്ങളോളം വളരെ ശക്തിപ്പെട്ടു. മല്പാന്റെ സഹോദരപുത്രൻ മാത്യൂസ് ശെമ്മാശ്ശൻ അന്ത്യോക്യൻ സുറിയാനി പാത്രിയർക്കീസിനാൽ മേല്പട്ടസ്ഥാനത്തവരോധിതനായി 1843-ൽ കേരളത്തിൽ മടങ്ങിയെത്തി. മാർ ദിവന്നാസ്യോസ് നാലാമനെ നേതൃത്വത്തിൽ നിന്നും നീക്കി തൽസ്ഥാനത്ത് സഭയുടെ ആകമാനം അദ്ധ്യക്ഷപദം പ്രാപിക്കുകയായിരുന്നു പുതിയ മെത്രാൻ മാത്യൂസ് മാർ അത്താനാസ്യോസിന്റെ ലക്ഷ്യം. എന്നാൽ അതു നടക്കാതെ വന്നതുമൂലം സഭ രണ്ടായി പിളർന്നു. ഒരു വിഭാഗം മാത്യൂസ് അത്താനാസ്യോസിനേയും, മറ്റേ വിഭാഗം ദിവന്നാസ്യോസ് നാലാമനെയും നേതാക്കളായി സ്വീകരിച്ചു മുന്നേറി. ഈ രണ്ടു മേല്പട്ടക്കാരും മാത്യൂസ് അത്താനാസ്യോസിന് സ്ഥാനം നൽകിയ മാർ ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസിനോട് പരാതിപ്പെടുകയും പാത്രിയർക്കീസ് ഒരു സിറിയൻ മെത്രാനായ യൂയാക്കീം മാർ കൂറിലോസിനെ 1846-ൽ കേരളത്തിലേയ്ക്ക് അയയ്ക്കുകയും ചെയ്തു.

കർണൽ മൺട്രോയുടെ സഹായത്താൽ മാർ ദിവന്നാസ്യോസ് രണ്ടാമന് രാജകീയ വിളംബരം ലഭിച്ച വസ്തുത മുകളിൽ സൂചിപ്പിച്ചിരുന്നു

വല്ലോ (മുകളിൽ പാഠം 2 കാണുക). അത് മാർ ദിവന്നാസ്യോസ് മൂന്നാമനും നാലാമനും നൽകപ്പെട്ടിരുന്നു. ആ അധികാരപത്രം മാർ ദിവന്നാസ്യോസിൽ നിന്നും പിൻവലിച്ച് തനിക്ക് പ്രാപിക്കണമെന്നുള്ളതായിരുന്നു മാർ അത്താനാസ്യോസിന്റെ അഭിലാഷം. അതിനുള്ള സാദ്ധ്യത മാർ ദിവന്നാസ്യോസ് നാലാമൻ തന്നെ ഉണ്ടാക്കിക്കൊടുത്തു എന്നതാണ് ഖേദകരമായ വസ്തുത. റസിഡന്റിന്റെ പിൻതുണ നിർലോഭം പ്രതീക്ഷിക്കാമായിരുന്ന മാർ അത്താനാസ്യോസിനോട് മല്ലിടുവാൻ കെൽപ്പു പോരെന്നു തോന്നിയ മാർ ദിവന്നാസ്യോസ്, തന്റെ സ്ഥാനം സിറിയാക്കാരൻ മാർ കൂറിലോസിന് ഒഴിഞ്ഞു കൊടുക്കുന്നതായി നിർദ്ദേശിക്കുന്ന കത്ത് സമർപ്പിച്ചശേഷം ആയോധനത്തിൽ നിന്നും പിന്മാറി. മാർ ദിവന്നാസ്യോസിന്റെ കത്ത് പരിശോധിക്കുവാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചു. ആ കമ്മിറ്റി കൊല്ലത്തു കൂടി 1848-ൽ അതിന്റെ തീരുമാനം സർക്കാരിനെ അറിയിച്ചു. മാർ ദിവന്നാസ്യോസിന്റെ രാജി അംഗീകരിക്കുകയും മാർ കൂറിലോസിന്റെ നാമനിർദ്ദേശം നിരാകരിക്കുകയും ചെയ്യുന്ന ആ തീരുമാനം മാർ അത്താനാസ്യോസിനെ മലങ്കരമെത്രാപ്പോലീത്താ സ്ഥാനത്ത് സ്ഥിരപ്പെടുത്തണമെന്ന് ശുപാർശ ചെയ്യുന്നതായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ മാർ അത്താനാസ്യോസിന് 1852-ൽ രാജകീയ വിളംബരം ലഭിച്ചു.

മാത്യൂസ് അത്താനാസ്യോസിന് നവീകരണത്തെ അനുകൂലിക്കാതെയിരുന്നവരിൽ നിന്നും സുശക്തമായ എതിർപ്പ് നേരിടേണ്ടി വന്നു. എന്നാൽ 1852 മുതൽ 1863 വരെയുള്ള കാലത്ത് അത് കാര്യമായി ശോഭിച്ചില്ല. ഈ കാലഘട്ടത്തിൽ 1855-ൽ മാർ ദീവന്നാസ്യോസ് നാലാമൻ, മാർ അത്താനാസ്യോസിൽ നിന്നും അന്ത്യകൂദാശകൾ സ്വീകരിച്ചശേഷം നിര്യാതനായി. മാർ കൂറിലോസ് അശക്തനായി കഴിയുകയും ചെയ്തു. എന്നാൽ 1863-ൽ നവീകരണം സ്വീകരിക്കാത്തവർക്ക് സ്വന്തമായി പള്ളികൾ നിർമ്മിച്ചു സ്വയം സംഘടിക്കുവാനുള്ള സർക്കാർ അനുവാദം ലഭ്യമായി. അതോടുകൂടി പല പുതിയ പള്ളികളും ഉണ്ടാകുകയും അവയുടെ ചുമതല മാർ കൂറിലോസ് വഹിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് പഴയ പള്ളികൾ മാർ അത്താനാസ്യോസിൽ നിന്നും വിടർത്തി കിട്ടുവാൻ പല കോടതി വ്യവഹാരങ്ങളും മാർ കൂറിലോസ് വാദിയായി ആരംഭിച്ചു. ഈ സംരംഭങ്ങളിൽ മെത്രാപ്പോലീത്തായെ സഹായിപ്പാൻ മുന്നോട്ടു വന്നത് പുലിക്കോട്ടിൽ ജോസഫ് കത്തനാരായിരുന്നു. ഇദ്ദേഹത്തെ പഴയ സെമിനാരി സ്ഥാപകനിൽ നിന്നും വേർപെടുത്തി മനസ്സിലാക്കണം.

### ചോദ്യങ്ങൾ

1. കർണൽ മക്കോളിയുടെ കാലത്ത് മലങ്കര സുറിയാനി സഭയ്ക്ക് പ്രയോജനകരമായി എന്തെല്ലാം സംഭവിച്ചു?

2. കർണൽ മൺട്രോ മലങ്കര സുറിയാനി സഭയ്ക്കുവേണ്ടി ചെയ്ത കാര്യങ്ങൾ ഏവ?

3. സി.എം.എസ്. സഹകരണം കൊണ്ട് മലങ്കര സുറിയാനി സഭയ്ക്കുണ്ടായ പ്രയോജനങ്ങൾ എന്തെല്ലാം? അതുകൊണ്ട് എന്തു ദോഷങ്ങൾ ഉണ്ടായി?

4. രാജകീയ വിളംബരം പ്രസിദ്ധീകരിക്കുന്ന പതിവ് എങ്ങനെ നിലവിൽ വന്നു? അതിന്റെ ഫലമെന്തായിരുന്നു?

5. മാർ ദിവന്നാസ്യോസ് നാലാമനെ എങ്ങനെ വിലയിരുത്താം?

**പാഠം 3**

# മുളന്തുരുത്തി സുന്നഹദോസ്

❑ പ്രാരംഭം ❑ സുന്നഹദോസിന്റെ പശ്ചാത്തലം ❑ സുന്നഹദോസിൽ നടന്ന സംഗതികൾ ❑ സുന്നഹദോസിനുശേഷം

## 1. പ്രാരംഭം

1876-ലെ മുളന്തുരുത്തി സുന്നഹദോസ് മലങ്കര സുറിയാനി സഭാചരിത്രത്തിലെ ഒരു സുപ്രധാന സംഭവമായിരുന്നു. അതുവരെ സമുദായത്തിനുള്ളിൽ നടന്നുവന്ന ഭിന്നതയായിരുന്നു ആ സഭാസമ്മേളനത്തിന് പ്രേരകമായിത്തീർന്നത്. ഭിന്നത അഭിമുഖീകരിക്കുവാൻ സുന്നഹദോസ് ചില നിലപാടുകൾ അവലംബിച്ചു. അവയൊന്നും സഭയിലെ പിളർപ്പിന് പരിഹാരം വരുത്തിയില്ല. നേരെമറിച്ച്, വിടവു വർദ്ധിപ്പിച്ച് സമുദായത്തെ രണ്ടായി ഖണ്ഡിക്കുവാനാണ് സുന്നഹദോസ് സഹായിച്ചത്. സുന്നഹദോസിനുശേഷം നടന്ന സമുദായ വ്യവഹാരം ഈ പരമാർത്ഥം പ്രകടമാക്കി.

## 2. സുന്നഹദോസിന്റെ പശ്ചാത്തലം

നാലു കാര്യങ്ങൾ ഇവിടെ എടുത്തു പറയേണ്ടതുണ്ട്. ഒന്ന്: അഞ്ഞൂർ പള്ളിക്കേസ്. യൂയാക്കീം മാർ കൂറിലോസും മാത്യൂസ് മാർ അത്താനാസ്യോസും തമ്മിൽ ആദ്യമായി നടന്ന കോടതി വ്യവഹാരം അഞ്ഞൂർ പള്ളിയെ സംബന്ധിച്ചുള്ളതായിരുന്നു. 1856-ൽ അഞ്ഞൂർ സഭയുടെ മാർ കൂറിലോസ് മൂന്നാമൻ മെത്രാപ്പോലീത്താ നിര്യാതനായതിനെ തുടർന്ന് ആ സഭയെ സ്വാധീനിക്കുവാൻ രണ്ടുപേരും ശ്രമിച്ചു. എന്നാൽ മാർ

അത്താനാസ്യോസ് അവിടെ വിജയിച്ചു. അദ്ദേഹം അഞ്ഞൂർ സഭയ്ക്ക് ഒരു മെത്രാപ്പോലീത്തായെ വാഴിച്ചു കൊടുത്തു. അതിന്റെ ഫലമായി നിലവിൽ വന്ന കോടതി വ്യവഹാരത്തിലും മാർ അത്താനാസ്യോസ് വിജയം നേടി.

ഈ വ്യവഹാര നടത്തിപ്പിലേയ്ക്ക് യൂയാക്കീം മാർ കൂറിലോസിനെ സഹായിപ്പാൻ എത്തിയ ദേഹമായിരുന്നു പുലിക്കോട്ടിൽ ജോസഫ് കത്തനാർ. 1832-ൽ ഭൂജാതം ചെയ്ത ഈ ജോസഫ് 1852-ൽ മാർ കൂറിലോസിനാൽ വൈദികസ്ഥാനത്ത് അവരോധിതനായി. അതിനുശേഷമായിരുന്നു അദ്ദേഹം അഞ്ഞൂർ കേസുമായി ബന്ധപ്പെട്ടത്.

രണ്ട്: ഇംഗ്ലണ്ടിൽ ഈസ്റ്റ് ഇൻഡ്യാ കമ്പനി ഡയറക്ടർമാരെടുത്ത തീരുമാനം. സുറിയാനി സഭാകാര്യങ്ങളിൽ റസിഡന്റ് പരിപൂർണ്ണ നിഷ്പക്ഷത പാലിക്കണമെന്നനുശാസിക്കുന്ന ആ തീരുമാനം 1857-ൽ റസിഡന്റിന് ലഭിച്ചു. ഈ വസ്തുത അറിഞ്ഞശേഷം മാർ അത്താനാസ്യോസിനെതിരായി യൂയാക്കീം മാർ കൂറിലോസ് ഒരു കക്ഷിയെ സംഘടിപ്പിക്കുവാൻ വേണ്ടി നടപടികൾ സ്വീകരിച്ചു. പിന്നീട് 1863-ൽ ആ കക്ഷിക്കു പള്ളികൾ സ്വതന്ത്രമായി നിർമ്മിക്കുവാനുള്ള അനുവാദം ലഭിച്ചതോടെ, (കഴിഞ്ഞ പാഠം കാണുക) ആ സംരംഭത്തിലും അദ്ദേഹം ഏർപ്പെട്ടു. ഇതിനെത്തുടർന്ന് പഴയപള്ളികൾ വിടർത്തിക്കിട്ടുവാൻ വേണ്ടി മാർ കൂറിലോസ് വാദിയായി ഒരു സിവിൾകേസ് കൊടുക്കുകയും ചെയ്തു.

ഈ കേസ് നടത്തിയതും ജോസഫ് കത്തനാർ തന്നെയായിരുന്നു. ഇതിനകം മാർ കൂറിലോസിനും കൂടെയുള്ളവർക്കും രണ്ടു കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. ഒന്ന്, രാജകീയ വിളംബരം പ്രാബല്യത്തിലുള്ളിടത്തോളം കാലം മാർ അത്താനാസ്യോസിനെ കീഴ്പ്പെടുത്തുക സാദ്ധ്യമല്ല. രണ്ട്, നവീകരണത്തെ അനുകൂലിക്കാത്ത കക്ഷിക്കു നാട്ടുകാരനായ മേൽപ്പട്ടക്കാരന്റെ നേതൃത്വം അത്യന്താപേക്ഷിതമാണ്.

മൂന്ന്: ജോസഫ് കത്തനാരുടെ മെത്രാൻ സ്ഥാനാരോഹണം. നാട്ടുകാരനായ മേൽപ്പട്ടക്കാരന്റെ ആവശ്യകത ബോദ്ധ്യമായ കൂറിലോസിന്റെ കക്ഷി ജോസഫ് കത്തനാരെ അന്ത്യോക്യൻ സുറിയാനി സഭാദ്ധ്യക്ഷന്റെ അടുക്കലേക്കയച്ചു. ജോസഫ് മാർ ദീവന്നാസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്താ സ്ഥാനം പ്രാപിച്ച് അദ്ദേഹം 1865-ൽ കേരളത്തിൽ മടങ്ങിയെത്തി. യൂയാക്കീം മാർ കൂറിലോസിനോടു ചേർന്ന് മാർ ദീവന്നാസ്യോസ് അഞ്ചാമൻ അത്താനാസ്യോസുമായുള്ള ആയോധനത്തിൽ പ്രവേശിച്ചു.

രാജകീയ വിളംബരം അസ്ഥിരപ്പെടുത്തുവാനുള്ള മാർ ദിവന്നാസ്യോസിന്റെ യത്നം സഫലമായില്ല. കോടതിവഴി പ്രശ്നപരിഹാരം നേടുവാനുള്ള ശ്രമവും വിജയിച്ചില്ല. രാജകീയ വിളംബര സ്വാധീനമായുള്ള മെത്രാ

പ്പോലീത്തായെ ബാധിക്കുന്ന പരാതി സ്വീകരിക്കുവാൻ കോടതികൾ വിസമ്മതിച്ചു. 1874-ൽ യൂയാക്കീം മാർ കൂറിലോസ് ചരമഗതി പ്രാപിക്കുകയും ചെയ്തു.

നാല്: പാത്രിയർക്കീസിനെ ഇൻഡ്യയിലേയ്ക്കു ക്ഷണിക്കുന്നു. മാർ ദിവന്നാസ്യോസ് അഞ്ചാമൻ എല്ലാ വിധത്തിലും നൈരാശ്യത്തിലാണ്ടിരുന്ന അവസരമായിരുന്നു അത്. സഭയിലെ വിഷമസന്ധി തരണം ചെയ്യുവാൻ അദ്ദേഹം കണ്ട ഏക മാർഗ്ഗം പാത്രിയർക്കീസ് തന്നെ ഇൻഡ്യയിൽ വന്ന് പ്രശ്നം നീക്കിത്തരുവാൻ അഭ്യർത്ഥിക്കുക മാത്രമായിരുന്നു. മലങ്കരസഭയുടെ ആലോചന കൂടാതെ പാത്രിയർക്കീസ്, മാർ അത്താനാസ്യോസിനെ വാഴിച്ചതു മൂലമുണ്ടായ പ്രതിസന്ധി പാത്രിയർക്കീസ് തന്നെ വന്ന് തീർക്കട്ടെ എന്നായിരുന്നിരിക്കാം മാർ ദീവന്നാസ്യോസിന്റെ ചിന്ത. അതെങ്ങനെയായിരുന്നാലും, മാർ ദീവന്നാസ്യോസ് അഞ്ചാമൻ അന്നത്തെ പാത്രിയർക്കീസിനെ ഇൻഡ്യയിലേയ്ക്കു ക്ഷണിച്ചു; യാത്രയ്ക്കാവശ്യമായ പണവും അയച്ചുകൊടുത്തു.

അന്ന് അന്ത്യോക്യൻ പാത്രിയർക്കീസ് മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ ആയിരുന്നു (മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ 1865-ൽ മാർ ദിവന്നാസ്യോസ് അഞ്ചാമനെ വാഴിച്ച മാർ യാക്കോബ് ദ്വിതീയന്റെ പിൻഗാമിയും മാർ യാക്കോബ് ദ്വിതീയൻ 1842-ൽ മാത്യൂസ് മാർ അത്താനാസ്യോസിനു സ്ഥാനം നൽകിയ മാർ ഏലിയാസ് ദ്വിതീയന്റെ അനന്തരഗാമിയും ആയിരുന്നു). അന്നത്തെ തുർക്കി രാജ്യത്തിലെ പൗരനായിരുന്ന അദ്ദേഹം ആ സാമ്രാജ്യത്തിന്റെ തലസ്ഥാന നഗരമായ ഇസ്റ്റാംബൂളിൽ (കുസ്തന്തീനോപ്പോലീസ്) ചെന്ന് അവിടെ നിന്ന് ലഭിക്കാമായിരുന്ന അധികാരപത്രങ്ങളുമായി ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ തലസ്ഥാനമായ ലണ്ടൻ വഴി, 1875-ൽ ഇൻഡ്യയിൽ എത്തി. ലണ്ടനിൽ നിന്നും ലഭിച്ച സാക്ഷ്യപത്രത്തിന്റെ വെളിച്ചത്തിലായിരിക്കാം മാർ അത്താനാസ്യോസിന്റെ രാജകീയ വിളംബരം താമസംവിനാ പിൻവലിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. അത് ജനതാമദ്ധ്യത്തിലന്നു പാത്രിയർക്കീസിന് അത്യധികം ബഹുമാനം ഉളവാക്കുവാൻ പ്രേരകമായി. ഈവിധം വിജയം വരിച്ച പാത്രിയർക്കീസ് 1876 ജൂൺ മാസത്തിൽ മലങ്കരസഭയുടെ ഒരു പ്രതിനിധി സമ്മേളനം മുളന്തുരുത്തി പള്ളിയിൽ വിളിച്ചുകൂട്ടി. ഇതിനെയാണ് മുളന്തുരുത്തി സുന്നഹദോസ് എന്നു പറഞ്ഞു വരുന്നത്.

### 3. സുന്നഹദോസിൽ നടന്ന സംഗതികൾ

മുളന്തുരുത്തി സുന്നഹദോസിൽ പ്രധാനമായി രണ്ടു സംഗതികളാണ് നടന്നത്. ഒന്ന്, മലങ്കരസഭയെ സംബന്ധിച്ചിടത്തോളം അന്നത്തെ

ആവശ്യം, നവീകരണ വിഭാഗത്തെ കോടതി വ്യവഹാരത്തിൽ തോൽപ്പിച്ച് അവരുടെ അധീനതയിൽ നിന്നും സഭാസ്വത്തുക്കളും പള്ളികളും വിടുവിച്ചെടുക്കുകയായിരുന്നു. അതു സാധിക്കുവാൻ മെത്രാപ്പോലീത്തായെ സഹായിക്കുന്നതിലേയ്ക്ക് മലങ്കര അസ്സോസിയേഷനെയും അതിന്റെ കമ്മിറ്റിയെയും സുന്നഹദോസ് നിയമിച്ചു. രണ്ട്, പാത്രിയർക്കീസിന്റെ ഭാഗത്തു നിന്നും വേണ്ടിയിരുന്നത് മലങ്കര അദ്ദേഹത്തിന്റെ അധീശത്വം സ്വീകരിക്കുകയും 'യാക്കോബായ' വിശ്വാസം പുലർത്തുകയും ചെയ്യണമെന്നുള്ളതായിരുന്നു. ഈ രണ്ടു സംഗതികളും സമ്മതിക്കുന്ന ഉടമ്പടി ഓരോ ഇടവകപ്പള്ളിയും എഴുതി രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുകയും അതിന്റെ കോപ്പി പാത്രിയർക്കീസിനെ ഏൽപ്പിക്കുകയും ചെയ്യണമെന്ന് സുന്നഹദോസ് നിശ്ചയിച്ചു. ഇതിനും പുറമേ സഭാംഗങ്ങളായ എല്ലാ പുരുഷന്മാരിൽ നിന്നും ഒരു നിശ്ചിത സംഖ്യ വർഷംതോറും പിരിച്ച് പാത്രിയർക്കീസിന് കൊടുക്കേണ്ടതാണെന്നും സുന്നഹദോസ് തീരുമാനിച്ചു. മലങ്കരസഭ പുരാതനകാലം മുതൽ അന്ത്യോക്യൻ പാത്രിയർക്കീസിന്റെ അധീശത്വം അംഗീകരിച്ചു വന്നു എന്ന നിലപാടായിരുന്നു സുന്നഹദോസ് അവലംബിച്ചത്. ഇതു ചരിത്രപരമായി നിലനിൽക്കാവുന്നതാണോ എന്ന ചോദ്യം സുന്നഹദോസ് ഉന്നയിച്ചില്ല.

## 4. സുന്നഹദോസിനു ശേഷം

മുളന്തുരുത്തി സമ്മേളനാനന്തരം ഏകദേശം ഒമ്പത് മാസത്തോളം മാർ പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് കേരളത്തിൽ താമസിച്ചു. അതിൽ ആദ്യത്തെ ഏതാനും ആഴ്ചകൾ സുന്നഹദോസ് നിശ്ചയങ്ങൾ പ്രാവർത്തികമാക്കിക്കാണുവാൻ അദ്ദേഹം കാത്തിരുന്നു. എന്നാൽ അതൊന്നും നടന്നില്ല. അത് മാർ ദിവന്നാസ്യോസ് അഞ്ചാമന്റെ അനാസ്ഥകൊണ്ടാണെന്ന് അദ്ദേഹം ഊഹിച്ചു. അതുകൊണ്ട് മലങ്കരസഭാകാര്യം മലങ്കരയിലുള്ളവർ നോക്കട്ടെ എന്ന ഭാവത്തിൽ പാത്രിയർക്കീസിന്റെ അധികാരം ഉറപ്പിക്കുന്നതിനാവശ്യമായി തോന്നിയ നടപടികൾ അദ്ദേഹം സ്വയമേവ നിർമ്മിക്കുവാൻ ഉദ്യമിച്ചു. മലങ്കരസഭയെ സ്വന്തനിലയിൽ ഏഴു ഭദ്രാസനങ്ങളായി അദ്ദേഹം തിരിച്ചു. മാർ ദിവന്നാസ്യോസ് അഞ്ചാമനും പുറമെ ആറു മേൽപ്പട്ടക്കാരെ സ്വയമായി വാഴിച്ച് അവരെയും മാർ ദിവന്നാസ്യോസിനെയും ഓരോന്നിലും അധിപന്മാരായി നിയമിച്ചു. മെത്രാൻസ്ഥാനം നൽകുന്നതിനു മുമ്പ് അവരിൽ ഓരോരുത്തരിൽ നിന്നും, പാത്രിയർക്കീസിന് അവരുടെമേൽ സർവ്വാധികാരം ഉണ്ടെന്ന് സമ്മതിക്കുന്ന ഉടമ്പടികൾ അദ്ദേഹം വാങ്ങി. സഭയിലെ പള്ളികളും അവയുടെ സ്വത്തുക്കളും എല്ലാം പാത്രിയർക്കീസിന്റെ അധീശത്വത്തിൻ കീഴിലുള്ളതെന്നു വ്യക്തമാക്കുന്നവയായിരുന്നു ആ ഉടമ്പടികൾ. പള്ളികളിൽ നിന്ന് നേരിട്ടും ഈ തരം ഉടമ്പടികൾ എഴുതി വാങ്ങുവാൻ പാത്രിയർക്കീസ് ശ്രമിച്ചു.

സമുദായക്കേസ് 1889-ലെ രാജകീയ കോടതിവിധി വരെ നീണ്ടുനിന്നു. ആ വിധി മാർ ദീവന്നാസ്യോസിനനുകൂലവും നവീകരണ കക്ഷിക്കു പ്രതികൂലവുമായിരുന്നു. എന്നാൽ പാത്രിയർക്കീസിന് അത് ഇഷ്ടമായില്ല. അദ്ദേഹം ശക്തിയായ ഭാഷയിൽ എഴുതിയ ഒരു പ്രതിഷേധക്കുറിപ്പ് മലങ്കരയിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. അതിനു കാരണം, പാത്രിയർക്കീസിനു മലങ്കരസഭ മേൽ ആത്മീയ മേൽനോട്ടത്തിനുള്ള അവകാശമല്ലാതെ, ലൗകികഅധികാരം ഇല്ലെന്നു വിധിയിൽ പ്രസ്താവിച്ചിരുന്നതായിരുന്നു. പത്രോസ് മൂന്നാമൻ മെത്രാൻ സ്ഥാനാർത്ഥികളിൽ നിന്നും ചില പള്ളികളിൽ നിന്നും നേടിയതും പാത്രിയർക്കീസിന് മലങ്കരസഭമേൽ ആത്മീയവും ലൗകികവുമായ സർവ്വ അധികാരവുമുണ്ടെന്ന് പ്രസ്താവിക്കുന്നതുമായ ഉടമ്പടികൾ ഉൾക്കൊള്ളുന്ന നിലപാടിനെ 1889-ലെ രാജകീയ കോടതിവിധി നിഷേധിച്ചു.

ഈ വിധിയെ തുടർന്ന് മലങ്കരസഭ രണ്ടായി പിരിഞ്ഞു. നവീകരണം അംഗീകരിച്ച വിഭാഗം 'മാർതോമ്മാ സുറിയാനി സഭ' എന്നും മാർ ദിവന്നാസ്യോസ് അഞ്ചാമന്റെ നേതൃത്വം സ്വീകരിച്ച വിഭാഗം 'യാക്കോബായ സുറിയാനി സഭ' എന്നും പേരുകൾ സ്വീകരിച്ചു.

### ചോദ്യങ്ങൾ

1. മാർ യൂയാക്കീം കൂറിലോസിനെപ്പറ്റി നമുക്കറിയാവുന്ന പ്രധാന വിവരങ്ങൾ ഏവ?

2. മാർ ദിവന്നാസ്യോസ് അഞ്ചാമൻ, മാർ ഇഗ്നാത്തിയോസ് പത്രോസ് മൂന്നാമനെ മലങ്കരയിലേയ്ക്കു ക്ഷണിച്ച സാഹചര്യം എന്ത്?

3. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് മലങ്കരസഭയിൽ നിന്നും എന്താണ് പ്രതീക്ഷിച്ചത്? അതിലെത്രത്തോളം സമ്മതിച്ചുകൊടുക്കുവാൻ മലങ്കരസഭ അന്ന് തയ്യാറായിരുന്നു?

4. 'യാക്കോബായ', 'മാർത്തോമ്മാ' സഭകൾ തമ്മിൽ പിരിയുവാൻ ഇടയായ സാഹചര്യം എന്തായിരുന്നു?

പാഠം 4

# കേരളത്തിലെ റോമൻ കത്തോലിക്കാ സഭ

❑ പ്രാരംഭം ❑ സീറോമലബാർ സഭ ❑ പൗരസ്ത്യ സഭാബന്ധത്തിനു വേണ്ടിയുള്ള നീക്കങ്ങൾ ❑ പുനഃസംഘടനയിലേയ്ക്കുള്ള പുരോഗമനം

## 1. പ്രാരംഭം

19-ാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങൾ കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിൽ ഒരിടത്തും തന്നെ ക്രൈസ്തവ സഭയുടെ പുരോഗമന കാലമായിരുന്നില്ല. കേരളത്തിൽ സീറോ-മലബാർ സമൂഹം പദ്രോവാദോ ബന്ധത്തിൽ കൊടുങ്ങല്ലൂരിനും, പ്രോപ്പഗാൻഡാ ബന്ധത്തിൽ വരാപ്പുഴയ്ക്കും വിധേയമായിക്കഴിഞ്ഞു വന്നു. ആ സമൂഹത്തിൽ ഒരു വലിയ പങ്കും സ്വകീയതയ്ക്കുവേണ്ടിയുള്ള ആയോധനത്തിൽ ഏർപ്പെട്ടിരുന്നു.

1838-ൽ പദ്രോവാദോയെ സാരമായി ബാധിക്കുന്ന ഒരു നടപടി അന്നത്തെ പാപ്പാ ഗ്രിഗറി XVI സ്വീകരിച്ചു. 1857-ൽ അതിനെ ലാഘവപ്പെടുത്തുന്ന നിശ്ചയം റോം അംഗീകരിച്ചുവെങ്കിലും അതിനുശേഷം പ്രോപ്പഗാൻഡാ ബന്ധത്തിലുള്ള സമൂഹമാണ് ഇൻഡ്യയിൽ ശക്തി പ്രാപിച്ചത്. അതുമൂലം കേരളത്തിൽ കൊടുങ്ങല്ലൂരും കൊച്ചിയും ബലക്ഷയം പ്രാപിക്കുകയും വരാപ്പുഴ ഉയരുകയും ചെയ്തു. മാത്രവുമല്ല, 19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലുണ്ടായ പുനഃസംവിധാനത്തിനു വഴിയൊരുക്കുകയും ചെയ്തു.

## 2. സീറോമലബാർ സഭ

19-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ സീറോമലബാർ സഭ ഐക്യം നഷ്ടപ്പെട്ട ഒരു സമൂഹമായിക്കഴിഞ്ഞിരുന്നു. സാധാരണജനങ്ങളിലൊരു വലിയ പങ്കിനും സീറോമലബാർ സമൂഹവും ലത്തീൻ സമൂഹവും തമ്മിലുള്ള വേർതിരിവ് വ്യക്തമായിരുന്നില്ല. അതുകൊണ്ട് ഇടവകതലത്തിൽ പല പ്രശ്നങ്ങളും സഭയനുഭവിക്കേണ്ടി വന്നു.

കൊടുങ്ങല്ലൂർ കേന്ദ്രമായ സഭയിൽ 1799-ൽ പാറേമ്മാക്കൽ ഗവർണർ നിര്യാതനായശേഷം ഒരു പിളർപ്പുണ്ടായി. ഒരു വിഭാഗം തച്ചിൽ മാത്തു തരകന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി കേന്ദ്രമാക്കി മാർ അബ്രഹാം (പോൾ പണ്ടാരി) മെത്രാനെ സ്വീകരിച്ചു (മുകളിൽ യൂണിറ്റ് 1, പാഠം 3 കാണുക). അന്ന് തരകൻ ഒരു വലിയ ധനാഢ്യനെന്നു മാത്രമല്ല, തിരുവിതാംകൂറിൽ ഒരു രാഷ്ട്രീയ പ്രാബല്യം ആർജിച്ച ദേഹവുമായിരുന്നു. (ഈ ബലത്തിലായിരുന്നു മാത്തുതരകന് മാർ ദിവന്നാസ്യോസ് ഒന്നാമനെ അടിമപ്പെടുത്തുവാൻ കഴിഞ്ഞത്. യൂണിറ്റ് 1, പാഠം 3 കാണുക).

എന്നാൽ ഈ ഔന്നത്യം അധികകാലം നിലനിർത്തിക്കൊണ്ടുപോകുവാൻ തരകനു കഴിഞ്ഞില്ല. എല്ലാ രംഗങ്ങളിലും ദയനീയമായ വീഴ്ച അയാൾക്കുണ്ടായി. ആ സാഹചര്യത്തിൽ തരകൻ വരാപ്പുഴയുമായി രമ്യപ്പെടുകയും, അവിടുത്തെ ബിഷപ്പുമായി സ്നേഹബന്ധത്തിൽ വർത്തിച്ചിരുന്ന ബ്രിട്ടീഷ് റസിഡന്റ് കർണൽ മക്കോളി വഴി രാഷ്ട്രീയാനുകൂല്യം വീണ്ടെടുക്കുവാൻ ശ്രമിക്കുകയും ചെയ്തു. എന്നാൽ അതുമൂലം ഉദ്ദേശിച്ച ഫലം സിദ്ധിക്കാതെ 1814-ൽ മാത്തുതരകൻ നിർധനനായി ചരമഗതി പ്രാപിച്ചു. തരകന്റെ വീഴ്ച സീറോ-മലബാർ സഭയുടെ ഐക്യലബ്ധിക്ക് ഒരളവിൽ സഹായകമായിത്തീർന്നു എന്നു പറയാം. കൊടുങ്ങല്ലൂർ സഭ 19-ാം നൂറ്റാണ്ടിൽ ഗവർണർമാരുടെ നേതൃത്വത്തിൽ പൊതുവെ പുരോഗമിച്ചു.

ഈ കാലങ്ങളിൽ വരാപ്പുഴ ശക്തി പ്രാപിച്ചു. അവിടെ പ്രശസ്തി ആർജ്ജിച്ച ബിഷപ്പ് ലൂയി മറിയാം 1801-ൽ നിര്യാതനായി. അദ്ദേഹത്തിന്റെ പിൻഗാമിയായി നിയമിതനായ ബിഷപ്പ് റയിമണ്ട്, റസിഡന്റ് കർണൽ മക്കോളിയുടെ ഉറ്റമിത്രമായിരുന്നു. മക്കോളി നിർദ്ദേശിച്ചതനുസരിച്ച് 1809-ൽ ബിഷപ്പ് റെയിമണ്ട് 3,000 പൂവരാഹൻ (10,500/- രൂപാ) 8 ശതമാനം പ്രതിവർഷ പലിശയ്ക്കു ഈസ്റ്റ് ഇൻഡ്യാകമ്പനിയിൽ സ്ഥിരമായി നിക്ഷേപിച്ചു. അതിനു മുമ്പ് 1808-ലായിരുന്നു മലങ്കര സുറിയാനി സഭയ്ക്കുവേണ്ടി ഇതുപോലൊരു സംഖ്യ ഇതേ വ്യവസ്ഥയിൽ അന്നത്തെ മെത്രാപ്പോലീത്താ നിക്ഷേപിച്ചത് (യൂണിറ്റ് 1, പാഠം 2 കാണുക). ഈ തുകകൾ രണ്ടും തച്ചിൽ മാത്തുതരകന്റെ സ്വത്തുക്കൾ സർക്കാർ കണ്ടുകെട്ടിയ വകയിൽ നിന്ന് എടുത്തതായിരുന്നു എന്ന് റോമൻ കത്തോലിക്കാ ഗ്രന്ഥകാരന്മാർ അവകാശപ്പെടുന്നത് മലങ്കര സുറിയാനി സഭയെ സംബന്ധിച്ചിടത്തോളം വാസ്തവമല്ല (ഇസ്സഡ്. എം. പാറേട്ട്, മലങ്കര നസ്രാണികൾ, വാല്യം 3, പുറം 96-203 കാണുക).

ബിഷപ്പ് റെയ്മണ്ട് 1815 വരെ സഭയെ നയിച്ചശേഷം രോഗബാധിതനായി 1816-ൽ അദ്ദേഹം നിര്യാണം പ്രാപിച്ചു. പിന്നീട് നിയമിതനായ ഫ്രാൻസിസ് സേവ്യർ (വാല്യം 1, യൂണിറ്റ് 1, പാഠം 3-ൽ എടുത്തുപറയുന്ന ഫ്രാൻസിസ് സേവ്യറല്ല ഇതെന്ന് ഓർത്തിരിക്കണം) സ്ഥാനം സ്വീകരിക്കാൻ വിസമ്മതിച്ചു. എങ്കിലും 1832 മുതൽ വരാപ്പുഴയുടെ അപ്പസ്തോലിക വികാരിയായി സേവനമനുഷ്ഠിച്ചു. വളരെ പ്രസിദ്ധനായിത്തീർന്ന ഇദ്ദേഹത്തിന്റെ കാലത്തായിരുന്നു ഗോവൻ ഛിദ്രം പൊട്ടിപ്പുറപ്പെട്ടത്. അതിനെപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ അടുത്ത പാഠത്തിൽ കാണാം. കേരളത്തെ സംബന്ധിച്ചിടത്തോളം അതു കൊച്ചിയേയും കൊടുങ്ങല്ലൂരിനെയും ദുർബലമാക്കി, വരാപ്പുഴയെ ഉയർത്തി എന്ന വസ്തുതയാണ് ശ്രദ്ധ അർഹിക്കുന്നത്.

മുൾത്താ പ്രേക്ലാറെ (Multa Praclare) എന്ന ലത്തീൻ പദങ്ങളിലാരംഭിക്കുന്ന ഒരു ബൂളാ (bull) 1838-ൽ ഗ്രിഗറി XVI മാർപാപ്പാ പ്രസിദ്ധീകരിച്ചു. അതായിരുന്നു ഗോവൻ ഛിദ്രത്തിലേക്കു വഴിതെളിച്ചത്. പാപ്പാ ആകുന്നതിനു മുമ്പ് പ്രോപ്പഗാൻഡാ സമൂഹത്തിന്റെ നേതാവായി പ്രവർത്തിച്ചിരുന്ന ഇദ്ദേഹം ഇൻഡ്യയിലെ സുവിശേഷവേല കൂടുതൽ കാര്യക്ഷമമാക്കണമെന്ന് ഉദ്ദേശിച്ചു. എന്നാൽ ആ ചുമതല നിർവഹിക്കുവാൻ പോർട്ടുഗീസ് ആധിപത്യത്തിൻകീഴിലിരുന്ന പദ്രോവാദോയ്ക്ക് കഴിവില്ലെന്നദ്ദേഹം മനസ്സിലാക്കി. അതുകൊണ്ട് പദ്രോവാദോ ബന്ധത്തിൽ കഴിഞ്ഞുവന്ന സഭാകേന്ദ്രങ്ങളെ നിയന്ത്രണവിധേയമാക്കി പ്രോപ്പഗാൻഡാ സമൂഹത്തെക്കൊണ്ട് ആ ജോലി ചെയ്യിക്കുകയായിരുന്നു ഗ്രിഗറി പാപ്പായുടെ ലക്ഷ്യം. അതിലേയ്ക്ക് പദ്രോവാദോ അതിന്റെ അധീനതയിലിരുന്ന സഭാകേന്ദ്രങ്ങൾക്കും പുറമേ വികസിക്കുവാൻ പാടില്ലെന്നുള്ളതായിരുന്നു പാപ്പായുടെ അനുശാസനം. എന്നാൽ അത് ഗോവായും അതിനോടു ചേർന്നുള്ള സഭാകേന്ദ്രങ്ങളും സ്വീകരിച്ചില്ല.

പാപ്പായുടെ ആജ്ഞ പ്രോപ്പഗാൻഡായുമായി ചേർന്നു പ്രവർത്തിച്ച വരാപ്പുഴ ബിഷപ്പ് ഫ്രാൻസിസ് സേവ്യർ സ്വാഗതം ചെയ്തു. കൊച്ചിയുടെയും കൊടുങ്ങല്ലൂരിന്റെയും ഭരണത്തിൻകീഴിലിരുന്ന പല പള്ളികളും സ്വാധീനത്തിലാക്കുവാൻ അദ്ദേഹം ശ്രമിച്ചു. അന്ന് കൊച്ചിയുടെ ബിഷപ്പായിരുന്ന യോവാക്കീം നീവേസ് ഗോവായുടെ നേതൃത്വത്തിൽ പാപ്പായുടെ ആജ്ഞയെ നിരാകരിച്ചു. ഇൻഡ്യയിലെ സഭ മുഴുവനും ഗോവായുടെ അധീശത്വത്തിൻ കീഴിലിരിക്കണമെന്നായിരുന്നു ബിഷപ്പ് നീവെസിന്റെ വാദം. കൊച്ചിയുടെ അധീനതയിലായിരുന്ന പള്ളികൾ പിടിച്ചെടുക്കുവാനുള്ള വരാപ്പുഴയുടെ യത്നങ്ങൾ നീവെസ് എതിർത്തു. ഇരുകൂട്ടരും നാട്ടുരാജാക്കന്മാരെ സമീപിച്ച് അവരുടെ പിൻബലം അഭ്യർത്ഥിച്ചു. അവരാകട്ടെ, പരിപൂർണ്ണ നിഷ്പക്ഷത പാലിച്ചു. ഏതായാലും കൊച്ചിയോടും കൊടുങ്ങല്ലൂരിനോടും ചേർന്നുകഴിഞ്ഞ പള്ളികളിലും ജനങ്ങളിലും മുന്നിൽഒരു ഭാഗത്തിലധികം വരാപ്പുഴയുടെ കീഴിൽ വന്നു.

### 3. പൗരസ്ത്യ സഭാബന്ധത്തിനുവേണ്ടിയുള്ള നീക്കങ്ങൾ

1796-നു ശേഷം സീറോമലബാർ സഭ പൗരസ്ത്യ സഭാബന്ധം പുനഃസ്ഥാപിക്കുവാൻവേണ്ടി മൂന്നു ശ്രമങ്ങൾ നടത്തി. അവയിൽ ഒന്നാമത്തേതായിരുന്നു പോൾ പണ്ടാരി മെത്രാൻ വഴി നടന്നത്. അത് നാം കണ്ടു (മുകളിൽ യൂണിറ്റ് 1, പാഠം 2 കാണുക).

രണ്ടാമത്തേത് 1861-ൽ നടന്നു. പദ്രോവാദോയും പ്രോപ്പഗാൻഡായും തമ്മിലുള്ള മല്ലയുദ്ധമായിരുന്നു അതിന്റെ കേരളത്തിലെ പശ്ചാത്തലം. 1848 മുതൽ 1879 വരെ കൽദായ സഭാദ്ധ്യക്ഷനായിരുന്ന ജോസഫ് ഔദോ

പാത്രിയർക്കീസ് റോമിന്റെ ആജ്ഞ വകവയ്ക്കാതെ 1860-ൽ തോമസ് റോക്കോസിനെ മലങ്കരസഭയുടെ മെത്രാപ്പോലീത്തായായി വാഴിച്ചു. രണ്ട് മലബാർ പുരോഹിതന്മാരുടെ പിൻതുണയോടുകൂടി 1861-ൽ പാത്രിയർക്കീസ് റോക്കോസ് മെത്രാനെ കേരളത്തിലേയ്ക്കയച്ചു. മാർ റോക്കോസിനെ 80 പള്ളികൾ പരിപൂർണ്ണമായും 34 പള്ളികൾ ഭാഗികമായും സ്വീകരിച്ചു. എന്നാൽ കേരളത്തിൽ പുതുതായി സ്ഥാപിച്ചിരുന്ന കർമ്മലീത്താ സമൂഹത്തിന്റെ (C.M.I. Carmelite of Mary Immaculate) സഹകരണത്തിൽ റോക്കോസിന്റെ പ്രസ്ഥാനത്തെ റോം പരാജയപ്പെടുത്തി. റോക്കോസുമായി യോജിച്ചു പ്രവർത്തിച്ച സീറോമലബാർ വൈദികരിലൊരാളായിരുന്ന തോണ്ടനാട് അന്തോണി ഈ സാഹചര്യത്തിൽ നെസ്തോറിയൻ പാത്രിയർക്കീസ് രൂബൻ സൈമൺ XVIII-ൽ നിന്നും മെത്രാൻ പദവി പ്രാപിച്ച് റോക്കോസ് പക്ഷത്തെ ശക്തിപ്പെടുത്തുവാൻ ഒരു യത്നം നടത്തി. അതും ഫലപ്രദമായിത്തീർന്നില്ല.

1874-ൽ മാർ ജോൺ എലിയാസ് മെല്ലൂസ് എന്ന കൽദായ സുറിയാനി മെത്രാൻ, റോമുമായുള്ള ബന്ധത്തിലിരുന്നുതന്നെ കേരളത്തിലാഗതനായി. അദ്ദേഹത്തെ ആരംഭത്തിൽ 41 പള്ളികൾ സ്വീകരിച്ചു. എന്നാൽ 1877-ൽ റോം മെല്ലൂസിനെ മുടക്കി. 1878-ൽ കൽദായ പാത്രിയർക്കീസ് അദ്ദേഹത്തെ തിരികെ വിളിച്ചു. ഇതൊന്നും കൂട്ടാക്കാതെ മെല്ലൂസ് തൃശൂർ ആസ്ഥാനമാക്കി കേരളത്തിൽ ജീവിച്ചു. ഈ അവസരത്തിലും കർമ്മലീത്തർ തന്നെ മെല്ലൂസിനെതിരായി നിന്നു. ആ സമൂഹത്തിലെ വൈദിക നേതാവായിരുന്ന ഇമ്മാനുവേൽ നിധീരി അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെ തോൽപ്പിക്കുവാൻ തക്ക പ്രതിരോധം സംഘടിപ്പിച്ചു. ഇതുമൂലം പള്ളികളിൽ മിക്കവയും റോമുമായുള്ള ബന്ധത്തിലേയ്ക്ക് തിരികെ പോയി. ഒടുവിൽ 1882-ൽ മെല്ലൂസ് തന്നെ സ്വദേശത്തേയ്ക്ക് മടങ്ങി.

മെല്ലൂസിനോടു ചേർന്നുനിന്ന ഒരു സമൂഹം അദ്ദേഹത്തിന്റെ തിരോധാനത്തിനുശേഷവും കേരളത്തിൽ അവശേഷിച്ചു. അവരെ അന്തോണി തോണ്ടനാട് 1900-ൽ നിര്യാതനാകുന്നതുവരെ നയിച്ചു. ഈ വിധത്തിൽ തൃശൂർ കേന്ദ്രമായുള്ള നെസ്തോറിയൻ സഭാവിഭാഗം 19-ാം നൂറ്റാണ്ടിൽ രൂപംകൊണ്ടു. 1908-ൽ പശ്ചിമേഷ്യയിൽ നിന്നും മാർ തീമോത്തിയോസ് അബിമെലെക്ക് കേരളത്തിലാഗതനായി. 1945-ൽ ചരമമടയുന്നതുവരെ അദ്ദേഹം ആ സഭയെ നയിച്ചു.

### 4. പുനഃസംഘടനയിലേക്കുള്ള പുരോഗമനം

സീറോമലബാർ സഭയുടെ കൽദായ പ്രേമം റോമിന്റെ കണ്ണു തുറപ്പിച്ചു. കേരളത്തിൽ നിന്നും അടിക്കടി പൊയ്ക്കൊണ്ടിരുന്ന നിവേദന

ങ്ങൾ വഴി വസ്തുത മനസ്സിലാക്കിയ ലീയോ XIII പാപ്പാ പൗരസ്ത്യ പാരമ്പര്യങ്ങളെ മാനിക്കുന്ന ആളുമായിരുന്നു. അദ്ദേഹം മലങ്കരസഭയുടെ പ്രശ്നപരിഹാരാർത്ഥം 1887-ൽ സീറോമലബാർ സഭയ്ക്കു വേണ്ടി കോട്ടയത്തും തൃശൂരും ഓരോ അപ്പോസ്തോലിക വികാരിമാരെ നിയമിച്ചു. അവരിരുവരും വിദേശിയരായിരുന്നു. ഫ്രഞ്ചു ജസ്വിത്തനായ ചാൾസ് ലെവിഞ്ഞ് കോട്ടയത്തും ഉത്തരേന്ത്യൻ ആംഗ്ലോ ഇൻഡ്യനായ അഡോൾഫ് മെഡ്‌ലിക്കോട്ട് തൃശൂരും കേന്ദ്രമാക്കി സഭാഭരണം കൈയ്യേറ്റു. എന്നാൽ ചാൾസ് ലെവിഞ്ഞ് തന്റെ ആസ്ഥാനം കോട്ടയത്തു നിന്നും ചങ്ങനാശ്ശേരിയിലേയ്ക്കു മാറ്റി.

അപ്പോസ്തോലിക വികാരിമാരുടെ ഈ നിയമനം താൽക്കാലികം മാത്രമായിരുന്നു. അവരിരുവരും മാറിയതിനുശേഷം തൽസ്ഥാനങ്ങളിൽ നാട്ടുകാരായ വൈദികർ 1896-ൽ മേൽപട്ടസ്ഥാനത്ത് അവരോധിതരായി. ഈ വിധത്തിൽ 1896 മുതൽ കേരളീയരായ നേതാക്കൾ സീറോമലബാർ സഭയെ നയിക്കുന്ന വ്യവസ്ഥിതി റോം അംഗീകരിച്ചു. എന്നാൽ ചങ്ങനാശ്ശേരി ബിഷപ്പായി നിയമിതനായ മാത്യു മാക്കിൽ ക്നാനായ സമുദായാംഗമായിരുന്നതിനാൽ അദ്ദേഹത്തെ കോട്ടയത്തേയ്ക്കു മാറ്റി. 1911 മുതൽ ചങ്ങനാശ്ശേരിക്ക് വടക്കുംഭാഗരിൽപെട്ട ഒരു മേൽപ്പട്ടക്കാരനെ അനുവദിച്ചു. 1923-ൽ എറണാകുളത്തെ മഹായിടവക (അതിരൂപത) യും അതിനുകീഴിൽ തൃശൂർ, കോട്ടയം, ചങ്ങനാശ്ശേരി ഈ ഭദ്രാസനങ്ങളുമാക്കി പുനഃസംവിധാനം ചെയ്തു.

ഇതിനകം വരാപ്പുഴയുടെ അധികാരസീമ വളരെ വ്യാപകമായിത്തീർന്നതിനാൽ അവിടുത്തെ അപ്പോസ്തോലിക വികാരി ലുഡോവിക്കസ് മാർട്ടിൻ (1844-1852) അതിനെ തെക്കു കൊല്ലവും, വടക്കു മംഗലാപുരവും, മദ്ധ്യത്തിൽ വരാപ്പുഴയും ആയി വിഭജിച്ചു. ഇവ മൂന്നും 19-ാം നൂറ്റാണ്ടിൽ വളർന്നു ശക്തി പ്രാപിച്ചു.

**ചോദ്യങ്ങൾ**

1. കൊടുങ്ങല്ലൂർ കേന്ദ്രമായി നിലനിന്നിരുന്ന സീറോമലബാർ സഭയുടെ 19-ാം നൂറ്റാണ്ടിലെ സ്ഥിതി എന്തായിരുന്നു?

2. വരാപ്പുഴ ശക്തി പ്രാപിക്കുവാനിടയായ സാഹചര്യം എന്തായിരുന്നു?

3. 'ഗോവൻ ഛിദ്രം' എന്നാൽ എന്ത്? അതുമൂലം റോമൻ കത്തോലിക്കാ സഭയ്ക്ക് കേരളത്തിൽ എന്തുണ്ടായി?

4. സീറോമലബാർ പൗരസ്ത്യ സഭാബന്ധം പുനഃസ്ഥാപിക്കുവാൻ ചെയ്ത ശ്രമങ്ങൾ ഏവ?

5. സീറോമലബാർ സഭയ്ക്ക് നാട്ടുകാരായ മേൽപ്പട്ടക്കാരെ ലഭിച്ചതെങ്ങനെ?

പാഠം 5

# ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിലെ റോമൻ കത്തോലിക്കാ സഭ

❑ പ്രാരംഭം ❑ ഗോവൻ ഛിദ്രത്തിന്റെ പ്രത്യാഘാതങ്ങൾ ❑ സഭയുടെ പുനഃസംവിധാനം

### 1. പ്രാരംഭം

19-ാം നൂറ്റാണ്ടിന്റെ അധികകാലവും ഇൻഡ്യയിലെ റോമൻ കത്തോലിക്കാ സഭ വിഷമസന്ധിയിൽകൂടി കടന്നുപോയി. അതിനൊരു പ്രധാനകാരണം പദ്രോവാദോയും പ്രോപ്പഗാൻഡായും തമ്മിലുള്ള വടംവലിയായിരുന്നു. 1838-ൽ പദ്രോവാദോയെ നിയന്ത്രിക്കുന്ന നിലപാട് റോം അവലംബിച്ചത് ഇൻഡ്യയിൽ അവ തമ്മിലുള്ള ഉരസലിനെ വർദ്ധിപ്പിച്ചു. എന്നാൽ 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ഈ പ്രശ്നത്തിനു പരിഹാരമുണ്ടാകുകയും ഒരു പുനഃസംഘടന നിലവിൽ വരുകയും ചെയ്തു. അതിനുശേഷമാണ് റോമൻ കത്തോലിക്കാ സഭയ്ക്ക് ഇൻഡ്യയിൽ പുരോഗമിക്കുവാൻ സാധിച്ചത്.

### 2. ഗോവൻ ഛിദ്രത്തിന്റെ പ്രത്യാഘാതങ്ങൾ

കേരളത്തിലെ റോമൻ കത്തോലിക്കാ സഭയെ ഗോവൻ ഛിദ്രം എങ്ങനെ ബാധിച്ചു എന്ന വസ്തുത കഴിഞ്ഞ പാഠത്തിൽ നാം കണ്ടു. ആ ഛിദ്രത്തിനു കാരണമായ സംഭവവികാസങ്ങൾ ഇവിടെ ചുരുക്കമായി കുറിക്കുന്നു. റോമൻ കത്തോലിക്കാ സഭയുടെ പൗരസ്ത്യ നാടുകളിലെ പ്രചരണ പരിപാടിയിൽ പോർട്ടുഗലിനു സ്ഥാനം ലഭിച്ചതെങ്ങനെയെന്നു കഴിഞ്ഞ വാല്യത്തിൽ സൂചിപ്പിച്ചിട്ടുണ്ട് (യൂണിറ്റ് 3, പാഠം 1-ൽ). ഇത് വ്യവസ്ഥാപിതമായ ഒരവകാശമായി പോർട്ടുഗൽ മനസ്സിലാക്കി. 16-ഉം 17-ഉം നൂറ്റാണ്ടുകളിൽ ഇൻഡ്യയിലെ സുവിശേഷവേലയേയും സഭയെ ആകമാനവും പോർട്ടുഗീസ് ഭരണത്തിനു വിധേയമായ പദ്രോവാദോ ബന്ധത്തിൽ അവർ നിലനിർത്തുകയും ചെയ്തു. 17-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ പോർട്ടുഗീസുകാരുടെ രാഷ്ട്രീയ സ്വാധീനം ക്രമേണ കുറയുകയും സാമ്പത്തികശേഷി ഗണ്യമായി അധഃപതിക്കുകയും ചെയ്തു. അതിനകം 1622-ൽ റോം വിശ്വാസപ്രചരണസഭ (പ്രോപ്പഗാൻഡാ) സ്ഥാപിച്ചു (വാല്യം 1, യൂണിറ്റ് 6, പാഠം 2-ൽ). 19-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർക്കു സാമ്പത്തികമായ ക്ഷീണാവസ്ഥ മാത്രമല്ല സംഭവിച്ചത്. അവരുടെ പ്രവർത്തനത്തിനുള്ള ഉത്സാഹവും തണുത്തുപോയിരുന്നു. ഇതിനും പുറമേ 1833-ൽ റോമുമായുള്ള ബന്ധം പോർട്ടു

ഗൽ വിച്ഛേദിച്ചു. 1834-ൽ പോർട്ടുഗീസുകാർ ആധിപത്യം ചെയ്തിരുന്ന സാമ്രാജ്യത്തിലാകമാനവും സന്യാസസമൂഹങ്ങളെ നിർത്തൽ ചെയ്തു. ഈദൃശ സംഭവങ്ങൾ റോമിനെ ശുണ്ഠി പിടിപ്പിക്കുവാൻ കാരണമായി.

അന്ന് റോമൻ പാപ്പാ ഗ്രിഗറി XVI ആയിരുന്നു (കഴിഞ്ഞ പാഠം കാണുക. പാപ്പാസ്ഥാനത്തവരോധിതനാകുന്നതിനു മുമ്പ് പ്രോപ്പഗാൻഡാ സമൂഹത്തിന്റെ നേതാവായിരുന്ന ഇദ്ദേഹത്തിന് ആ സമൂഹത്തോടു പ്രത്യേക പ്രതിപത്തി ഉണ്ടാകുക സഹജമായിരുന്നു). അദ്ദേഹം 1834-ൽ അതുവരെ പാദ്രോവാദോ ബന്ധത്തിൽ കഴിഞ്ഞിരുന്ന കൽക്കട്ടായെയും മദ്രാസിനെയും പ്രോപ്പഗാൻഡായുടെ കീഴിൽ അപ്പോസ്തോലിക വികാരിമാരുടെ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. പിന്നീട് 1836-ൽ സിലോണിലും പോണ്ടിച്ചേരിയിലും ഓരോ അപ്പോസ്തോലിക വികാരിമാരെ നിയമിച്ചു. പാപ്പായുടെ ഈ പ്രവർത്തനങ്ങളെ ഇൻഡ്യയിൽ പദ്രോവാദോ ബന്ധത്തിൽ പ്രവർത്തിച്ചിരുന്ന വൈദികർ സുശക്തമായി എതിർത്തു. എങ്കിലും പ്രോപ്പഗാൻഡാ ബന്ധത്തിൽപ്പെട്ടവർ സ്വാഗതം ചെയ്യുക മാത്രമല്ല പദ്രോവാദോയെ മുഴുവനായും നിർത്തൽ ചെയ്യുവാൻ പാപ്പായുടെ മേൽ പ്രേരണ ചെലുത്തുകയും ചെയ്തു.

ഈ സാഹചര്യത്തിൽ ഗ്രിഗറി XVI, താൻ  എന്തു നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുവാൻ ഒരു മൂന്നംഗ വേദശാസ്ത്ര കമ്മീഷനെ സ്വയമേവ നിയോഗിച്ചു. അവരുടെ ശുപാർശ അടിസ്ഥാനമാക്കി അദ്ദേഹം മുൾത്ത പ്രേക്ലാറെ 1838 ഏപ്രിൽ 24-ാം തീയതി പ്രസിദ്ധീകരിച്ചു. ഗോവായുടെ കീഴിലുള്ള ഭദ്രാസനങ്ങളും മക്കാവു ഭദ്രാസനവും മാത്രം ഗോവായുടെ അധീനതയിലിരുന്നാൽ മതിയെന്നുള്ളതായിരുന്നു, ആ അനുശാശനം ഉൾക്കൊണ്ടിരുന്ന ആജ്ഞ. അതോടൊപ്പം മൈലാപ്പൂർ മദ്രാസുമായും കൊച്ചി വരാപ്പുഴയുമായും ചേർന്നുപോകണമെന്നു പാപ്പാ വിധിച്ചു.

പാദ്രോവാദോയെ നിയന്ത്രിക്കുവാൻ ഗ്രിഗറി XVI പാപ്പാ സ്വീകരിച്ച നയം പ്രോപ്പഗാൻഡായ്ക്കു പ്രയോജനകരമായിരുന്നു. കേരളത്തിലതു വരാപ്പുഴയുടെ ഉയർച്ചയെ സഹായിച്ച വസ്തുത കഴിഞ്ഞ പാഠത്തിൽ നാം കണ്ടു. അതുപോലെ ബോംബെ, കൽക്കട്ടാ, മദ്രാസ് ആദിയായ മറ്റു സ്ഥലങ്ങളിലും അതു പ്രോപ്പഗാൻഡായ്ക്കു അനുകൂലമായി ഭവിച്ചു. അവിടെയെല്ലാം പദ്രോവാദോയുടെ ശക്തി കുറയുകയും പ്രോപ്പഗാൻഡായുടെ സ്വാധീനം വർദ്ധിക്കുകയും ചെയ്തു.

എന്നാൽ ഇതുകൊണ്ട് സഭയ്ക്ക് കാര്യമായ വളർച്ചയൊന്നും ഉണ്ടായില്ല. നേരെമറിച്ച് പദ്രോവാദോയും പ്രോപ്പഗാൻഡായും തമ്മിലുള്ള ഉരസൽ കൂടി വന്നുകൊണ്ടിരുന്നു. ഗോവായിലെ ആർച്ചുബിഷപ്പും

അവിടുത്തെ വൈദികരും കൊച്ചിയിലെ ബിഷപ്പും അവിടുത്തെ വൈദികരും ആ അനുശാസനത്തെ നിരാകരിച്ചു. മുൾത്താ പ്രേക്ലറെ റോമൻ സഭാദ്ധ്യക്ഷന്റേതായിരിക്കയില്ല. ഇതുപോലെ പ്രാധാന്യം അർഹിക്കുന്ന ഒരു വിഷയം സഭയുടെ സമുന്നത പരമാദ്ധ്യക്ഷൻ ഇത്ര നിസ്സാരമായ വിധം തീരുമാനിക്കുവാനിടയില്ല എന്ന് അവർ വാദിച്ചു. ഇങ്ങനെ അവരുടെ എതിർപ്പ് സഭാതലവന്റെ നേരെയുള്ള അനുസരണക്കേടായി അവർ സ്വയം പ്രകടിപ്പിച്ചില്ല. പ്രോപ്പഗാൻഡാ സമൂഹത്തിൽപെട്ടവരാകട്ടെ അവരെ ശീശ്മക്കാരായും സഭയ്ക്കിതരന്മാരായും ചിത്രീകരിക്കുവാൻ മടിച്ചില്ല.

ഈ ഗോവൻ ഛിദ്രം രണ്ടു ദശകങ്ങളോളം നീണ്ടുനിന്നു. അതിനകം ഗ്രിഗറി XVI നിര്യാതനായി. അദ്ദേഹത്തിന്റെ പിൻഗാമി പീയൂസ് IX തന്റെ മുൻഗാമിയുടെ പാതയിൽ തന്നെ ചരിച്ചുവെങ്കിലും 1851-ൽ പാദ്രോവാദോയ്ക്കനുകൂലമായവിധം പോർട്ടുഗലുമായി ഒരു ഒത്തുതീർപ്പുണ്ടാക്കി. എന്നാൽ അതു സാമ്പത്തികമായി തകർന്നിരുന്ന പോർട്ടുഗലിന് നിർവ്വഹിക്കാവുന്നതിലധികം ബാദ്ധ്യതകളുൾക്കൊള്ളുന്നതായിരുന്നു. അവയെ ലാഘവപ്പെടുത്തുവാനുള്ള പോർട്ടുഗലിന്റെ നിവേദനഫലമായി 1886-ൽ ലിയോ XIII ഒരു പുതിയ കരാറിലൊപ്പു വച്ചു. അതനുസരിച്ചു ഗോവായ്ക്കു ബഹുമാനസൂചകമായി പൗരസ്ത്യ ഇൻഡ്യയുടെ പാത്രിയർക്കാ പദവിയും അതിനോടു ചേർന്നുള്ള മറ്റു ബഹുമതികളും പോർട്ടുഗീസ് രാജകിരീടധാരിക്കു പ്രത്യേകമായ സ്ഥാനവും സമ്മതിച്ചുകൊടുത്തു. ഈ വിധത്തിൽ സഭയിലെ അന്തച്ഛിദ്രത്തിനു റോം മുൻകൈ എടുത്തു പരിഹാരമുണ്ടാക്കി. എന്നാൽ പദ്രോവാദോയും പ്രോപ്പഗാൻഡായും രണ്ടു സമൂഹങ്ങളായി സേവനമനുഷ്ഠിച്ചു വന്നതിലടങ്ങുന്ന പ്രശ്നം ഒരളവിൽ നിലനിന്നു. അത് 1928 ഏപ്രിൽ മാസത്തിൽ മാത്രമേ നിർമ്മാർജ്ജനം ചെയ്യപ്പെട്ടുള്ളു. ഈ വസ്തുത പിന്നാലെ ചൂണ്ടിക്കാണിക്കുന്നുണ്ട്.

### 3. സഭാഭരണ പുനഃസംവിധാനം

1886-ൽ ലിയോ XIII ഉം പോർട്ടുഗലും തമ്മിലുണ്ടായ ഒത്തുതീർപ്പാണ് ഇൻഡ്യയിലെ റോമൻ കത്തോലിക്കാ സഭയുടെ ഭരണപരമായ ക്രമീകരണത്തിനു വഴിതെളിയിച്ചത്. ആ ഒത്തുതീർപ്പ് പദ്രോവാദോയുടെയും പ്രോപ്പഗാൻഡായുടെയും അവകാശങ്ങൾ പരിരക്ഷിക്കുവാൻ പര്യാപ്തമായിരുന്നു. അതനുസരിച്ച് ഇൻഡ്യയിലെ സഭ മഹായിടവകകളും (arch-diocese) അവയിലോരോന്നിനോടും ചേർന്നുനിൽക്കുന്ന ഭദ്രാസനങ്ങളും (diocese) ആയി വിഭജിക്കപ്പെട്ടു. ഇങ്ങനെ ഗോവാ കൊച്ചിയും മൈലാപ്പൂരും ഡാമാനും ഭദ്രാസനങ്ങളായുള്ള ഒരു മഹായിടവകയായി അംഗീകരിക്കപ്പെട്ടു. അതുപോലെ പ്രോപ്പഗാൻഡാ ബന്ധത്തിൽ കഴിഞ്ഞിരുന്ന

സഭാ വിഭാഗങ്ങളേയും സംഘടിപ്പിച്ചു. ഇൻഡ്യയിൽ ആറു മഹായിടവകകളും അവയോടു ചേർന്നു പന്ത്രണ്ടു ഭദ്രാസനങ്ങളും രൂപംകൊണ്ടു.

ഈ ക്രമീകരണം മൂലം പദ്രോവാദോയും പ്രോപ്പഗാൻഡായും തമ്മിലുണ്ടായിരുന്ന വിടവ് വളരെയധികം മാറിക്കിട്ടി. അപ്പോസ്തോലിക വികാരി എന്ന പേരിൽ പ്രോപ്പഗാൻഡായുമായി ചേർന്നു പ്രവർത്തിച്ചു വന്ന മേൽപട്ടക്കാർ ഭദ്രാസനാധിപരായ ബിഷപ്പന്മാർ അഥവാ ആർച്ചു ബിഷപ്പന്മാരായി നിലനിന്നു. ഗോവായുടെ സ്ഥാനവും പരിരക്ഷിക്കപ്പെട്ടു.

19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇൻഡ്യയിലെ റോമൻ കത്തോലക്കാ സഭയിൽ ഏഴു മഹായിടവകകളും അവയുടെ നേതൃത്വത്തിൻ കീഴിൽ 17 ഭദ്രാസനങ്ങളും ഉണ്ടായിരുന്നു. കേരളത്തിലും കേരളത്തിനു വെളിയിലും ആ സഭ ആകമാനം വിഭജിതമാകാവുന്ന സ്ഥിതിയിൽ എത്തിയിരുന്നു. എന്നാൽ അതിനെ ഒരുമിച്ചു നിർത്തി ഇരുപതാം നൂറ്റാണ്ടിലെ പുരോഗമനത്തിനുവേണ്ടി അടിസ്ഥാനം നൽകുവാൻ ലിയോ XIII നു ദൈവാത്മപ്രേരണയാൽ സാധിച്ചു.

**ചോദ്യങ്ങൾ**

1. ഗ്രിഗറി XVI, 'മുൾത്താ പ്രേക്ലറേ' പ്രസിദ്ധീകരിച്ച സാഹചര്യം എന്ത്?

2. അതിനെ എതിർത്തവരുടെ നിലപാട് എന്തായിരുന്നു? അവർ ശീശ്മയിലായിരുന്നില്ലെന്നു വാദിക്കുവാൻ എന്തു ന്യായം അവർ ചൂണ്ടിക്കാണിച്ചു?

3. ഗോവൻ ഛിദ്രം റോമൻ കത്തോലിക്കാ സഭ പരിഹരിച്ചതെങ്ങനെയായിരുന്നു?

4. 19-ാം നൂറ്റാണ്ടിലെ അവസാനത്തിൽ ഇൻഡ്യയിലെ റോമൻ കത്തോലിക്കാ സഭയുടെ സ്ഥിതി എന്തായിരുന്നു?

## പാഠം 6

# 19-ാം നൂറ്റാണ്ടിലെ പ്രോട്ടസ്റ്റന്റു മിഷൻ

❑ പ്രാരംഭം ❑ ആംഗ്ലേയസഭ ഇൻഡ്യയിൽ ❑ മറ്റു പ്രോട്ടസ്റ്റന്റു സഭകൾ: ഒരു ലഘു വിവരണം.

### 1. പ്രാരംഭം

ബ്രിട്ടീഷ് പാർലമെന്റ് 1813-ൽ അംഗീകരിച്ച ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ ചാർട്ടർ പരിഷ്ക്കരണത്തെ തുടർന്ന് വിവിധ പാശ്ചാത്യ പ്രോട്ടസ്റ്റന്റു മിഷനറി സമൂഹങ്ങളും ഇൻഡ്യയിലേയ്ക്കു മിഷനറിമാരെ അയച്ചു. ആ മിഷനറിമാരുടെ പല തുറകളിലായുള്ള വേല 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം മുതൽ മുന്നേറി.

18-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തിൽ ഇൻഡ്യ, ബ്രിട്ടീഷ് ആധിപത്യത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്ന കാലം മുതൽ ഇംഗ്ലണ്ടിലെ ഔദ്യോഗിക സഭയായ ആംഗ്ലേയ സഭയെ ഇൻഡ്യയിൽ സ്ഥാപിച്ചു സുശക്തമാക്കണമെന്നുള്ള ചിന്ത ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ പല ചാപ്ലെന്മാർക്കുമുണ്ടായിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആരംഭഘട്ടം മുതൽ അവർ അതിനുവേണ്ടി പ്രവർത്തിച്ചുകൊണ്ടുമിരുന്നു. ആംഗ്ലേയ സഭയിൽ എസ്.പി.സി.കെ., എസ്.പി.ജി. എന്നീ സമൂഹങ്ങൾ സ്ഥാപിതമായ വിവരം മുകളിൽ ചൂണ്ടിക്കാണിച്ചു (മുകളിൽ യൂണിറ്റ് 1, പാഠം 5 കാണുക). ഇവയിൽ ഒന്നാമത്തേത് 1825-ൽ മിഷൻ ചുമതല രണ്ടാമത്തേതിനെ ഏൽപ്പിച്ചശേഷം ക്രൈസ്തവ സാഹിത്യ പ്രചരണത്തിൽ ശ്രദ്ധ ചെലുത്തി. ആംഗ്ലേയ സഭയിലെ ഹൈ ചർച്ചു (High church) വിഭാഗവുമായി ചേർന്നു പ്രവർത്തിച്ചുവന്ന എസ്.പി.ജി. യുടെ സാന്നിദ്ധ്യം ഇൻഡ്യയിൽ ആ സഭ പുരോഗമിക്കുവാൻ ഒരളവിൽ സഹായിച്ചു. അതിലുമുപരി അതിലേയ്ക്ക് പ്രവർത്തിച്ചത് സി.എം.എസ്. (Church Missionary Society) ആയിരുന്നു.

18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ സുവിശേഷപ്രചരണം ലക്ഷ്യമാക്കി ഇംഗ്ലണ്ടിൽ സ്ഥാപിതമായ രണ്ടു സമൂഹങ്ങളിൽ ഒന്നാണ് സി.എം.എസ്. മറ്റേതായിരുന്നു എൽ.എം.എസ്. (London Missionary Society). 1795-ൽ സ്ഥാപിതമായ എൽ.എം.എസ്. ആരംഭത്തിൽ ഒരു പ്രത്യേക സഭയുമായി വിധേയത്വം പ്രഖ്യാപിച്ചിരുന്നില്ല. എന്നാൽ കാലക്രമത്തിൽ അത് കോൺഗ്രിഗേഷനൽ സഭയുടെ മിഷൻ സമൂഹമായിത്തീർന്നു. 1799-ൽ സ്ഥാപിതമായ സി.എം.എസ്. ആകട്ടെ ആംഗ്ലേയ സഭയുടെ മിഷൻ സമൂഹമായി നിലകൊണ്ടു. ആ സഭയിലെ ലോ ചർച്ച് (Low Church) വിഭാഗവുമായി ബന്ധപ്പെട്ടും അത്മായ നേതൃത്വത്തെ വളരെയധികം അംഗീകരിച്ചും സി.എം.എസ്. പ്രവർത്തിച്ചു.

ആംഗ്ലേയ സഭയുടെയും മറ്റു പ്രോട്ടസ്റ്റന്റു സമൂഹങ്ങളുടെയും വേലയുടെ ഫലമായി ഇംഗ്ലീഷ് ഭാഷാ മാധ്യമത്തിലൂടെ ആധുനിക വിദ്യാഭ്യാസം ഇൻഡ്യയിൽ പ്രചരിച്ചു. അതോടുകൂടി ശാസ്ത്രീയവും സാങ്കേതികവുമായ പുരോഗതി ജീവിതത്തിന്റെ മിക്ക രംഗങ്ങളിലും ഇൻഡ്യയ്ക്കു ലഭ്യമായി. ഹൈന്ദവമതത്തിനും മറ്റു മതങ്ങൾക്കും നവോത്ഥാന സാദ്ധ്യതയും നിലവിൽ വന്നു.

## ആംഗ്ലേയസഭ, ഇൻഡ്യയിൽ

ട്രാങ്കുബാർ മിഷനുമായി എസ്.പി.സി.കെ. സഹകരിച്ച സംഭവത്തിൽ ആംഗ്ലേയസഭയുടെ ഇൻഡ്യയിലെ മിഷൻവേല ആരംഭിക്കുന്നു. 18-ാം നൂറ്റാണ്ടിൽ അതിന്റെ പ്രവർത്തനങ്ങൾ തഞ്ചാവൂർ, തൃശ്ശിനാപ്പള്ളി, മദ്രാസ്, തിരുനൽവേലി എന്നീ സ്ഥലങ്ങളിൽ വ്യാപരിച്ചിരുന്നു. എന്നാൽ 19-ാം നൂറ്റാണ്ടിൽ ആ വേല മന്ദീഭവിച്ചുപോയി. പിന്നീട് ആംഗ്ലേയസഭ അത് നേരിട്ടു നടത്തുകയാണുണ്ടായത്.

1816 മുതൽ 1821 വരെ തിരുനൽവേലിയിലെ ക്രൈസ്തവസമൂഹത്തിനു നേതൃത്വം നൽകിയത് ആംഗ്ലേയ ചാപ്ലെൻ ആയി അവിടെ വന്ന ജെയിംസ് ഹഫ് ആയിരുന്നു (James Hough). ഇൻഡ്യൻ സഭാചരിത്രകാരനായ അദ്ദേഹത്തിനു ശേഷം അവിടെ സി.എം.എസിന്റെ ആഭിമുഖ്യത്തിൽ ഒരു ജർമ്മൻ മിഷനറി സി. റ്റി. ഈ. റീനിയസ് (Rhenius) ആഗതനായി. 1820-ൽ അവിടെ ചെന്നുചേർന്ന അദ്ദേഹത്തിന്റെ വേല മൂലം നാടാർ സമൂഹത്തിൽപ്പെട്ട വളരെ ജനങ്ങൾ ക്രിസ്തുമതമവലംബിച്ചു.

എന്നാൽ റീനിയസ് 1829-ൽ സി.എം.എസുമായി തെറ്റി. അതിന്റെ കാരണം ഓർത്തിരിക്കണം. സുവിശേഷവേലയ്ക്കുവേണ്ടി യുവാക്കളെ പരിശീലിപ്പിക്കുവാൻ റീനിയസ് തിരുനൽവേലിയിൽ സ്ഥാപിച്ചിരുന്ന വിദ്യാലയത്തിൽ പഠനം പൂർത്തിയാക്കിയ ചിലരെ വൈദികസ്ഥാനത്തുയർത്തുവാൻ അദ്ദേഹം തീരുമാനിച്ചു. യൂറോപ്പിലെ നവീകരണകാലത്തു സഭയ്ക്ക് എപ്പിസ്കോപ്പൽ സ്ഥാനം അനുപേക്ഷണീയമായി കരുതാതെ അതു വേണ്ടെന്നു വച്ചു രൂപംകൊണ്ട ജർമ്മൻ സഭയിൽ നിന്നു വന്ന ആളായിരുന്നു റീനിയസ്. അദ്ദേഹം സി.എം.എസുമായി സഹകരിച്ചു പ്രവർത്തിച്ചു എന്നല്ലാതെ ആംഗ്ലേയസഭയിൽ ചേർന്നിരുന്നില്ല. അതിനാൽ തിരുനൽവേലിയിലെ സുവിശേഷകരെ താൻ തന്നെ ജർമ്മൻ രീതിയിൽ വൈദികസ്ഥാനത്തുയർത്തണമെന്നു റീനിയസും, ഇൻഡ്യയിൽ അന്ന് ആംഗ്ലേയ ബിഷപ്പുണ്ടായിരുന്നതിനാൽ ബിഷപ്പു തന്നെ അതു നിർവ്വഹിക്കുകയാണ് വേണ്ടതെന്ന സി.എം.എസ്. അധികൃതരും നിഷ്കർഷിച്ചു. അഭിപ്രായവ്യത്യാസം വകവയ്ക്കാതെ റീനിയസ് അവർക്കു സ്ഥാനങ്ങൾ നൽകി. അതുമൂലം തിരുനൽവേലിയുമായുള്ള ബന്ധം ആംഗ്ലേയ

സഭ വിച്ഛേദിച്ചു. ആ ശീശ്മ 1838-ൽ റീനിയസ് നിര്യാതനാകുന്നതുവരെ നീണ്ടുനിന്നു. പിന്നീട് 1841-ൽ എസ്.പി.ജി. നിയമിച്ച റോബർട്ടു കാൾഡുവൽ (Caldwell) തിരുനൽവേലിയിലെത്തി, അവിടുത്തെ സഭയെ ആംഗ്ലേയ സഭാ ബന്ധത്തിലുറപ്പിച്ചു.

ആംഗ്ലേയസഭയുടെ ആഭിമുഖ്യത്തിൽ നേരിട്ടുള്ള സുവിശേഷയത്നം 1813-നു ശേഷമാണ് നിർവ്വഹിച്ചതെങ്കിലും അതിനെപ്പറ്റിയുള്ള ദർശനം ആ കാലങ്ങൾക്കു മുമ്പുതന്നെ ചിലരെല്ലാം കണ്ടിരുന്നു. ആ കൂട്ടത്തിൽ പെട്ടവരായിരുന്നു 1806-ൽ മലങ്കരസഭ സന്ദർശിച്ച ഡോ. ക്ലോഡിയസ് ബുക്കാനനും ഡോ. റിച്ചാർഡ് ഹാൾ കേറും. അവർ വിഭാവനം ചെയ്ത ഇൻഡ്യൻ സഭയുമായി മലങ്കരസഭ ചേർന്നുപോയാൽ കൊള്ളാമെന്ന് അവർ ആഗ്രഹിച്ചു. അതിന്റെ സാദ്ധ്യത ആരായുവാനായിരുന്നു അവർ കേരളം സന്ദർശിച്ചത്. അതിനു മുമ്പുതന്നെ ബുക്കാനനും മറ്റും ചേർന്ന്, അന്നത്തെ ഗവർണർ ജനറൽ മാർക്വിസ് വെല്ലസ്ലിയുടെ അനുവാദത്തോടെ അവൈദികരായ ഇംഗ്ലീഷുകാരേയും മറ്റും സുവിശേഷ വേലയ്ക്ക് പരിശീലിപ്പിച്ചെടുക്കാൻ ഫോർട്ട് വില്യം കോളജ് സ്ഥാപിച്ചിരുന്നു. ബുക്കാനൻ അതിന്റെ നേതാവ് ((Provost) ആയിരുന്നു എന്നല്ലാതെ, ആ സ്ഥാപനത്തിന് ആംഗ്ലേയസഭയുടെയോ ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെയോ ഔദ്യോഗികമായ അംഗീകരണമുണ്ടായിരുന്നില്ല. പോരെങ്കിൽ 1820-ൽ കൽക്കട്ടായിൽ സ്ഥാപിതമായ ബിഷപ്സ് കോളജിന്റെ ആവിർഭാവത്തോടെ ഫോർട്ടു വില്യം കോളജിന്റെ പ്രസക്തി ഇല്ലാതെ വരുകയും ചെയ്തു.

1814-ലാണ് ആംഗ്ലേയ സഭയുടെ ഇൻഡ്യയിലെ ഒന്നാമത്തെ ബിഷപ്പ് കൽക്കട്ടായിൽ ആഗതനാകുന്നത്. ബിഷപ്പ് തോമസ് എഫ്. മിഡിൽട്ടൻ ഹൈചർച്ച് അനുഭാവിയും സി.എം.എസുമായി ബന്ധമില്ലാത്ത ദേഹവുമായിരുന്നു. അദ്ദേഹത്തിന്റെ ഉത്സാഹത്തിലാണ് 1820-ൽ ബിഷപ്പ്സ് കോളജ് സ്ഥാപിതമായത്. മിഡിൽട്ടനു ശേഷം 19-ാം നൂറ്റാണ്ടിന്റെ അവസാനം വരെയായി ഏഴു ആംഗ്ലേയ ബിഷപ്പുമാർ കൽക്കട്ട ആസ്ഥാനമാക്കി സഭയെ നയിച്ചു. അവരിൽ 1825-ൽ നിര്യാതനായ റജിനാൾഡ് ഹീബർ (Reginald Heber) ആയിരുന്നു, തന്റെ ബോംബെ സന്ദർശനവേളയിൽ, 1826-ൽ കേരളത്തിലാഗതനായ സിറിയൻ ബിഷപ്പ് മാർ അത്താനാസ്യോസിന് (മുകളിൽ പാഠം 2-ൽ മാർ അത്താനാസ്യോസിനെപ്പറ്റിയുള്ള സൂചന ചേർത്തിട്ടുണ്ട്) ആതിഥ്യം നൽകിയത്. പിന്നീട് 1831-ൽ കൽക്കട്ടയിൽ വന്ന സി.എം.എസ്. അനുഭാവി ദാനിയേൽ വിൽസൺ 1835-ൽ മലങ്കരസഭയും മിഷനറിമാരും തമ്മിലുള്ള ഉരസൽ പറഞ്ഞു തീർക്കുവാൻ ശ്രമിച്ചു.

1833-ൽ ചേർന്ന ബ്രിട്ടീഷ് പാർലമെന്റ് ഇൻഡ്യയിലെ സഭയുടെ വളർച്ചയെ സഹായിക്കാവുന്ന ചില നിശ്ചയങ്ങൾ അംഗീകരിച്ചു. അവയിലൊന്ന് കൽക്കട്ടായിലെ ബിഷപ്പിനെ മെത്രാപ്പോലീത്താ സ്ഥാനത്തുയർത്തി ബോംബെയിലും മദ്രാസിലും ഓരോ സഫ്രഗൻ ബിഷപ്പന്മാരെ നിയമിക്കണമെന്നുള്ളതായിരുന്നു. അതനുസരിച്ച് 1837 മുതൽ 1898 വരെ ബോംബെയിൽ അഞ്ചു ബിഷപ്പന്മാരും 1835 മുതൽ 1899 വരെ മദ്രാസിൽ ആറു ബിഷപ്പന്മാരും തുടർച്ചയായി സഭാനേതൃത്വം ഏറ്റെടുത്തു. ഈ കാലയളവിനുള്ളിൽ ഇൻഡ്യയിലെ ആംഗ്ലേയ സഭ ഗണ്യമായി വളർന്നു. തന്മൂലം 1879 മുതൽ തിരുവിതാംകൂർ-കൊച്ചിയും, 1890-ൽ ചോട്ടാ നാഗപ്പൂരും 1893 മുതൽ ലക്നൗവും, 1896 മുതൽ തിരുനൽവേലിയും ഭദ്രാസനങ്ങളായി രൂപംകൊണ്ടു.

ആംഗ്ലേയ സഭയുടെ ഇൻഡ്യയിലെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിച്ച എസ്.പി.ജി., സി.എം.എസ്. എന്നീ സമൂഹങ്ങളിൽ രണ്ടാമത്തേതായിരുന്നു കേരളത്തിൽ വന്നത്. 1816 മുതൽ 1836 വരെ മലങ്കര സുറിയാനി സഭയുമായി സഹകരിച്ച ശേഷം 1837 മുതൽ ആ സമൂഹം സ്വതന്ത്രമായി പ്രവർത്തിച്ചതിന്റെ ഫലമായി രൂപം പ്രാപിച്ചതാണ് കോട്ടയം കേന്ദ്രമായി സ്ഥാപിതമായ തിരുവിതാംകൂർ-കൊച്ചി ഭദ്രാസനം. മിഷനറിമാർ 1840-ൽ കോട്ടയം സി.എം.എസ്. കോളജ് ആരംഭിച്ചു. 1857-ൽ അതിനെ, ഇൻഡ്യയിലിദംപ്രഥമമായി സ്ഥാപിച്ച സർവ്വകലാശാലകളിൽ ഒന്നായ മദ്രാസ് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെടുത്തി. കോളജിലെ അദ്ധ്യാപനം ഇംഗ്ലീഷുഭാഷാ മാധ്യമത്തിലായിരുന്നതിനാൽ, സ്കൂളുകളിൽ അദ്ധ്യാപകർക്കും മറ്റു സുവിശേഷകന്മാർക്കും മലയാളം മാധ്യമമാക്കിയുള്ള പരിശീലനം നൽകുവാൻ 1859-ൽ മിഷനറിമാർ സി.എൻ.ഐ. (Cambridge Nicolson Institute) സ്ഥാപിച്ചു. മല്ലപ്പള്ളി, മാവേലിക്കര ആദിയായ സ്ഥലങ്ങളിൽ മലങ്കര സുറിയാനി സഭാംഗങ്ങളിലോരോ വിഭാഗം മിഷനറിമാരുമായി ചേർന്നു. അവർക്കു പുറമേ ചുരുക്കം ചില സവർണ്ണ ഹിന്ദുക്കളും, അവരിലുമധികം ഈഴവ സമുദായത്തിൽപ്പെട്ടവരും വളരെയധികം ഹരിജൻ വർഗ്ഗക്കാരും ക്രിസ്തുമതമവലംബിച്ച് ആംഗ്ലേയ സഭാംഗങ്ങളായി.

മദ്രാസിലും ബോംബെയിലും മിഷൻ വേലയ്ക്കു പ്രാരംഭപടിയായിത്തീർന്നത് സാധുക്കളായ ഇംഗ്ലീഷുകാരുടെയും ആംഗ്ലോ ഇൻഡ്യൻ സമുദായത്തിൽപ്പെട്ടവരും കുട്ടികളെ ചേർത്ത് ഇംഗ്ലീഷു ഭാഷാ മാധ്യമത്തിൽ തുടങ്ങിയ സ്കൂളുകളിലായിരുന്നു. അവ വളർന്നു വികസിക്കുകയും സുവിശേഷ പ്രചാരണത്തിനു സഹായകമായിത്തീരുകയും ചെയ്തു. സി.എം.എസിന്റെ പരിപാടികളെ നയിക്കുവാൻവേണ്ടി കൽക്കട്ടാ, ബോംബെ, മദ്രാസ് എന്നീ പ്രധാന നഗരങ്ങളിൽ അവിടവിടെ സേവന

ത്തിലേർപ്പെട്ടിരുന്ന ചില ആംഗ്ലേയ ചാപ്ലെയിന്മാരെയും മറ്റു സഹകാരികളേയും ചേർത്തു കറസ്പോണ്ടിംഗ് കമ്മിറ്റികളെ (Corresponding Committee) ആ സമൂഹം നിയമിച്ചു. 1812-ൽ കൽക്കട്ടായിലും 1814-ൽ ബോംബെയിലും ഇങ്ങനെയുള്ള കമ്മിറ്റികൾ നിലവിൽ വന്നു. മദ്രാസിലെ കമ്മിറ്റിയുടെ സഹകരണത്തോടെയായിരുന്നു 1816 മുതൽ തിരുവിതാംകൂറിൽ മിഷനറിമാർ വന്നത്.

സി.എം.എസ്. സ്ഥാപിതമായ ശേഷം, ആ സമൂഹം നിയമിച്ച ആദ്യ മിഷനറിമാരിൽ പ്രത്യേക സ്മരണയർഹിക്കുന്ന ഒരാളാണ് ഹെൻറിമാർട്ടിൻ (Hentry Martyn). കേംബ്രിഡ്ജ് സർവകലാശാലയിൽ നിന്നും പ്രശസ്തമായ ബിരുദം സമ്പാദിച്ച ഇദ്ദേഹം മിഷനറിയാകുവാൻ സ്വയമേവ തീരുമാനിച്ചു. 1806-ൽ അദ്ദേഹം ഇൻഡ്യയിൽ വന്നു. ക്ഷയരോഗബാധിതനായിത്തീർന്നതുമൂലം അധികകാലം ഇന്ത്യയിൽ വേല ചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. 1811-ൽ അദ്ദേഹം കരമാർഗ്ഗം ഇംഗ്ലണ്ടിലേയ്ക്കു മടങ്ങി. പേർഷ്യൻഭാഷയിൽ പുതിയനിയമം വിവർത്തനം ചെയ്യുവാനുള്ള ഉദ്ദേശ്യത്തോടെ, പോകുംവഴി, ഒരു വർഷത്തോളം അർമേനിയായിൽ താമസിച്ച അദ്ദേഹം അവിടെ വച്ചു നിര്യാതനായി. അർമേനിയൻ സന്യാസികൾ അദ്ദേഹത്തിന്റെ മൃതശരീരം അവിടെ സംസ്ക്കരിച്ചു. ഇന്ത്യ വിടുന്നതിനു മുമ്പു മാർട്ടിൻ പുതിയനിയമം ഉർദു ഭാഷയിൽ പരിഭാഷ ചെയ്തിരുന്നു.

### 3. മറ്റു പ്രോട്ടസ്റ്റന്റു വിഭാഗങ്ങൾ: ഒരു ലഘു വിവരണം

1833-ലെ ബ്രിട്ടീഷ് പാർലമെന്റു തീരുമാനം ഇംഗ്ലീഷുകാരല്ലാത്ത മിഷൻ പ്രവർത്തകർക്കും ഇന്ത്യയിൽ സേവന നിർവഹണ സ്വാതന്ത്ര്യം അനുവദിച്ചു. ഇതുമൂലം യൂറോപ്പിൽ നിന്നും ബാസൽ മിഷൻ ദക്ഷിണ കർണ്ണാടകത്തിലേയ്ക്കു സുവിശേഷകരെ നിയമിച്ചു. കരകൗശലാഭ്യസനം നൽകി വ്യക്തികളെ സ്വതന്ത്രജീവിതത്തിനു നയിക്കുന്ന മാർഗ്ഗമായിരുന്നു അവർ അവലംബിച്ചത്. 1839-ൽ ഇവാഞ്ജലിക്കൽ ലൂഥറൻ മിഷൻ ബിഹാറിലും 1841-ൽ ലൈപ്സിഗു ലൂഥർ മിഷൻ ട്രാങ്കുബാറിലും തമിഴ്നാട്ടിലും പ്രവർത്തനം ആരംഭിച്ചു. 1845-ൽ ഡന്മാർക്ക് അതിന്റെ കോളനിയായിരുന്ന ട്രാങ്കുബാറും സെറാമ്പൂരും ബ്രിട്ടീഷുകാർക്കു വിറ്റു. അങ്ങനെ അവിടങ്ങളിലെ ജർമ്മൻ മിഷനുമായി ചേർന്നു കഴിഞ്ഞ ക്രിസ്ത്യാനികൾ ആംഗ്ലേയ സഭയ്ക്കധീനമായിത്തീർന്നു. അവരെ ജർമ്മൻ മിഷന്റെ ലൂഥറൻ നിലപാടിലേയ്ക്കു തിരികെ വരുത്തുകയായിരുന്നു ഈ മിഷന്റെ ലക്ഷ്യം. ഇവയ്ക്കും പുറമേ, ബാപ്റ്റിസ്റ്റു മിഷൻ പ്രവർത്തനം ഉത്തരേന്ത്യയിൽ തുടർന്നുകൊണ്ടിരുന്നു.

1857-ലെ 'ശിപായി ലഹള'യെ തുടർന്ന് 1858 മുതൽ ഇന്ത്യയുടെ

ഭരണം ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽ നിന്നും വിടുർത്തി ബ്രിട്ടീഷു ഗവൺമെന്റ് നേരിട്ടു നടത്തുവാൻ തുടങ്ങി. അത് മിഷൻ വേലയ്ക്കു കൂടുതൽ സഹായകമായിത്തീർന്നു.

അതിനു മുമ്പ്, 19-ാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽത്തന്നെ, ലണ്ടൻ മിഷനറി സമൂഹത്തിന്റെ (എൽ.എം.എസ്.) ആഭിമുഖ്യത്തിൽ ക്രിസ്തുമതം കന്യാകുമാരി പ്രദേശങ്ങളിൽ പ്രചരിച്ചു. 1804-ൽ ട്രാങ്കുബാറിൽ വന്ന ഒരു ജർമ്മൻ മിഷനറി ഡ്ബള്യൂ. റ്റി. റിംഗിൾടൗബെ (W. T. Ringletuable) എൽ.എം.എസിനാൽ നിയോഗിതനായി തിരുനൽവേലിയിലെത്തി. അവിടെനിന്നും അദ്ദേഹത്തെ ക്രിസ്തുമതമവലംബിച്ചിരുന്ന കന്യാകുമാരിക്കാരൻ വേദമാണിക്യം സ്വദേശത്തേയ്ക്കു കൂട്ടിക്കൊണ്ടുപോയി. പാളയംകോട്ട കേന്ദ്രമാക്കി റിംഗിൾ ടൗബെ അവിടെ പ്രവർത്തിച്ച ശേഷം 1815-ൽ സ്ഥലംവിട്ടു. അതിനുശേഷം എൽ.എം.എസ്. നിയോഗിച്ച ചാൾസ് മീഡ്, (Charles Mead) 1817-ൽ അവിടെ ആഗതനായി. ഇദ്ദേഹത്തിന്റെ പ്രവർത്തനം മൂലം ഗണ്യമായ ഒരു ജനസമൂഹം നാടാർ സമുദായത്തിൽ നിന്നും മറ്റുമായി ക്രിസ്തുമതം സ്വീകരിച്ചു. അങ്ങനെ എൽ.എം.എസിനോടു ചേർന്ന് ഒരു സഭാസമൂഹം 19-ാം നൂറ്റാണ്ടിൽ കന്യാകുമാരി തുടങ്ങിയ പ്രദേശങ്ങളിൽ രൂപമെടുത്തു.

ക്രിസ്തുമത പ്രചരണം ഹൈന്ദവരിലും മറ്റുമുളവാക്കിയ പ്രതികരണം അടുത്ത യൂണിറ്റിൽ പരാമർശിക്കുന്നു.

## ചോദ്യങ്ങൾ

1. ഇന്ത്യയിൽ പ്രവർത്തിച്ച ആംഗ്ലേയ സഭാ മിഷൻ സമൂഹങ്ങളെപ്പറ്റി എന്തെല്ലാം വിവരങ്ങൾ നമുക്കറിയാം?

2. ട്രാങ്കുബാർ മിഷന്റെ പ്രവർത്തനത്തിനു 19-ാം നൂറ്റാണ്ടിൽ എന്തു സംഭവിച്ചു?

3. 19-ാം നൂറ്റാണ്ടിൽ ഇന്ത്യയിലെ ആംഗ്ലേയ സഭയിൽ സ്ഥാപിതമായ ഭദ്രാസനങ്ങളെപ്പറ്റി നമുക്ക് എന്തറിയാം?

4. ഡോ. ക്ലോഡിയസ് ബുക്കാനൻ ആരായിരുന്നു? അദ്ദേഹത്തിന്റെ മലങ്കരസഭാ സന്ദർശനത്തിന്റെ ഉദ്ദേശ്യമെന്തായിരുന്നു?

## യൂണിറ്റ് 3

# ബ്രിട്ടീഷ് ഇന്ത്യയിലെ സഭ

## പാഠം 1

## പ്രൊട്ടസ്റ്റന്റ് മിഷൻ: കൂടുതൽ വിവരങ്ങൾ

❑ പ്രാരംഭം ❑ പ്രൊട്ടസ്റ്റന്റ് മിഷന്റെ മുന്നേറ്റം ❑ ഹൈന്ദവ പ്രതികരണം

### 1. പ്രാരംഭം

1830 മുതൽ സ്കോട്ട്ലൻഡിലെ പ്രെസ്ബിറ്റീറിയൻ സഭയുടെ ആഭിമുഖ്യത്തിൽ ഒരു പുതിയ മിഷൻ പ്രവർത്തനം കൽക്കട്ടായിലാരംഭിച്ചു. ഇംഗ്ലീഷ് ഭാഷാ മാധ്യമം വഴി ആധുനിക വിദ്യാഭ്യാസം പ്രചരിപ്പിച്ച്, അതുമൂലം മനുഷ്യരെ ക്രിസ്തീയ വിശ്വാസത്തിലേയ്ക്ക് ആകർഷിക്കുകയായിരുന്നു അതിന്റെ പ്രത്യേകമായ ഊന്നൽ.

ഈ പ്രവർത്തന പരിപാടിയുടെ ഫലമായി ഇന്ത്യയിലെ കുലീന കുടുംബാംഗങ്ങളായ പല ഹൈന്ദവരും പാർസികളും മുസ്ലീമുകളും ക്രിസ്തുമതം സ്വീകരിച്ചു. മറ്റു പലരും തങ്ങളുടെ മതങ്ങളിൽ ആധുനിക ജീവിതവുമായി ചേർന്നു പോകാവുന്ന പരിവർത്തനങ്ങൾ നിലവിൽ വരുത്തണമെന്നു കരുതി പ്രവർത്തിച്ചു.

ക്രൈസ്തവരുടെ സംഖ്യ ഇന്ത്യയിലെ പല സ്ഥലങ്ങളിലും വർദ്ധിക്കുവാനിടയായത് താണജാതിയിൽപെട്ട ചില സമൂഹങ്ങൾ ആകമാനം (Mass Conversion) ക്രിസ്തുമതമവലംബിച്ചതു മൂലമായിരുന്നു. ഇതാണ് 16-ാം നൂറ്റാണ്ടിൽ ഫ്രാൻസിസ് സേവ്യർ കടലോരങ്ങളിലെ മുക്കുവരുടെയിടയിൽ വിജയകരമായി നിർവ്വഹിച്ചത്. ഇതു തന്നെ 19-ാം നൂറ്റാണ്ടിൽ തിരുനൽവേലി, കന്യാകുമാരി ആദിയായ പ്രദേശങ്ങളിൽ മിഷനറിമാർ പ്രാവർത്തികമാക്കി.

### 2. പ്രൊട്ടസ്റ്റന്റ് മിഷന്റെ വളർച്ച

1830 ആയപ്പോഴേയ്ക്കും സെറാമ്പൂർ മിഷന്റെ വേല നാഗപ്പൂർ, ഡൽഹി, ആജ്മീർ തുടങ്ങിയ ഇന്ത്യൻ പ്രദേശങ്ങളിലും ഇന്ത്യയ്ക്കു വെളിയിൽ ഇൻഡോനേഷ്യാ വരെയും വ്യാപിച്ചിരുന്നു.

ഇന്ത്യയിൽ സെറാമ്പൂർ മിഷൻ നിർവ്വഹിച്ച സർവ്വപ്രധാനമായ പ്രവർത്തനം 1819-ൽ 37 വിദ്യാർത്ഥികളെക്കൊണ്ടു സമാരംഭിച്ച സെറാമ്പൂർ കോളജ് ആയിരുന്നു. ആദ്യത്തെ സംഘത്തിൽപ്പെട്ട ആ വിദ്യാർത്ഥികളിൽ 19 പേർ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന ക്രിസ്തീയ യുവാ

ക്കളും, 18 പേർ പുറത്തു താമസിച്ചു പഠിക്കുന്ന ക്രൈസ്തവേതരുമായി രുന്നു. ഡന്മാർക്കിന്റെ ഒരു കോളനിയായിരുന്ന സെറാമ്പൂരിൽ സ്ഥാപി തമായ കോളജിനു 1827-ൽ ഡൻമാർക്കിലെ രാജാവ് സർവ്വകലാശാലാ ബിരുദങ്ങൾ നൽകുവാനുള്ള അവകാശം ഒരു ചാർട്ടർ വഴി പ്രദാനം ചെയ്തു. 1883 വരെ കോളജ് അതിന്റെ പ്രോഗ്രാം തുടർന്നു. എങ്കിലും പിന്നീട് കുറെ കാലത്തേയ്ക്ക് അതു മന്ദീഭവിച്ചു കിടന്നു. അതിനുശേഷം 1910-ൽ കോളജ് പുനഃസംഘടിതമായി. വേദശാസ്ത്രപരമായ ബിരുദങ്ങൾ സ്വയം നൽകുന്നതും, ആരംഭത്തിൽ കൽക്കട്ടാ യൂണിവേഴ്സിറ്റിയുടെയും പിന്നീട് ബർദ്വാൻ യൂണിവേഴ്സിറ്റിയുടെയും ബന്ധത്തിൽ ബി.എ., ബി.എസ്.സി. ബിരുദങ്ങൾക്ക് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നതും ആയി രണ്ടു വശങ്ങൾ ചേർന്നു പ്രവർത്തിക്കുന്ന സ്ഥാപനമായി അതു നിലനിൽക്കുന്നു.

സെറാമ്പൂർ മിഷൻ പ്രവർത്തനനിരതമായിരുന്ന കാലത്ത്, 1830-ൽ, പ്രസ്ബിറ്റീറിയൻ മിഷനാൽ നിയോഗിതനായി അലക്സാണ്ടർ ഡഫ് (Duff) കൽക്കട്ടായിലെത്തി. ഡഫിന്റെ കർമ്മപരിപാടിയെ അന്നു ജീവി ച്ചിരുന്ന വില്യം കേറി പ്രോത്സാഹിപ്പിച്ചു. ബുദ്ധിമാനും കർമ്മകുശലനു മായ ഈ യുവ മിഷനറിയുടെ സേവനം പ്രത്യേകം സ്മരണാർഹമാണ്. ആധുനിക വിദ്യാഭ്യാസം അന്ന് ഇന്ത്യയിൽ പ്രചരിച്ചിരുന്നില്ല. പഴയരീതി യിലുള്ള വിദ്യാഭ്യാസം മാത്രമേ അന്ന് ഇന്ത്യയിൽ നിലവിലിരുന്നുള്ളു. അതിനു വ്യത്യാസമായി ഇംഗ്ലീഷ് ഭാഷാഭ്യസനം പ്രദാനം ചെയ്യുന്ന ഒരു കോളജ് 1816-ൽ കൽക്കട്ടായിൽ സ്ഥാപിതമായി. എങ്കിലും അവിടുത്തെ പഠനം മതപരവും ധാർമ്മികവുമായ മൂല്യങ്ങളെ ചോദ്യം ചെയ്യുന്ന യുക്തി വാദത്തിലും ഭൗതികത്വത്തിലും അധിഷ്ഠിതമായിരുന്നു. അതിനാൽ മനു ഷ്യർക്കു ആ സ്ഥാപനത്തോട് തൃപ്തി തോന്നിയിരുന്നില്ല. ഈ സാഹച ര്യത്തിൽ മതത്തോട് ആദരവ് കാണിക്കുകയും ധാർമ്മികാദർശങ്ങളെ ബഹുമാനിക്കുകയും ചെയ്യുന്ന ഒരു വിദ്യാഭ്യാസ പദ്ധതി പ്രാവർത്തിക മാക്കുന്നതിൽ വിജയം വരിച്ച ഒരു വലിയ മനുഷ്യനായിരുന്നു അലക്സാ ണ്ടർ ഡഫ്. സുവിശേഷ പ്രചരണമായിരുന്നു ഡഫിന്റെ മുഖ്യ ലക്ഷ്യം. അതിനു സഹായകമായി ആധുനിക വിദ്യാഭ്യാസത്തെ അദ്ദേഹം കണ്ടു. ചില പ്രാരംഭ തടസ്സങ്ങൾ തരണം ചെയ്ത ശേഷം അദ്ദേഹം ഒരു പാഠ ശാല ആരംഭിച്ചു. അവിടെ അഭ്യസനത്തിനു വന്ന യുവാക്കൾക്ക് മറ്റു പാഠങ്ങളോടൊപ്പം വേദപുസ്തകവും ഒരഭ്യസന വിഷയമാക്കി. സ്കൂളിനു വെളിയിൽ സുവിശേഷം ഉദ്ഘോഷിക്കുവാനുള്ള അവസരങ്ങളും അദ്ദേഹം കണ്ടുപിടിച്ചു. ഡഫിന്റെ ക്ലാസ്സുകളിൽ ബംഗാളിലെ ഉത്കൃഷ്ട കുടുംബാംഗങ്ങളിൽ പലരും പഠിക്കുകയും അദ്ദേഹത്തിന്റെ സുവിശേഷ പ്രസംഗങ്ങൾ താത്പര്യപൂർവ്വം വളരെപ്പേരും കേൾക്കുകയും ചെയ്തു.

അവരിൽ ചില ഗണനീയ വ്യക്തികൾ ക്രിസ്തുമതമവലംബിച്ചു. കൽക്കട്ടായിൽ രൂപംകൊണ്ട പ്രിസ്ബിറ്റീറിയൻ സഭയിൽ അവർ സമുന്നത സ്ഥാനത്തുയരുകയും ചെയ്തു.

ഡഫിന്റെ കൽക്കട്ടായിലെ സ്കൂളിനെ അനുകരിച്ച് ബോംബെ, മദ്രാസ്, നാഗപ്പൂർ ആദിയായ സ്ഥലങ്ങളിൽ പ്രസ്ബിറ്റീറിയൻ സഭാബന്ധത്തിലുള്ള സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. അവയോട് ചേർന്ന് പിന്നീട് കൽക്കട്ടായിലും മറ്റു സ്ഥലങ്ങളിലും കോളജുകളും ഉണ്ടായി. ഇങ്ങനെ സ്ഥാപിതമായവയാണ് കൽക്കട്ടായിലെ സ്കോട്ടിഷ് മിഷൻ കോളജ്. മദ്രാസ് ക്രിസ്ത്യൻ കോളജ്, ബോംബെയിലെ വിൽസൺ കോളജ്, നാഗപ്പൂരിലെ ഹിസ്ളപ്പ് കോളജ് എന്നിവ. ഇവയ്ക്കു തുല്യമായി സി.എം.എസും ഇന്ത്യയിൽ സ്കൂളുകളും കോളജുകളും സ്ഥാപിച്ചു. മറ്റു പാശ്ചാത്യ മിഷൻ സമൂഹങ്ങളും പലയിടങ്ങളിലും വിദ്യാഭ്യാസ രംഗത്തു പ്രവേശിച്ചു പ്രവർത്തിച്ചു.

1854-ൽ ഗവൺമെന്റ് ഇന്ത്യയിലെ വിദ്യാഭ്യാസനയം രൂപപ്പെടുത്തുകയും, 1857-ൽ സർവ്വകലാശാല ബിൽ അംഗീകരിക്കുകയും ചെയ്തു. ഈ നടപടികളുടെ പിമ്പിൽ അലക്സാണ്ടർ ഡഫിന്റെ സുവ്യക്തമായ പ്രചോദനം സ്ഥിതി ചെയ്തിരുന്നു. മുപ്പതിൽപ്പരം വർഷങ്ങൾ ഇന്ത്യയിൽ പ്രവർത്തിച്ചശേഷം 1863-ൽ അദ്ദേഹം തന്റെ 57-ാം വയസ്സിൽ സ്വദേശത്തേക്ക് മടങ്ങിപ്പോയി. 1878-ൽ അദ്ദേഹം ചരമമടഞ്ഞു. ഇവിടെ ഡഫും, സെറാമ്പൂർ മിഷൻ സ്ഥാപകരും തമ്മിലുള്ള വ്യത്യാസം സ്മരണീയമാണ്. വില്യം കേറി, വില്യം വാർഡ്, യോശുവാ മാർഷ്മാൻ എന്നീ മൂന്നു പേരും ഇന്ത്യയിൽ തന്നെ ജീവിച്ചു മരിക്കുകയായിരുന്നു. വാർഡ് 1823-ലും കേറി 1834-ലും മാർഷ്മാൻ 1837-ലും ഐഹികവാസം വെടിഞ്ഞു.

അലക്സാണ്ടർ ഡഫും അദ്ദേഹത്തെപ്പോലെയുള്ളവരും സുവിശേഷഘോഷണം നടത്തിയത് വിദ്യാസമ്പന്നരും കുലീനകുടുംബാംഗങ്ങളുമായവരുടെ ഇടയിലായിരുന്നു. അവരിൽ ഒരു ഭാഗം 19-ാം നൂറ്റാണ്ടിൽ ക്രിസ്തുമതമവലംബിച്ചുവെങ്കിലും മറ്റു പലരും ക്രിസ്തീയ വിശ്വാസത്തെ ബഹുമാനപൂർവ്വം വീക്ഷിക്കുന്നതിലപ്പുറം മതപരിവർത്തനത്തിനു തയ്യാറായില്ല. ഈ നിലപാടാണ് 20-ാം നൂറ്റാണ്ടിൽ ഇന്ത്യയിലെ മിക്ക സ്ഥലങ്ങളിലെയും ഉയർന്ന ജാതിയിൽപ്പെട്ട മനുഷ്യർ പൊതുവെ അവലംബിച്ചത്. തന്മൂലം ആ മിഷൻവേല മൂലം ക്രിസ്തുമതം കാര്യമായി വളർന്നില്ല.

സഭാവർദ്ധനവിനു സഹായകമായിത്തീർന്നത് ഉയർന്നജാതിയിൽപ്പെടാത്തവരുടെ മതപരിവർത്തനമായിരുന്നു. 19-ഉം 20-ഉം നൂറ്റാണ്ടുകളിൽ ഇന്ത്യയിലെ പല സ്ഥലങ്ങളിലും ചില പ്രത്യേക വർഗ്ഗത്തിൽപ്പെട്ടവരൊ

ന്നടങ്കം ക്രിസ്തുമതം സ്വീകരിച്ചിട്ടുണ്ട്. ചോട്ടാ നാഗപ്പൂർ, ആസ്സാം, പഞ്ചാബ് തുങ്ങിയ പല സ്ഥലങ്ങളിലും സമൂഹമാകെയുള്ള ഈദൃശ പരിവർത്തനം നടന്നു. അവരുടെ ഇടയിൽ ഇംഗ്ലണ്ട്, അമേരിക്ക, കാനഡാ ആദിയായ പാശ്ചാത്യ നാടുകളിൽ നിന്നും നിയോഗിതരായ പ്രോട്ടസ്റ്റന്റ് മിഷനറിമാർ പ്രവർത്തിക്കുകയും ക്രിസ്തീയവിശ്വാസം സ്വീകരിച്ച് അതിൽ വളരുവാൻ അവരെ സഹായിക്കുകയും ചെയ്തു.

വിദ്യാഭ്യാസരംഗത്ത് മിഷനറിമാർ നിർവഹിച്ച സേവനത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നതാണു സ്ത്രീ വിദ്യാഭ്യാസം. അതുപോലെ വൈദ്യ ശാസ്ത്രത്തിലും സാങ്കേതിക ശാസ്ത്രത്തിലും (Medical, Engineering & Technological) ഉള്ള അഭ്യസനവും ഇൻഡ്യയിൽ ആരംഭിച്ചത് ക്രിസ്തീയ മിഷൻ പ്രവർത്തനം മുൻകൈ എടുത്തതു മൂലമായിരുന്നു. ഈ വസ്തു തകൾ പിന്നാലെ ഒരു പാഠത്തിൽ പരാമർശിക്കുന്നുണ്ട്.

### 3. ഹൈന്ദവ പ്രതികരണം

ക്രൈസ്തവ സുവിശേഷവുമായി പരിചയത്തിൽവന്ന പല ഹൈന്ദ വർക്കും തങ്ങളുടെ മതത്തിലെ പോരായ്മകളെപ്പറ്റി കാര്യമായ അവ ബോധമുണ്ടായി. വേദപുസ്തകമടിസ്ഥാനമാക്കി മിഷനറിമാർ ഉദ്ഘോ ഷിച്ച ഏകദൈവ വിശ്വാസം ബിംബാരാധനാ തിരസ്ക്കരണം ആദിയാ യവ അവർ സസന്തോഷം സ്വീകരിച്ചു. അതുതന്നെയാണ് ഹിന്ദുമതം അടിസ്ഥാനമായി കരുതുന്ന വേദങ്ങളുടെ ഉപദേശമെന്ന് അവർ അവകാ ശപ്പെടുകയും ചെയ്തു. സാമൂഹ്യജീവിതത്തിൽ ഹൈന്ദവസമുദായം അന്നു നിലനിർത്തിവന്ന ജാതിവിവേചനം, സ്ത്രീകളുടെ സ്വാതന്ത്ര്യ നിഷേധം, മരിക്കുന്ന ഭർത്താവിന്റെ ശരീരത്തോടു ജീവിച്ചിരിക്കുന്ന ഭാര്യ യെയും ചേർത്ത് ദഹിപ്പിച്ചു വന്ന സതീസമ്പ്രദായം, വിധവാവിവാഹ നിരോധനം, ശിശുവധം ആദിയായ നിരവധി ദുരാചാരങ്ങളെ ബഹിഷ്ക്ക രിക്കുവാനും അവർ തയ്യാറായി. സാമൂഹ്യതലത്തിലെ അനാചാരങ്ങളെ വിപാടനം ചെയ്തും ഏകദൈവവിശ്വാസം പുലർത്തിയും കഴിയുന്നവിധം ഹിന്ദുമതത്തെ നവീകരിക്കുകയെന്ന ലക്ഷ്യം അവർ സ്വീകരിച്ചു.

ഈ ഉദ്ദേശ്യത്തോടെ 1828-ൽ ഒരു ബംഗാളി ബ്രാഹ്മണനായ റാം മോഹൻ റോയി ഒരു സമൂഹം സംഘടിപ്പിച്ചു. അതിനു പിന്നീട് നൽകിയ പേരാണ് ബ്രഹ്മസമാജം എന്നത്. സെറാമ്പൂർ മിഷനറിമാരുമായി വേഴ്ച പുലർത്തിയ റാം മോഹൻ റോയി ഏകദൈവവിശ്വാസം സ്വീകരിച്ച് ബിംബാരാധന വർജിച്ചു. ഈ അടിസ്ഥാനത്തിൽ രണ്ടു മതങ്ങളും ഒരു മിച്ച് പോവുക സാദ്ധ്യമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. വില്യം കേറിയോട് ചേർന്ന് സതി ബഹിഷ്ക്കരണത്തിനുവേണ്ടി അദ്ദേഹം പ്രവർത്തിച്ചു. അതുപോലെ ഇംഗ്ലീഷ് വിദ്യാഭ്യാസം ശക്തിപ്പെടുത്തുവാൻ

അലക്സാണ്ടർ ഡഫിനെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. ബ്രഹ്മസമാജത്തിന്റെ മൂന്നാമത്തെ നേതാവായി വന്ന കേശവ ചന്ദ്രസെൻ ഹിന്ദുമതവും ക്രിസ്തുമതവും തമ്മിൽ വളരെയധികം ചേർന്നു പോകാവുന്ന ഒരു വേദശാസ്ത്രം തന്നെ വികസിപ്പിച്ചു. ഈ സമാജത്തിന്റെ ആശയങ്ങൾ നിലനിർത്തുന്ന പ്രാർത്ഥനാ സമാജം ബോംബെയിൽ സ്ഥാപിതമായി. എന്നാൽ ബ്രഹ്മസമാജത്തിന് വലിയ വിജയമോ, പ്രചാരമോ ഇന്ത്യയിൽ ലഭിച്ചില്ല.

ബ്രഹ്മസമാജികൾ ഹൈന്ദവ ദർശനത്തിലെ പല സത്യങ്ങളും വേണ്ടവണ്ണം കാണുന്നില്ലെന്നുള്ള വാദഗതി ദയാനന്ദ സരസ്വതിയുടെ നേതൃത്വത്തിൽ 1875-ൽ സമാരംഭിച്ച ആര്യസമാജം അവകാശപ്പെട്ടു. ഹൈന്ദവദർശനം വേദങ്ങളിൽ നിക്ഷിപ്തമാണെന്ന് അദ്ദേഹം സമർത്ഥിച്ചു. നവീകരണ കർത്താക്കൾ വേദങ്ങളിലേയ്ക്ക് തിരിഞ്ഞു നോക്കി അവിടെ നിന്നും പ്രചോദനം സ്വീകരിക്കുകയാണു വേണ്ടതെന്നു ദയാനന്ദ സരസ്വതി ഉദ്ഘോഷിച്ചു. ഹൈന്ദവസംസ്ക്കാരത്തിൽ നിന്നു വ്യതിചലിക്കുകയൊ, അതിനെ ഉപേക്ഷിച്ചു മറ്റു നിലപാടുകളവലംബിക്കുകയൊ ചെയ്തവരെല്ലാം വേദങ്ങളിലധിഷ്ഠിതമായ മത സംഹിതയിലേയ്ക്കു മടങ്ങണമെന്നുള്ള ആഹ്വാനം അദ്ദേഹം നൽകി. ആര്യസമാജം ഹിന്ദുയാഥാസ്ഥിതികത്വത്തെ ഇന്ത്യയിൽ നിലനിർത്തി. അതിന്റെ പ്രേരണ ഇന്നും സജീവമായി നിലനില്ക്കുകയും ചെയ്യുന്നു.

ഹൈന്ദവ ദർശനത്തോടുള്ള വിശ്വസ്തത അങ്ങേയറ്റം പാലിച്ചു കൊണ്ടു മറ്റു മതങ്ങളെ ബഹുമാനപൂർവ്വം വീക്ഷിക്കുന്ന നിലപാട് രാമകൃഷ്ണ മിഷൻ അവലംബിച്ചു. മതത്തിന്റെ അന്തസത്ത ബ്രഹ്മസാക്ഷാത്ക്കാരത്തിലടങ്ങുന്നുവെന്ന് അതിന്റെ നേതാക്കൾ ഉപദേശിച്ചു. എന്നാൽ ആ ലക്ഷ്യം ഒരേവിധത്തിലല്ല എല്ലാ മനുഷ്യരും അനുഭൂതിയിലാക്കുന്നത്. ബ്രഹ്മസാക്ഷാത്ക്കാരത്തിന്റെ ആത്യന്തിക സംപ്രാപ്തിയിൽ ബ്രഹ്മനും ഭക്തനും തമ്മിലുള്ള അന്തരം നിർമ്മാർജിതമായി ഐക്യത്തിന്റെ അനുഭവം അതിന്റെ സമ്പൂർത്തിയിലെത്തുന്നു. പുതിയനിയമത്തിൽ വി. യോഹന്നാൻ 14:9; 17:11, 21 എന്നീ ഭാഗങ്ങളുടെ അടിസ്ഥാനത്തിൽ യേശുക്രിസ്തു ആ ലക്ഷ്യം പ്രാപിച്ചിരുന്നു എന്ന് അവർ സമ്മതിച്ചു. എന്നാൽ ക്രിസ്ത്യാനികൾ പൊതുവെ ആ ഐക്യലക്ഷ്യം കാണുന്നില്ലെങ്കിലും, ഹിന്ദുമതം അതിനുവേണ്ടി നിലകൊള്ളുന്നു എന്ന് അവർ ഊന്നിപ്പറഞ്ഞു. സാമൂഹ്യതലത്തിലുള്ള പോരായ്മകൾ ഹിന്ദുസമുദായത്തിലുണ്ടെന്ന് അവർ സമ്മതിക്കുക മാത്രമല്ല, അവയെ നീക്കം ചെയ്യുന്ന കാര്യത്തിൽ സഹകരിക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. വിദ്യാഭ്യാസം വഴി മനുഷ്യരെ മതത്തിന്റെ ആത്യന്തിക ലക്ഷ്യത്തിലേക്കു തിരിച്ചുവിടേണ്ടതാണെന്നുള്ള ആശയവും അവർ ഗൗരവ

പൂർവ്വം പരിഗണിച്ചു. ഇങ്ങനെ വിവിധ വശങ്ങളിലായി ഹൈന്ദവ മതസ്ഥർക്ക് ആദ്ധ്യാത്മികമായ നവചൈതന്യം ഉദ്ഘോഷിക്കുവാൻ രാമകൃഷ്ണമിഷനു സാധിച്ചു.

ഈ സമൂഹങ്ങളോടു ചേർന്നും സ്വന്ത നിലയിലും ഹൈന്ദവ ദർശങ്ങൾ ഉദ്ഘോഷിച്ചു മതത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ച പലരും 19-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലും 20-ാം നൂറ്റാണ്ടിലും ഇന്ത്യയിൽ വിശ്രുതരായിത്തീർന്നിട്ടുണ്ട്. ആ കൂട്ടത്തിൽപ്പെട്ടവരാണ് സ്വാമി വിവേകാനന്ദൻ, അരവിന്ദഘോഷ്, രമണ മഹർഷി, മഹാത്മാ ഗാന്ധി, ശ്രീനാരായണഗുരു, ഡോ. എസ്. രാധാകൃഷ്ണൻ ആദിയായവർ. മതങ്ങളെല്ലാം ഒരേ ലക്ഷ്യത്തിലേയ്ക്കു മനുഷ്യനെ നയിക്കുന്നു; അതിനാൽ മതമടിസ്ഥാനമാക്കി മനുഷ്യർ തമ്മിൽ ശണ്ഠ പിടിക്കേണ്ട കാര്യമില്ല; എന്നെല്ലാം അവർ പഠിപ്പിച്ചു. ഈ ഊന്നലുകൾ ഉൾക്കൊള്ളുന്ന മതസഹിഷ്ണുതയും, മനുഷ്യർ തമ്മിൽ നിലനിർത്തേണ്ട സഹകരണ മനോഭാവവും സർവ്വാദരണീയമാണ്.

ഹിന്ദുമതാനുയായികളുടെ ഇടയിൽ ഈദൃശമായ നവോത്ഥാനം ഉളവാകുവാൻ ക്രിസ്തീയ മിഷനറിമാരുടെ മതപ്രചരണ തീക്ഷ്ണത പരോക്ഷമായി സഹായിച്ചു എന്നു പറയാം.

**ചോദ്യങ്ങൾ**

1. സെറാമ്പൂർ കോളജ് ദൈവശാസ്ത്രപരമായ ബിരുദങ്ങൾ നല്കാവുന്ന ഒരു സ്ഥാപനമായി വളർന്നതെങ്ങനെ?

2. അലക്സാണ്ടർ ഡഫിന്റെ മിഷനറി പ്രവർത്തനം ഏതു വിധത്തിൽ പുരോഗമിച്ചു?

3. പാശ്ചാത്യ മിഷനറിമാരുടെ സുവിശേഷ പ്രചരണയത്നം ഏതെല്ലാം വിധത്തിൽ ഇന്ത്യയ്ക്കു പ്രയോജനകരമായിത്തീർന്നു?

4. ക്രൈസ്തവ മിഷനറി യത്നങ്ങളെ എങ്ങനെയെല്ലാം ഹൈന്ദവ നേതാക്കൾ അഭിമുഖീകരിച്ചു?

പാഠം 2

# മിഷൻ സമൂഹങ്ങളുടെ സഹകരണം

❑ പ്രാരംഭം ❑ നാഷണൽ മിഷനറി കൗൺസിൽ ❑ നാഷണൽ ക്രിസ്ത്യൻ കൗൺസിൽ (എൻ.സി.സി.)

## 1. പ്രാരംഭം

ഇന്ത്യയിലെ താണവർഗ്ഗങ്ങളിൽ നിന്ന് ഒരു ഗണ്യമായ ജനവിഭാഗം 19-ാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടം മുതൽ വിവിധ പ്രോട്ടസ്റ്റന്റു സഭകളിൽ ചേർന്നു. ഈ വിജയം അവരുടെ ഇടയിൽ പ്രവർത്തിച്ച പാശ്ചാത്യ പ്രോട്ട സ്റ്റന്റു മിഷൻ സമൂഹങ്ങൾക്കു പ്രോത്സാഹജനകമായിരുന്നു. അതിനും പുറമേ, അവർ കഴിയുന്നത്രയും സഹകരിച്ചു പ്രവർത്തിക്കണമെന്നുള്ള ചിന്ത അവരിലുളവാക്കുകയും ചെയ്തു. പരസ്പര സഹകരണത്തിനു തകുന്ന നടപടികൾ 19-ാം നൂറ്റാണ്ടിൽ തന്നെ മിഷനറിമാർ അവലംബിച്ചു തുടങ്ങി. അതിന്റെ ഫലമായി 1905-ൽ രൂപംകൊണ്ട 'നാഷണൽ മിഷ നറി സൊസൈറ്റി' 1912-ൽ 'നാഷണൽ മിഷനറി കൗൺസിൽ' എന്ന നാമം സ്വീകരിച്ച് കർമ്മനിരതമായി പുരോഗമിച്ചു.

ഈ സംഘടന പിന്നീട് കേവലം 'മിഷനറി കൗൺസിൽ' എന്ന നില യിൽ നിന്നും ഇന്ത്യയിലെ സഭകളെയെല്ലാം ഉൾക്കൊള്ളാവുന്ന ഒരു സഭാ കൗൺസിലായി രൂപഭേദം പ്രാപിച്ചു. ഇന്ന് റോമൻ കത്തോലിക്കാ സഭ യൊഴികെയുള്ള ഇന്ത്യയിലെ പ്രധാന സഭകളെല്ലാം അതിൽ അംഗങ്ങ ളുമാണ്. ഇന്ത്യ സ്വതന്ത്രമാകുന്ന കാലംവരെയുള്ള ഘട്ടങ്ങളിൽ ഈ കൗൺസിൽ പല തുറകളിലായി നിർവഹിച്ചു വന്ന സേവനങ്ങൾ ഈ പാഠത്തിൽ ചുരുക്കമായി സൂചിപ്പിക്കുന്നു.

## 2. നാഷണൽ മിഷനറി കൗൺസിൽ

1833-ലെ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചാർട്ടർ പരിഷ്ക്കരണവും 1858 മുതൽ ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് ഗവൺമെന്റ് നേരിട്ടു നിർവഹി പ്പാൻ തുടങ്ങിയ സംഭവവും പാശ്ചാത്യ മിഷൻ സമൂഹങ്ങളുടെ പ്രവർത്ത നത്തിന് ഉത്തേജനം നൽകി. 1855-ൽ തന്നെ ഇന്ത്യയിൽ പ്രവർത്തിച്ചി രുന്ന പ്രോട്ടസ്റ്റന്റു മിഷനറിമാർ അവരുടെ ആദ്യ കോൺഫറൻസ് കൽക്ക ട്ടായിൽ വച്ച് നടത്തി.

അതിനുശേഷം 1872-ൽ അലഹാബാദിൽ വച്ച് മിഷനറിമാരുടെ ആദ്യത്തെ പൊതുസമ്മേളനവും നടത്തി. 1882, 1892 എന്നീ വർഷങ്ങ ളിലും അത് ആവർത്തിച്ചു. ഇതിനകം 1870-കളിൽ തെലുങ്കുനാട്ടിലെ 'മാള' 'മാഡിഗ' ഈ ജാതികളിൽ നിന്നും ഒരു വലിയ ജനവിഭാഗം പല

സഭകളിലുമായി ചേർന്നു തെലുങ്കുനാട്ടിൽ മാത്രമല്ല, പഞ്ചാബിലും മഹാരാഷ്ട്രയിലും ഈദൃശ മതപരിവർത്തനങ്ങൾ ഉണ്ടായി. പഞ്ചാബിലെ 'ചുഹ്രാ' വർഗക്കാരും മഹാരാഷ്ട്രയിലെ 'മങ്ങു' ജാതിക്കാരും ക്രിസ്ത്യാനികളായിത്തീർന്നു. ഇങ്ങനെ ഏകദേശം മുപ്പതു കൊല്ലം കൊണ്ട് പത്തുലക്ഷത്തിലധികം ജനങ്ങൾ ക്രിസ്തീയ വിശ്വാസമവലംബിച്ചു.

1897-ൽ ആംഗ്ലേയ, ലൂഥറൻ, കോൺഗ്രിഗേഷനൽ, ബാപ്റ്റിസ്റ്റ്, മെത്തഡിസ്റ്റ് ഈ പാരമ്പര്യങ്ങളുമായി ബന്ധപ്പെട്ടു കഴിഞ്ഞുവന്ന മിഷനറിമാരിൽ ഒരു കൂട്ടം ആളുകൾ ചേർന്ന് 'ദക്ഷിണേന്ത്യാ മിഷനറി അസോസിയേഷൻ' സംഘടിപ്പിച്ചു. അതിന്റെ ആഭിമുഖ്യത്തിൽ ചില സ്ഥാപനങ്ങൾ രൂപംകൊണ്ടു. അവയിലുൾപ്പെട്ടവയാണു മിഷനറിമാരെ ഇന്ത്യൻ ഭാഷകൾ പഠിപ്പിക്കുവാനുദ്ദേശിച്ച് ബാംഗ്ലൂരിൽ സ്ഥാപിതമായ വിദ്യാലയം. ക്ഷയരോഗികൾക്ക് പ്രത്യേക ചികിത്സയും പരിചരണവും നൽകുവാൻ വേണ്ടി മദനപ്പള്ളിയിൽ സമാരംഭിച്ച ആശുപത്രി, വൈദിക വിദ്യാർത്ഥികൾക്കു അഭ്യസനം ചെയ്യുവാൻ 1910-ൽ ബാംഗ്ലൂരിൽ പ്രവർത്തനം ആരംഭിച്ച 'യുണൈറ്റഡ് തിയോളജിക്കൽ കോളജ്' എന്നിവ. ഇതുപോലെ സഹകരണാടിസ്ഥാനത്തിൽ പശ്ചിമേന്ത്യയിലും മദ്ധ്യേന്ത്യയിലും ബീഹാറിലും സംഘടനകൾ നിലവിൽ വന്നു.

20-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധം ഇന്ത്യയിലെ പ്രോട്ടസ്റ്റന്റു മിഷന്റെ വളർച്ചയും അതുമൂലമുണ്ടായ സഭാഐക്യവും ശക്തിപ്രാപിച്ച കാലഘട്ടമായിരുന്നു. 1901-ൽ അമേരിക്കൻ ആർക്കോട്ടു മിഷനും സ്ക്കോട്ട്ലൻഡിലെ പ്രെസ്ബിറ്റീറിയൻ മിഷനും തമ്മിൽ യോജിച്ചു. 1902-ൽ മിഷനറിമാരുടെ ഔദ്യോഗിക കോൺഫറൻസ് മദ്രാസിൽ വച്ചു കൂടി. ആ കോൺഫറൻസ് മിഷനറി സഹകരണം നിലനിർത്തുവാൻ വേണ്ടി സ്വീകരിച്ച ഒരു നിശ്ചയം ഇവിടെ ശ്രദ്ധേയമാണ്. മിഷൻ സമൂഹങ്ങൾ അതാതിന്റെ പ്രവർത്തനസീമകൾക്കു വെളിയിൽ സുവിശേഷ പ്രചരണത്തിലേർപ്പെടുന്നത് നിരോധിക്കുന്നതായിരുന്നു ആ നിശ്ചയം. അതു സംബന്ധമായി ഉണ്ടാകാവുന്ന അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞു തീർക്കുവാൻ വേണ്ടി ഒരു മദ്ധ്യസ്ഥ ബോർഡിനെ (Arbitration Board) യും ആ കോൺഫറൻസ് നിയമിച്ചു.

ആ കാലഘട്ടത്തിൽ ഇന്ത്യയിലെ പ്രോട്ടസ്റ്റന്റു മിഷനു വളരെയധികം ഉത്തേജനം നൽകിയ ദേഹമായിരുന്നു അമേരിക്കൻ മിഷനറി ഡോ. ജോൺ ആർ. മോട്ട്. അദ്ദേഹമായിരുന്നു ഇന്ത്യയിൽ വിദ്യാർത്ഥി പ്രസ്ഥാനവും (Student Christian Movement) വിദ്യാർത്ഥി സ്വമേധയാ സേവനപ്രസ്ഥാനവും (StudentVoluntary Movement) ആരംഭിച്ചത്. അദ്ദേഹം തന്നെ 1912-ൽ രണ്ടു ബ്രാഹ്മണ യുവാക്കൾക്ക് മാമ്മോദീസാ

നൽകിക്കൊണ്ട് നാഷനൽ മിഷനറി കൗൺസിൽ ഉദ്ഘാടനം ചെയ്തു. ഈ കൗൺസിലിനു മദ്രാസ്, ബോംബെ, ജബൽപൂർ, അലഹബാദ്, ലാഹോർ, കൽക്കട്ട ഈ സ്ഥലങ്ങളിൽ ശാഖകളും താമസംവിനാ രൂപം കൊണ്ടു.

ജോൺ ആർ. മോട്ട് 1912-ൽ ഇന്ത്യാ സന്ദർശിച്ചത് മിഷനറി ഐക്യത്തിന്റെ ദൂതുമായിട്ടായിരുന്നു. 1910-ൽ സ്കോട്ട്ലൻഡിലെ എഡിൻബറോയിൽ വച്ച് ഒരു ആഗോള മിഷനറി കോൺഫറൻസ് സമ്മേളിച്ചു. അതിൽ നേതൃത്വം ഉണ്ടായിരുന്ന മോട്ട് സമ്മേളനത്തിന്റെ പരിപാടികൾ തുടർന്നുകൊണ്ടു പോകുവാൻ നിയമിതമായ കമ്മിറ്റിയിൽ ഒരംഗമായിരുന്നു. ആ നിലയിലാണ് അദ്ദേഹം ഇന്ത്യയിൽ വന്നത്. അദ്ദേഹം സുവിശേഷ പ്രചരണത്തെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല ഐക്യപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുവാൻ പ്രവർത്തിക്കുകയും ചെയ്തു. ഈ ഉദ്ദേശ്യത്തോടു കൂടി അദ്ദേഹം സെറാമ്പൂരിൽ വച്ചും മദ്രാസിൽ വച്ചും ഇന്ത്യൻ സഭാപ്രതിനിധികളെ ചേർത്തുള്ള കോൺഫറൻസുകൾ നടത്തി. ഇവയിൽ സംബന്ധിക്കുവാൻ മലങ്കര സുറിയാനി സഭയുടെ ഒരു പ്രതിനിധി സംഘത്തെ 1912-ൽ മാർ ദിവന്നാസ്യോസ് ആറാമൻ നയിച്ചിരുന്നു. മോട്ട് ക്രിസ്തീയ ഐക്യം ആസ്പദമാക്കി മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുമായും മദ്രാസിലെ റോമൻ കത്തോലിക്കാ ബിഷപ്പുമായും പ്രത്യേകം പ്രത്യേകമായി അഭിമുഖ സംഭാഷണങ്ങൾ നടത്തുകയും ചെയ്തു. സഭകളുടെ ഐക്യം ലക്ഷ്യമാക്കിയുള്ള ഡോ. മോട്ടിന്റെ യത്നങ്ങൾ ഇന്ത്യയിലെ റോമൻ കത്തോലിക്കാ സഭയേയും മലങ്കര സുറിയാനി സഭയേയും സംബന്ധിച്ചിടത്തോളം വിജയം വരിച്ചില്ല. എന്നാൽ പ്രോട്ടസ്റ്റന്റ് മിഷനറി സഹകരണം സാധിതമാകുവാൻ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി ഭവിച്ചു.

ആംഗ്ലേയ സഭയും കൂടിച്ചേർന്നുള്ള പ്രോട്ടസ്റ്റന്റു സഭകളുടെ ഐക്യം പ്രാവർത്തികമാകുവാൻ സഹായകമായ ഒരു സുപ്രധാനമായ കാൽവയ്പ് ആ കാലങ്ങളിലുണ്ടായി. 1899 മുതൽ 1922 വരെ മദ്രാസിലെ ആംഗ്ലേയ ബിഷപ്പ് ഹെൻറി വൈറ്റ് ഹെഡ് ആംഗ്ലേയ സഭയുടെ ഭാഗത്തു നിന്നും മിഷനറി സഹകരണത്തെ സ്വാഗതം ചെയ്തു. മറ്റു പ്രോട്ടസ്റ്റന്റു സഭകളുമായി ചേർന്നുപോകാതെ എപ്പിസ്കോപ്പൽ വ്യവസ്ഥിതിയും പല സഭാ പാരമ്പര്യങ്ങളും നിലനിർത്തുന്ന ചരിത്രമാണ് ആംഗ്ലേയ സഭയുടേത്. പോരെങ്കിൽ ആ സഭയിൽ തന്നെ സഭയുടെ പൗരാണികതയെ ബഹുമാനിക്കുന്ന ഹൈ ചർച്ച് (High Church) വിഭാഗവും അതിനെ മുഴുവൻ ഉപേക്ഷിക്കാതെ തന്നെ സുവിശേഷ പ്രവർത്തനത്തിന് മുൻതൂക്കം കൊടുക്കുന്ന ലോ ചർച്ച് (Low Church) വിഭാഗവും ഉള്ളതിൽ ആദ്യ വിഭാഗവുമായി ചേർന്ന് കഴിഞ്ഞുവന്ന ആളായിരുന്നു ബിഷപ്പ് വൈറ്റ് ഹെഡ്.

എന്നാൽ ഇന്ത്യയിലെ സുവിശേഷ പ്രചരണ സാദ്ധ്യത മനസ്സിലാക്കിയ അദ്ദേഹം മിഷനറി സഹകരണം അത്യന്താപേക്ഷിതമായി കണ്ടു. ഇതിലേയ്ക്ക് എപ്പിസ്കോപ്പൽ സഭാ വ്യവസ്ഥിതിയെ അതംഗീകരിക്കാതിരുന്ന പ്രോട്ടസ്റ്റന്റു സഭകൾക്കും സ്വീകരിക്കാവുന്നവിധം വ്യാഖ്യാനിച്ചു കൊടുക്കുവാൻ അദ്ദേഹം തയ്യാറാവുകയും ചെയ്തു.

ഇങ്ങനെ ഇന്ത്യയിലെ ആംഗ്ലേയ സഭ ഉൾപ്പെടെ എല്ലാ പ്രോട്ടസ്റ്റന്റു സഭാ വിഭാഗങ്ങളും അതാതിന്റെ മിഷൻ സമൂഹങ്ങൾ വഴി, സുവിശേഷ പ്രവർത്തനത്തിൽ സഹകരിക്കുവാൻ മുന്നോട്ടു വന്നു. എന്നാൽ നാഷണൽ മിഷനറി കൗൺസിൽ സഭകളെ പ്രതിനിധാനം ചെയ്യുന്ന രീതി അന്ന് അവലംബിച്ചിരുന്നില്ല. കൗൺസിലിൽ അംഗത്വം അതിന്റെ വിവിധ ശാഖകളുടെയും പ്രതിനിധികൾക്കായിരുന്നു, സഭകൾക്കായിരുന്നില്ല, നൽകിവന്നത്. ഓരോ ശാഖകളും മിഷനറിമാരുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വന്നു. ഈ സ്ഥിതിക്കു ക്രമേണ വ്യത്യാസം ഉണ്ടായി. 1905-ൽ 'നാഷണൽ മിഷനറി സൊസൈറ്റി' ആയി സമാരാംഭിച്ച സംഘടന 1912-ൽ 'നാഷനൽ മിഷനറി കൗൺസിൽ' ആയി രൂപാന്തരപ്പെട്ടു. പിന്നീട് 1922-ൽ അത് നാഷണൽ ക്രിസ്ത്യൻ കൗൺസിൽ' എന്ന പേര് സ്വീകരിച്ചു. ഇതു മൂലം മിഷനറിമാരെ അല്ലാതെ ഇന്ത്യയിലെ ക്രിസ്ത്യാനികളെ പ്രതിനിധാനം ചെയ്യാവുന്ന വ്യതിയാനം അതിനുണ്ടായി. നവീകരണ സഭകളെല്ലാം നാഷണൽ ക്രിസ്ത്യൻ കൗൺസിലിലെ അംഗത്വം സ്വീകരിക്കുകയും ചെയ്തു. ഈ വിധത്തിൽ ഇന്ത്യയിലെ പ്രോട്ടസ്റ്റന്റു സഭകൾക്കെല്ലാം ഒരളവിൽ ഒരുമിച്ചു പ്രവർത്തിക്കാവുന്ന വ്യവസ്ഥിതി ഇന്ത്യയിൽ നിലവിൽ വന്നു.

### 3. കൗൺസിലും ഇന്ത്യൻ സഭയും

1922 മുതൽ നാഷനൽ ക്രിസ്ത്യൻ കൗൺസിൽ പ്രവർത്തനം പുരോഗമിച്ചു. ഇന്ത്യയിലെ സഭകൾക്ക് അംഗത്വം സ്വീകരിക്കാവുന്ന അവസ്ഥ കൗൺസിലിന് അന്നുണ്ടായിരുന്നില്ല. അതെങ്ങനെയിരുന്നാലും 1930 മുതൽ കൗൺസിൽ അതിന്റെ സിരാസ്ഥാനമായി നാഗപ്പൂർ തിരഞ്ഞെടുത്തു.

എൻ.സി.സി. (നാഷനൽ ക്രിസ്ത്യൻ കൗൺസിൽ) യിൽ അംഗങ്ങളെ നിയോഗിച്ചിരുന്നത് ഇന്ത്യയിലെ സഭകളല്ല, ഓരോ ദേശത്തെയും കൗൺസിൽ ശാഖകളായിരുന്നു. ആ ശാഖകളിൽ അതാതു സ്ഥലത്തെ സഭകളിൽപെട്ട വ്യക്തികൾ സഹകരിച്ചു പ്രവർത്തിച്ചു വന്നു. ആ വ്യക്തികളിൽ ചിലർക്ക് നാഷനൽ കൗൺസിൽ അംഗത്വം ലഭിക്കുമായിരുന്നു. എൻ.സി.സി. യിൽ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുവാൻ സഭകൾക്ക് അവകാശം ഉണ്ടായിരുന്നില്ല. അതുമൂലം നാഷനൽ കൗൺസിലിലായാലും

ശാഖാ കൗൺസിലിലായാലും സ്വാധീനം ചെലുത്തിവന്നത് ഇന്ത്യയിലെ സഭയായിരുന്നില്ല; വിദേശ മിഷനറിമാരായിരുന്നു.

ഈ അവസ്ഥയ്ക്ക് ഒരു പ്രധാന കാരണം എൻ.സി.സി. യുമായി ബന്ധപ്പെട്ടു കഴിഞ്ഞ ഇന്ത്യയിലെ സഭകൾ സ്വകീയത പ്രാപിച്ചിരുന്നില്ലെന്നുള്ളതാണ്. ആ കാലങ്ങളിൽ വിദേശ മിഷനറിമാരുടെ സേവനവും വിദേശസഭകളുടെ സാമ്പത്തിക സഹായവും ഇന്ത്യയിലെ സഭകൾക്ക് അനുപേക്ഷണീയം ആയിരുന്നു. മിഷനറി നേതൃത്വത്തിനു പകരം എല്ലാ തുറകളിലും സേവനം നൽകുവാൻ തക്ക ഇന്ത്യൻ സഭാനേതാക്കൾ സുലഭമായിരുന്നില്ല. അതുപോലെ, സാമ്പത്തികമായി സ്വന്തം കാലിൽ നിൽക്കാവുന്ന അവസ്ഥ സഭകൾ പ്രാപിച്ചിരുന്നുമില്ല. ഈ സ്ഥിതിവിശേഷത്തിനു വ്യത്യാസമുണ്ടായത് ക്രമേണയായിരുന്നു. തന്മൂലം ആ കാലങ്ങളിൽ എൻ.സി.സി. യെ നയിച്ചത് വിദേശീയരായ മിഷനറിമാരായിരുന്നു.

ഈ പ്രസ്താവനകൊണ്ട് ഇന്ത്യയിലെ സഭയിൽ പ്രഗൽഭ നേതാക്കൾ ആ കാലങ്ങളിൽ ഉണ്ടായില്ലെന്ന് മനസ്സിലാക്കരുത്. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി അങ്ങനെയുള്ള പലരും ഉയർന്നു വന്നിരുന്നു. അവരിൽ എൻ.സി.സി. യുമായി ചേർന്ന് പ്രവർത്തിച്ച രണ്ടു നേതാക്കൾ ഇവിടെ ശ്രദ്ധേയരാണ്. 1945-ൽ നിര്യാതനായ ഡോർണാക്കൽ ബിഷപ്പ് വി. എസ്. അസറിയാ, ഇന്ത്യൻ വൈ.എം.സി.എ. യിൽ പ്രശസ്ത സേവനം അനുഷ്ഠിച്ച കെ. റ്റി. പോൾ എന്നിവരെയാണ് ഇവിടെ പ്രത്യേകം ഉദ്ദേശിക്കുന്നത്. ഇവരെപ്പറ്റി കൂടുതൽ വിവരങ്ങൾ പിന്നീട് നൽകുന്നുണ്ട്. ബിഷപ്പ് അസറിയാ 1923 മുതൽ 1945 വരെ കൗൺസിലിന്റെ പ്രസിഡന്റു സ്ഥാനം വഹിച്ചു. കെ. റ്റി. പോൾ 1915 മുതൽ എൻ.സി.സി. യുമായി സഹകരിച്ചു പ്രവർത്തിച്ചു വന്നു.

എൻ.സി.സി. ഇന്ത്യയിലെ സഭകളെയെല്ലാം പ്രതിനിധാനം ചെയ്യുന്ന സംഘടനയായി രൂപാന്തരപ്പെട്ടിരുന്നില്ല. അതുമായി ബന്ധപ്പെടാതെ റോമൻ കത്തോലിക്കാ സഭയിലെ ലത്തീൻ വിഭാഗവും സീറോ മലബാർ വിഭാഗവും മാത്രമല്ല മലങ്കര സുറിയാനി സഭയും കഴിഞ്ഞുവന്നു. മാർത്തോമ്മാ സുറിയാനി സഭയാകട്ടെ, ഒരു നവീകരണ സഭയെന്ന നിലയിലും മിഷനറി പ്രവർത്തനത്തിൽ സജീവമായി പങ്കുകൊണ്ടു എന്ന അവകാശത്തിലും, കൗൺസിലുമായി ചേർന്ന് സജീവമായി പ്രവർത്തിച്ചു. ഈ അടിസ്ഥാനത്തിൽ 1924 മുതൽ 1937 വരെ ആ സഭാംഗമായിരുന്ന പി. ഒ. ഫിലിപ്പ് എൻ.സി.സി. സെക്രട്ടറിയായി സേവനമനുഷ്ഠിക്കുകയും ചെയ്തു. കെ. റ്റി. പോൾ ഒഴിച്ചാൽ, അസറിയായും ഫിലിപ്പുമായിരുന്നു കൗൺസിലിന്റെ ആദ്യത്തെ ഇന്ത്യാക്കാരായ നേതാക്കൾ.

**ചോദ്യങ്ങൾ**

1. ഇന്ത്യയിൽ പ്രോട്ടസ്റ്റന്റു സഭകൾക്ക് വളർച്ചയുണ്ടായതെങ്ങനെ?

2. 'നാഷനൽ മിഷനറി കൗൺസിൽ' എന്നാൽ എന്താണ്?

3. ജോൺ ആർ. മോട്ട് ആരായിരുന്നു? അദ്ദേഹം ഇന്ത്യയിൽ എന്തെല്ലാം ചെയ്തു?

4. ഇന്ത്യയിൽ മിഷനറി സഹകരണം നിലവിൽ വന്നത് എങ്ങനെയായിരുന്നു?

**പാഠം 3**

# ഇന്ത്യൻ ക്രിസ്ത്യാനികൾ സുവിശേഷരംഗത്ത്

❑ പ്രാരംഭം ❑ മിഷനറി സാധു ❑ ഇന്ത്യൻ മിഷനറി സൊസൈറ്റി ❑ നാഷനൽ മിഷനറി സൊസൈറ്റി ❑ മലങ്കര സുറിയാനി സഭയിൽ ❑ ആശ്രമ പ്രസ്ഥാനം

**1. പ്രാരംഭം**

പാശ്ചാത്യ മിഷനറിമാരുടെ പ്രചോദനം നേരിട്ടും അവർ നടത്തി വന്ന സ്കൂളുകൾ വഴിയും പ്രാപിച്ചതിന്റെ ഫലമായി യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് ജീവിച്ച പലരും 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരുന്നു. അവർ അർത്ഥവത്തായി കരുതിയ ക്രിസ്തുവിശ്വാസം പല പ്രകാരങ്ങളിലും പ്രകടിപ്പിക്കുവാൻ ഉദ്യമിച്ചു. സുവിശേഷം ഉദ്ഘോഷിച്ച് ഇതര മതാനുയായികളെ ക്രിസ്തീയ നിലപാടിലേക്ക് വരുത്തുവാൻ അവരിൽ പലരും ശ്രമിച്ചു. ഈ വിധത്തിൽ തിരുനൽവേലിയിലെ സഭ 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ സംഘടിപ്പിച്ചതായിരുന്നു 'ഇന്ത്യൻ മിഷനറി സൊസൈറ്റി.' അതിനെ തുടർന്ന് 'നാഷനൽ മിഷനറി സൊസൈറ്റി' (എൻ.എം.എസ്.) സ്ഥാപിതമായി. ഈ കാലത്തിനടുത്ത് പഞ്ചാബിൽ ഒരു സിക്കു ഭൂവുടമയുടെ മകൻ സുന്ദർസിംഗ് തന്റെ 16-ാം വയസ്സിൽ നാടും വീടും വിട്ട് കാഷായ വേഷമണിഞ്ഞ് ക്രിസ്തുവിനെ പ്രസംഗിക്കുവാൻ പുറത്തു വന്നു. ശിക്ഷണാധിഷ്ഠിതമായ ജീവിതവും സേവനവും വഴി യേശുക്രിസ്തുവിന് സാക്ഷികളാകുവാനുള്ള ഉദ്ദേശ്യത്തോടെ ആശ്രമങ്ങൾ സ്ഥാപിതമായി. മലങ്കര സുറിയാനി സഭയിലും സുവിശേഷ ഘോഷണം

സംബന്ധിച്ചുള്ള ചില യത്നങ്ങൾ നടന്നു. ഈ വസ്തുതകളാണ് ഇവിടെ വിവരിക്കുന്നത്.

## 2. മിഷനറി സാധു

സുന്ദർസിംഗ് വേദപുസ്തകം ഒരദ്ധ്യയനവിഷയമായി സ്വീകരിച്ചിരുന്ന മിഷൻ സ്കൂളിൽ പഠിച്ച ബാലനായിരുന്നു. സുന്ദറിന് സിക്കുമതത്തിൽ നിഷ്ഠ പാലിച്ചുവന്ന ഒരു മാതാവും ധനാഢ്യനായ പിതാവുമായിരുന്നു ഉണ്ടായിരുന്നത്. ആദ്യകാലങ്ങളിൽ വേദപുസ്തകമടിസ്ഥാനമാക്കിയ പാഠങ്ങളെ അവഹേളനത്തോടെ വീക്ഷിച്ചുവന്ന ആ ചെറുപ്പക്കാരനു പൗലോസ് അപ്പോസ്തോലനുണ്ടായതുപോലെ (അപ്പോ. പ്ര. 9) ഒരു ദർശനമുണ്ടാകുകയും അതിനെത്തുടർന്ന് 1905-ൽ സിംലയിലെ ആംഗ്ലേയ ദേവാലയത്തിൽ വച്ചു മാമോദീസാ സ്വീകരിച്ചു ക്രിസ്തുമതം അവലംബിക്കുകയും ചെയ്തു. ആംഗ്ലേയ സഭയിലെ വൈദികവൃത്തി സ്വയം വേണ്ടെന്നു വച്ച് ഒരു സ്വതന്ത്ര മിഷനറിയായി സുന്ദർസിംഗ് ഇന്ത്യ മുഴുവനും സഞ്ചരിച്ച് സുവിശേഷം ഉദ്ഘോഷിച്ചു. ഈ അവസരങ്ങളിൽ അദ്ദേഹം യൂറോപ്പ്, ബ്രിട്ടൻ, അമേരിക്ക ആദിയായ വിദേശരാജ്യങ്ങൾ സന്ദർശിച്ച് ആ നാടുകളിലും സുവിശേഷയത്നത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഹൈന്ദവ സാധുവിന്റെ രീതിയിൽ ജീവിച്ചു വന്നതിനാലാണ് അദ്ദേഹത്തെ സാധു സുന്ദർസിംഗ് എന്നു പറഞ്ഞു വരുന്നത്. ഹിമാലയൻ ദേശങ്ങളോട്, പ്രത്യേകിച്ച് ടിബറ്റിനോട് അദ്ദേഹത്തിന് പ്രത്യേക താൽപര്യമുണ്ടായിരുന്നു. ആ സ്ഥലങ്ങളിൽ പലപ്പോഴും പോയിട്ടുണ്ടായിരുന്ന സാധു 1929-ൽ അവിടേയ്ക്കു പോയി. തിരിച്ചു വന്നിട്ടില്ല. അദ്ദേഹത്തിന് എന്തു സംഭവിച്ചു എന്ന് ആർക്കും ഒരു നിശ്ചയവുമില്ല.

സാധു സുന്ദർസിംഗിന്റെ മാർഗം അവലംബിച്ച് സുവിശേഷഘോഷണം നടത്തുവാൻ മറ്റാളുകളും യത്നിച്ചുവെങ്കിലും അവരാരും വേണ്ടവണ്ണം വിജയിച്ചില്ല.

## 3. ഇന്ത്യൻ മിഷനറി സൊസൈറ്റി

1903-ൽ തിരുനൽവേലിയിൽ അവിടുത്തെ ക്രിസ്ത്യാനികളുടെ ഉത്സാഹത്തിൽ സ്ഥാപിതമായ ഒരു മിഷൻ സമൂഹമാണ് ഇത്. തിരുനൽവേലിയിൽ സഭ രൂപംകൊണ്ടതെങ്ങനെയെന്നു നാം കണ്ടതാണ് (മുകളിൽ യൂണിറ്റ് 2, പാഠം 6). 1880-ൽ അവിടുത്തെ സഭയുടെ ശതവാർഷികം ആഘോഷിച്ചപ്പോൾ അവിടെ 5000 ചതുരശ്രമൈൽ സ്ഥലത്ത് 60,000 ഓളം മാമ്മോദീസാ കഴിഞ്ഞ ആംഗ്ലേയ ക്രിസ്ത്യാനികളും 37,000 ഓളം മാമ്മോദീസായ്ക്കുവേണ്ടി ഒരുങ്ങിവന്നവരുമുണ്ടായിരുന്നു. ഇപ്രകാരമുള്ള സഭാ വളർച്ച സാധിതമായത് ആംഗ്ലേയ സഭാ ബന്ധത്തിൽ സേവനമ

നുഷ്ഠിച്ച എസ്.പി.ജി., സി.എം.എസ്. എന്നീ മിഷൻ സമൂഹങ്ങളുടെ പ്രവർത്തനം മൂലമായിരുന്നു.

ബിഷപ്പ് വി. എസ്. (വേദനായകം സമുവേൽ) അസറിയാ തിരുനൽവേലിയിലെ സഭയുടെ സുപ്രധാന സംഭാവനയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് തോമസ് വേദനായകം മിഷനറിമാരുടെ നിർദ്ദേശാനുസരണം 1869-ൽ ആംഗ്ലേയ സഭയിൽ വൈദികസ്ഥാനത്ത് അവരോധിതനായി. തോമസ് വേദനായകത്തിനു തന്റെ രണ്ടാം വിവാഹത്തിൽ 1874-ൽ ഒരു പുത്രൻ ജനിച്ചു. അതായിരുന്നു വി. എസ്. അസറിയാ. കോളജ് വിദ്യാഭ്യാസം കഴിഞ്ഞശേഷം വൈ.എം.സി.എ. യുമായി ചേർന്നു പ്രവർത്തിച്ച അദ്ദേഹം ആ സംഘടനയുടെ ദക്ഷിണേന്ത്യാ സെക്രട്ടറിയായി 1895-ൽ നിയമിക്കപ്പെട്ടു. അക്കാലത്താണ് അസറിയായുടെ ഉത്സാഹത്തിൽ ഇന്ത്യൻ മിഷനറി സൊസൈറ്റി തിരുനൽവേലി സഭയുടെ ആഭിമുഖ്യത്തിൽ സ്ഥാപിതമായത്. അദ്ദേഹം തന്നെ അതിന്റെ സെക്രട്ടറിസ്ഥാനം കൈയേൽക്കുകയും 1909-ൽ വൈ.എം.സി.എ. യിലെ ജോലി രാജി വച്ച് മുഴുവൻ സമയവും മിഷൻ പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്തു.

മറ്റു മിഷൻ സമൂഹങ്ങളൊന്നും പ്രവർത്തിക്കാത്ത സ്ഥലങ്ങളിൽ ഇന്ത്യക്കാരെക്കൊണ്ട് ഇന്ത്യൻ സാമ്പത്തിക സംവിധാനങ്ങളുപയോഗിച്ച് ഇൻഡ്യാക്കാർ നയിക്കുന്ന ഒരു സമൂഹമായിട്ടായിരുന്നു അസറിയാ സൊസൈറ്റിയെ വിഭാവന ചെയ്തത്. ആദ്യമായി സൊസൈറ്റി തിരഞ്ഞെടുത്തത് ഇന്നത്തെ ആന്ധ്രാപ്രദേശത്തു ഡോർണാക്കൽ എന്ന സ്ഥലമായിരുന്നു. മദ്രാസിലെ ആംഗ്ലേയ ബിഷപ്പിന്റെ അനുമതിയോടുകൂടി 1903-ൽ അവിടെ വേല ആരംഭിച്ചു. പിന്നീട് അസറിയാ തന്നെ കുടുംബസമേതം അവിടേയ്ക്കു പോയി. 1912-ൽ അസറിയാ ആംഗ്ലേയ സഭയിലെ ഒന്നാമത്തെ ഇന്ത്യൻ ബിഷപ്പായി സ്ഥാനമേറ്റു.

രണ്ടുവിധത്തിൽ ശ്രദ്ധയർഹിക്കുന്ന ദേഹമാണ് വി. എസ്. അസറിയാ. ഒന്ന്, ഇന്ത്യൻ സഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അദ്ദേഹം സുശക്തം വാദിച്ചു. വിദേശ മേധാവിത്വത്തെ എതിർക്കുകയും ചെയ്തു. രണ്ട്, ദക്ഷിണേന്ത്യാ സഭ (C.S.I.) യുടെ രൂപീകരണത്തിനുവേണ്ടി നാനാപ്രകാരത്തിലും അദ്ദേഹം പ്രവർത്തിച്ചു. 1947 സെപ്റ്റംബറിലായിരുന്നു ആ സഭ ഔദ്യോഗികമായി രൂപംകൊണ്ടത്. എന്നാൽ അതിന്റെ പിമ്പിൽ പല ദശവർഷങ്ങളിലെ പര്യാലോചനകളും ആശയവിനിമയങ്ങളും നടന്നിരുന്നു. 1945-ൽ നിര്യാതനാകുന്ന കാലംവരെ ബിഷപ്പ് അസറിയാ ആലോചനകളിൽ നിർണായകമായ നേതൃത്വം നൽകിയിരുന്നു.

തിരുനൽവേലിയിൽ സ്ഥാപിതമായ ഇന്ത്യൻ മിഷനറി സൊസൈറ്റിക്കു പാളയംകോട്ട കേന്ദ്രമായി ഒരു സെൻട്രൽ കമ്മിറ്റിയും, മറ്റു ചില

സ്ഥലങ്ങളിൽ പോഷക കമ്മിറ്റികളുമുണ്ടായിരുന്നു. സൊസൈറ്റി മദ്രാസ്, പൂനാ, കൊളംബ് (Colombo), റംഗൂൺ, സിംഗപ്പൂർ ആദിയായ സ്ഥലങ്ങളിൽ മിഷനറിമാരെ അയച്ചുമിരുന്നു.

## 4. നാഷണൽ മിഷനറി സൊസൈറ്റി (എൻ.എം.എസ്.)

ഇന്ത്യൻ മിഷനറി സൊസൈറ്റിയേക്കാൾ വിപുലമായ തോതിൽ ഇന്ത്യയിലെ ക്രിസ്ത്യാനികളെക്കൊണ്ട് സുവിശേഷവേല ചെയ്യിക്കുവാൻ സ്ഥാപിതമായതായിരുന്നു എൻ.എം.എസ്. സഭാവ്യത്യാസം കണക്കിലെടുക്കാതെ എല്ലാ സഭകളിൽ നിന്നും പ്രവർത്തകരെ ചേർത്തുകൊണ്ടു മിഷൻ പ്രവർത്തനം നടത്തണമെന്നുള്ളതായിരുന്നു അതിന്റെ ലക്ഷ്യം. സഭകൾ തമ്മിലുള്ള വേർതിരിവ് മിഷനെ ബാധിക്കരുതെന്ന് അതിന്റെ നേതാക്കൾ നിഷ്ക്കർഷിച്ചു.

1905-ൽ അമേരിക്കൻ മിഷനറി ഷെർവുഡ്സ് എഡ്ഡിയുടെ നേതൃത്വത്തിൽ സെറാമ്പൂരിൽ വച്ച് ഒരു മിഷനറി കോൺഫറൻസ് കൂടി. അവിടെ വച്ചായിരുന്നു എൻ.എം.എസ്. രൂപംകൊണ്ടത്. ആ കോൺഫറൻസിൽ പങ്കു കൊണ്ട ഇൻഡ്യാക്കാരിൽ ഗണനീയർ വി. എസ്. അസറിയായും, വൈ.എം.സി.എ. നേതാവായ കെ. റ്റി. പോളുമായിരുന്നു. ഇന്ത്യൻ മിഷനറിമാർ കഴിവതും ഇന്ത്യൻ പണവും ഇവിടെ അനുയോജ്യമായ മാധ്യമങ്ങളും ഉപയോഗിച്ച്, സുവിശേഷം ഉദ്ഘോഷിക്കണമെന്നുള്ളതായിരുന്നു എൻ.എം.എസ്. ന്റെ പ്രഖ്യാപിത ലക്ഷ്യം.

എൻ.എം.എസ്. തന്നെ ഒരു പ്രത്യേക സഭാസംഘടനയായിത്തീരുവാൻ അതിന്റെ നേതാക്കൾ ഉദ്ദേശിച്ചില്ല. ഓരോ സ്ഥലത്തും അതുമായി സഹകരിക്കുന്ന സഭയോടു ചേർന്നു പോവുക എന്നതായിരുന്നു അതിന്റെ നയം. ഇന്ത്യയെ ആകമാനം പ്രതിനിധാനം ചെയ്യുന്നതും മൂന്നു വർഷത്തിലൊരിക്കൽ സമ്മേളിക്കുന്നതുമായ ഒരു കൗൺസിൽ അതിനുണ്ടായിരുന്നു. അതിനും പുറമേ മദ്രാസ് കേന്ദ്രമായി മിക്കവാറും മാസത്തിലൊരിക്കൽ വീതം കൂടി വന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും സൊസൈറ്റിയുടെ അനുദിന കാര്യങ്ങൾ നിർവ്വഹിച്ചു വന്നു. പഞ്ചാബിലും, ഉത്തരപ്രദേശിലും അതിനു ചില വേലസ്ഥലങ്ങളുണ്ടായിരുന്നതിനും പുറമെ, ഓരോ അവസരങ്ങളിലും പ്രത്യേക സ്ഥലങ്ങളിലേക്ക് ഗോസ്പൽ സംഘങ്ങളെ നിയോഗിച്ചു വന്നു. 1950-ൽ അതിനു 41 മിഷനറിമാരും 200 ഓളം സഹപ്രവർത്തകരും 1,30,000 രൂപായിലധികം വരുന്ന വാർഷിക ബഡ്ജറ്റും ഉണ്ടായിരുന്നതായി കണക്കുണ്ട്. പല കാരണങ്ങളാലും എൻ.എം.എസ്. വളർന്നു കർമ്മോന്മുഖമാകുക സാധ്യമായിരുന്നില്ല. ഒരു സഭയോടും ചേരാതെ എല്ലാ സഭകളിൽ നിന്നും പ്രവർത്തകരെ ചേർത്തുള്ള അതിന്റെ നയം അവഗണിക്കപ്പെടുവാനേ തരമുള്ളു. പോരെങ്കിൽ 'മിഷൻ' 'സഭ'

യിൽ നിന്നും വേർപെടുത്തിയുള്ള നിലപാടു ശക്തിപ്പെട്ടില്ല. അതുപോലെ എൻ.എം.എസ്. അനുഭാവികളിൽ പലരുടെയും ശ്രദ്ധ മിഷനിൽ നിന്നും ക്രിസ്തുമതത്തെ ഇന്ത്യൻ ജീവിതവുമായി പൊരുത്തപ്പെടുത്തേണ്ടതിന്റെ ആവശ്യത്തിലേക്കു കൂടുതൽ തിരിയുവാൻ ഇടയായി.

### 5. മലങ്കര സുറിയാനി സഭയിൽ

പ്രൊട്ടസ്റ്റന്റ് മിഷൻ വേലയെ അനുകരിച്ചായിരിക്കാം, മലങ്കര സുറിയാനി സഭ 19-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ സുവിശേഷ പ്രചരണം ആരംഭിച്ചത്. 20-ാം നൂറ്റാണ്ടിൽ സ്ലീബാദാസ സമൂഹം വഴി അധഃകൃത വർഗ്ഗത്തിൽപ്പെട്ട അനേക സഹസ്രം ജനങ്ങളെ സഭാബന്ധത്തിൽ വരുത്തി. 19-ാം നൂറ്റാണ്ടിൽ പരുമല മാർ ഗ്രിഗോറിയോസിന്റെയും മറ്റും ഉത്സാഹത്തിൽ നടന്ന വേലയുടെ ഫലമായി സഭയിൽ ചേർന്നവരെ സുറിയാനിപ്പള്ളിയിൽ അംഗങ്ങളായി സ്വീകരിച്ചില്ല. അവർക്കു വേണ്ടി പ്രത്യേകം പള്ളികൾ നിർമ്മിച്ച് അവരെ അവയിൽ ഉൾപ്പെടുത്തുകയായിരുന്നു. എന്നാൽ സ്ലീബാദാസ സമൂഹാദ്ധ്യക്ഷൻ ഫാ. എം. പി. പത്രോസ് (പിന്നീട് പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ) വിശ്വാസം സ്വീകരിച്ച അധഃകൃതരെ സുറിയാനിപ്പള്ളികളിൽത്തന്നെ ഉൾക്കൊള്ളിക്കാൻ യത്നിച്ചു. സമൂഹത്തിന്റെ പ്രവർത്തനം ശ്രദ്ധേയമായ വിജയം വരിച്ചു. എങ്കിലും മതപരിവർത്തനം പ്രാപിച്ചവരെ പഴയ ക്രിസ്ത്യാനികളുമായി ഒരുമിപ്പിക്കുവാൻ ആർക്കും സാധിച്ചില്ല. പോരെങ്കിൽ, അവരുടെ സാമൂഹ്യവും ആത്മീയവുമായ പ്രശ്നങ്ങളെ വേണ്ടവണ്ണം നേരിടുവാനാവശ്യമായ സഹകരണം അവർക്ക് എത്തിച്ചുകൊടുക്കുന്ന വിഷയത്തിൽ സഭ പരാജയപ്പെടുകയാണ് ചെയ്തത്.

മാർത്തോമ്മാ സഭയുടെയും കേരളത്തിലെ ആംഗ്ലേയ സഭയുടെയും പ്രവർത്തനം മൂലമുണ്ടായ അനുഭവവും ഇതിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നില്ല. ഹരിജൻ വിഭാഗത്തിൽ നിന്നും ആ സഭകളിൽ ചേർന്നവരുടേയും സ്ഥിതി അനുകമ്പാർഹമായിരുന്നു.

### 6. ആശ്രമപ്രസ്ഥാനം

ക്രിസ്തുമതം ഇന്ത്യയിൽ പ്രചരിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമെങ്കിൽ, അത് എങ്ങന നിർവ്വഹിക്കണമെന്നുള്ള ചോദ്യം സുപ്രധാനമാണ്. ഇന്ത്യൻ സംസ്കാരവുമായി ചേർന്നുപോകുന്നവിധം വേണം സുവിശേഷം ഇന്ത്യയിൽ പ്രചരിപ്പിക്കുവാൻ എന്ന് 19-ാം നൂറ്റാണ്ട് മുതലെങ്കിലും ക്രൈസ്തവ പ്രേഷിതർ മനസ്സിലാക്കി. ഈ പശ്ചാത്തലത്തിലായിരുന്നു ആശ്രമപ്രസ്ഥാനം രൂപംകൊണ്ടത്. സുവിശേഷ പ്രചരണത്തിന് ക്രൈസ്തവരുടെ ആശ്രമങ്ങൾ ഉണ്ടാകണമെന്നുള്ള ചിന്ത 20-ാം നൂറ്റാ

ണ്ടിന്റെ ആദ്യഘട്ടങ്ങളിൽ സമ്മേളിച്ച മിഷനറി കോൺഫറൻസുകളിൽ പ്രകടിപ്പിക്കപ്പെട്ടു. ലോകജീവിതത്തിൽ നിന്നും പാടേ മാറി സന്യാസത്വം അവലംബിക്കുക എന്നതല്ലായിരുന്നു ആശ്രമം കൊണ്ടുദ്ദേശിച്ചത്. നേരെ മറിച്ച് ക്രിസ്ത്യാനികൾ സമൂഹമായി ജീവിച്ചു പ്രാർത്ഥനയ്ക്കും ധ്യാന ത്തിനും വേണ്ടത്ര ഊന്നൽ നൽകുകയും, തന്മൂലം ക്രിസ്തുവിനെ സാക്ഷ്യം വഹിക്കുകയും ചെയ്യുക എന്നതായിരുന്നു.

ഇതുപോലെയുള്ള സമൂഹങ്ങൾ ഇന്ത്യയിൽ ഉണ്ടായിരുന്നു. 1870-ൽ സ്ഥാപിതമായ പൂനായിലെ കൗളി ഫാദേഴ്സിന്റെ ആശ്രമവും, 1881-ൽ കൽക്കട്ടായിൽ ഉണ്ടായ ഓക്സ്ഫോർഡ് മിഷൻ ആശ്രമവും ഏതാണ്ട് ഈ വിധത്തിലുള്ളവയായിരുന്നു. 20-ാം നൂറ്റാണ്ടിൽ, ഒന്നാം ലോകമഹാ യുദ്ധത്തെ തുടർന്ന് ഇന്ത്യയുടെ പല സ്ഥലങ്ങളിലും ആശ്രമങ്ങൾ നില വിൽ വന്നു. അവയിൽ പ്രധാനമായവയാണ് 1921-ൽ തിരുപ്പത്തൂർ നില വിൽ വന്ന ക്രിസ്തുകുല ആശ്രമം, ക്രിസ്തുസേവാസംഘം, 1934-ൽ പൂനായ്ക്കടുത്തു സ്ഥാപിതമായ ക്രിസ്തു പ്രേമസേവാസംഘം ആദി യായവ. ഇവയിലെല്ലാം വിദേശ മിഷനറിമാരുടെ നേതൃത്വവും സഹകര ണവുമുണ്ടായിരുന്നു. ഇന്ത്യയിലെ ക്രിസ്ത്യാനികൾ മുൻകൈയെടുത്തു സ്ഥാപിച്ചവയായിരുന്നു മാർത്തോമ്മാ സഭയുടെ ആഭിമുഖ്യത്തിൽ ഉള വായ ചില ആശ്രമങ്ങളും മാങ്ങാനത്തെ ക്രൈസ്തവാശ്രമവും. 1936-ൽ ആരംഭിച്ച തടാകം ആശ്രമവും ഇവിടെ ശ്രദ്ധയർഹിക്കുന്നു. ഓർത്ത ഡോക്സ് സഭാ ബന്ധത്തിൽ, ആ സഭാംഗങ്ങളിൽ ചിലർ ബിഷപ്പ് ഹെർ ബർട്ട് പക്കെൻഹാം വാൾഷിനോടു ചേർന്നു സ്ഥാപിച്ചതാണു തടാകം ആശ്രമം.

**ചോദ്യങ്ങൾ**

1. സാധു സുന്ദർസിംഗിനെപ്പറ്റി നമുക്ക് എന്തറിയാം?

2. ഇന്ത്യൻ മിഷനറി സൊസൈറ്റിയുടെ സുപ്രധാന സംഭാവന എന്താണ്?

3. എൻ.എം.എസ്. വളർന്നു വികസിക്കാതെയിരിപ്പാൻ കാരണമെന്ത്?

4. സുറിയാനി ക്രിസ്ത്യാനികളുടെ മിഷൻ പ്രവർത്തനം അധഃകൃത രായ ജനങ്ങൾക്ക് എന്തു നന്മ ചെയ്തു? അതിന്റെ ന്യൂനത എന്താണ്?

5. ആശ്രമപ്രസ്ഥാനം കൊണ്ട് എന്തു സാധിപ്പാൻ അതിലുൾപ്പെട്ടവർ ഉദ്ദേശിച്ചു?

## പാഠം 4

# ഭാരതവത്ക്കരണ യത്നങ്ങൾ

❑ പ്രാരംഭം ❑ വേദാന്ത ചിന്തയിലൂടെ ❑ പുതുസൃഷ്ടിയുടെ അനുഭവം അടിസ്ഥാനമാക്കി ❑ ഭക്തിമാർഗ വെളിച്ചത്തിൽ

### 1. പ്രാരംഭം

ക്രിസ്തുമാർഗം ഇൻഡ്യൻ സംസ്ക്കാരത്തിനനുയോജ്യമായവിധം വേണം ഇൻഡ്യയിൽ പ്രചരിപ്പിക്കുന്നതിനുദ്യമിക്കുവാനെന്നുള്ള റോബർട്ട് ഡി നൊബിലിയുടെ ആശയഗതി ആദ്യകാലങ്ങളിൽ സഭാകേന്ദ്രങ്ങൾ സ്വീകാര്യമായിക്കരുതിയില്ലെങ്കിലും 19-ാം നൂറ്റാണ്ടായപ്പോഴേയ്ക്കും അതിനൊരു വ്യത്യാസമുണ്ടായി. സാധു സുന്ദർസിംഗ് നിർവഹിച്ച സേവനത്തിന്റെയും ആശ്രമപ്രസ്ഥാനം വഴിയുള്ള പ്രവർത്തനത്തിന്റെയും പിമ്പിൽ ഈ അവബോധം ഒരളവിൽ കാണാവുന്നതാണ്. അതിലുമുപരി, ചിന്താതലത്തിലുള്ള ഭാരതവത്ക്കരണ യത്നങ്ങളാണ് 19-ാം നൂറ്റാണ്ടു മുതൽ വിവിധ രൂപങ്ങളായി നിലവിൽ വന്നത്. അവയിൽ ബ്രിട്ടീഷ് ഇന്ത്യയിലുണ്ടായ മൂന്നു പരിശ്രമങ്ങൾ ശ്രദ്ധേയങ്ങളാണ്.

ഇന്ത്യയിലെ മതഗ്രന്ഥങ്ങളിൽ നിക്ഷിപ്തമായ ആദ്ധ്യാത്മിക ചിന്തകൾ പഠിച്ച്, വെളിച്ചെത്തു വരുത്തുവാൻ ചില പാശ്ചാത്യ പണ്ഡിതന്മാർക്കു കഴിഞ്ഞു. ഈ പശ്ചാത്തലത്തിൽ ഹിന്ദുമതത്തിന്റെ ആദ്ധ്യാത്മിക പാരമ്പര്യത്തെ കഴിയുന്നത്ര സ്വായത്തമാക്കിക്കൊണ്ട് സുവിശേഷം പ്രചരിപ്പിക്കണമെന്നുള്ള ആശയഗതി പല ക്രൈസ്തവരിലും ഉണ്ടായി. അതു പ്രാവർത്തികമാക്കുവാൻ യത്നിച്ച പലരും ഹിന്ദുമതത്തിൽ നിന്നും ക്രിസ്തുമതം അവലംബിച്ചവരോ, അവരുടെ മക്കളോ ആയിരുന്നു. തന്മൂലം പൂർവ്വമതത്തോടു ബഹുമാനവും ക്രിസ്തുമതത്തോടു വേഴ്ചയും നിലനിർത്തുവാൻ അവർ ശ്രമിച്ചു.

### 2. വേദാന്ത ചിന്തയിലൂടെ

അദ്വൈത വേദാന്തത്തിന്റെ ഊന്നൽ നാം ഈ യൂണിറ്റിന്റെ ഒന്നാം പാഠത്തിൽ കണ്ടു. ആത്യന്തിക സത്യത്തെ സച്ചിദാനന്ദ ബ്രഹ്മം മാത്രമായി ആ മതപാരമ്പര്യം ഉൽഘോഷിക്കുന്നു. ആ ഊന്നൽ അടിസ്ഥാനമാക്കിയായിരുന്നു ബ്രഹ്മസമാജത്തിന്റെ മൂന്നാമത്തെ നേതാവായിരുന്ന കേശവചന്ദ്രസെൻ ഹിന്ദുമതത്തിൽ നിന്നുകൊണ്ടു തന്നെ യേശുക്രിസ്തുവിനെ ദൈവത്തിന്റെ നിർണായകമായ അവതാരമായി മനസ്സിലാക്കിയത്. സെന്നിന്റെ പ്രചോദനം ഉൾക്കൊണ്ട ഒരു ബംഗാളി ബ്രാഹ്മണയുവാവ് ക്രിസ്തുമതം സ്വീകരിക്കുകയും ആ ചിന്താധാര കൂടുതൽ

വിശദമായി വ്യാഖ്യാനിക്കുവാൻ ഉദ്യമിക്കുകയും ചെയ്തു. 1907-ൽ നിര്യാതനായ ബ്രഹ്മബാന്ധവ് ഉപാദ്ധ്യായയാണ് ഇപ്രകാരം ചെയ്തത്.

1861-ൽ കൽക്കട്ടായ്ക്കടുത്തുള്ള ഒരു ഗ്രാമത്തിൽ ജനിച്ച ഭവാനി ചാറ്റർ ബാനർജിയാണു പിന്നീടു ബ്രഹ്മബാന്ധവ് എന്ന പേരിൽ വിശ്രുതനായിത്തീർന്നത്. ചെറുപ്പത്തിൽ തന്നെ സംസ്കൃതം നന്നായി വശമാക്കിയ ഈ യുവാവ് ഇംഗ്ലീഷ് ഭാഷയും പ്രശസ്തമായവിധം പഠിച്ചു. 1891-ൽ ബാനർജി ആംഗ്ലേയ സഭയിൽ ചേർന്നു മാമോദീസാ സ്വീകരിച്ചു. എങ്കിലും ആ സഭാബന്ധം താമസംവിനാ ഉപേക്ഷിച്ച് അദ്ദേഹം റോമൻ കത്തോലിക്കാ സഭയുടെ അംഗത്വം സ്വീകരിച്ചു. മാമോദീസാ സ്വീകരിച്ച അവസരത്തിൽ ബാനർജിക്കു നൽകപ്പെട്ട തിയോഫിലോസ് (ദൈവസ്നേഹിതൻ) എന്ന പേരിനെ സംസ്കൃതത്തിലാക്കിയ രൂപമാണ് ബ്രഹ്മബാന്ധവ്. റോമൻ കത്തോലിക്കാ സഭാ ബന്ധത്തിൽ അദ്ദേഹം ക്രിസ്തീയ വേദശാസ്ത്രം ആ സഭാപാരമ്പര്യവുമായി യോജിച്ചുപോകുന്നവിധം നല്ലവണ്ണം പഠിച്ചു. അതിനുശേഷമുള്ള കുറെ വർഷങ്ങൾ അദ്ദേഹം ക്രിസ്തീയ വിശ്വാസത്തെ അദ്വൈത വേദാന്തവുമായി ചേർത്തിണക്കി വ്യാഖ്യാനിക്കുകയും അതു സധൈര്യം ഉദ്ഘോഷിക്കുകയും ചെയ്തു. പിന്നീട്, അദ്ദേഹം ഇന്ത്യയുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടിയും വാദിക്കുവാൻ തുടങ്ങി. അതുമൂലം അന്നത്തെ ഗവൺമെന്റ് അദ്ദേഹത്തെ ബന്ധനസ്ഥനാക്കുകയും, സഭയുടെ സംരക്ഷണം അദ്ദേഹത്തിനു നഷ്ടപ്പെടുകയും ചെയ്തു. ഈ നിലയിലായിരുന്നു ബ്രഹ്മബാന്ധവ് നിര്യാതനായത്.

1894-ൽ സോഫിയ എന്ന പേരിൽ ബ്രഹ്മബാന്ധവ് ഒരു മാസിക ആരംഭിച്ചു. അതിൽക്കൂടി തന്റെ ആശയങ്ങൾ പ്രസിദ്ധീകരിച്ചു. ക്രിസ്തീയ വിശ്വാസം ആസ്പദമാക്കിയുള്ള അദ്ദേഹത്തിന്റെ നിലപാട് ചുരുക്കത്തിലിങ്ങനെയായിരുന്നു: ദൈവത്തെപ്പറ്റി സച്ചിദാനന്ദൻ എന്ന പ്രയോഗം സെന്നിനെപ്പോലെ, ബ്രഹ്മബാന്ധവും അടിസ്ഥാനപരമായി കരുതി. സച്ചിദാനന്ദൻ ത്രിമൂർത്തിയാണ്. നിത്യമായ സത്ത, നിത്യമായ ചിത്തം, നിത്യമായ ആനന്ദം ഇവ മൂന്നും ഒരുമിച്ചു ചേർന്നു വേർപെടാത്ത സംയോജ്യതയിൽ അനാദ്യന്തമായി നിലനിൽക്കുന്ന അപ്രമേയ സത്യമാണ്. ഹിന്ദുമതത്തിൽ തന്നെയുള്ള ഈ ഊന്നൽവഴി ക്രിസ്തീയ വിശ്വാസം ഉദ്ഘോഷിക്കുന്ന ദൈവത്തിന്റെ ത്രിയേകത്വത്തെ ഇന്ത്യൻ പശ്ചാത്തലത്തിലും മനസ്സിലാക്കാവുന്നതാണെന്നു ബ്രഹ്മബാന്ധവ് വ്യക്തമാക്കി. പരിശുദ്ധ ത്രിത്വത്തിലെ രണ്ടാമത്തെ ആൾ - പുത്രൻ അഥവാ വചനം - മനുഷ്യവത്ക്കരണം പ്രാപിച്ചു ലോകത്തിൽ യേശുക്രിസ്തുവായി അവതരിച്ചു എന്നുള്ള ക്രിസ്തീയ നിലപാടിനെ സച്ചിദാനന്ദ, സത്യത്തിലെ ചിത്തത്തിന്റെ മനുഷ്യവത്ക്കരണമായി ഉദ്ഘോഷിക്കുവാൻ ബ്രഹ്മബാന്ധവിനു

കഴിഞ്ഞു. യേശുക്രിസ്തുവിനെ നരഹരി (ദൈവമനുഷ്യൻ, God-Man) എന്ന് അദ്ദേഹം വിശദമാക്കി.

സോഫിയാ എന്ന പ്രതിമാസ പ്രസിദ്ധീകരണം വഴി ക്രിസ്തീയ സത്യം അഭ്യസ്തവിദ്യരായ ഇന്ത്യാക്കാർക്കു വ്യക്തമാക്കാനുള്ള ശ്രമ മായിരുന്നു ബ്രഹ്മബാന്ധവ് ചെയ്തത്. അതിൽ അദ്ദേഹം അവലംബിച്ച നിലപാട് ഇങ്ങനെയായിരുന്നു. ദൈവത്തെപ്പറ്റിയുള്ള പരമസത്യങ്ങളിൽ മിക്കതും പൂർവ്വകാലങ്ങളിലെ ഇന്ത്യൻ ചിന്തകർ അറിഞ്ഞിരുന്നതാണ്. എന്നാൽ പിൽക്കാലങ്ങളിൽ ആ സത്യങ്ങൾ വേണ്ടവണ്ണം ഗ്രഹിക്കാതെ യുള്ള ഒരു വളർച്ചയാണ് ഇന്ത്യയിൽ ഉണ്ടായത്. ഈ അവസ്ഥയിൽ നിന്നും ക്രിസ്തുമതം വിമോചനം നൽകുവാൻ പര്യാപ്തമാണ്. യേശു ക്രിസ്തുവിലുള്ള ദൈവിക വെളിപാട് അതു പ്രദാനം ചെയ്യുന്നു. ആ വെളിപാട് ഇന്ത്യയെ ആത്യന്തികമായ ദൈവിക സത്യത്തിലേയ്ക്കു നയി ക്കുന്നു. ആ സത്യം മനസ്സിലാക്കുവാനുള്ള പശ്ചാത്തലം ആദ്വൈതവേദാ ന്തത്തിലുണ്ട്.

### 3. പുതുജീവന്റെ അടിസ്ഥാനത്തിൽ

ക്രിസ്തുമാർഗത്തെ ഭാരതീയ സംസ്ക്കാരവുമായി ചേർന്നു പോകുന്ന വിധത്തിൽ വേണം ഇന്ത്യയിൽ ഉദ്ഘോഷിക്കുവാനെന്നു സുശക്തം വാദിച്ച പലരും 20-ാം നൂറ്റാണ്ടിൽ മദ്രാസ് കേന്ദ്രമായി പ്രവർത്തിച്ചു. മദ്രാസ് ക്രിസ്ത്യൻ കോളജിൽ (ഈ കോളജിനെപ്പറ്റിയുള്ള സൂചന ഈ യൂണിറ്റ് പാഠം 1-ൽ കാണാം) സേവനമനുഷ്ഠിച്ച പല മിഷനറിമാരും ആ സംരംഭത്തെ പ്രോത്സാഹിപ്പിച്ചു. വേദപുസ്താകാധിഷ്ഠിതമായ വിശ്വാസ വ്യാഖ്യാനത്തിന് സർവതോന്മുഖമായ പ്രാധാന്യം നൽകുന്ന പാരമ്പര്യത്തിൽ രൂപമെടുത്ത പ്രെസ്ബിറ്റീറിയൻ സഭാംഗങ്ങളായിരുന്നു അവിടത്തെ മിഷനറിമാർ.

ഇന്ത്യൻ പാരമ്പര്യത്തോടു ചേർത്ത് ക്രിസ്തുമാർഗം ഉദ്ഘോഷിക്കു വാൻ മദ്രാസ് ഗ്രൂപ്പിൽപെട്ടവരോ അവരുടെ മാതാപിതാക്കളോ മതപരി വർത്തനത്തിനൊരുങ്ങിയത് ഹിന്ദുമതമുൾക്കൊള്ളുന്ന ആദ്ധ്യാത്മികത യോടുള്ള അവജ്ഞ മൂലമായിരുന്നില്ല. പി. ചെഞ്ചയ്യാ ഇങ്ങനെ വ്യക്ത മാക്കുന്നു.

ഇന്നു മതപരിവർത്തനം ചെയ്യുന്നയാൾ ആദ്ധ്യാത്മിക മൂല്യങ്ങളിൽ സ്വന്ത മാതാവായി ഹിന്ദുമതത്തെ മനസ്സിലാക്കുന്നു. ക്രിസ്തുവിനോടുള്ള വിശ്വസ്തത മൂലം ഹൈന്ദവ പൈതൃകത്തോടുള്ള ആദരവ് അയാൾ നിരാകരിക്കുന്നില്ല.

അഥവാ, ഹിന്ദുമതത്തിലെ ആദ്ധ്യാത്മികത ബഹുമാനപൂർവ്വം വീക്ഷി

ച്ചുകൊണ്ടു തന്നെയായിരുന്നു അവർ ക്രിസ്തുമതം സ്വീകരിച്ചത്. ഹിന്ദു മതത്തിനുപരിയായി അവർ ക്രിസ്തുമാർഗത്തിൽ യേശുക്രിസ്തുവിനെ ദർശിച്ചു. അതുകൊണ്ട്, ഒരു വിധത്തിൽ പറഞ്ഞാൽ ഹൈന്ദവ സിദ്ധാന്തമുൾക്കൊള്ളുന്ന ആദ്ധ്യാത്മികതയിൽ നിന്നുകൊണ്ടുതന്നെ ക്രിസ്തുവിൽ നിന്നും ലഭിക്കാവുന്ന പുതുജീവാനുഭവത്തെപ്പറ്റി അവർ ബോധവാന്മാരായിത്തീർന്നു.

ക്രിസ്തുമാർഗത്തെപ്പറ്റിയുള്ള നമ്മുടെ അന്വേഷണം ആരംഭിക്കേണ്ടത് സഭാചരിത്രത്തിലും ക്രൈസ്തവ പാരമ്പര്യത്തിലും കാണാവുന്ന വിശ്വാസപരമായ നിർവ്വചനങ്ങളിലോ വ്യാഖ്യാനങ്ങളിലോ ആയിരിക്കരുതെന്നുള്ളതാണു അവിടെ നിലപാട്. നാം ആരംഭിക്കേണ്ടത് യേശുക്രിസ്തുവിനെ നേരിട്ടറിയുന്ന അനുഭവത്തിലായിരിക്കണം എന്നവർ വ്യക്തമാക്കി. 'ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി; ഇതാ അതു പുതുതായി തീർന്നിരിക്കുന്നു' (2 കൊരി. 5:17). ഈ പുതിയ സൃഷ്ടിയുടെ അനുഭവത്തിൽ നാം വരുന്നതു മൂലം, അതുവഴി നമുക്ക് ദൈവരാജ്യാനുഭവം ലഭ്യമാകുന്നു. അഥവാ ദൈവവുമായുള്ള ആന്തരീയ ബന്ധമാണു മതം നമുക്കു നൽകേണ്ടത്.

ഈ ആശയത്തിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുമാർഗ്ഗത്തിന്റെ വിവിധ വശങ്ങളെയും ഇന്ത്യൻ സാഹചര്യങ്ങളോടു ചേർത്തു വ്യാഖ്യാനിക്കുവാൻ ഉദ്യമിച്ച പലരുമുണ്ടായിരുന്നു. അവരിൽ 1958-ൽ നിര്യാതനായ വി. ചക്കരച്ചെട്ടിയും 1959-ൽ ചരമമടഞ്ഞ പി. ചെഞ്ചയ്യായും പ്രത്യേക പരിഗണനയർഹിക്കുന്നവരാണ്. പുതുക്കോട്ടയിലെ പ്രധാന ജഡ്ജിയായി വളരെനാൾ സേവനമനുഷ്ഠിച്ച ചെഞ്ചയ്യായും ഒരു സാമൂഹ്യപ്രവർത്തകനായിരുന്ന ചക്കരച്ചെട്ടിയും യേശുക്രിസ്തുവിനെ ഇന്ത്യൻ സാഹചര്യത്തിനനുയോജ്യമായവിധം ഉദ്ഘോഷിക്കണമെന്നു മാത്രമല്ല, ക്രിസ്തീയ സഭയേയും സഭാജീവിതത്തെയും ഇന്ത്യൻ സാംസ്ക്കാരിക പാരമ്പര്യവുമായി ചേർന്നുപോകത്തക്കവണ്ണം രൂപാന്തരപ്പെടുത്തണമെന്നും ഉദ്ഘോഷിച്ചു. രണ്ടാശയങ്ങളാണ് അവർ പ്രത്യേകം എടുത്തു പറഞ്ഞത്. ക്രിസ്തീയ വിശ്വാസം ഭാരതീയ പശ്ചാത്തലത്തിലായിരിക്കണം ഇന്ത്യയിലെ ജനങ്ങളോടു പ്രസംഗിക്കുവാൻ; ഇന്ത്യൻ സഭയെ വൈദേശിക പ്രതിഛായയിൽ നിന്നു സമുദ്ധരിക്കണം. ഈ വിധമുള്ള അവരുടെ നിലപാടുകളെല്ലാം അതേപടി സ്വീകരിക്കാവുന്നതല്ലെങ്കിലും അവയിൽ പ്രസക്തങ്ങളായ പലതുമുണ്ടായിരുന്നു. അവർ യേശുക്രിസ്തുവിനു തങ്ങളുടെ ചിന്തയിൽ പ്രഥമ സ്ഥാനം നൽകിയിരുന്നു എന്ന പരമാർത്ഥം ശ്രദ്ധേയമാണ്.

മദ്രാസ് ഗ്രൂപ്പിൽപ്പെട്ട ആളായിരുന്നില്ല എങ്കിലും പല വിധത്തിലും

അതിനോട് ബന്ധം പുലർത്തിയ ഒരു പ്രഗത്ഭ ക്രൈസ്തവ നേതാവാ യിരുന്നു 1962-ൽ ഐഹികവാസം വെടിഞ്ഞ പി. ഡി. ദേവാനന്ദൻ. മദ്രാ സിലെ ആംഗ്ലേയ സഭയിൽ ഒരു പട്ടക്കാരന്റെ മകനായിരുന്ന ഇദ്ദേഹം ആ സഭയിൽ വൈദിക സ്ഥാനത്തവരോധിതനായി. ദക്ഷിണേന്ത്യാ സഭ (C.S.I.) യുടെ രൂപീകരണത്തോടുകൂടി അതിൽ നേതൃസ്ഥാനം സ്ഥാപിച്ചു. ഹൈന്ദവസിദ്ധാന്തം ശ്രദ്ധാപൂർവ്വം പഠിച്ച് അമേരിക്കയിലെ യേൽ (Yale) സർവകലാശാലയിൽ നിന്നും ഡോക്ടർ ബിരുദം കരസ്ഥമാക്കിയ ശേഷം, അദ്ദേഹം ബാംഗ്ലൂരിലെ യുണൈറ്റഡ് തിയോളജിക്കൽ കോളജിൽ അദ്ധ്യാപകനായി ദീർഘവർഷങ്ങൾ സേവനമനുഷ്ഠിച്ചു. ഡോ. ദേവാന ന്ദൻ ക്രിസ്തീയ വിശ്വാസം ആസ്പദമാക്കി സഭയിലംഗീകൃതമായ നില പാടുകളൊന്നും വിമർശനവിധേയമാക്കുവാൻ ശ്രമിച്ചില്ല. വ്യക്തമായ ഒരു ലക്ഷ്യം അദ്ദേഹം കണ്ടു. ഹിന്ദുമതത്തിന് പ്രശംസാർഹമായ ആദ്ധ്യാ ത്മികതയുണ്ടെങ്കിലും അതിന് ആധുനിക ജീവിതത്തിലെ പ്രശ്നങ്ങളെ വേണ്ടവണ്ണം അഭിമുഖീകരിക്കുന്നതിന് വിഘാതമായി നിൽക്കുന്ന രണ്ടു കുറവുകളുണ്ട്. ഒന്നാമത്, ഹിന്ദുമതം പാപത്തിന്റെ വാസ്തവീകമായ യാഥാർത്ഥ്യത്തെ അതിന്റെ അഗാധതയിൽ കാണുന്നില്ല. രണ്ടാമത്, ആദ്ധ്യാത്മികതയെ അത് വ്യക്തിഗതമായ അടിസ്ഥാനത്തിൽ മാത്രമേ ദർശിക്കുന്നുള്ളു. ഈ കുറവുകൾ പരിഹരിക്കുവാൻ ഇന്ത്യയ്ക്കു ക്രിസ്തു മാർഗം അനുപേക്ഷണീയമാണ്. ഹൈന്ദവഭാഗത്തുനിന്നും ക്രിസ്തീയ സഭയ്ക്കു നൽകാവുന്ന സംഭാവനകൾ ഉണ്ടായിരിക്കാമെന്ന് ദേവാനന്ദൻ സമ്മതിക്കുമായിരുന്നു. ഇരു വിഭാഗക്കാരും അവരവരുടെ സവിശേഷത കളെ അന്യോന്യം വിശദമാക്കുക വഴി ആദ്ധ്യാത്മികവും സാമൂഹികവു മായ ജീവിതത്തിൽ സാഹോദര്യവും പരസ്പര ധാരണയും പുലർത്തു വാൻ ഇന്ത്യയിലെ ജനങ്ങൾക്ക് സാധിക്കണം. ഇതിനുവേണ്ടി പ്രവർത്തി ക്കുക എന്നതാണ് ഡോ. ദേവാനന്ദൻ കണ്ട ജീവിതലക്ഷ്യം. ഇതു സാധി ക്കുവാൻ വേണ്ടി അദ്ദേഹം മുൻകൈ എടുത്തു സ്ഥാപിച്ചതാണ് ബാംഗ്ലൂ രിലെ 'ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി സ്റ്റഡി ഓഫ് റിലീജിയൻ ആൻഡ് സൊസൈറ്റി' (C.I.S.R.S).

### 4. ഭക്തിമാർഗത്തിലൂടെ

ഇതിനകം നാം കണ്ടവരെല്ലാം ഹിന്ദുമതത്തെ വേദാന്തസിദ്ധാന്തം ആധാരമാക്കിയുള്ള വിവിധ രൂപങ്ങളിൽ മനസ്സിലാക്കിയിരുന്നവരാണ്. ആ സിദ്ധാന്തം ആത്യന്തിക സത്യത്തെ ആളത്തം എന്നതിനേക്കാൾ ആള ത്തത്തിനതീതമായ അവസ്ഥാവിശേഷമായി ഉദ്ഘോഷിക്കുന്ന പാരമ്പര്യം നിലനിർത്തുന്നു. ഇവിടെ ഹിന്ദുമതത്തിൽ തന്നെ നിലവിലുള്ള വൈവിദ്ധ്യം കാണാം. ദൈവത്തെ ആത്യന്തികമായും സ്നേഹമൂർത്തി യായ ആളത്തമായി മനസ്സിലാക്കി ഭക്ത്യാദരപുരസരം അവിടുത്തെ

വണങ്ങി ആരാധിക്കുന്ന പാരമ്പര്യവും ഹിന്ദുമതത്തിൽ തന്നെയുണ്ട്. നാം മുകളിൽ കണ്ട മദ്രാസ് ഗ്രൂപ്പിൽപെട്ട പലരും ആ പാരമ്പര്യം മനസ്സിലാക്കിയിരുന്നവരായിരുന്നു. എന്നാൽ ആ പശ്ചാത്തലത്തിൽ ക്രിസ്തുമാർഗത്തെ ഉദ്ഘോഷിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ച ദേഹമാണ് ബിഷപ്പ് എ. ജെ. അപ്പസ്വാമി.

ഹിന്ദുമതത്തിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്ത തിരുനൽവേലി ദേശീയനായിരുന്നു അപ്പസ്വാമിയുടെ പിതാവ്. ഇന്ത്യയിൽ തന്നെ കോളജ് വിദ്യാഭ്യാസം കഴിച്ചശേഷം അപ്പസ്വാമി അമേരിക്കയിലും ഇംഗ്ലണ്ടിലും തന്റെ ഉപരിപഠനം നടത്തി. വി. യോഹന്നാന്റെ സുവിശേഷത്തെ ഹിന്ദുമതത്തിലെ ഭക്തിമാർഗവുമായി ഘടിപ്പിക്കുന്ന ചിന്തയാണ് അദ്ദേഹം പ്രത്യേകം വളർത്തിയെടുത്തത്. ആംഗ്ലേയ സഭയിൽ വൈദികനായും ബിഷപ്പായും അവരോധിതനായ അപ്പസ്വാമി സി.എസ്.ഐ. യുടെ ആവിർഭാവത്തോടെ, ആ സഭയിൽ ബിഷപ്പായി 1958 വരെയും നേതൃത്വം വഹിച്ചു.

യോഹന്നാന്റെ സുവിശേഷത്തിലും മറ്റു ചില പുതിയനിയമ ഭാഗങ്ങളിലും എടുത്തുപറയുന്ന 'വചനം' പ്രപഞ്ചത്തിൽ വ്യാപരിക്കുന്ന ദൈവാത്മ സാന്നിദ്ധ്യം (അന്തര്യാമിൻ) ആയി മനസ്സിലാക്കാമെന്ന് അദ്ദേഹം വിശദീകരിച്ചു. ആ അന്തര്യാമിൻ അഥവാ പ്രപഞ്ചത്തിൽ അന്തർലീനമായി അനുസ്യൂതം സ്ഥിതിചെയ്യുന്ന ദൈവാത്മാവ് യേശുക്രിസ്തുവിൽ വെളിപ്പെട്ടു.

അപ്പസ്വാമി സഭാവിശ്വാസത്തെ ചോദ്യം ചെയ്തില്ല. ഹിന്ദുമതത്തെ ബഹുമാനപൂർവ്വം വീക്ഷിക്കുന്ന നിലപാട് അവലംബിക്കുകയും ചെയ്തു. ക്രിസ്തീയ വിശ്വാസത്തെ ഹൈന്ദവപശ്ചാത്തലത്തിൽ വ്യാഖ്യാനിക്കുവാൻ അദ്ദേഹം ശ്രമിച്ചത് വേദാന്തപാരമ്പര്യവുമായിട്ടായിരുന്നില്ല, ഭക്തിമാർഗവുമായിട്ടായിരുന്നു. അതുപോലെ സഭാവിശ്വാസത്തിലും അദ്ദേഹം ഒരു പ്രത്യേക നിലപാടാണ് സ്വീകരിച്ചത്. ത്രിത്വോപദേശത്തെ, ഏകതത്വാവലംബികളായ മൂന്ന് മൂർത്തികളായിട്ടല്ല (One Substance and three Persons), സമ്പൂർണ്ണമായ പരസ്പര ഐക്യത്തിൽ നിത്യമായി കഴിയുന്ന മൂന്ന് വ്യക്തികളായി അദ്ദേഹം മനസ്സിലാക്കി. അതുപോലെ, യേശുക്രിസ്തുവിന് പിതാവിനോടുള്ള ബന്ധം നമുക്ക് ദൈവത്തോടുണ്ടായിരിക്കേണ്ട ബന്ധം പോലെ മാത്രമായിരുന്നുവെന്നും അപ്പസ്വാമി ഉപദേശിച്ചു.

അപ്പസ്വാമി നിർവഹിക്കുവാൻ യത്നിച്ച ഭാരതവത്ക്കരണം അതേപടി സ്വീകരിക്കാവുന്നതല്ലെങ്കിലും, അദ്ദേഹത്തിന്റെ ശ്രമത്തിനു പിമ്പിൽ കിടക്കുന്ന നിർദ്ദേശത്തെ അഭിനന്ദിക്കേണ്ടതാണ്.

### ചോദ്യങ്ങൾ

1. വേദാന്ത സിദ്ധാന്ത വെളിച്ചത്തിൽ ബ്രഹ്മബാന്ധവ് യേശുക്രിസ്തുവിനെ എങ്ങനെ ഉദ്ഘോഷിച്ചു?

2. പി. ചെഞ്ചയ്യാ, വി. ചക്കരച്ചെട്ടി, പി. ഡി. ദേവാനന്ദൻ എന്നിവരുടെ ചിന്താഗതി പരാമർശിക്കുക?

3. ബിഷപ്പ് എ. ജെ. അപ്പസ്വാമിയുടെ വ്യാഖ്യാനം ചൂണ്ടിക്കാണിക്കുക?

പാഠം 5

# മലങ്കര സുറിയാനി സഭ

❑ പ്രാരംഭം ❑ മാർതോമ്മാ സുറിയാനി സഭ ❑ 'യാക്കോബായ' സുറിയാനി സഭ ❑ കാതോലിക്കാ സ്ഥാപനം

### 1. പ്രാരംഭം

1876-ലെ മുളന്തുരുത്തി സുന്നഹദോസിനുശേഷമുണ്ടായ രാജകീയ കോടതിവിധിയെ തുടർന്നു മലങ്കര സുറിയാനി സഭ രണ്ടായി പിളർന്നു. നവീകരണ വിഭാഗം മാർത്തോമ്മാ സുറിയാനി സഭയായും അതിനെ നിരാകരിച്ച സമൂഹം അന്ത്യോക്യൻ സുറിയാനി സഭാബന്ധത്തിൽ 'യാക്കോബായ' (ഓർത്തഡോക്സ്) സഭയായും നിലനിന്നു. ഇവയിൽ രണ്ടാമത്തെ വിഭാഗം 20-ാം നൂറ്റാണ്ടിൽ രണ്ടായി പിരിഞ്ഞു. ഇങ്ങനെ നിലവിൽ വന്ന മൂന്നു സമൂഹങ്ങളെയും ആസ്പദമാക്കി 20-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിലെ സുപ്രധാന വിവരങ്ങൾ ഈ പാഠത്തിൽ ചേർക്കുന്നു.

### 2. മാർത്തോമ്മാ സുറിയാനി സഭ

സഭയെ ആകമാനം നവീകരിക്കുക സാദ്ധ്യമല്ലെന്നു മാത്യൂസ് മാർ അത്താനാസ്യോസിന് ആരംഭം മുതൽ തന്നെ അറിയാമായിരുന്നു.

അതിനാൽ ആവശ്യമായ വിട്ടുവീഴ്ചകൾ ചെയ്തു വിഭജനം ഒഴിവാക്കുവാൻ അദ്ദേഹം സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. എന്നാൽ ആ നയം നവീകരണ വിരുദ്ധരെ തൃപ്തരാക്കിയില്ല. അവർ 1865-ൽ മാർ ദീവന്നാസ്യോസ് അഞ്ചാമനെ പാത്രിയർക്കീസിനാൽ മെത്രാൻ സ്ഥാനത്തവരോധിതനാക്കി വരുത്തുകയും തങ്ങളുടെ നേതാവായി സ്വീകരിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ സ്വന്ത നില ഉറപ്പിക്കു

വാൻ വേണ്ടി മാത്യൂസ് മാർ അത്താനാസ്യോസ് തന്റെ പിതൃസഹോദര പുത്രൻ തോമസിനെ അത്താനാസ്യോസ് എന്ന പേരിൽ പിൻഗാമിയായി വാഴിച്ചു. പിന്നീട് 1877–ൽ അദ്ദേഹം നിര്യാതനായപ്പോൾ, പഴയസെമിനാരിയും സമുദായ സ്വത്തുക്കളും പ്രധാന പള്ളികളും തോമസ് മാർ അത്താനാസ്യോസിന്റെ അധീനതയിൽ തന്നെ നിലനിന്നു. എന്നാൽ അവയെ വിടർത്തിയെടുക്കുവാനുള്ള ശ്രമം മാർ ദീവന്നാസ്യോസ് അഞ്ചാമൻ ആരംഭിച്ചു.

സെമിനാരിക്കുവേണ്ടിയുള്ള കോടതി വ്യവഹാരം 1879 ജനുവരിയിൽ തുടങ്ങി. അത് ആലപ്പുഴ ജില്ലാക്കോടതി കടന്നു തിരുവിതാംകൂർ ഹൈക്കോടതിയിലെത്തി. ആ കോടതി മാർ ദീവന്നാസ്യോസിന്റെ കക്ഷിക്കനുകൂലമായി 1885–ൽ അതിന്മേൽ വിധി നൽകി. തോറ്റ കക്ഷി അതിനുശേഷം രാജകീയകോടതിയിൽ അപ്പീൽ കൊടുത്തു. അതുകേട്ട മൂന്നു ജഡ്ജിമാരിൽ രണ്ടു പേർ ഹൈക്കോടതി വിധി ശരിവച്ചും ഒരാൾ അതിനോടു വിയോജിച്ചും കേസു തീരുമാനിച്ചു. ഭൂരിപക്ഷ ജഡ്ജിമാരുടെ വിധി തിരുവിതാംകൂർ മഹാരാജാവ് പ്രാബല്യത്തിൽ വരുത്തി. ഈ തീരുമാനത്തെ അംഗീകരിക്കുന്ന നിലപാട് കൊച്ചി മഹാരാജാവും അവലംബിച്ചു. പിന്നീടു പള്ളികൾക്കും മറ്റും വേണ്ടിയുള്ള കേസുകൾ കുറെക്കാലം കൂടി നീണ്ടു നിന്നു എങ്കിലും 1889–ലെ തീരുമാനം നിർണ്ണായകമായിരുന്നു. ഇങ്ങനെ ചുരുക്കം ചില ഇടവകപ്പള്ളികളൊഴിച്ചുള്ള ബഹുഭൂരിപക്ഷം പള്ളികളും പഴയസെമിനാരിയും സമുദായ സ്വത്തുക്കളും എല്ലാം 'യാക്കോബായ' വിഭാഗത്തിനു ലഭിച്ചു.

നവീകരണ വിഭാഗം നിരാശരായി എങ്കിലും ഭഗ്നാശരായില്ല. മാർ തോമ്മാ സുറിയാനി സഭ എന്ന പേരു സ്വീകരിച്ചുകൊണ്ടു ഒരു സ്വതന്ത്ര സഭയായി മുമ്പോട്ടു പോകുവാൻ അവർ തീരുമാനിച്ചു. അന്ത്യോക്യൻ സുറിയാനി പാരമ്പര്യത്തിലധിഷ്ഠിതമായ സഭാരൂപം അവലംബിച്ചുകൊണ്ട് സുവിശേഷത്തിനനുയോജ്യമായ ഉപദേശം നിലനിർത്തണമെന്നുള്ളതായിരുന്നു അവർ കണ്ട ലക്ഷ്യം. ഇതിലേയ്ക്ക് അവർ പല സ്ഥലങ്ങളിലും പ്രാർത്ഥനാക്കൂട്ടങ്ങളെ സംഘടിപ്പിച്ചു. 1888–ൽ തന്നെ ഒരു 'ഇവാഞ്ചലിക്കൽ അസോസിയേഷൻ' രൂപീകരിച്ചു. ഇതു പിന്നീടു മാർതോമ്മാ ഇവാഞ്ചലിക്കൽ അസോസിയേഷൻ എന്ന പേരു സ്വീകരിച്ചു കൊണ്ടു വളർന്നു.

ആദ്യ ദശകങ്ങളിൽ മാർതോമ്മാ സഭയെ സുശക്തമാക്കുവാൻ സഹായിച്ചത് സുവിശേഷം ആസ്പദമാക്കിയുള്ള അതിന്റെ ഈ ഊന്നലായിരുന്നു. അതു വളരെ ആളുകളെയും മാർതോമ്മാ സഭയിലേയ്ക്കു ആകർഷിച്ചു. എന്നാൽ ആ കാലങ്ങളിൽ പല സുവിശേഷകരും സഭയെ ഗൗര

വപൂർവ്വം കരുതാതെ വ്യക്തിഗതമായ അടിസ്ഥാനത്തിൽ സുവിശേഷം ഉദ്ഘോഷിക്കുകയും ആത്മീയാനുഭവം എന്ന ധാരണയിൽ വികാരപ്രക ടനങ്ങളിൽ അനിയന്ത്രിതമായി പോകുകയും ചെയ്തതുമൂലം ദോഷങ്ങ ളുണ്ടായിട്ടുണ്ട്. അത് സഭയെന്ന നിലയ്ക്ക് മാർത്തോമ്മാ സഭയുടെ നില നിൽപിനെ സാരമായി ബാധിച്ചില്ല. 1893-ൽ തോമസ് മാർ അത്താനാ സ്യോസ് പിൻഗാമിയെ വാഴിക്കുന്നതിനു സാധിക്കാതെ നിര്യാതനായി. എങ്കിലും അഞ്ഞൂർ സഭാദ്ധ്യക്ഷന്റെ സഹകരണത്തിൽ ആ പ്രശ്ന ത്തിനു പരിഹാരം നേടുവാൻ മാർതോമ്മാ സഭയ്ക്കു കഴിഞ്ഞു. അഞ്ഞൂർ മെത്രാൻ തോമസ് അത്താനാസ്യോസിന്റെ സഹോദരൻ തീത്തോസിനെ മെത്രാപ്പോലീത്താ സ്ഥാനത്തു വാഴിച്ചുകൊടുത്തു. പുതിയ മെത്രാൻ അധികം താമസിയാതെ തീത്തോസ് രണ്ടാമനെ സഫ്രഗൻ മെത്രാനായി അവരോധിച്ചു. അതുമൂലം 1910-ൽ മാർ തീത്തോസ് ഒന്നാമൻ ചരമഗതി പ്രാപിച്ചപ്പോൾ സഭ അനാഥമായിരുന്നില്ല. തീത്തോസു രണ്ടാമൻ 1917-ൽ അബ്രഹാം മാർതോമ്മായെ മെത്രാൻ സ്ഥാനത്തുയർത്തി. 1943 വരെ അവരിരുവരും ചേർന്നു സഭയെ നയിച്ചു.

1947-ൽ അബ്രഹാം മാർതോമ്മാ ഐഹികവാസം വെടിയുന്നതിനകം മാർതോമ്മാസഭയ്ക്കു ശ്രദ്ധേയമായ വളർച്ചയുണ്ടായി. 1926-ൽ കോട്ട യത്തു മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി സ്ഥാപിതമാകുകയും പല സ്ഥലങ്ങളിലുമായി അനേകം പുതിയ പള്ളികൾ നിർമ്മിക്കപ്പെടു കയും ചെയ്തു. കേരളത്തിലും പുറത്തുമായുള്ള മിഷൻ പ്രവർത്തന ങ്ങളിൽ സഭ വളരെയധികം പുരോഗമിച്ചു. ഈ വളർച്ചയിൽ മാർതോമ്മാ സഭയ്ക്കു പ്രോട്ടസ്റ്റന്റു മിഷൻ പല വിധത്തിലും സഹായ സഹകരണ ങ്ങൾ നൽകി.

### 3. യാക്കോബായ സഭ

മുളന്തുരുത്തി സുന്നഹദോസ് തൃപ്തികരമായി അവസാനിച്ചു. എന്നാൽ പാത്രിയർക്കീസും മലങ്കരസഭയും തമ്മിൽ ആശയപരമായി സാരമായ അഭിപ്രായാന്തരം ഉണ്ടായിരുന്നു. അത് 19-ാം നൂറ്റാണ്ടിൽ കുറെ യെല്ലാം പ്രകടിതമായി എങ്കിലും ശരിയായവിധം അതു വെളിച്ചത്തു വന്നതു മാർ ദീവന്നാസ്യോസ് അഞ്ചാമന്റെ പിൻഗാമി മാർ ദിവന്നാ സ്യോസ് ആറാമന്റെ കാലത്തായിരുന്നു. ഈ മെത്രാപ്പോലീത്താ 1908-ൽ പത്രോസ് തൃതീയന്റെ രണ്ടാം പിൻഗാമി മാർ അബ്ദുള്ളാ ദ്വിതീയനിൽ നിന്ന് മേല്പട്ടസ്ഥാനം സ്വീകരിച്ച ദേഹമായിരുന്നു.

പത്രോസ് തൃതീയൻ മുളന്തുരുത്തി സുന്നഹദോസിൽ വച്ചും അതി നുശേഷവും പാത്രിയർക്കീസിനു മലങ്കരസഭമേൽ ആത്മികവും ലൗകീ കവുമായ സർവ്വാധികാരമുണ്ടെന്നു സ്ഥാപിക്കുവാനുള്ള ശ്രമമാണ്

നടത്തിയത്. അതുറപ്പിച്ചു കിട്ടുവാൻ വേണ്ടി ആ വസ്തുത സമ്മതിക്കുന്ന ഉടമ്പടികൾ അദ്ദേഹം മേൽപട്ടസ്ഥാനം നല്കിയ ആറു പേരോടും വാങ്ങി. പല പള്ളികളിൽ നിന്നും അതു വാങ്ങുവാനുള്ള ശ്രമം പരിപൂർണ്ണമായി വിജയിച്ചില്ലെങ്കിലും ചിലതിൽ നിന്ന് അദ്ദേഹത്തിനതു ലഭിച്ചു. എന്നാൽ ദിവന്നാസ്യോസ് അഞ്ചാമൻ ഉടമ്പടി കൊടുത്തില്ല. പോരെങ്കിൽ 1889-ലെ രാജകീയ കോടതിവിധി പാത്രിയർക്കീസിനു മലങ്കരസഭമേൽ ആത്മീയാധികാരം മാത്രമേയുള്ളു എന്നു വ്യക്തമാക്കുകയും ചെയ്തു.

1909-ൽ അബ്ദുള്ളാ പാത്രിയർക്കീസ് മലങ്കരസഭ സന്ദർശിച്ചു. അദ്ദേഹത്തിന്റെ വരവിനു പ്രത്യേകമായ ഉദ്ദേശ്യമുണ്ടായിരുന്നു. മലങ്കരസഭ ആത്മികവും ലൗകികവുമായ എല്ലാ കാര്യങ്ങളിലും പാത്രിയർക്കീസിന്റെ അധീശത്വത്തിനു വിധേയമാണെന്ന വസ്തുത സ്ഥാപിക്കുവാൻ പത്രോസ് പാത്രിയർക്കീസ് ഉദ്യമിച്ചു വിജയം വരിക്കാതെ കിടന്നത് ഉറപ്പിച്ചു നിർത്തുക എന്നുള്ളതായിരുന്നു അത്. ഈ ഉദ്ദേശ്യം പ്രവർത്തിപഥത്തിൽ വരുത്തുവാൻ മാർ അബ്ദുള്ളാ ചെയ്ത കാര്യങ്ങൾ ശ്രദ്ധേയങ്ങളാണ്. ഒന്ന്; മലങ്കരസഭമേൽ പാത്രിയർക്കീസിനു എല്ലാവിധ അധികാരങ്ങളുമുണ്ടെന്നു സമ്മതിക്കുന്ന രേഖ മലങ്കര അസോസിയേഷനിൽ നിന്നും വാങ്ങുക. രണ്ട്, ആ തരത്തിലുള്ള രേഖ മേല്പട്ട സ്ഥാനാർത്ഥികളെക്കൊണ്ടും പ്രധാന പള്ളികളെക്കൊണ്ടും ഉണ്ടാക്കിവച്ച് രജിസ്റ്റർ ചെയ്യിച്ചു വയ്ക്കുക. മൂന്ന് സുറിയാനിക്കാരനായ ഒരു ബിഷപ്പിനെ സ്വന്തം ഡലിഗേറ്റായി നിയമിച്ച് അദ്ദേഹത്തിൽ കൂടി മലങ്കരസഭയെ കഴിയുന്നിടത്തോളം നേരിട്ടു തന്നെ ഭരിക്കുക.

ഇതൊന്നും നടപ്പിലാക്കുവാൻ പാത്രിയർക്കീസിനു സാധിച്ചില്ല. മാർ ദിവന്നാസ്യോസ് ആറാമൻ ഉടമ്പടി കൊടുക്കാതെ പൊതുവിന്റെ മെത്രാനായിട്ടായിരുന്നു 1908-ൽ സ്ഥാനമേറ്റത്. അതിനുശേഷം ദിവന്നാസ്യോസ് അഞ്ചാമന്റെ നിര്യാണാനന്തരം അദ്ദേഹം മലങ്കര മെത്രാപ്പോലീത്താ ആയി അംഗീകരിക്കപ്പെടുകയും ചെയ്തു. എന്നാൽ അദ്ദേഹം പാത്രിയർക്കീസിനു ഉടമ്പടി കൊടുക്കുവാൻ വിസമ്മതിച്ചു. മലങ്കര അസോസിയേഷനും ആ നിലപാടു തന്നെ അവലംബിച്ചു. ഒരു ഡലിഗേറ്റിനെ ഔദ്യോഗികമായി സ്വീകരിക്കുന്ന കാര്യത്തിലും സഭ സമ്മതം നൽകിയില്ല. ഇതിന്റെയെല്ലാം പിറകിൽ ദിവന്നാസ്യോസ് ആറാമൻ പ്രവർത്തിച്ചിരിക്കാമെന്നു പാത്രിയർക്കീസ് ഊഹിച്ചു.

മലങ്കര മെത്രാപ്പോലീത്തായ്ക്കു രണ്ടു കൂട്ടു ട്രസ്റ്റികളുണ്ടായിരുന്നു. ഒരാൾ പട്ടക്കാരനും മറ്റെയാൾ അത്മായക്കാരനും ആയിരിക്കണമെന്നായിരുന്നു സഭയിലെ വ്യവസ്ഥ. മാർ ദിവന്നാസ്യോസ് ആറാമൻ പാത്രിയർക്കീസുമായി അഭിപ്രായാന്തരത്തിൽ വന്നപ്പോൾ അദ്ദേഹത്തിന്റെ കൂട്ടു

ട്രസ്റ്റികൾ രണ്ടും പാത്രിയർക്കീസിന്റെ ഭാഗം ചേർന്നു. ഈ അനുകൂല സാഹചര്യം മാർ അബ്ദുള്ളാ ഉപയോഗപ്പെടുത്തി. മെത്രാപ്പോലീത്തായെ കീഴ്പ്പെടുത്തണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി 1911 ജൂൺ 8-ാം തീയതി മാർ ദിവന്നാസ്യോസ് ആറാമനെ സഭയിൽ നിന്നും നിഷ്ക്കാസനം ചെയ്യുന്ന മുടക്കു കല്പന പ്രസിദ്ധീകരിച്ചു. എന്നാൽ അതുകൊണ്ട് സഭ രണ്ടായി പിളർന്നതല്ലാതെ ഉദ്ദേശിച്ച ഫലം നേടിയെടുക്കുവാൻ പാത്രിയർക്കീസിനു സാധിച്ചില്ല.

1911 മുതൽ കേരളത്തിലെ 'യാക്കോബായ' (ഓർത്തഡോക്സ്) സഭ രണ്ടു തട്ടുകളിലായി സ്ഥിതി ചെയ്തു. മാർ ദിവന്നാസ്യോസിനെ അനുകൂലിച്ചവർ 1912-ൽ കാതോലിക്കാ സ്ഥാപനം നിലവിൽ വരുത്തി. അതിനെപ്പറ്റിയുള്ള വിവരങ്ങൾ ഈ പാഠത്തില തന്നെ പിന്നാലെ ചേർത്തിട്ടുണ്ട്. വിഭജിതമായ സഭയെ സംബന്ധിച്ചുള്ള ചില വസ്തുതകൾ ഇവിടെ എടുത്തു പറയുന്നു.

പത്രോസ് പാത്രിയർക്കീസ് മലങ്കരസഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ച വിവരം മുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. ആ ഭദ്രാസനങ്ങൾ കൊച്ചി, അങ്കമാലി, കണ്ടനാട്, കോട്ടയം, നിരണം, തുമ്പമൺ, കൊല്ലം എന്നിവ ആയിരുന്നു. ഇവയ്ക്കും പുറമേ മാർ അബ്ദുള്ളാ തെക്കുംഭാഗ സമുദായത്തെ (ക്നാനായക്കാർ) ഒരു ഭദ്രാസനമായി അംഗീകരിച്ച് അതിന് ഒരു മെത്രാനെയും നിയമിച്ചു. ഇങ്ങനെ വിഭജിതമായിത്തീർന്ന മലങ്കരസഭയിൽ 1911-ൽ എട്ടു ഭദ്രാസനങ്ങൾ ഉണ്ടായിരുന്നു. അവയിൽ തെക്കുംഭാഗ സമുദായം മുഴുവനും പാത്രിയർക്കീസ് ഭാഗത്തുതന്നെ നിന്നു. മറ്റു ഭദ്രാസനങ്ങളിൽ അങ്കമാലിയും കണ്ടനാടും മിക്കവാറും ആകമാനം പാത്രിയർക്കീസിനെ അനുകൂലിച്ചു. എന്നാൽ കോട്ടയം ഏകദേശം പകുതി വീതം ഓരോ കക്ഷിയിലും ബാക്കിയുള്ളവയിൽ ബഹുഭൂരിപക്ഷം മെത്രാപ്പോലീത്തായോടു ചേർന്നും കഴിയുന്നവിധം സമുദായം പിളർന്നു.

പഴയസെമിനാരിയുടെയും വട്ടിപ്പണമുൾപ്പെടെയുള്ള പൊതു സ്വത്തുക്കളുടെയും ഉടമസ്ഥാവകാശം ഏതു കക്ഷിക്കിരിക്കണമെന്നു സ്ഥാപിച്ചു കിട്ടുവാൻ വട്ടിപ്പണക്കേസും പല പള്ളികളേയും കുറിച്ചുള്ള പ്രത്യേക കേസുകളും 1913 മുതൽ ഏകദേശം 1930 വരെ കോടതികൾ വഴി നടന്നു. അവയിലെല്ലാം അന്തിമവിജയം മെത്രാപ്പോലീത്തായുടെ കക്ഷിക്കു ലഭിച്ചു. 1931-ൽ അന്ത്യോക്യൻ സുറിയാനി സഭാദ്ധ്യക്ഷനായിരുന്ന മാർ ഇഗ്നാത്യോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് അന്നത്തെ ഇൻഡ്യൻ വൈസ്രോയി ഇർവിൻ പ്രഭുവിന്റെ നിർദേശാനുസരണം കേരളം സന്ദർശിച്ചു. സഭയിലെ രണ്ടു വിഭാഗങ്ങളെയും തമ്മിൽ യോജിപ്പിക്കുവാൻ അദ്ദേഹത്തിനു സാധ്യമായില്ല. സ്വന്ത കക്ഷിയെ ബലപ്പെടുത്തുവാൻ അദ്ദേഹം ചെയ്ത യത്നവും ഫലപ്രദമായില്ല. 1934-ൽ മാർ ദിവ

ന്നാസ്യോസ് ജയാളിയായി ഐഹികവാസം വെടിഞ്ഞു. അതിനുശേഷം 1937-ൽ വീണ്ടും ആരംഭിച്ച വ്യവഹാരം 1958-ൽ സുപ്രീംകോടതി മാർ ദിവന്നാസ്യോസിന്റെ കക്ഷിക്ക് അനുകൂലമായും കാതോലിക്കാ സ്ഥാപനത്തെ ഉറപ്പിച്ചും വിധി നൽകി. ആ വിധി പുനർവിചാരണ ചെയ്യണമെന്നുള്ള പാത്രിയർക്കീസ് ഭാഗത്തിന്റെ അപ്പീൽ സുപ്രീംകോടതി തള്ളിയതോടെ കക്ഷികൾ തമ്മിൽ രമ്യപ്പെട്ടു എങ്കിലും, ആ സ്ഥിതി ദീർഘകാലം നീണ്ടുനിന്നില്ല. ഈ വസ്തുത അടുത്ത യൂണിറ്റിൽ പരാമർശിക്കുന്നുണ്ട്.

## 4. കാതോലിക്കാ സ്ഥാപനം

1911-ൽ അബ്ദുള്ളാ പാത്രിയർക്കീസ്, ദിവന്നാസ്യോസ് ആറാമൻ മെത്രാപ്പോലീത്തായെ മുടക്കിയ സംഭവം സമുദായത്തിൽ വലിയ കോളിളക്കമുണ്ടാക്കി. ഗണ്യമായ വിഭാഗം ജനങ്ങളെ അത് അത്യധികം ക്ഷോഭിപ്പിച്ചു. മേലാൽ ഇത്തരമൊരനുഭവം മലങ്കരസഭയ്ക്കുണ്ടാകാതെയിരിപ്പാനുള്ള മാർഗം അവർ ആരാഞ്ഞു. അവരുടെ അഭിലാഷം സാധിക്കാവുന്ന പാരമ്പര്യം അന്ത്യോക്യൻ സുറിയാനിസഭയിൽ തന്നെയുണ്ടെന്നവർ മനസ്സിലാക്കി.

ഏകദേശം 628 മുതൽ അന്ത്യോക്യൻ സുറിയാനി സഭയിൽ ഉൾഭരണാവകാശം നിലനിർത്തുന്ന ഒരു സഭാഘടകം മെസ്സപ്പൊട്ടോമിയൻ നാടുകളിൽ രൂപംകൊണ്ടു. അതിന്റെ അദ്ധ്യക്ഷപദം തെഗ്രീസിലെ കാതോലിക്കായിൽ നിക്ഷിപ്തമായിരുന്നു. പാത്രിയർക്കീസിനു സിറിയൻ പ്രദേശങ്ങളിൽ ഉണ്ടായിരുന്ന അധീശത്വം കാതോലിക്കായ്ക്കു മെസപ്പൊട്ടോമിയായിൽ പ്രയോഗിക്കാവുന്ന വ്യവസ്ഥ 629 മുതൽ പ്രയോഗത്തിൽ വന്നു. ഇരുവിഭാഗക്കാരും, അന്യോന്യം ഐക്യം പുലർത്തിയും സംഘട്ടനങ്ങളൊഴിവാക്കിയും പുരോഗമിക്കുന്നതിനാവശ്യമായ നിയമങ്ങൾ ഔദ്യോഗികമായി സ്വീകരിച്ചു കഴിഞ്ഞുവന്നു.

മെസപ്പൊട്ടോമിയൻ ദേശങ്ങളിലെ അന്ത്യോക്യൻ സുറിയാനിക്കാർ അനുഭവിച്ചുവന്ന സഭാ സ്വാതന്ത്ര്യം തങ്ങൾക്കുമുണ്ടായിരിക്കണമെന്നു മലങ്കര സുറിയാനി സഭാനേതാക്കൾ നിശ്ചയിച്ചു. 1912-ൽ മലങ്കരസഭയിൽ കാതോലിക്കാ സ്ഥാപനം നിലവിൽ വരുത്തി തങ്ങളുടെ നിശ്ചയം സഫലീകൃതമാക്കി.

ഇവിടെയും സാഹചര്യം മലങ്കരസഭയ്ക്കനുകൂലമായി വന്നു. ഈ പരിപാടിയിൽ സഹകരണം നൽകുവാൻ അബ്ദുള്ളാ പാത്രിയർക്കീസിന്റെ മുൻഗാമി, തുർക്കി സർക്കാരിന്റെ ഇടപെടൽ മൂലം ആ നാടുകളിൽ പ്രവർത്തന സ്വാതന്ത്ര്യമില്ലാതെ കഴിഞ്ഞുവന്ന അബ്ദുൽ മശിഹാ

പാത്രിയർക്കീസ് ഇന്ത്യയിലെത്തി. കാതോലിക്കായെ വാഴിക്കുന്ന കർമ്മത്തിൽ അദ്ദേഹം തന്നെ നേതൃത്വം നൽകിയത് മലങ്കരസഭ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

കാതോലിക്കാ സ്ഥാപനത്തിന്റെ പ്രാധാന്യം ഇവിടെ പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്.

1. എപ്പിസ്ക്കോപ്പാ, കശീശാ, ശെമ്മാശ്ശൻ എന്നിങ്ങനെ മൂന്നു വൈദികസ്ഥാനങ്ങൾ ഏകദേശം രണ്ടാം നൂറ്റാണ്ടു മുതൽ സഭയിൽ രൂപംകൊണ്ടതായി നമുക്കു തെളിവുണ്ട്. അവ ക്രമേണയായി ഓരോ ദേശത്തെയും സഭയുടെ ആവശ്യവും പ്രാധാന്യവും അനുസരിച്ചു വികസിച്ചു. അങ്ങനെ എപ്പിസ്ക്കോപ്പാസ്ഥാനം എപ്പിസ്ക്കോപ്പായ്ക്കു പുറമെ മെത്രാപ്പോലീത്താ, കാതോലിക്കാ, പാത്രിയർക്കീസ് എന്നീ പദവികളുൾക്കൊണ്ടതായി അഞ്ചാം നൂറ്റാണ്ടായപ്പോഴേയ്ക്കും വളർന്നു.

2. ഇവരിൽ കാതോലിക്കാ, പാത്രിയർക്കീസ് എന്നീ പദവികൾ സ്വയം നിർണായകത്വവും സ്വകീയതയും നിലനിർത്തിവന്ന ദേശീയ സഭകളുടെ ആകമാന നേതൃത്വം വഹിക്കുന്നവയായിരുന്നു. 'പാത്രിയർക്കീസ്' പുരാതന റോമാസാമ്രാജ്യത്തിലും 'കാതോലിക്കാ' ആ സാമ്രാജ്യത്തിനു വെളിയിലും ഉള്ള സഭകളിലായിരുന്നു ഇങ്ങനെ സ്ഥാനം പ്രാപിച്ചത്. ഉദാഹരണമായി റോമാസാമ്രാജ്യത്തിലെ സഭയിൽ റോം, കുസ്തന്തീനോപ്പോലീസ്, അലക്സന്ത്ര്യാ, അന്ത്യോക്യാ, യെറുശലേം എന്നീ കേന്ദ്രങ്ങളിലെ എപ്പിസ്ക്കോപ്പാമാർ 'പാത്രിയർക്കീസ്' (പ്രധാന പിതാവ്) എന്ന് ഏകദേശം 5-ാം നൂറ്റാണ്ടു മുതൽ വിളിക്കപ്പെട്ടു. റോമാ സാമ്രാജ്യത്തിനു പുറത്തു പേർഷ്യാ, അർമേനിയാ, ജോർജ്ജിയാ തുടങ്ങിയ സഭകളിൽ അതേ സ്ഥാനത്തു സേവനമനുഷ്ഠിച്ചവരെ 'കാതോലിക്കാമാർ' എന്നു പറഞ്ഞു വന്നു.

3. അപ്പോസ്തോലിക പാരമ്പര്യവും സുദീർഘ ചരിത്രവുമുള്ളതാണു മലങ്കരസഭ. അതിനു സ്വയംനിർണായകത്വവും സ്വകീയതയും പ്രാവർത്തികമാക്കുവാൻ അതിന്റേതായ സംവിധാനം നൂറ്റാണ്ടുകൾക്കു മുമ്പു തന്നെ വളർത്തിയെടുക്കേണ്ടതായിരുന്നു.

4. പൗരസ്ത്യ സഭാ പാരമ്പര്യ വെളിച്ചത്തിലാണ് ഈ അവകാശം മലങ്കരസഭ പ്രാവർത്തികമാക്കേണ്ടത്. അതുതന്നെ അതിന്റെ എപ്പിസ്ക്കോപ്പൽ സുന്നഹദോസു വഴി അവലംബിക്കുന്ന നടപടി മൂലം മാത്രമാണ്.

5. എന്നാൽ 20-ാം നൂറ്റാണ്ടിന്റെ ആരംഭദശയിലെ സാഹചര്യത്തിൽ മലങ്കരസഭ ആകമാനം ചേർന്ന് ആ വികസനം പ്രാവർത്തികമാക്കുന്ന

തിനു വിഷമതയുണ്ടായിരുന്നു. അക്കാരണത്താൽ സഭയിലെ ഇരു കക്ഷി കളെയും പ്രതിനിധാനം ചെയ്യാവുന്ന പാത്രിയർക്കീസിന്റെ നേതൃത്വം അന്നു സഭയ്ക്കു ലഭിച്ചതു കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണെ ങ്കിലും അതു അനുപേക്ഷണീയമായിരുന്നതല്ല.

ബസേലിയോസ് എന്ന സ്ഥാനപ്പേരോടു കൂടി 1912-ൽ കണ്ടനാട് ഭദ്രാ സനത്തിന്റെ മെത്രാപ്പോലീത്താ ആയിരുന്ന മുറിമറ്റത്തിൽ മാർ ഈവാ നിയോസിനെ കാതോലിക്കാ ആയി ഉയർത്തി. ഏതാനും മാസങ്ങൾക്കു ശേഷം 1913-ൽ അദ്ദേഹം ദിവംഗതനായി എങ്കിലും ഒരു പിൻഗാമിയെ 1925 വരെയും വാഴിച്ചില്ല. അന്നു സ്ഥാനം പ്രാപിച്ച മാർ ഗീവറുഗീസ് പ്രഥമൻ കാതോലിക്കായും ദീർഘനാൾ ജീവിച്ചില്ല. അദ്ദേഹത്തിനുശേഷം കാതോലിക്കാ സ്ഥാനത്തവരോധിതനായ മാർ ബസേലിയോസ് ഗീവറു ഗീസ് ദ്വിതീയൻ 1964 വരെയും ജീവിച്ചു സഭയ്ക്കു നേതൃത്വം നൽകി.

**ചോദ്യങ്ങൾ**

1. മാർതോമ്മാസഭയുടെ വളർച്ചയെപ്പറ്റി ഓർത്തിരിക്കേണ്ട പ്രധാന സംഗതികൾ ഏവ?

2. 'യാക്കോബായ' (ഓർത്തഡോക്സ്) സഭയിലെ പിരിവ് എങ്ങനെ യുണ്ടായി?

3. കാതോലിക്കാ സ്ഥാപനത്തിന്റെ പ്രാധാന്യമെന്ത്?

## പാഠം 6

# റോമിന്റെ കീഴിൽ സ്വയംപര്യാപ്തത

❑ പ്രാരംഭം ❑ സീറോ-മലബാർ സഭ ❑ സീറോ-മലങ്കരസഭ ❑ ലത്തീൻ സഭ

### 1. പ്രാരംഭം

പുനഃസംവിധാനം പ്രാപിച്ചതോടെ ഇന്ത്യയിലെ റോമൻ കത്തോലിക്കാ സഭ പുരോഗമന പാതയിലെത്തി. അതു കേരളത്തിലെ സീറോമലബാർ സമൂഹത്തിനു വളരെ പ്രോത്സാഹജനകമായിരുന്നു. ആ കാലത്തു മല ങ്കര ഓർത്തഡോക്സ് സഭയിൽ നിന്നും മാർ ഈവാനിയോസ് മെത്രാ പ്പോലീത്തായും മറ്റും റോമുമായി ഐക്യപ്പെട്ടു. അതുമൂലം അന്ത്യോ ക്യൻ റീത്ത് അഥവാ സീറോ മലങ്കര റീത്ത് നിലവിൽ വന്നു. കേരള ത്തിലും ഇന്ത്യയുടെ മറ്റു പല ഭാഗങ്ങളിലും ലത്തീൻ കത്തോലിക്കാ

സമൂഹവും അഭൂതപൂർവ്വമായി പുരോഗമിച്ചു. താണവർഗ്ഗങ്ങളിൽ നിന്നും സമൂഹം ആകമാനമുള്ള മതപരിവർത്തനങ്ങൾ (Mass Conversions), പ്രോട്ടസ്റ്റന്റു സഭകളിലേയ്ക്കെന്നപോലെ, റോമൻ കത്തോലിക്കാ സഭയിലേയ്ക്കും പല സ്ഥലങ്ങളിലുമുണ്ടായി.

## 2. സീറോ-മലബാർ സഭ

1896-ൽ സീറോ-മലബാർ സഭയ്ക്കു എറണാകുളം, തൃശൂർ, ചങ്ങനാശ്ശേരി എന്നിങ്ങനെ മൂന്നു അപ്പോസ്തോലിക വികാരിമാരെ റോം നൽകിയ വിവരം കഴിഞ്ഞ യൂണിറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്. ആ ബിഷപ്പന്മാർ എറണാകുളത്തു ലൂയിസ് പഴയപറമ്പിലും തൃശൂരിൽ ജോൺ മേനാച്ചേരിയും ആയിരുന്നു. തെക്കുംഭാഗ സമുദായാംഗമായിരുന്ന മാത്യു മാക്കീലിനു വടക്കുംഭാഗ സമുദായ കേന്ദ്രമായിരുന്ന ചങ്ങനാശ്ശേരി അനുയോജ്യമായിരുന്നില്ല. അതുമൂലം തെക്കുംഭാഗക്കാർക്കും ഒരളവിൽ പ്രാബല്യമുണ്ടായിരുന്ന കോട്ടയത്തെ 1911-ൽ ഒരു അപ്പോസ്തോലിക വികാരിയുടെ ആസ്ഥാനമാക്കി മാത്യു മാക്കീലിനെ അവിടേയ്ക്കു മാറ്റി. ചങ്ങനാശ്ശേരി തോമസ് കുര്യാളശ്ശേരിയുടെ നേതൃത്വത്തിൽ അപ്പോസ്തോലികവികാരിയുടെ ഭരണകേന്ദ്രമായി നിലനിൽക്കുകയും ചെയ്തു. 1925-ൽ ബിഷപ്പ് കുര്യാളശ്ശേരിയുടെ നിര്യാണത്തെ തുടർന്ന് 1928 മുതൽ 1949 വരെ ജെയിംസ് കാളാശ്ശേരി ചങ്ങനാശ്ശേരിയിലെ ബിഷപ്പായി സേവനമനുഷ്ഠിച്ചു.

സീറോ-മലബാർ സഭയെ ആസ്പദമാക്കിയുള്ള ഒരു സുപ്രധാന തീരുമാനം 1923-ൽ റോം അവലംബിച്ച വസ്തുത യൂണിറ്റ് II, പാഠം 5-ൽ സൂചിപ്പിച്ചിട്ടുണ്ട്. അന്ന്, എറണാകുളത്തെ ആർച്ചു ബിഷപ്പിന്റെ ആസ്ഥാനമായും അതിനോടുചേർന്നു തൃശൂർ, കോട്ടയം, ചങ്ങനാശ്ശേരി എന്നിവ ബിഷപ്പന്മാരുടെ കേന്ദ്രങ്ങളായും റോം പ്രഖ്യാപിച്ചു. 1896-ൽ എറണാകുളത്തെ അപ്പോസ്തോലിക വികാരിയായി നിയമിതനായ ലൂയിസ് പഴയപറമ്പിൽ 1919-ൽ നിര്യാതനാകുകയും അദ്ദേഹത്തിന്റെ പിൻഗാമി അഗസ്തിൻ കണ്ടത്തിൽ ആർച്ചുബിഷപ്പു സ്ഥാനം പ്രാപിച്ചു 1956 വരെ സഭയെ നയിക്കുകയും ചെയ്തു. തൃശൂരിൽ ജോൺ മേനാച്ചേരിയുടെ പിൻഗാമിയായി സ്ഥാനമേറ്റ ഡോ. ഫ്രാൻസിസ് വാഴപ്പള്ളി 1942 വരെ സഭാഭരണം നിർവഹിച്ചു. കോട്ടയത്തെ സഭാധിപനായി 1911-ൽ ചങ്ങനാശ്ശേരിയിൽ നിന്നും സ്ഥലംമാറി വന്ന ഡോ. മാത്യു മാക്കീലിന്റെ അനന്തരഗാമിയായി ഡോ. അലക്സാണ്ടർ ചൂളപ്പറമ്പിൽ 1951 വരെ സഭയെ നയിച്ചു.

സീറോ-മലബാർ സഭയ്ക്കു റോമിന്റെ കീഴിൽ സ്വകീയത ലഭ്യമായതോടെ ആ സഭ കേരളത്തിലെ ഒരു പ്രബല സമുദായമായി വളർന്നു.

19-ാം നൂറ്റാണ്ടിൽ ആ സഭയിൽ സ്ഥാപിതമായ ഏക സന്യാസി സമൂഹം 1831-ൽ സംഘടിതമായ മാന്നാനത്തെ സെന്റ് തോമസ് ക്രിസ്ത്യൻ കർമ്മലീത്താ ഭവനമായിരുന്നു എങ്കിലും 20-ാം നൂറ്റാണ്ടിൽ മറ്റു പല സ്ഥാപനങ്ങളും ഉണ്ടായി. സ്കൂളുകളും കോളജുകളും ആ സഭ പല സ്ഥലങ്ങളിലും സ്ഥാപിച്ചു. റോമിന്റെ അധീശത്വം സ്വീകരിച്ചുകൊണ്ടു സഭയുടെ സ്വകീയത നേടിയെടുക്കുവാൻ വേണ്ട നേതൃത്വം 19-ാം നൂറ്റാണ്ടിൽ നൽകിയതു മാന്നാനത്തെ കർമ്മലീത്താ സമൂഹമായിരുന്നു.

### 3. സീറോ-മലങ്കര സഭ

1930-ൽ മലങ്കര ഓർത്തഡോക്സ് സഭയിലെ ബഥനിയുടെ മെത്രാപ്പോലീത്താ മാർ ഈവാനിയോസ് റോമുമായി ഐക്യപ്പെട്ടു. ഈ സംഭവം നടന്നവിധം ശ്രദ്ധേയമാണ്. മാർ ഈവാനിയോസ് ഇന്ത്യയിലെ സീറോ-മലബാർ സമൂഹത്തോടൊ, ലത്തീൻ കത്തോലിക്കാ സമൂഹത്തോടോ ചേർന്നു അതുവഴി റോമൻ കത്തോലിക്കാ സഭയിൽ അംഗത്വം സ്വീകരിക്കുകയായിരുന്നില്ല. റോമുമായി നേരിട്ടു ബന്ധം പുലർത്തി സീറോമലബാർ സഭപോലെയോ ലത്തീൻ കത്തോലിക്കാ സഭ പോലെയോ സ്വകീയതയുള്ള ഒരു സമൂഹത്തിനു രൂപംകൊടുക്കുകയായിരുന്നു. അന്ത്യോക്യൻ സിറിയൻ പാരമ്പര്യം നിലനിർത്തുന്ന കേരളത്തിലെ സഭയാകമാനം അല്ലെങ്കിലും അതിന്റെ ഒരു ഗണ്യമായ ഭാഗം അദ്ദേഹത്തിന്റെ കൂടെയുണ്ടെന്നും സഭ മുഴുവനെയും ക്രമേണ റോമുമായി ബന്ധപ്പെടുത്തുക സാദ്ധ്യമെന്നും മാർ ഈവാനിയോസ് റോമിനെ മനസ്സിലാക്കിയിരിക്കണം. അതെങ്ങനെയിരുന്നാലും മാർ ഈവാനിയോസിന്റെ കൂടെ മാർ തിയോഫിലോസും കുറെ അനുയായികളുമുണ്ടായിരുന്നു. കുറെക്കാലത്തേയ്ക്കു പല സ്ഥലങ്ങളിലും ഏതാനും പട്ടക്കാരും ജനങ്ങളും അദ്ദേഹത്തോടു ചേരുവാൻ മുമ്പോട്ടുവരുകയും ചെയ്തു. ആ കൂട്ടത്തിൽ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ പേരു സ്മരണാർഹമാണ്. തെക്കുംഭാഗ വിഭാഗത്തിന്റെ മെത്രാപ്പോലീത്താ മാർ ദിയസ്ക്കോറോസിന്റെ പേരും എടുത്തു പറയാം. ഈ വിധത്തിൽ റോമൻ കത്തോലിക്കാ സഭയിൽ ഒരു പുതിയ റീത്തും അതുപയോഗിക്കുന്ന ഒരു സമൂഹവും കേരളത്തിലുണ്ടായി. അതിനെയാണു സീറോ-മലങ്കര (മലങ്കര സിറിയൻ കത്തോലിക്കാ) സഭ എന്നു പറഞ്ഞു വരുന്നത്.

റോമുമായി ഐക്യപ്പെടുന്നതിനു മുമ്പു മാർ ഈവാനിയോസിനു ഓർത്തഡോക്സ് സഭയിൽ സമുന്നതമായ ഒരു സ്ഥാനമുണ്ടായിരുന്നു. മാർ ദിവന്നാസ്യോസ് ആറാമനോടും ഓർത്തഡോക്സ് സഭയോടും വളരെയധികം കടപ്പെട്ട ദേഹമായിരുന്നു അദ്ദേഹം. ധനതത്വശാസ്ത്രത്തിൽ എം.എ. ബിരുദം സമ്പാദിച്ച ഇദ്ദേഹം ഫാദർ പി. റ്റി. ഗീവറുഗീസായി

കോട്ടയത്തെ എം.ഡി. സെമിനാരി ഹൈസ്ക്കൂളിന്റെ ഹെഡ്മാസ്റ്ററും പ്രിൻസിപ്പാളുമായി സേവനമനുഷ്ഠിച്ചിരുന്ന കാലത്തായിരുന്നു 1912-ൽ മലങ്കരയിൽ കാതോലിക്കാ സ്ഥാപനമുണ്ടായത്. സഭയുടെ ഒരു വിശ്വസ്ത ഭടനെന്ന നിലയിൽ ആ പരിപാടിയുടെ വിജയത്തിനുവേണ്ടി അദ്ദേഹം ആത്മാർത്ഥമായി യത്നിച്ചു. അതിനുശേഷം ഓർത്തഡോക്സ് സഭാംഗമെന്ന നിലയിൽ ഫാദർ ഗീവറുഗീസ് 1914 മുതൽ 1918 വരെ സെറാമ്പൂർ കോളജിൽ അദ്ധ്യാപകനായി പ്രവർത്തിച്ചു. 1919 മുതൽ പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടി പ്രത്യേകം ബഥനി ആശ്രമങ്ങൾ സ്ഥാപിച്ചു. സഭാസേവനത്തിൽ വ്യാപൃതനായിരിക്കുമ്പോൾ 1925-ൽ അദ്ദേഹം ബഥനിയുടെ മെത്രാൻ സ്ഥാനത്തവരോധിതനായി. പിന്നീട് 1929-ൽ മെത്രാപ്പോലീത്താ പദം പ്രാപിച്ചു.

1923-ൽ ഓർത്തഡോക്സ് വിഭാഗത്തിനെതിരായുള്ള തിരുവിതാംകൂർ ഹൈക്കോടതി വിധി മാർ ദിവന്നാസ്യോസ് ആറാമൻ ഉൾപ്പെടെ സഭാനേതാക്കളെ എല്ലാം നൈരാശ്യത്തിലാഴ്ത്തിയിരുന്നു. ആ അവസരത്തിൽ റോമുമായി ഐക്യപ്പെട്ടു പൊല്ലാപ്പൊഴിക്കുവാൻ അവർ മനസ്സു വച്ചേക്കുമെന്നു മാർ ഈവാനിയോസ് പ്രതീക്ഷിച്ചു. അതു പ്രവൃത്തിപഥത്തിൽ വരുത്തുവാൻ അദ്ദേഹം പരമാവധി യത്നിച്ചു. എന്നാൽ അതിനു വഴിപ്പെടുവാൻ അവരാരും മുമ്പോട്ടു വന്നില്ല. മാർ ഈവാനിയോസ് റോമുമായി ഐക്യപ്പെട്ടു സീറോ-മലങ്കരസഭയുടെ നേതാവായി 'തിരുവനന്തപുരം ആർച്ചുബിഷപ്പ്' എന്ന പേരിൽ റോം അദ്ദേഹത്തെ അംഗീകരിച്ചു.

ഓർത്തഡോക്സ് സഭാനേതാക്കൾ അദ്ദേഹത്തെ സഭാപരിവർത്തനത്തിനു പ്രോത്സാഹിപ്പിച്ച ശേഷം പിന്മാറിക്കളഞ്ഞു എന്ന ആരോപണം മാർ ഈവാനിയോസ് തന്നെയും അദ്ദേഹത്തിന്റെ ചില അനുയായികളും ഉന്നയിച്ചിട്ടുണ്ട്. ഈ ആരോപണം വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെയും അവർക്കു പിൻമാറുവാനുള്ള അവകാശം നിഷേധിക്കാവുന്നതല്ലല്ലോ. എന്നാൽ രണ്ട് ചോദ്യങ്ങൾ ഇവിടെയുണ്ട്. ഒന്ന്, അവരുടെ പ്രോത്സാഹനം ഇല്ലായിരുന്നുവെങ്കിൽ മാർ ഈവാനിയോസ് റോമുമായി ഐക്യപ്പെടുന്ന കാര്യം ചിന്തിക്കാതെയിരിക്കുമെന്നു വരുമോ? രണ്ട്, റോമുമായി ചേർന്നതിനെപ്പറ്റി മാർ ഈവാനിയോസോ അനുയായികളോ അതു വേണ്ടായിരുന്നു എന്നു ചിന്തിക്കുന്നുണ്ടോ? ഈ ചോദ്യങ്ങൾ വേണ്ടവണ്ണം അഭിമുഖീകരിക്കുന്നപക്ഷം, ആരോപണങ്ങൾക്കു പ്രസക്തിയൊന്നുമില്ല. റോമിന്റെ ആഗോളാധീശത്വവാദം സമ്മതിച്ചുകൊണ്ടു മാർ ഈവാനിയോസും അനുയായികളും മാർപാപ്പായുടെ ആദ്ധ്യാത്മിക നേതൃത്വം സ്വീകരിച്ചു തൃപ്തിയടഞ്ഞു. എന്നാൽ ആ നില അവലംബിക്കുവാൻ മറ്റുള്ളവർ തയ്യാറായില്ല.

ഈ വിഷയത്തോടനുബന്ധിച്ച് നാം ഓർത്തിരിക്കേണ്ടതാണ് പല റോമൻ കത്തോലിക്കാ സഭാചരിത്രകാരന്മാരും ഓർത്തഡോക്സ് സഭയെപ്പറ്റി ഒരു നിരൂപണം എടുത്തു പറയാറുണ്ടെന്നുള്ള വസ്തുത. 1653-ലെ കൂനൻകുരിശു സത്യത്തോടു വിശ്വസ്തരായിക്കഴിയുന്ന കേരള സഭാനേതാക്കളിൽ മിക്കവരും ഏകദേശം 1660 മുതൽ റോമുമായി 'പുനരൈക്യം' അഭിലഷിച്ചവരായിരുന്നു എന്നു സ്ഥാപിക്കുവാൻ ഈ ചരിത്രകാരന്മാർ ബദ്ധപ്പെടുന്നു. അതിനു തെളിവായി ഈ അഭിവാഞ്ഛ രേഖപ്പെടുത്തുന്ന ആ നേതാക്കളുടെ കത്തുകളും മറ്റും അവർ ഉദ്ധരിക്കുന്നു. മാർ ദിവന്നാസ്യോസ് ഒന്നാമനെപ്പറ്റിയുള്ള ഈ വാദം യൂണിറ്റ് 1, പാഠം 3-ൽ പരാമർശിച്ചിട്ടുണ്ട്. ഈ വിധം എടുത്തു കാണിക്കുന്ന കത്തുകളുടെ പശ്ചാത്തലവും ഉദ്ദേശ്യവും പരിശോധിക്കാതെ അവ അടിസ്ഥാനമാക്കിയുള്ള നിഗമനമൊന്നും സാധൂകരണമർഹിക്കുന്നതല്ല. ഇവിടെ നാം ഒരു പരമാർത്ഥം കണക്കിലെടുക്കണം. 1660 മുതൽ ഈ വിധം കത്തുകളെഴുതിയവരിൽ മാർ ഈവാനിയോസും അനുയായികളുമല്ലാതെ മറ്റാരും റോമുമായി ഐക്യപ്പെടുവാൻ മുതിർന്നില്ല. അതിൽ നിന്നും വ്യക്തമാകുന്നത് അവർ പ്രഥമസ്ഥാനം കൊടുത്തത് റോമുമായുള്ള ഐക്യത്തിനായിരുന്നില്ല എന്നാണല്ലോ. അവർ അഭിമുഖീകരിച്ചു വന്ന പ്രശ്നങ്ങളെ എങ്ങനെ തരണം ചെയ്യാമെന്നുള്ളതു മാത്രമായിരുന്നു അവരുടെ ചിന്ത. അതിനുവേണ്ടി അവർ റോമുമായി ചേർന്നാലോ എന്നു ചിന്തിച്ചിരിക്കാം. എന്നാൽ അതു 'പുനരൈക്യ'ത്തിനു വേണ്ടിയുള്ള വാഞ്ഛയായിരുന്നില്ല. ഇതു മാത്രമേ മാർ ഈവാനിയോസും ചെയ്തുള്ളു. റോമുമായി ഐക്യപ്പെട്ട് ഒരു ലക്ഷ്യം നേടിയെടുക്കാമെന്ന് അദ്ദേഹത്തിനു ബോധ്യമായി. ആ ഉദ്ദേശ്യം സാധിക്കുമെന്ന് കണ്ടതോടെ മാർ ഈവാനിയോസ് റോമുമായുള്ള ബന്ധം സ്വീകരിച്ചു. അഥവാ ഒരു പൗരസ്ത്യ സഭാ വിഭാഗമെന്ന നിലയിൽ മലങ്കരസഭയ്ക്കു സ്വകീയമായ സനാതനത്വം ഇന്ത്യൻ പശ്ചാത്തലത്തിലുണ്ടെന്നുള്ള വസ്തുത അവരും മാർ ഈവാനിയോസും മനസ്സിലാക്കിയില്ല.

### 4. ലത്തീൻ കത്തോലിക്കാ സഭ

ലത്തീൻ പാരമ്പര്യത്തിൽ പദ്രോവാദോയ്ക്കും പ്രോപ്പഗാൻഡായ്ക്കും വിധേയമായി നിലനിന്നു വന്ന ഇന്ത്യയിലെ സഭയുടെ 19-ാം നൂറ്റാണ്ടിലെ അവസ്ഥ ഇതിനകം നാം കണ്ടു. ഒരു കണക്കനുസരിച്ച് 1864-ൽ പദ്രോവാദോയ്ക്കു വിധേയമായി സ്ഥിതിചെയ്ത നാലു മെത്രാസനങ്ങളിൽ പോർട്ടുഗീസാധിപത്യത്തിനു കീഴിൽ, 77 ഇടവകകളും അവയിലെല്ലാം കൂടി 2,50,000 വിശ്വാസികളുമുണ്ടായിരുന്നു. ഇവയ്ക്കു പുറമെ പോർട്ടുഗീസാധിപത്യത്തിൽപ്പെടാതെയുള്ള സ്ഥലങ്ങളിൽ 206 ഇടവകകളും അവയോടു ചേർന്നു 200,00 ലധികം വിശ്വാസികളും അധിവസിച്ചു വന്നു. അതേ

അവസരത്തിൽ പ്രോപ്പഗാൻഡാ ഭരണത്തിൻകീഴിൽ 800,000-ൽ കൂടുതൽ വിശ്വാസികളാണുണ്ടായിരുന്നത്. അഥവാ രണ്ടു കൂട്ടത്തിലുമായി അന്ന് 1,300,000 ഓളം ലത്തീൻ കത്തോലിക്കർ ഇന്ത്യയിൽ വസിച്ചിരുന്നു.

1884-ൽ ലീയോ പതിമൂന്നാമൻ മാർപാപ്പാ കൽക്കട്ടാ, ഡാക്കാ, ഹൈദ്രബാദ്, കൊളമ്പ്, ജാഫ്നാ എന്നീ പദ്രോവാദോ ഭദ്രാസനങ്ങളെ നിറുത്തൽ ചെയ്തുവെങ്കിലും, 1886-ൽ കൊച്ചി, മൈലാപ്പൂർ, ഡാമാവൂൻ എന്നീ ഭദ്രാസനങ്ങൾ ചേർന്നുള്ള ഒരു മഹാഇടവകയായി റോം ഗോവായെ അംഗീകരിച്ചു. അതേ അവസരത്തിൽ പ്രോപ്പഗാൻഡായുമായി ചേർന്നു കഴിഞ്ഞുവന്ന ആഗ്രാ, ബോംബേ, കൽക്കട്ടാ, മദ്രാസ്, പോണ്ടിച്ചേരി, വരാപ്പുഴ എന്നീ കേന്ദ്രങ്ങളെ മഹാഇടവകകളായും അതാതിന്റെ ഭരണസീമയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന ഭദ്രാസനങ്ങളെയും റോം ക്രമീകരിച്ചു.

19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടങ്ങളിലും റോമൻ കത്തോലിക്കാ സഭയുടെ മിഷൻ പ്രവർത്തനം വഴി വളരെയേറെ വളർച്ച ഇന്ത്യൻ സഭയ്ക്കുണ്ടായില്ല. ആ കാലങ്ങളിൽ കുറെ വളർച്ചയുണ്ടായതു ചില സമൂഹങ്ങൾ ആകമാനം പല സ്ഥലങ്ങളിലും മതപരിവർത്തനത്തിനു ഒരുമ്പെട്ടതു മൂലമായിരുന്നു. പ്രൊട്ടസ്റ്റന്റു മിഷൻ സമൂഹങ്ങൾക്കുണ്ടായ വിജയം ഈ കാര്യത്തിൽ റോമൻ കത്തോലിക്കാ സഭയ്ക്കുമുണ്ടായി. 1876-നു ശേഷം മധുര മിഷനോടു ചേർന്നും, വരാപ്പുഴ, കൊല്ലം എന്നീ മെത്രാസനങ്ങളുടെ ആഭിമുഖ്യത്തിലും, ഹൈദ്രബാദ് മെത്രാസനത്തിനു കീഴിലും, മദ്രാസ് മഹായിടവകയുടെ ബന്ധത്തിൽ നെല്ലൂർ ആദിയായ സ്ഥലങ്ങളിലും, വിശാഖപട്ടണം, ഗുജറാത്ത്, മഹാരാഷ്ട്ര, ലാഹോർ എന്നീ പ്രദേശങ്ങളിലും ഈദൃശ പരിവർത്തനങ്ങൾ നടന്നു. ഇവയ്ക്കും പുറമേ, ചോട്ടാ നാഗപ്പൂർ, ആസ്സാം എന്നീ സ്ഥലങ്ങളിലും സഭ വളർന്നു.

വൈദികരുടെ വിദ്യാഭ്യാസം നിർവഹിക്കുവാൻ ലത്തീൻ കത്തോലിക്കാ സമുദായം പല സെമിനാരികളും സ്ഥാപിച്ചു. അവയിൽ രണ്ടു സ്ഥാപനങ്ങൾ ഇവിടെ അനുസ്മരിക്കേണ്ടതായുണ്ട്. അവയിലൊന്നാണു കേരളത്തിൽ 1766-ൽ സമാരംഭിച്ചത്. പ്രോപ്പഗാൻഡാ മുൻകൈയെടുത്തു സുറിയാനിക്കാർക്കും ലത്തീൻകാർക്കും വേണ്ടി ഒരു സെമിനാരി ഉണ്ടാക്കണമെന്ന് 1764-ൽ തീരുമാനിച്ചു. അതു രണ്ടു കൊല്ലത്തിനുശേഷം സുറിയാനിക്കാർക്കുവേണ്ടി ആലങ്ങാട്ടും ലത്തീൻകാർക്കായി വരാപ്പുഴയും തുടങ്ങി. 1774-ൽ രണ്ടും കൂടി വരാപ്പുഴയിൽ ഒരുമിച്ചുചേർത്തു. 1866-ൽ ആ സെമിനാരിയെ പുത്തൻപള്ളിയിലേയ്ക്കു മാറ്റി. പിന്നീട് 1932-ൽ അത് ആലുവായിൽ സ്ഥാപിതമായി. അതാണ് ആലുവായിലെ പ്രസിദ്ധിയാർജിച്ച മംഗലപ്പുഴ സെമിനാരി.

രണ്ടാമത്തേത് 1894-ൽ ശ്രീലങ്കയിലെ കാൻഡിയിൽ പതിമൂന്നാം ലീയൊ മാർപാപ്പായുടെ നിർദ്ദേശാനുസരണം സ്ഥാപിതമായി. സ്വാതന്ത്ര്യ ലബ്ധിയോടു കൂടി അതിനെ പൂനായിലേയ്ക്കു മാറ്റി. 19-ാം നൂറ്റാണ്ടിൽ ഇൻഡ്യൻ സഭയിൽ വൈദികരുടെ ഖേദകരമായ അഭാവം ഉണ്ടായി. ആ പ്രശ്നം പരിഹരിക്കുവാൻ സമാരംഭിച്ചതായിരുന്നു കാൻഡിയിലെ സെമിനാരി. ഇന്ന് അതു പൂനായിലെ ജസ്വിത്തരുടെ വിദ്യാഭ്യാസകേന്ദ്രമായി പരിലസിക്കുന്നു.

19-ാം നൂറ്റാണ്ടിൽ, മാന്നാനത്തെ കർമ്മലീത്താ ഭവനവും ഗോവായിലെ ഫ്രാൻസിസ് സേവ്യർ സൊസൈറ്റിയും സ്ഥാപിതമാകുന്നതുവരെ ഇന്ത്യയിൽ റോമൻ കത്തോലിക്കാ സഭയുടെ ബന്ധത്തിൽ സന്യാസ സമൂഹങ്ങൾ ഉണ്ടായില്ല. എന്നാൽ 20-ാം നൂറ്റാണ്ടിൽ പല സന്യാസി സമൂഹങ്ങളും സന്യാസികൾക്കായുള്ള ഭവനങ്ങളും രൂപംകൊണ്ടു. അതുപോലെ 19-ാം നൂറ്റാണ്ടിൽ ആശുപത്രികൾ, അനാഥമന്ദിരങ്ങൾ ആദിയായവയും അധികമൊന്നും ഉണ്ടായില്ല. അതിനും വ്യത്യാസമുണ്ടായി. പല സ്ഥലങ്ങളിലും ആശുപത്രികളും അനാഥ മന്ദിരങ്ങളും സ്ഥാപിതമായി. സ്കൂളുകൾ, കോളജുകൾ ആദിയായവയും നിർമ്മിതങ്ങളായി. വിദ്യാഭ്യാസ രംഗത്തുള്ള സേവനവും നിർവഹിക്കുവാൻ തുടങ്ങി.

സഭയുടെ വളർച്ച വലുതായി ഉണ്ടായി എന്നു പറഞ്ഞു കൂടാ. ഒരു കണക്കനുസരിച്ച് 1921-ൽ ഇന്ത്യയിലെ റോമൻകത്തോലിക്കാ സഭയുടെ അംഗത്വം 6,000,000-നു താഴെയായിരുന്നു. മറ്റു സഭകളും അധികമായി വളർന്നില്ല. കത്തോലിക്കാ സഭയ്ക്ക് അംഗസംഖ്യ രാജ്യത്തെ ആകമാന ജനസംഖ്യയുടെ 1.77 ശതമാനം മാത്രമായിരുന്നു ഉണ്ടായിരുന്നത്.

## ചോദ്യങ്ങൾ

1. സീറോ-മലബാർ സഭയുടെ 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിലെ വളർച്ചയെപ്പറ്റി എന്തറിയാം?

2. സീറോ-മലങ്കരസഭ എങ്ങനെ രൂപംകൊണ്ടു?

3. ഈ രണ്ടു സമൂഹങ്ങളിലുംപെട്ട ചരിത്രകാരന്മാർ മലങ്കര ഓർത്തഡോക്സ് സഭയെപ്പറ്റി ചെയ്യുന്ന നിരൂപണത്തെ എങ്ങനെ വിലയിരുത്തും?

4. ലത്തീൻ കത്തോലിക്കരുടെ വളർച്ച എങ്ങനെ പുരോഗമിച്ചു?

# യൂണിറ്റ് 4

# സ്വതന്ത്ര ഭാരതത്തിലെ സഭ

## പാഠം 1

## ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധി

❑ പ്രാരംഭം ❑ സ്വാതന്ത്ര്യസമരം: ഒന്നാം ഘട്ടം ❑ സ്വാതന്ത്ര്യസമരം: രണ്ടാം ഘട്ടം ❑ സ്വാതന്ത്ര്യസമരം: മൂന്നാം ഘട്ടം ❑ സ്വാതന്ത്ര്യസമരം: നാലാം ഘട്ടം ❑ ഇന്ത്യൻ ക്രിസ്ത്യാനികളുടെ പങ്ക്.

### 1. പ്രാരംഭം

ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യം നേടിയെടുക്കുവാൻ ഇന്ത്യ ഏർപ്പെട്ട സമരത്തിലെ നാലു പ്രധാന ഘട്ടങ്ങൾ എടുത്തു കാണിച്ച് അവ ഓരോന്നിലും നടന്ന ശ്രദ്ധേയ സംഭവങ്ങൾ മാത്രം അനുസ്മരിക്കുകയാണ് ആ ഘട്ടങ്ങൾ.

ഒന്ന്, 1885 മുതൽ 1910 വരെ.
രണ്ട്, 1917 മുതൽ 1922 വരെ.
മൂന്ന്, 1928 മുതൽ 1934 വരെ.
നാല്, 1937 മുതൽ 1947 വരെ.

ഇന്ത്യൻ നാഷനൽ കോൺഗ്രസ് 1885-ൽ ആരംഭിച്ചു. 1917 മുതൽ മഹാത്മാഗാന്ധി അതിനോടു ചേർന്നു പ്രവർത്തിച്ചു. അതിനകം 1906-ൽ മുസ്ലീംലീഗ് കോൺഗ്രസിനു ബദലായി ഉടലെടുത്തു. 1940 മുതൽ മുസ്ലീംലീഗിന്റെ നേതാവായിരുന്ന മഹമ്മദ് അലി ജിന്ന പാക്കിസ്ഥാനുവേണ്ടി വീറോടെ വാദിച്ചു. അതു സമ്മതിച്ചുകൊടുക്കുവാൻ കോൺഗ്രസ് നേതാക്കളിൽ ചിലർ തയ്യാറായി. ആ അടിസ്ഥാനത്തിൽ ഇന്ത്യ 1947-ൽ വിഭജിതമായി. രണ്ടു സ്വതന്ത്ര രാഷ്ട്രങ്ങൾ രൂപംകൊള്ളുകയും ചെയ്തു. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിയിലും സ്വതന്ത്ര ഇന്ത്യയുടെ രൂപീകരണത്തിലും ഇന്ത്യയിലെ ക്രിസ്ത്യാനികൾ സുപ്രധാനമായ ഒരു പങ്കു വഹിച്ചു.

### 2. സ്വാതന്ത്ര്യ സമരം: ഒന്നാം ഘട്ടം

ഈസ്റ്റ് ഇൻഡ്യാ കമ്പനി ഇൻഡ്യയിൽ നടത്തി വന്നതും ബ്രിട്ടീഷ് ഗവൺമെന്റ് അതിന്റെ ഭരണസംവിധാനം നേരിട്ടു നടത്തുവാൻ ഉദ്യമിച്ചതും ഇന്ത്യയെയും ഇന്ത്യയിലെ ജനങ്ങളെയും ഉദ്ധരിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ ആയിരുന്നില്ല. ബ്രിട്ടീഷുകാർക്കു സാമ്പത്തികവും

രാഷ്ട്രീയവുമായ പ്രയോജനം കൈവരുത്തുകയായിരുന്നു അവരുടെ ലക്ഷ്യം. അതിനുതകുന്നവിധത്തിൽ ഇവിടുത്തെ ജനങ്ങളുടെ ഉന്നമന ത്തിനു പലതും പ്രവർത്തിച്ചു എന്നു മാത്രം. എന്നാൽ ബ്രിട്ടീഷുകാരുടെ അനിയന്ത്രിതമായ മുന്നേറ്റം ഇന്ത്യാക്കാരുടെ ശരിയായ പുരോഗമന ത്തിനു ഹാനികരമാണെന്നുള്ള വാസ്തവം ഇന്ത്യൻ നേതാക്കന്മാരിൽ പലർക്കും മനസ്സിലായി തുടങ്ങി. അവരിൽ നിന്നും ഉണ്ടാകാവുന്ന പ്രതീ കരണങ്ങളെ നിയന്ത്രണവിധേയമാക്കാമെന്നുള്ള ഉദ്ദേശ്യത്തോടെ 1885–ൽ ഒരു ഇംഗ്ലീഷുകാരനായ എ. ഒ. ഹ്യൂം (Hume) അന്നത്തെ ബ്രിട്ടീഷ് വൈസ്രോയിയുടെ അനുമതിയോടുകൂടി സംഘടിപ്പിച്ചതായിരുന്നു ഇന്ത്യൻ നാഷണൽ കോൺഗ്രസ്. അഭ്യസ്തവിദ്യരും സാമ്പത്തികവും സാമൂഹ്യവുമായ ഉയർന്ന നിലയിൽ കഴിഞ്ഞവരുമായ പല ഇന്ത്യാക്കാരും അതിൽ സഹകരിച്ചു.

1885 മുതൽ ഏകദേശം 1905 വരെയുള്ള ഘട്ടത്തിൽ നാഷണൽ കോൺഗ്രസിന് ഇന്ത്യയുടെ രാഷ്ട്രീയ സ്വാതന്ത്ര്യം മുഖ്യ ചിന്താവിഷ യമായിരുന്നില്ല. ഭരണപരമായ ചില പരിഷ്ക്കാരങ്ങളും വ്യാപാരത്തിനാ വശ്യമായ സ്വാതന്ത്ര്യങ്ങളും ഇന്ത്യാക്കാർക്കു ഗവൺമെന്റിൽ ലഭിക്കേണ്ട പങ്കാളിത്തവും മറ്റുമായിരുന്നു ലക്ഷ്യമായി കണ്ടത്. കർഷകരുടെയും തൊഴിലാളികളുടെയും ഉന്നമനമോ അവർക്കും നീതി ലഭിക്കേണ്ടതാണെ ന്നുള്ള ചിന്തയോ അവരെ ഭരിച്ചിരുന്നില്ല. അതെങ്ങനെയിരുന്നാലും കോൺഗ്രസ് ഇന്ത്യയിലെ ഒരു ചെറിയ ന്യൂനപക്ഷത്തിന്റെ മാത്രം വക്താ ക്കളെന്നു കരുതി അതിന്റെ നിവേദനങ്ങളൊന്നും ഗവൺമെന്റു കാര്യ മായി എടുത്തുമില്ല.

ഈ ചുറ്റുപാടിൽ അന്നു രാഷ്ട്രീയ ആവേശം അധികമായി പ്രകടി പ്പിച്ചുവന്ന ബംഗാളികൾ സംഘടിച്ചു കുഴപ്പങ്ങൾ സൃഷ്ടിക്കുന്നതു തട യുവാൻ 1905–ൽ അന്നത്തെ വൈസ്രോയി ബംഗാളിനെ രണ്ടായി വിഭ ജിച്ചു. അതു ജനങ്ങളിൽ ശക്തമായ എതിർപ്പുളവാക്കി. തുടർന്ന് 1906–ൽ കോൺഗ്രസ് സ്വരാജ്യലബ്ധിക്കുവേണ്ടി പ്രവർത്തിക്കുവാൻ തയ്യാറായി. ഈയവസരത്തിൽ ഗവൺമെന്റ് ഒരു വശത്തു പ്രക്ഷോഭങ്ങളെ അടിച്ച മർത്തുവാൻ ഉദ്യമിക്കുകയും മറുവശത്തു മുസ്ലീംങ്ങളെ ഹിന്ദുക്കളിൽ നിന്നും അകറ്റിനിർത്തി എതിർപ്പുകളെ ദുർബലപ്പെടുത്തുവാൻ ശ്രദ്ധി ക്കുകയും ചെയ്തു. മുസ്ലീം നേതാവായിരുന്ന സർ. സയ്യീദ് അഹമ്മദ് ഖാൻ ബ്രിട്ടീഷുകാരുമായി സഹകരിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചു. നവാബ് സലീമുള്ളായുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺ ഗ്രസിനു ബദലായി മുസ്ലീം ലീഗ് രൂപംകൊള്ളുകയും ചെയ്തു.

## 2. സ്വാതന്ത്ര്യ സമരം: രണ്ടാം ഘട്ടം

1916-ലുണ്ടായ ലക്നൗ കരാർ ഹിന്ദു-മുസ്ലീം സൗഹാർദ്ദതയെ ഒരളവിൽ യാഥാർത്ഥ്യമാക്കി. ഒന്നാം ലോകമഹായുദ്ധം നടന്നുകൊണ്ടിരുന്ന കാലമായിരുന്നു അത്. രണ്ടു സമുദായങ്ങളിലും ഉൾപ്പെട്ടവർ ചേർന്ന് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിക്കുവാൻ മുന്നോട്ടുവന്നു. ഈ അവസരത്തിൽ ബ്രിട്ടനിലെ സ്റ്റേറ്റു സെക്രട്ടറി ഗവൺമെന്റിന്റെ ഇന്ത്യാ നയം പ്രഖ്യാപിച്ചു. ബ്രിട്ടീഷ് സാമ്രാജ്യത്തിലുൾപ്പെട്ടു കഴിയുമെന്നുള്ള വ്യവസ്ഥയ്ക്കു വിധേയമായി ഇന്ത്യയുടെ സ്വാതന്ത്ര്യം ബ്രിട്ടൻ അനുവദിക്കുന്നതാണെന്നായിരുന്നു ആ പ്രഖ്യാപനം. അതിൽ സംതൃപ്തരായി കോൺഗ്രസും മുസ്ലീംലീഗും ചേർന്നു സമര പരിപാടി പിൻവലിച്ചു. എന്നാൽ പ്രതീക്ഷപോലെ കാര്യം നടന്നില്ല.

അപ്പോഴേയ്ക്കും മോഹൻദാസ് കരംചന്ദ് (എം. കെ.) ഗാന്ധി കോൺഗ്രസുമായി ചേർന്നു പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ സമരം പ്രത്യേക സ്വഭാവസവിശേഷതയുള്ളതായിരുന്നു. സത്യഗ്രഹം എന്നറിയപ്പെടുന്ന ആ കർമ്മപരിപാടി അതിന്റെ ആത്യന്തിക പ്രമാണമായി സ്വീകരിച്ചത് 'അഹിംസ'യിലധിഷ്ഠിതമായ 'സഹനസമര'മായിരുന്നു. ഹിംസാത്മകമായ പ്രകോപനങ്ങൾക്കൊന്നും വഴികൊടുക്കാതെ ബ്രിട്ടീഷ് ഗവൺമെന്റുമായി നിസ്സഹകരണം പുലർത്തുക എന്നതായിരുന്നു ഗാന്ധിയുടെ സമരരീതി. എന്നാൽ ആദ്യമെ ഗാന്ധി ആ പരിപാടി പ്രയോഗത്തിൽ വരുത്തിയില്ല. ഒന്നാം ലോകമഹായുദ്ധം നടന്നുകൊണ്ടിരുന്ന ആ കാലത്ത് ബ്രിട്ടീഷ് പക്ഷത്തെ അനുകൂലിച്ച് അവർക്കു ഇന്ത്യയിൽ നിന്നും പട്ടാളക്കാരെ ചേർത്തുകൊടുക്കുവാൻ അദ്ദേഹം ഒരുമ്പെട്ടു. യുദ്ധത്തിനുശേഷം 1920-ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഗാന്ധിയുടെ 'അഹിംസ', 'നിസ്സഹകരണ' പ്രമാണങ്ങൾ ഔദ്യോഗികമായി അംഗീകരിച്ചു.

എന്നാൽ ഹിന്ദു-മുസ്ലീം ഐക്യം അധികകാലം നീണ്ടു നിന്നില്ല. 1925-ൽ അത് ഉലയുകയും പല സ്ഥലങ്ങളിലും വർഗീയ സംഘട്ടനങ്ങൾ പൊട്ടിപുറപ്പെടുകയും ചെയ്തു. ഈ കാലത്ത് മുസ്ലീംലീഗിനു തുല്യമായി മറുവശത്തു ഹിന്ദു മഹാസഭ രംഗപ്രവേശം ചെയ്തു. അതുപോലെ കമ്മ്യൂണിസം, സോഷ്യലിസം ആദിയായ ആദർശങ്ങളും ഇന്ത്യയിൽ പ്രത്യക്ഷമായി. അവയും ക്രമേണ ബലം പ്രാപിച്ചു. 1928-ൽ ഇന്ത്യയിലെ രാഷ്ട്രീയാന്തരീക്ഷം വളരെ സജീവമായിരുന്നു.

## 4. സ്വാതന്ത്ര്യ സമരം: മൂന്നാം ഘട്ടം

1919-ൽ ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയിലെ എതിർപ്പുകളെ ശക്തി

പൂർവ്വം നിർമ്മാർജനം ചെയ്യുവാൻവേണ്ടി സ്വീകരിച്ചതായിരുന്നു റോവ് ലാറ്റ് ആക്റ്റ് (Rowlatt Act). അതിനെപ്പറ്റി അന്വേഷണങ്ങൾ നടത്തുവാൻ 1927-ൽ ബ്രിട്ടീഷ് ഗവൺമെന്റ് സൈമൺ കമ്മീഷനെ ഇന്ത്യയിലേക്കയച്ചു. എന്നാൽ അതിൽ ഇന്ത്യാക്കാരായ ആരെയും ഉൾപ്പെടുത്തിയിരുന്നില്ലെന്നുള്ള കാരണത്താൽ കോൺഗ്രസുൾപ്പെടെ എല്ലാ രാഷ്ട്രീയ പാർട്ടികളും അതുമായി നിസ്സഹകരിച്ചു. മാത്രവുമല്ല, 1928 മുതൽ ഇന്ത്യയ്ക്കു സമ്പൂർണ്ണമായ സ്വാതന്ത്ര്യം ലഭിക്കണമെന്നുള്ള വാദം എല്ലാ പാർട്ടികളും ഉന്നയിച്ചു. ആ കാലത്തു സ്വതന്ത്ര ഇന്ത്യയ്ക്കു ഒരു ഭരണഘടന എഴുതി ഉണ്ടാക്കിയെങ്കിലും ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ യോജിക്കുവാൻ കഴിയാതെയിരുന്നതു മൂലം അതിനു പ്രാബല്യം ഉണ്ടായില്ല. കോൺഗ്രസിൽ തന്നെ ഗാന്ധിയുടെ നേതൃത്വത്തിൽ ഒരു വലതുപക്ഷവും സുബാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിലൊരു ഇടതുപക്ഷവും രൂപംകൊണ്ടു. മുസ്ലീമുകളും രണ്ടു കക്ഷികളിലായി നിലകൊണ്ടു.

ബ്രിട്ടീഷ് ഗവൺമെന്റുമായുള്ള നിസ്സഹകരണം വേണ്ടവണ്ണം പ്രയോഗത്തിൽ വരുത്തിയാൽ അഹിംസ വഴി ഇന്ത്യൻ സ്വാതന്ത്ര്യം നേടിയെടുക്കാമെന്നുള്ള നിലപാടിൽ ഗാന്ധി ഉറച്ചു നിന്നു. അദ്ദേഹം തയ്യാറാക്കിയ ഒരു പ്രഖ്യാപനം ശ്രദ്ധേയമാണ്:

'ബ്രിട്ടീഷ് ഗവൺമെന്റ് ഇന്ത്യയെ സാമ്പത്തികമായും രാഷ്ട്രീയമായും സാംസ്ക്കാരികമായും ആദ്ധ്യാത്മികമായും അധഃപ്പതിപ്പിച്ചതിനാൽ ആ ഗവൺമെന്റിനു കീഴ്പ്പെട്ടു പോകുന്നതു മനുഷ്യനോടും ദൈവത്തോടും ചെയ്യുന്ന തികഞ്ഞ അപരാധമാണ്. അതിനാൽ അഹിംസ ആത്യന്തിക പ്രമാണമായി അവലംബിച്ചു ബ്രിട്ടീഷ് ഗവൺമെന്റിനു കരം കൊടുക്കാതെയിരിക്കുന്നതുൾപ്പെടെ ആ ഗവൺമെന്റുമായി നിസ്സഹകരിക്കുവാൻ നാം തയ്യാറാവണം.'

എല്ലായിടത്തും ജനങ്ങൾ കൈപൊക്കി കോൺഗ്രസിനോട് കൂറു പ്രകടിപ്പിച്ചു എങ്കിലും നിസ്സഹകരണം ഉദ്ദേശിച്ച ഫലം ഉളവാക്കിയില്ല. രാജ്യത്തുണ്ടായ കലാപങ്ങളെ അടിച്ചമർത്തുവാൻ വേണ്ട നടപടികൾ ഗവൺമെന്റു സ്വീകരിക്കുകയും ചെയ്തു.

ഈ കാലഘട്ടത്തിൽ ഇന്ത്യൻ പ്രശ്നത്തിനു പരിഹാരം കാണുവാൻ ലണ്ടനിൽ വച്ച് 1930-ലും 1931-ലുമായി നടന്ന രണ്ടു വട്ടമേശ സമ്മേളനങ്ങൾ വിജയം വരിച്ചില്ല.

### 5. സ്വാതന്ത്ര്യ സമരം: നാലാം ഘട്ടം

1934 മുതലുള്ള കാലഘട്ടത്തിൽ കോൺഗ്രസിനെ നയിച്ചതു മഹാത്മാ

ഗാന്ധിയുടെ നേതൃത്വത്തിലുള്ള വലതുപക്ഷമായിരുന്നു. 1937 മുതൽ 1945 വരെ രണ്ടാം ലോകമഹായുദ്ധം നടന്നു. 1937-ൽ ഇന്ത്യയിലെ ഏഴു പ്രോവിൻസുകളിൽ കോൺഗ്രസ് മന്ത്രിസഭകൾ രൂപീകരിക്കുവാൻ ബ്രിട്ടീഷ് ഗവൺമെന്റു നിർദ്ദേശിച്ചു. 1939 ഡിസംബർ വരെ മാത്രമേ അവർക്ക് ആയുസ്സുണ്ടായുള്ളു. ഹിന്ദു-മുസ്ലീം അനൈക്യം അതിന് കാരണമായി. അതിനു പുറമേ ധനാഢ്യരേയും ഭൂവുടമകളേയും പ്രീണിപ്പിക്കുന്ന കോൺഗ്രസ് വലതുപക്ഷത്തിന്റെ നയത്തെ ഇടതുപക്ഷ പാർട്ടികൾ നിശിതമായി വിമർശിച്ചു. ഇക്കാരണത്താൽ ഗാന്ധിയുടെ ജനസമ്മതി കുറഞ്ഞു എന്ന വസ്തുത തെളിവായി. 1939-ൽ കോൺഗ്രസ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ മഹാത്മാഗാന്ധിയുടെ സ്ഥാനാർത്ഥിയെ നല്ല ഭൂരിപക്ഷത്തോടെ തോൽപിക്കുവാൻ സുബാഷ് ചന്ദ്രബോസിനു സാധിച്ചു. എന്നാൽ ആ സംഭവം ബോസിന്റെ രാജിക്കും 1943-ൽ സിംഗപ്പൂരിൽ വച്ചു നടന്ന ഇന്ത്യൻ ദേശീയ സൈന്യോദ്ഘാടനത്തിനും വഴി തെളിച്ചു.

സ്വാതന്ത്ര്യ സമരത്തിന്റെ നാലാം ഘട്ടത്തിലെ സുപ്രധാന സംഭവം ഇന്ത്യയുടെ വിഭജനവും സ്വാതന്ത്ര്യലബ്ധിയുമാണ്. 1934 മുതലുള്ള കാലങ്ങളിൽ മുസ്ലീം ലീഗുമായി ഒരു ധാരണയിലെത്തുവാൻ കോൺഗ്രസിനു സാധിച്ചില്ല. 1940-ൽ ജിന്ന പാക്കിസ്ഥാനുവേണ്ടിയുള്ള വാദവുമായി മുന്നോട്ടുപോയി. അതു സമ്മതിച്ചുകൊടുത്താലും സ്വാതന്ത്ര്യം നേടണമെന്ന് കോൺഗ്രസ് നേതാക്കളിൽ ചിലർ വാദിച്ചു. ലോകമഹായുദ്ധത്തിന്റെ താങ്ങാനാവാത്ത ഭാരം വഹിച്ചുകൊണ്ടിരുന്ന ബ്രിട്ടന് ഇന്ത്യയിലെ അന്തഃചിദ്രം ദുർവഹവുമായിരുന്നു. ഈ പരിതസ്ഥിതികളിൽ 1947-ൽ സ്വാതന്ത്ര്യ പ്രഖ്യാപനം ഉണ്ടായി. സ്വതന്ത്ര ഇന്ത്യയും സ്വതന്ത്ര പാക്കിസ്ഥാനും രൂപംകൊണ്ടു. അവ രണ്ടു രാഷ്ട്രങ്ങളായി നിലനിൽക്കുന്നു.

## 6. ക്രിസ്ത്യാനികളും ദേശീയ സ്വാതന്ത്ര്യവും

സ്വാതന്ത്ര്യസമരത്തോടുള്ള ഇന്ത്യൻ ക്രിസ്ത്യാനികളുടെ നിലപാടു മൂന്നു ഘട്ടങ്ങളോടു ബന്ധപ്പെടുത്തി ചിന്തിക്കണം. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആരംഭം മുതൽ 20-ാം നൂറ്റാണ്ടിന്റെ ഒന്നാം ദശകം വരെയുള്ള കാലത്തു ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ടി കോൺഗ്രസ് വാദിച്ചിരുന്നില്ല. ആ കാലങ്ങളിൽ ക്രിസ്തീയ നേതാക്കളിൽ പലർക്കും കോൺഗ്രസിൽ ചേരുവാൻ സന്തോഷമായിരുന്നു. 1887-ൽ മദ്രാസിൽ വച്ചു നടന്ന കോൺഗ്രസ് സമ്മേളനത്തിൽ പങ്കുകൊണ്ട 607 പ്രതിനിധികളിൽ 35 ക്രിസ്ത്യാനികളുണ്ടായിരുന്നു. 1888-ലെ ബോംബേ സമ്മേളനത്തിൽ പുരുഷന്മാർക്കു പുറമേ, സുപ്രസിദ്ധ സാമൂഹ്യപ്രവർത്തകയായിരുന്ന പണ്ഡിത രമാബായിയും മറ്റു രണ്ടു ക്രിസ്തീയ വനിതകളും സംബന്ധിച്ചു.

ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യം അതിന്റെ പ്രവർത്തന ലക്ഷ്യമായി കോൺഗ്രസ് ഉദ്ഘോഷിച്ചു തുടങ്ങിയതാണു രണ്ടാമത്തെ ഘട്ടം. അതിനോടു അനുകൂലമായി പ്രതികരിക്കുവാൻ അന്ന് ഇന്ത്യൻ സഭകളിൽ നേതൃത്വം വഹിച്ച വിദേശ മിഷനറിമാർക്കു സാധ്യമായിരുന്നില്ല. മലങ്കര സുറിയാനിസഭയ്ക്ക് വിദേശ മേധാവിത്വം തടസ്സമായിരുന്നില്ലെങ്കിലും അതിന്റെ ആഭ്യന്തരപ്രശ്നങ്ങൾ ദേശീയകാര്യങ്ങളിൽ പ്രതികരിക്കുവാൻ തടസ്സമായി നിന്നു. മിഷനറിമാരുടെ ചിന്തയിൽ ബ്രിട്ടീഷ് മേധാവിത്വം മിഷൻ പുരോഗമനത്തിനു ദൈവം നൽകിയ അവസരമായിരുന്നു. ബ്രിട്ടീഷ് അധിപതികളുടെ ആനുകൂല്യം സഭകൾക്കു പല പ്രകാരത്തിലും പ്രയോജനപ്പെട്ടിരുന്നു. മിഷനറിമാർ മാത്രമല്ല, ഇന്ത്യൻ ക്രിസ്ത്യാനികളും പൊതുവേ ബ്രിട്ടീഷ് അനുഭാവികളായിത്തന്നെ തുടർന്നു.

എന്നാൽ ദേശീയ സ്വാതന്ത്ര്യലബ്ധി ലക്ഷ്യമാക്കി സധൈര്യം നിലകൊണ്ട ക്രൈസ്തവ നേതാക്കളുണ്ടായിരുന്നു. ആ കൂട്ടത്തിൽ ബിഷപ്പ് വി. എസ്. അസ്സറിയാ, കെ. റ്റി. പോൾ തുടങ്ങിയ പലരെയും ഉൾപ്പെടുത്താം. മാത്രമല്ല, വിദേശീയരായ സി. എഫ്. ആൻഡ്രൂസ്, എൽ. പി. ലാർസൺ ആദിയായവരും ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചു.

1930 മുതലുള്ള മൂന്നാം കാലഘട്ടത്തിൽ ഇന്ത്യയിലെ ക്രിസ്ത്യാനികളിൽ ഒരു ഗണ്യമായ ഭാഗം ദേശീയസ്വാതന്ത്ര്യം അത്യന്താപേക്ഷിതമായി കരുതി കോൺഗ്രസുമായി ചേർന്നു കഴിഞ്ഞു. ആ അവസരത്തിൽ പല ക്രൈസ്തവ നേതാക്കളും ഹിന്ദു-മുസ്ലീം ഐക്യത്തിനുവേണ്ടി പ്രവർത്തിച്ചു. അതുപോലെ ക്രിസ്ത്യാനികൾക്കു പ്രത്യേകമായി അവകാശങ്ങളൊന്നും ഭരണഘടനയിൽ ഉൾപ്പെടുത്തേണ്ട ആവശ്യമില്ലെന്ന് അവർ നിഷ്ക്കർഷിക്കുകയും ചെയ്തു. ഇന്ത്യയിലെ ക്രിസ്ത്യാനികൾ ഇവിടെയുള്ള മറ്റു ജനങ്ങളെപ്പോലെ ജനതയുടെ ഭാഗമായി സ്വയം മനസ്സിലാക്കി, പൊതു നന്മയ്ക്കുവേണ്ടി ജീവിക്കണമെന്ന് ചിന്തിച്ചു. തികച്ചും അഭിമാനകരമായ ഒരു സമീപനം ഇന്ത്യൻ സഭ സ്വീകരിച്ചുവെന്നു പറയാം.

### ചോദ്യങ്ങൾ

1. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ നാലു ഘട്ടങ്ങൾ ഏവ?

2. അവയിൽ ഓരോന്നിലെയും പ്രധാന സംഭവങ്ങൾ ഏവയെന്നു വ്യക്തമാക്കുക?

3. ഇന്ത്യയുടെമേലുള്ള അധീശത്വം നിലനിർത്തുവാൻ ബ്രിട്ടീഷുകാർ എങ്ങനെയെല്ലാം ശ്രമിച്ചു?

4. ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കായുള്ള പരിശ്രമത്തിൽ ക്രിസ്ത്യൻ ജനതയുടെ പങ്കാളിത്തം ഏതു വിധത്തിലായിരുന്നു?

പാഠം 2

# കേരളത്തിലെ സുറിയാനി സഭകൾ

❑ പ്രാരംഭം ❑ മലങ്കര ഓർത്തഡോക്സ് സഭ i സുപ്രീംകോടതി വിധി ii സഭാസമാധാനം iii വീണ്ടും സഭാ പിരിവ് iv സഭാവളർച്ച ❑ മാർത്തോമ്മാ സഭ i വിഭജനം ii സഭാവളർച്ച ❑ തൊഴിയൂർ (അഞ്ഞൂർ) സഭ ❑ തൃശൂർ കേന്ദ്രമായുള്ള പൗരസ്ത്യ സഭ

**പ്രാരംഭം**

റോമുമായി ചേരാത്ത സുറിയാനി പാരമ്പര്യത്തിൽ കഴിയുന്ന സഭകളെക്കുറിച്ച് ഈ പാഠത്തിൽ പ്രതിപാദിക്കുന്നു. അന്ത്യോക്യൻ സുറിയാനി അഥവാ പാശ്ചാത്യ സുറിയാനിയുമായി വേഴ്ച്ചയുള്ള സഭകൾ ഒരു വശത്തും കൽദായ സുറിയാനി അഥവാ പൗരസ്ത്യ സുറിയാനിയുമായി ബന്ധമുള്ള സഭകൾ മറുവശത്തുമായി രണ്ടു പാരമ്പര്യങ്ങൾ ഉണ്ട്. ഇവയിൽ രണ്ടാമത്തെ പാരമ്പര്യത്തിൽ ഉള്ള സഭയാണ് തൃശൂർ കേന്ദ്രമായി സ്ഥിതിചെയ്യുന്ന പൗരസ്ത്യ സഭ. കൂടാതെ റോമുമായി ബന്ധം പുലർത്തുന്നവയിൽ സീറോ-മലബാർ സഭയും ഈ പാരമ്പര്യം നിലനിർത്തുന്നു. കേരളത്തിലെ സുറിയാനി പാരമ്പര്യമുള്ള മറ്റെല്ലാ സഭകളും അന്ത്യോക്യൻ സുറിയാനിയാണ് ഉപയോഗിച്ചുവരുന്നത്.

അന്ത്യോക്യൻ സുറിയാനി സഭാപാരമ്പര്യമുള്ള കേരളത്തിലെ സഭകളിൽ ഏറ്റവും സംഖ്യാബലവും പ്രാധാന്യവുമുള്ളത് മലങ്കര സുറിയാനി സഭയ്ക്കാണ്. 1911 മുതൽ ആ സഭ ഓർത്തഡോക്സ് വിഭാഗവും യാക്കോബായ വിഭാഗവുമായി നിലനിന്നശേഷം 1958-ൽ ഐക്യത്തിലെത്തി. എന്നാൽ ആ സ്ഥിതി ദീർഘനാൾ നീണ്ടുനിന്നില്ല. പിന്നെയും സഭ വിഭജിതമായി. ആ നിലയിൽ ഇപ്പോൾ തുടരുന്നു.

അന്ത്യോക്യൻ സുറിയാനി പാരമ്പര്യം ഒരളവിൽ സ്വീകരിച്ചുകൊണ്ട് സുവിശേഷാധിഷ്ഠിതമായ നിലപാടു പുലർത്തണമെന്നഭിലഷിക്കുന്ന സമൂഹമാണ് മാർത്തോമ്മാ സഭ. ഈ നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ആ സഭയിലും ഒരു പിരിവുണ്ടായി. എന്നാൽ അതു സഭയുടെ പുരോഗതിയെ വളരെയധികം ബാധിച്ചില്ല. ഈ സഭകളെപ്പറ്റി കൂടുതലായി പരിഗണിക്കാം.

**2. മലങ്കര സുറിയാനി സഭ**

മൂന്നു കാര്യങ്ങൾ ഇവിടെ പരാമർശിക്കുന്നു.

**a. സഭയിലെ വ്യവഹാരം:** മാർ ദിവന്നാസ്യോസ് ആറാമൻ 1930 ആയ

പ്പോഴേയ്ക്കും അദ്ദേഹം ഏർപ്പെട്ടിരുന്ന സഭാ സംബന്ധമായ കേസുകളിലെല്ലാം വിജയം വരിച്ചു. വിജയശ്രീലാളിതനായ അദ്ദേഹം 1934-ൽ ചരമമടഞ്ഞു. അതിനുശേഷം മലങ്കര മെത്രാപ്പോലീത്താ സ്ഥാനം കാതോലിക്കായിൽ ലയിക്കുന്ന രീതി സഭയിൽ സ്വീകരിച്ചു. ഈ വിധം രണ്ടു സ്ഥാനങ്ങളും ഒരുമിച്ചു വഹിച്ച ആദ്യത്തെ സഭാദ്ധ്യക്ഷനായിരുന്നു മാർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ.

അദ്ദേഹത്തിന്റെ കാലത്ത് 1937-ൽ യാക്കോബായ വിഭാഗം സമുദായ ക്കേസ് പുനരാരംഭിച്ചു. അതു ജില്ലാക്കോടതിയും ഹൈക്കോടതിയും കടന്നു സുപ്രീംകോടതിയിൽ എത്തി. അവിടെ ആ കേസ് 1958-ൽ ഓർത്തഡോക്സ് പക്ഷത്തിനനുകൂലമായി വിധിച്ചു.

## 2. സഭാസമാധാനവും അനന്തരഫലങ്ങളും

സുപ്രീംകോടതി വിധി യാക്കോബായ വിഭാഗത്തെ തികച്ചും ഭഗ്നാശയരാക്കി. സഭയിൽ സമാധാനം കൈവരുത്തണമെന്നുള്ള ഒരു വലിയ ജനക്കൂട്ടത്തിന്റെ മുറവിളിയും, 1937 മുതൽ 20 കൊല്ലങ്ങളിലധികം കാലത്തെ കോടതിചെലവു വകയായി ഒരു ഭാരിച്ച സംഖ്യ ജയിച്ച കക്ഷിക്കു കൊടുക്കേണ്ടി വരുമെന്നുള്ള ഭീതിയും, ആ വിഭാഗത്തിന്റെ നേതാക്കളെ പാടേ കുഴക്കി. ആ അവസരത്തിൽ സഭാസമാധാനം നടപ്പിൽ വരുത്തുവാൻ അവർ മുൻകൈ എടുത്തു പ്രവർത്തിച്ചു. 1958 ഡിസംബർ മാസത്തിൽ സഭയിലെ ഇരുകക്ഷികളും തമ്മിൽ യോജിച്ചു.

കക്ഷികൾ യോജിച്ചവിധം പ്രത്യേകം ഓർക്കേണ്ടതാണ്. കാതോലിക്കായെ നിരുപാധികം അംഗീകരിക്കുന്നതായ മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസിന്റെ കത്ത് അദ്ദേഹത്തിന്റെ ഡലിഗേറ്റ് മാർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയനെ ഏല്പിച്ചു. മലങ്കര സഭയുടെ ഭരണഘടനയ്ക്കു വിധേയമായി പാത്രിയർക്കീസിനെ സ്വീകരിക്കുന്നു എന്നു പ്രസ്താവിക്കുന്ന കത്ത് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ഡലിഗേറ്റിന്റെ വശം നൽകുകയും ചെയ്തു. അങ്ങനെ പരസ്പര സ്വീകരണം നടന്നു.

ഈ സംയോജനത്തിനു പാത്രിയർക്കീസ് വശംവദനായത് ആശങ്കകളോടെയായിരുന്നു. ഏതായാലും, പാത്രിയർക്കീസിന്റെ കീഴിലുള്ള ഒരു സ്ഥാനിയാണു കാതോലിക്കാ എന്നു സ്ഥാപിച്ച്, അതുവഴി പാത്രിയർക്കീസിനു മലങ്കരസഭമേൽ അധീശത്വമുണ്ടെന്ന് ഉറപ്പിക്കാൻ അദ്ദേഹം ഒരു വൃഥാ ശ്രമം നടത്തി. അതിലേയ്ക്ക് അതുവരെയും കാതോലിക്കാ ചെയ്തുവന്നിരുന്ന മൂന്നു കാര്യങ്ങൾ മേലാൽ ചെയ്തു കൂടന്നു പാത്രിയർക്കീസ് വിലക്കി. 1. കാതോലിക്കാ മാർ തോമ്മാശ്ലീഹായുടെ സിംഹാ

സനത്തിനുമേൽ അധിപതി എന്ന് അവകാശപ്പെടരുത്. 2. പരിശുദ്ധ പിതാവ് എന്ന സ്ഥാനനാമം പാത്രിയർക്കീസിനു മാത്രമുള്ളതാകയാൽ കാതോലിക്കായ്ക്കുപയോഗിച്ചു കൂടാ. 3. എഴുത്തുകടലാസ്സിലും ഒപ്പിടുന്നതിലും മറ്റും ചുമന്ന മഷി പാത്രിയർക്കീസിന്റെ പ്രത്യേക അവകാശമാണ്. അതു കാതോലിക്കാ ഉപയോഗിക്കരുത്.

ഈ നിർദ്ദേശങ്ങൾ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കണ്ണുമടച്ചു നിരാകരിച്ചതോടെ പാത്രിയർക്കീസ് തൽക്കാലത്തേയ്ക്കു മൗനമവലംബിച്ചു.

മാർ ഗീവറുഗീസ് ദ്വിതീയൻ 1964-ൽ നിര്യാതനായി. അദ്ദേഹത്തിന്റെ പിൻഗാമിയായി മലങ്കരസഭ തെരഞ്ഞെടുത്ത മാർ ബസേലിയോസ് ഔഗേൻ പ്രഥമനെ കാതോലിക്കാ സ്ഥാനത്തവരോധിക്കുന്ന ശുശ്രൂഷയിൽ നേതൃത്വം വഹിക്കുവാൻ ഭരണഘടനപ്രകാരം മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയനെ മലങ്കരസഭ ക്ഷണിച്ചു. അദ്ദേഹം അതിനു സന്നിഹിതനാകുകയും ചെയ്തു. ഈ സംഭവം വഴി മലങ്കരസഭയെപ്പറ്റിയുള്ള തന്റെ ഉദ്ദേശ്യങ്ങൾ പുതിയ കാതോലിക്കാ വഴി നേടിയെടുക്കാമെന്നു പാത്രിയർക്കീസ് വ്യാമോഹിച്ചിരിക്കണം. സഭാസമാധാനത്തിൽ അസംതൃപ്തരായ ഒരു കൂട്ടം ജനം പൂർവ്വ യാക്കോബായ വിഭാഗത്തിലുണ്ടായിരുന്നു. അവരിൽകൂടി തന്റെ ഉദ്ദേശ്യം നേടിയെടുക്കുവാൻ പാത്രിയർക്കീസ് പടിപടിയായി ശ്രമിച്ചു.

പാത്രിയർക്കീസ് അവലംബിച്ച മാർഗങ്ങൾ എന്തൊക്കെയായിരുന്നു? (1) 1970 ജൂൺ 27-ാം തീയതി മാർത്തോമ്മാശ്ലീഹാ ഒരു പട്ടക്കാരൻ പോലുമായിരുന്നില്ല. അതിനാൽ അദ്ദേഹത്തിനു സിംഹാസനം ഒന്നുമില്ല എന്നു വാദിക്കുന്ന ലേഖനം കേരളത്തിലേയ്ക്കയച്ചു. (2) 1972-ൽ സിറിയാക്കാരനായ അപ്രേം അബൂദി റമ്പാനെ തീമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്താ ആയി വാഴിച്ച് പാത്രിയർക്കീസിന്റെ ഇന്ത്യയിലെ ഡലിഗേറ്റായി നിയമിക്കുവാൻ ഒരു യത്നം നടത്തി. (3). 1973-ൽ മലങ്കരസഭയിലെ ചില പള്ളികൾക്കും വ്യക്തികൾക്കും കാതോലിക്കായേയും മലങ്കരസഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനെയും അവഗണിച്ചു നീങ്ങുവാനുള്ള ആഹ്വാനം നൽകി. (4). ആ വർഷം തന്നെ മലങ്കരസഭയുടെ അറിവോ സമ്മതമോ കൂടാതെ, മെത്രാൻ സ്ഥാനത്തിനുവേണ്ടി അഭിലഷിച്ചിട്ടും ലഭിക്കാതെ നിരാശയിൽ കഴിഞ്ഞു വന്ന, കടവിൽ പോൾ റമ്പാനെ അത്താനാസ്യോസ് എന്ന പേരിൽ മേൽപട്ടസ്ഥാനത്തവരോധിച്ച് അദ്ദേഹത്തെ സ്വീകരിച്ചുകൊള്ളണമെന്നു മലങ്കരസഭയോട് ആവശ്യപ്പെട്ടു. (5) 1974-ൽ മലങ്കരസഭയിലെ വേറെ രണ്ടു പട്ടക്കാരെയും സ്വന്ത അധികാരത്തിൽ മാത്രം ആശ്രയിച്ചുകൊണ്ട്, മെത്രാൻ സ്ഥാനത്തു പ്രതിഷ്ഠിച്ചു.

1958-ലെ സമാധാന വ്യവസ്ഥയ്ക്കു വിരുദ്ധമായ ഈ നടപടികളെ എല്ലാം മലങ്കരസഭ യഥാവസരം ഔദ്യോഗികമായി ചോദ്യം ചെയ്യുകയും, സമാധാനത്തിൽ നിന്നും പിന്മാറുവാൻ ഉദ്ദേശിക്കുന്നു എങ്കിൽ ആ വിവരം ഒരു മാസത്തിനുള്ളിൽ അറിയിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇങ്ങനെയുള്ള കത്തുകൾക്കു ശരിയായ മറുപടി നൽകാതെ 1975 ജനുവരിയിൽ കാതോലിക്കായെ സസ്പെൻഡു ചെയ്തിരിക്കുന്നതായി പാത്രിയർക്കീസ് അറിയിച്ചു. അനധികൃതമായ ഈ നടപടിയെ മലങ്കരസഭ അതർഹിക്കുന്നപ്രകാരം നിരാകരിക്കുകയും ആ വിവരം പാത്രിയർക്കീസിനെ മനസ്സിലാക്കുകയും ചെയ്തു.

സസ്പെൻഷൻ കത്ത് അയച്ചശേഷം ആ മാസത്തിൽ തന്നെ മറ്റൊരു കത്ത് പാത്രിയർക്കീസ് എല്ലാ മേൽപ്പട്ടക്കാർക്കും അയച്ചു. അതു സുറിയാനി സഭയുടെ 'ആകമാന സുന്നഹദോസ്' 1975 ജൂൺ 16-ാം തീയതി സിറിയായിൽ വച്ചു കൂടുന്നതിലേയ്ക്കുള്ള ക്ഷണമായിരുന്നു. ഏതെങ്കിലും വിധത്തിൽ കാതോലിക്കായെയും അദ്ദേഹത്തോടു ചേർന്നു നില്ക്കുന്ന മേൽപട്ടക്കാരെയും സഭയിൽനിന്നു നിഷ്ക്കാസനം ചെയ്തു എന്നു വരുത്തി സ്വന്ത കക്ഷിയെ വ്യവഹാരത്തിൽ ജയിപ്പിക്കുവാൻ നോക്കുകയായിരുന്നു ലക്ഷ്യം. മലങ്കരസഭ അതു മനസ്സിലാക്കി ആകമാന സുന്നഹദോസിനെ ബഹിഷ്ക്കരിച്ചു. എന്നാൽ സിറിയയിലെ ബിഷപ്പന്മാരിലൊരു വിഭാഗം ഈ നടപടിക്കെതിരായിരുന്നതിനാൽ സുന്നഹദോസിൽ ഭൂരിപക്ഷം കിട്ടാതെ വന്നേയ്ക്കുമെന്നുള്ള ഭീതി മൂലം പാത്രിയർക്കീസ് ഇന്ത്യാക്കാരായ മൂന്നു പുതിയ ബിഷപ്പന്മാരെ വാഴിച്ചു. മലങ്കരസഭയിലെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അംഗങ്ങളായിരുന്ന രണ്ടു മേൽപ്പട്ടക്കാർ അതിനകം പാത്രിയർക്കീസുമായി ചേർന്നിരുന്നു. അങ്ങനെ എട്ടു ഇന്ത്യൻ ബിഷപ്പന്മാർ പാത്രിയർക്കീസിന്റെ 'ആകമാന സുന്നഹദോസിൽ' പങ്കെടുത്ത് അദ്ദേഹത്തിന് ഭൂരിപക്ഷം നൽകാൻ സിറിയായിലെത്തി. 1975 ജൂൺ 16-ാം തീയതി കൂടിയ ആ യോഗം മലങ്കര സഭാദ്ധ്യക്ഷനായ കാതോലിക്കായെയും എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ അംഗമായി ദീർഘവർഷം കഴിച്ചശേഷം പാത്രിയർക്കീസുമായി ചേർന്ന് അദ്ദേഹത്തിന്റെ നിലപാടിന് ബലം നൽകാൻ ശ്രമിച്ച പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ ഡമാസ്ക്കസിൽ വച്ച് കാതോലിക്കാ ആയി വാഴിച്ചു. ഈ വിധത്തിൽ 1958 മുതൽ ഐക്യത്തിൽ കഴിഞ്ഞ മലങ്കര സുറിയാനി സഭയെ 1970 മുതൽ സമർത്ഥമായി മാർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ രണ്ടായി വിഭജിച്ചു.

ഇതിനെ തുടർന്ന് കുറേക്കാലത്തേയ്ക്കു കേരളത്തിൽ പല സ്ഥലങ്ങളിലും കക്ഷികൾ തമ്മിലുള്ള ഏറ്റുമുട്ടലുകളും പ്രക്ഷോഭണങ്ങളും മറ്റ് അനിഷ്ട സംഭവങ്ങളും നടന്നു. കോടതികളിൽ ഒട്ടുവളരെ വ്യവഹാരങ്ങളും തത്പരകക്ഷികൾ സമർപ്പിച്ചു.

## സി. സഭാവളർച്ച

1913-ൽ തുടങ്ങിയ സമുദായ കേസുകൾ മൂലം പുരോഗമനപരമായ പരിപാടികൾക്കുവേണ്ടി വിനിയോഗിക്കേണ്ടിയിരുന്ന സമുദായത്തിന്റെ കഴിവുകളും പണവും വേണ്ടവണ്ണം ഉപയോഗത്തിൽ വരുത്തുവാൻ സഭയ്ക്കു കഴിഞ്ഞിരുന്നില്ല. എങ്കിൽ തന്നെയും ഓർത്തഡോക്സ് വിഭാഗം സൃഷ്ടിപരമായ പല പ്രവർത്തനങ്ങളിലും ശ്രദ്ധ പതിച്ചു വന്നു. അവയിൽ സുപ്രധാനമായ ഒന്നാണ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി. സമുദായക്കേസുകളും മറ്റും മൂലം കർമ്മരഹിതമായിപ്പോയ പഴയ സെമിനാരിയിലെ വൈദിക വിദ്യാലയം 1942-ൽ എം.ഡി. സെമിനാരിയിൽ ആരംഭിച്ചു. 1958-ലെ സുപ്രീംകോടതി വിധിയെത്തുടർന്ന് അത് പഴയ സെമിനാരിയിലേയ്ക്ക് മാറ്റി. സഭയിലെ വൈദികർക്കാവശ്യമായ പരിശീലനവും സെറാമ്പൂർ കോളജ് (യൂണിവേഴ്സിറ്റി) ബി.ഡി. ബിരുദത്തിനു വേണ്ടിയുള്ള പഠനവും സെമിനാരി നൽകിവരുന്നു. ഇവയ്ക്കും പുറമേ കേരളത്തിൽ പ്രവർത്തിക്കുന്ന മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി, സി.എസ്.ഐ. സഭയുടെ തിയോളജിക്കൽ സെമിനാരി എന്നിവയുമായി സഹകരിച്ച് ചില പ്രധാന വിഷയങ്ങളിൽ എം.റ്റി.എച്ച്. (M.Th.), ഡി.റ്റി.എച്ച്. (D.Th.) എന്നീ ഉപരി ബിരുദങ്ങൾക്ക് വിദ്യാർത്ഥികളെ പരിശീലിപ്പിക്കുന്നു. ഇവയ്ക്കെല്ലാമുള്ള സൗകര്യങ്ങൾ സെമിനാരിക്കുണ്ടെന്നുള്ള വസ്തുത പ്രത്യേകം ശ്രദ്ധേയമാണ്.

1982-ലെ കണക്കനുസരിച്ച് ഓർത്തഡോക്സു സഭയിൽ 14 ഭദ്രാസനങ്ങളും 1136 ഇടവകകളിലായി 1050 പട്ടക്കാരുമുണ്ടായിരുന്നു. സഭയുടെ ആഭിമുഖ്യത്തിൽ 10 സന്യാസാശ്രമങ്ങളും അത്രയും തന്നെ സന്യാസിനി മഠങ്ങളുമുണ്ട്. സഭയുടെ വിവിധ ഭാഗങ്ങളിലായി 16 ആശുപത്രികളും, 13 കോളജുകളും 11 വ്യവസായ പരിശീലനകേന്ദ്രങ്ങളും 166 സ്കൂളുകളും 8 അനാഥമന്ദിരങ്ങളും സേവനമനുഷ്ഠിക്കുന്നു.

ആഗോളതലത്തിൽ സഭയ്ക്ക് വളരെയധികം സഭാബന്ധങ്ങളുണ്ട്. സഭാംഗങ്ങളിൽ പലരും അഖിലലോക സഭാകൗൺസിലിലും മറ്റു സംഘടനകളിലും സുപ്രധാന സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ അനുഷ്ഠിക്കുകയും ചെയ്യുന്നു.

### 3. മാർത്തോമ്മാ സഭ

1917 മുതൽ 1943 വരെ മാർത്തോമ്മാ സഭയിൽ സഫ്രഗൻ ബിഷപ്പായും പിന്നീടു സഭയുടെ മെത്രാപ്പോലീത്താ ആയും ശുശ്രൂഷയനുഷ്ഠിച്ച ഡോ. അബ്രഹാം മാർതോമ്മാ 1947-ൽ നിര്യാതനായി. അതിനു മുമ്പ് 1937-ൽ രണ്ടു യുവ ബിഷപ്പുമാർ അഭിഷിക്തരായിരുന്നു. അബ്രഹാം മാർതോ

മ്മായുടെ കാലശേഷം അവരിൽ പ്രായം കൂടിയ യൂഹാനോൻ മാർതോമ്മാ മെത്രാപ്പോലീത്താ സ്ഥാനത്തും മാത്യൂസ് അത്താനാസ്യോസ് സഫ്ര ഗൻ ബിഷപ്പായും തുടർന്നു സഭയെ നയിച്ചു. ഈ സഭയുടെ പിന്നീ ടുള്ള ചരിത്രത്തെ അടിസ്ഥാനമാക്കി രണ്ടു കാര്യങ്ങൾ ഇവിടെ ചൂണ്ടി ക്കാണിക്കാം.

**എ. സഭയിലെ പിരിവ്**

1952-ൽ മൂന്നു മെത്രാൻ സ്ഥാനാർത്ഥികളെ തിരഞ്ഞെടുത്ത സംഭവ മടിസ്ഥാനമാക്കിയായിരുന്നു പിരിവുണ്ടായത്. സഭാമണ്ഡലം നിയമിച്ച സ്പെഷ്യൽ കമ്മീഷൻ മൂന്നു പേരുകൾ നിർദ്ദേശിച്ചു. ആ അവസരത്തിൽ ഒരു ന്യൂനപക്ഷം വൈദികരും അത്മായക്കാരും ചേർന്നു മറ്റു ചില പേരു കളും ഉൾപ്പെടുത്തണമെന്നു ശഠിച്ചു. കമ്മീഷൻ നിർദ്ദേശിച്ച എല്ലാവരും മെത്രാപ്പോലീത്താ തന്നെയും അബ്രഹാം മല്പാന്റെ നവീകരണ പാര മ്പര്യം ശരിയായി പുലർത്തുന്നില്ല, അതു നിലനിർത്തുന്നവരെ മെത്രാൻ സ്ഥാനത്തുയർത്തണം എന്ന് ആ ന്യൂനപക്ഷം വാദിച്ചു. പത്ഥ്യോപദേശ ക്കാരെന്ന് അവർക്കു പേരുമുണ്ടായി.

മെത്രാൻ സ്ഥാനാർത്ഥികൾക്കു വൈദികരുടെയും അത്മായക്കാരു ടെയും പ്രത്യേകം പ്രത്യേകം വോട്ടുകൾ 75 ശതമാനമെങ്കിലും കിട്ടിയി രിക്കണമെന്നുള്ളതാണ് മാർത്തോമ്മാ സഭയിലെ ഭരണഘടനാ വ്യവസ്ഥ. ഇതനുസരിച്ചു നടത്തിയ തിരഞ്ഞെടുപ്പിൽ കമ്മീഷൻ നിർദ്ദേശിച്ച മൂന്നു പേർക്കും 75 ശതമാനത്തിൽ കുറയാത്ത വോട്ടു ലഭിക്കുകയും, അവരെ മേല്പട്ടസ്ഥാനത്തവരോധിക്കുകയും ചെയ്തു. പത്ഥ്യോപദേശക്കാർ ആ തിരഞ്ഞെടുപ്പിനെ അസ്ഥിരപ്പെടുത്തുവാൻ വേണ്ടി കോടതിയെ സമീ പിച്ചു. പക്ഷേ പ്രയോജനമുണ്ടായില്ല. അതിനുശേഷം 1961-ൽ പത്ഥ്യോ പദേശ വിഭാഗത്തിലെ വൈദികർ അവരിൽ രണ്ടുപേരെ മെത്രാന്മാരാക്കി, 'സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭ' എന്ന പേരിൽ ഒരു പുതിയ സഭയ്ക്കു രൂപംകൊടുത്തു. അതിനു അഖിലലോക സഭാകൗൺസിലിൽ അംഗത്വം ലഭിക്കുവാൻ ചെയ്ത ശ്രമം വിജയിച്ചില്ല. എന്നാൽ കൗൺസി ലിനെതിരായി പ്രവർത്തിക്കുന്ന മക്കിന്റയർ നേതൃത്വത്തിലുള്ള സംഘട നയുടെ സഹായം അതിനു ലഭിച്ചു. ഇപ്പോൾ ലഭിച്ചുകൊണ്ടുമിരിക്കുന്നു.

സെന്റ് തോമസ് ഇവാഞ്ചലിക്കൽ സഭ അധികം വൈകാതെ രണ്ടായി പിളർന്നു. രണ്ടും തിരുവല്ലാ കേന്ദ്രമായി നിലനിൽക്കുന്നു.

**ബി. സഭാ വളർച്ച**

പിളർപ്പ് മാർത്തോമ്മാ സഭയുടെ വളർച്ചയെ ഒരളവിൽ ബാധിച്ചു എങ്കിലും അതിന്റെ പുരോഗമനത്തെ ഗണ്യമായി തടസ്സപ്പെടുത്തിയില്ല.

1926-ൽ സ്ഥാപിതമായ മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി ശ്രദ്ധേയമായ സേവനമനുഷ്ഠിക്കുന്നു. സെറാമ്പൂർ കോളജുമായുള്ള ബന്ധത്തിൽ അതു വിദ്യാർത്ഥികളെ സഭാസേവനത്തിന് പരിശീലിപ്പിക്കുന്നു. അതുപോലെ ഓർത്തഡോക്സ് സെമിനാരിയുടെയും കണ്ണമ്മൂല സെമിനാരിയുടെയും സഹകരണത്തിൽ സെറാമ്പൂർ കോളജിന്റെ എം.റ്റി.എച്ച്., ഡി.റ്റി.എച്ച് എന്നീ ഉപരി ബിരുദങ്ങൾക്കും പരിശീലനം നൽകുന്നു.

1982-ൽ മാർത്തോമ്മാ സഭയിൽ 6 ഭദ്രാസനങ്ങളിലായി 808 ഇടവകകളും അവയിൽ സേവനമനുഷ്ഠിക്കുന്ന വൈദികരുമുണ്ട്. സഭാദ്ധ്യക്ഷനായ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ 5 ബിഷപ്പന്മാർ ഭദ്രാസനതലത്തിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുന്നു. സഭയുടെ ആഭിമുഖ്യത്തിൽ പല മിഷനറി സംഘടനകളും പല ആശ്രമങ്ങളും ആശുപത്രികളും കർമ്മനിരതമായിക്കഴിയുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളായി നാല് കോളജുകളും, 25 ഹൈസ്ക്കൂളുകളും 150-ൽപരം പ്രൈമറി സ്കൂളുകൾ, എലിമെന്ററി സ്കൂളുകൾ എന്നിവയും സഭ വകയായിട്ടുണ്ട്.

ആഗോളതലത്തിലും മാർത്തോമ്മാസഭയ്ക്ക് ബന്ധങ്ങൾ വളരെയുണ്ട്. അതിന്റെ ചില അംഗങ്ങൾ അഖിലലോക സഭാകൗൺസിലിൽ പ്രശസ്ത സേവനം നൽകി. ചിലർ ഇപ്പോഴും നൽകുന്നു.

### 4. തൊഴിയൂർ (അഞ്ഞൂർ) സഭ

ഈ സഭയുടെ ഉത്ഭവ ചരിത്രം നേരത്തെ പരാമർശിച്ചിട്ടുള്ളതാണ്. ഈ ചെറിയ സഭയുടെ സേവനം 19-ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ മലങ്കര സുറിയാനി സഭയ്ക്ക് വിഭജിതമാകുന്നതിനു മുമ്പേ ലഭിച്ചിരുന്നു. 1829-ൽ ആ സഭാദ്ധ്യക്ഷനായി മാർ കൂറിലോസ് മൂന്നാമനെ വാഴിച്ചതു മലങ്കര സുറിയാനി സഭയിലെ മാർ ദിവന്നാസ്യോസ് നാലാമനായിരുന്നു. മാർ കൂറിലോസിന്റെ നിര്യാണാനന്തരം 1856-ൽ ഒരു പിൻഗാമിയെ വാഴിച്ചു കൊടുക്കുവാൻ യൂയാക്കീം മാർ കൂറിലോസ് ശ്രമിച്ചു എങ്കിലും അദ്ദേഹത്തിനു സാധിക്കാതെ മാത്യൂസ് മാർ അത്താനാസ്യോസ് ആയിരുന്നു നിർവഹിച്ചത്. പിന്നീട് 1893-ൽ ആ സഭയുടെ ഏഴാമത്തെ മെത്രാപ്പോലീത്താ മാർ അത്താനാസ്യോസ് ഒന്നാമൻ മാർതോമാ സഭയിലെ മാർ തീത്തോസ് ഒന്നാമനെ അവരോധിക്കുന്ന കർമ്മത്തിൽ നേതൃത്വം നൽകി. അതിനെ തുടർന്ന് തൊഴിയൂർ സഭയും മാർതോമ്മാ സഭയും തമ്മിൽ മേൽപ്പട്ടക്കാരുടെ വാഴിക്കലിൽ പരസ്പര ബന്ധം സ്ഥാപിതമായി. അയ്യായിരത്തിൽപരം അംഗങ്ങളുള്ള തൊഴിയൂർ സഭയിൽ എട്ടു പള്ളികളും ആറു ചാപ്പലുകളുമുണ്ട്. സഭയുടെ നേതൃത്വത്തിൽ ഒരു ഹൈസ്കൂൾ, മൂന്നു യു.പി. സ്കൂളുകൾ, ഒരു അനാഥാലയം എന്നിവ പ്രവർത്തിക്കുന്നു. മേൽപ്പട്ടക്കാരുടെ സ്ഥാനാരോഹണം ആസ്പദമാക്കി തൊഴി

യൂർ സഭയ്ക്കു മാർത്തോമ്മാ സഭയുമായി ബന്ധമുണ്ടെങ്കിലും, വിശ്വാസപരവും ആരാധനാപരവുമായ പാരമ്പര്യങ്ങളിലെല്ലാം അതിനു സാമ്യമുള്ളതു മലങ്കര ഓർത്തഡോക്സ് സഭയുമായിട്ടാണ്.

## 5. കൽദായ പൗരസ്ത്യ സഭ

19-ാം നൂറ്റാണ്ടിൽ സീറോ-മലബാർ സഭയിൽ രൂപംകൊണ്ട കൽദായ പ്രേമം നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. അതിന്റെ ഫലമായി രൂപംകൊണ്ടതാണ് തൃശൂരിലെ ഈ കൽദായ സഭ.

കൊച്ചിരാജാവ് ശക്തൻതമ്പുരാൻ, 1814-ൽ തൃശൂർ ഒരു വാണിജ്യകേന്ദ്രമാക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ, അതിനു കൊള്ളാവുന്നവരെന്നു തോന്നിയ 52 ക്രൈസ്തവ കുടുംബങ്ങളെ അവിടെ വരുത്തി പാർപ്പിച്ചു. അവർക്കു പല ആനുകൂല്യങ്ങളും രാജാവ് കൽപ്പിച്ചനുവദിച്ചു കൊടുക്കുകയും ചെയ്തു. അവരുടെ ആരാധനാ സൗകര്യമുദ്ദേശിച്ച് അവിടെ മർത്തമറിയം വലിയപള്ളി അക്കാലത്ത് പണികഴിപ്പിച്ചു. 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളത്തിൽ വന്ന, റോമുമായി ബന്ധമുണ്ടായിരുന്ന, തോമസ് റോക്കോസ്, ജോൺ മെല്ലൂസ് എന്നീ കൽദായ മെത്രാന്മാർ കേരളത്തിൽ ബന്ധം പുലർത്തിയിരുന്ന പല പള്ളികളിലൊന്ന് ഈ ദേവാലയമായിരുന്നു. അവർ മടങ്ങിപ്പോയശേഷം ബാബിലോണിലെ നെസ്തോറിയൻ പാത്രിയർക്കീസ് 1862-ൽ മെത്രാനാക്കിയ തൊണ്ടനാട് മാർ അബ്ദീശോ ആ പള്ളിയിൽ ശുശ്രൂഷ നടത്തി വന്നു. അദ്ദേഹം 1900-ൽ നിര്യാതനായി. അതിനുശേഷം 1908-ൽ മാർ തീമോത്തിയോസ് അബിമെലക്ക് മെത്രാപ്പോലീത്താ വിദേശത്തു നിന്നു വരുന്നതുവരെ ആഗസ്തീൻ കോർഎപ്പിസ്ക്കോപ്പാ പള്ളിയുടെ ചുമതല വഹിച്ചു.

മാർ തീമോത്തിയോസിന്റെ കാലത്തു പള്ളിയുടെ മേൽ അവകാശം സ്ഥാപിച്ചു കിട്ടുവാൻ സീറോ-മലബാർ സഭ കോടതി വ്യവഹാരത്തിൽ ഏർപ്പെട്ടു. അത് 1925-ൽ കൊച്ചി രാജാവ് അംഗീകരിച്ച 'കോട്ടൻ അവാർഡ്', പൗരസ്ത്യ സഭ (നെസ്തോറിയൻ) വിഭാഗത്തിന്റേതായി വിധിച്ചു. ആ പള്ളി കേന്ദ്രമാക്കി മാർ തീമോത്തിയോസ് 1945-ൽ നിര്യാതനാകുന്നതുവരെ ആ സഭയെ നയിച്ചു. പിന്നീട് 1952-ൽ മാർത്തോമ്മാ ദർമൊ വിദേശത്തു നിന്നും വന്നു. 1968 വരെ സഭയ്ക്കു നേതൃത്വം നൽകി.

ഇദ്ദേഹം ജോർജു മൂക്കനെ 1968-ൽ മാർ അപ്രേം മെത്രാപ്പോലീത്തായായി ഉയർത്തി. അദ്ദേഹമാണ് ഇപ്പോൾ സഭയ്ക്കു നേതൃത്വം നൽകുന്നത്. 1976-ൽ മാർ അപ്രേമിന്റെ സഹായമെത്രാനായി പൗലോസ് മാർ പൗലോസിനെയും ആ സഭ വാഴിച്ചു.

1962 മുതൽ രണ്ടു കക്ഷിയായി ഈ സഭ പിരിഞ്ഞു കഴിഞ്ഞിരുന്നു.

ഒരു കക്ഷി മെസപ്പൊട്ടോമിയായിലെ പാത്രിയർക്കീസിന്റെ ഭാഗത്തും മറ്റേതു മാർ അപ്രേമിന്റെ കൂടെയും നിന്നു. പാത്രിയർക്കീസ് കക്ഷിക്കു മാർ തീമോത്തിയോസ് മെത്രാൻ നേതാവായിട്ടുണ്ടായിരുന്നു.

'പൗരസ്ത്യ സഭ'യ്ക്കു 15,000 അംഗങ്ങളുണ്ട്. തൃശൂർ മർത്തമറിയം വലിയപള്ളിക്കും പുറമെ, 16 പള്ളികളും അവയിൽ ശുശ്രൂഷ നടത്തുന്ന 18 പട്ടക്കാരുമാണുള്ളത്. 2 ഹൈസ്ക്കൂളുകളും 2 പ്രൈമറി സ്കൂളുകളും സഭ നടത്തുന്നു. നർസായി പ്രസ്, തൃശൂർ സഭയുടെ ഒരു പ്രധാന അച്ചു കൂടമാണ്.

### ചോദ്യങ്ങൾ

1. മലങ്കര സുറിയാനി സഭയിൽ 1958-നു ശേഷമുണ്ടായ പിരിവിന്റെ ചരിത്രം വിവരിക്കുക?

2. മാർത്തോമ്മാ സഭയിൽ വിഭജനമുണ്ടായതെങ്ങനെ?

3. തൊഴിയൂർ സഭയെപ്പറ്റി നമുക്കെന്തറിയാം?

4. തൃശൂർ കേന്ദ്രമാക്കിയുള്ള കൽദായ അഥവാ 'പൗരസ്ത്യ സഭ' എങ്ങനെ നിലവിൽ വന്നു? ഇന്ന് അതിന്റെ സ്ഥിതി എന്ത്?

**പാഠം 3**

## പ്രൊട്ടസ്റ്റന്റ് സഭകൾ ഐക്യത്തിലേയ്ക്ക് നീങ്ങുന്നു

❑ പ്രാരംഭം ❑ ദക്ഷിണേന്ത്യൻ സഭാ രൂപീകരണം ❑ ഉത്തരേന്ത്യൻ സഭാ രൂപീകരണം ❑ മറ്റ് പ്രൊട്ടസ്റ്റന്റ് സഭകൾ

### 1. പ്രാരംഭം

പ്രൊട്ടസ്റ്റന്റ് മിഷനറി സഹകരണം എൻ.സി.സി. യുടെ രൂപീകരണത്തിനു സഹായിച്ചു. അതുപോലെ സഭാസഹകരണചിന്തയും പല കേന്ദ്രങ്ങളിലും വളർന്നു. 20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ തെക്കേ ഇൻഡ്യയിലും തുടർന്ന് ഉത്തരേന്ത്യയിലും ഐക്യാഭിലാഷം ഉയർന്നു വന്നു.

### 2. ദക്ഷിണേന്ത്യൻ സഭയുടെ രൂപീകരണം (സി.എസ്.ഐ.)

1947 സെപ്തംബർ 27-ാം തീയതി തെക്കേ ഇന്ത്യയിലും ശ്രീലങ്കയിലെ ജാഫ്നായിലും പ്രവർത്തിച്ചുകൊണ്ടിരുന്ന അഞ്ചു സഭകൾ ഒരുമിച്ചു ചേർന്ന് 'ദക്ഷിണേന്ത്യാ സഭ' (സി.എസ്.ഐ.) യ്ക്ക് രൂപംകൊടുത്ത

തായി പ്രഖ്യാപിച്ചു. ആംഗ്ലേയ സഭ, കോൺഗ്രിഗേഷണൽ സഭ, പ്രസ്ബിറ്റീറിയൻ സഭ, ബാസൽ മിഷന്റെ പ്രവർത്തനഫലമായി നിലവിൽ വന്ന സഭ, മെത്തഡിസ്റ്റുസഭ എന്നിവയായിരുന്നു ആ സഭകൾ. ഇവയിൽ ആംഗ്ലേയസഭയും മെത്തഡിസ്റ്റു സഭയും ഒഴികെയുള്ള സമൂഹങ്ങൾ ദക്ഷിണേന്ത്യാ ഐക്യസഭ (South India United Church - S.I.U.C.) എന്ന പേരിൽ നേരത്തെ സംയോജനം പ്രാപിച്ചിരുന്നതാണ്.

സഭകൾ തമ്മിൽ ഐക്യത്തിൽ വരുന്നതിനു മുമ്പു സഹകരണത്തിന്റെ ആവശ്യം പല ക്രൈസ്തവ നേതാക്കന്മാർക്കും ബോദ്ധ്യമായി. അതു മൂലം മിഷനുകൾ തമ്മിൽ ഒരുമിച്ചുചേർന്നു സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകുവാൻ സാദ്ധ്യമായി.

ഇങ്ങനെ മദ്രാസ് ക്രിസ്ത്യൻ കോളജ് 1887 മുതൽ സി.എം.എസ്. മെത്തഡിസ്റ്റ്, പ്രെസ്ബിറ്റീറിയൻ എന്നീ മിഷനുകൾ സഹകരിച്ചു നടത്തുന്ന ഒരു സ്ഥാപനമായി തീർന്നു. അതുപോലെ മദനപ്പള്ളിയിലെ ക്ഷയരോഗാശുപത്രിയും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജും പല മിഷനുകൾ ചേർന്നു പ്രവർത്തിക്കുന്നവയായി രൂപംകൊണ്ടിരുന്നു. ഇന്ത്യയിലെ റോമൻ കത്തോലിക്കാ സഭയുമായി ബന്ധമില്ലാത്ത തിയോളജിക്കൽ കോളജുകൾ മിക്കവയും ഐക്യസ്ഥാപനങ്ങളായി വളർന്നവയാണ്.

സി.എസ്.ഐ. ഉടലെടുക്കുവാനുള്ള ആദ്യത്തെ കാൽവയ്പ് 1919-ൽ ബിഷപ്പ് വി. എസ്. അസറിയാ ട്രാങ്കുബാറിൽ വിളിച്ചുകൂട്ടിയ ഒരു കോൺഫറൻസായിരുന്നു. ആ യോഗത്തിൽ ആംഗ്ലേയ സഭയിൽ നിന്നും ബിഷപ്പ് അസറിയായും എസ്.ഐ.യു.സി. യുടെ പ്രതിനിധി എന്ന നിലയിൽ വി. സാന്തിയാഗോയും ഇംഗ്ലീഷ് മിഷനറി എച്ച്. എ. പോപ്ലിയും സുപ്രസിദ്ധ അമേരിക്കൻ സുവിശേഷ പ്രസംഗകൻ ഷെർവുസ് എഡ്ഢിയും സംബന്ധിച്ചിരുന്നു. ആ യോഗം സഭാ ഐക്യം ആസ്പദമാക്കി അംഗീകരിച്ച പ്രസ്താവന ആംഗ്ലേയസഭയിലെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിനും എസ്.ഐ.യു.സി. യുടെ പൊതുസമ്മേളനത്തിനും സമർപ്പിച്ചു.

ഐക്യത്തിനു വേണ്ടി ഉദ്യമിച്ച സഭകൾ ഒരേ തരത്തിലുള്ള പൗരോഹിത്യ വ്യവസ്ഥിതി സ്വീകരിച്ചിരുന്നില്ല. ആംഗ്ലേയ സഭ ബിഷപ്പ്, പ്രെസ്ബിറ്റർ, ശെമ്മാശ്ശൻ എന്നീ മൂന്നു വൈദിക സ്ഥാനികളെയും നിലനിർത്തി വന്നു എങ്കിലും മറ്റു സഭകളിൽ ബിഷപ്പിന്റെ സ്ഥാനം അംഗീകരിച്ചിരുന്നില്ല. ഈ വ്യത്യാസം തരണം ചെയ്യണമെന്നുള്ള ചിന്ത കോൺഫറൻസിൽ പങ്കുകൊണ്ട നേതാക്കളെ ഭരിച്ചിരുന്നു. സഭയുടെ എപ്പിസ്ക്കോപ്പൽ, പ്രെസ്ബിറ്റീറിയൻ, കോൺഗ്രിഗേഷനൽ എന്നീ മൂന്നു ഭരണക്രമങ്ങൾക്കും പുതിയനിയമത്തിൽ അടിസ്ഥാനമുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടി.

അതിനാൽ അവ മൂന്നും ചേർത്തിണക്കിയ വ്യവസ്ഥിതിക്ക് ഐക്യസഭയിൽ സ്ഥാനമുണ്ടായിരിക്കണമെന്ന് അംഗീകരിച്ചു. അതു നിലവിൽ വരുത്തുന്നതിലേയ്ക്കു ബിഷപ്പിന്റെ സ്ഥാനം ചരിത്രപരമായ ഒരു വാസ്തവം എന്ന നിലയിൽ ഐക്യസഭയിലും ഉണ്ടായിരിക്കണമെന്ന് അവർ സമ്മതിച്ചു.

1888-ൽ ആംഗ്ലേയസഭയിലെ ബിഷപ്പന്മാർ ചേർന്നുള്ള ലാംബത്തു കോൺഫറൻസ് സഭകളുടെ ഐക്യത്തിനനുപേക്ഷണീയമായിരിക്കേണ്ട നാലു (Lambth Quadre lateral) നിർദ്ദേശങ്ങൾ അംഗീകരിച്ചിരിക്കുന്നു. അവ:

1. പഴയതും പുതിയതുമായ രണ്ടു നിയമങ്ങളടങ്ങിയ തിരുവെഴുത്തുകൾ രക്ഷയ്ക്കാവശ്യമായ എല്ലാ സംഗതികളുമുൾക്കൊള്ളുന്നു.

2. അപ്പസ്തോല വിശ്വാസപ്രമാണവും നിഖ്യാവിശ്വാസപ്രമാണവും സ്വീകരിക്കണം.

3. ക്രിസ്തു തന്നെ സ്ഥാപിച്ച മാമോദീസാ, തിരുവത്താഴം എന്നീ കുദാശകൾ അംഗീകരിക്കണം.

4. എപ്പിസ്ക്കോപ്പൽ വ്യവസ്ഥിതി ചരിത്രപരമായി നിലവിൽ വന്നതെന്നുള്ള അടിസ്ഥാനത്തിൽ അതിനെ നിലനിർത്തണം (Historic Episcopacy).

ഈ നാലു നിർദ്ദേശങ്ങളും ഐക്യ സംഭാഷണത്തിൽ ഏർപ്പെട്ടവർക്കു സ്വീകാര്യമായി. ഐക്യത്തിന്റെ വിശദാംശങ്ങൾ പഠിക്കുവാൻ രണ്ടു സഭകളും ചേർന്ന് 1920-ൽ ഒരു കമ്മിറ്റിയെ നിയമിച്ചു. 1925 മുതൽ ബ്രിട്ടനിലെ മെത്തഡിസ്റ്റു മിഷനുമായി ബന്ധപ്പെട്ട ഇന്ത്യയിലെ സഭയും ആലോചനയിൽ പങ്കെടുത്തു. ഇങ്ങനെ ദക്ഷിണേന്ത്യാ സഭ രൂപം കൊണ്ടപ്പോൾ അതിൽ തെക്കേ ഇന്ത്യയിലെ ആംഗ്ലേയസഭ, എസ്.ഐ.യു.സി. യിലെ മൂന്നു സഭകൾ, ബ്രിട്ടീഷ് മെത്തഡിസ്റ്റു സഭ എന്നീ അഞ്ചു സഭകൾ ഒരുമിച്ചു ചേർന്നു.

ഇവിടെ രണ്ടു കാര്യങ്ങൾ ശ്രദ്ധേയമാണ്. 1. സഭയിൽ ബിഷപ്പിന്റെ സ്ഥാനം ഒരേ നിലയിലല്ല ലോകത്തിലെ സഭകൾ മനസ്സിലാക്കുന്നത്. അതിനാൽ ഏതർത്ഥത്തിൽ സി.എസ്.ഐ. എപ്പിസ്ക്കോപ്പസി സ്വീകരിച്ചു എന്നത് ഒരു പ്രധാന ചോദ്യമാണ്. സി.എസ്.ഐ. രൂപീകൃതമായ കാലങ്ങളിൽ ആംഗ്ലേയസഭയിൽ ഒരേ അർത്ഥത്തിൽ എപ്പിസ്ക്കോപ്പസിയെ ആ സഭാംഗങ്ങൾ മനസ്സിലാക്കിയിരുന്നില്ല. ആ അവസ്ഥ സി.എസ്.ഐ. യിലും ഉണ്ടായിരുന്നു. എന്നാൽ ആ സഭ എപ്പിസ്ക്കോപ്പസി അംഗീകരിച്ചത്, പുരാതനകാലം മുതൽ സഭയിൽ ബിഷപ്പന്മാരുണ്ടായിരുന്നുവെന്നും ബിഷപ്പിൽ കൂടി സഭയുടെ ഐക്യം അർത്ഥവത്തായി നില

നിർത്തുക സാധ്യമാണെന്നും ഉള്ള ആശയങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമായിരുന്നു. അഥവാ, ബിഷപ്പിന്റെ സ്ഥാനം സഭയ്ക്ക് അനുപേക്ഷ ണീയമെന്നോ ബിഷപ്പില്ലാത്ത സമൂഹങ്ങൾ സഭയുടെ ഭാഗമല്ലെന്നോ ഉള്ള നിലപാട് സി.എസ്.ഐ. അവലംബിക്കുന്നില്ല.

2. സി.എസ്.ഐ. യുടെ ഘടകസഭകളിൽ ആംഗ്ലേയ സഭയൊഴികെ യുള്ള സമൂഹങ്ങളിലെ വൈദികർ ബിഷപ്പിനെ കൂടാതെ സ്ഥാനം പ്രാപി ച്ചവരായിരുന്നു. ആ സഭ ബിഷപ്പിന്റെ സ്ഥാനം അംഗീകരിച്ച നിലയ്ക്ക് ആ വൈദികരുടെ പട്ടത്വം എങ്ങനെ ശരിയാക്കുമെന്ന പ്രശ്നം ആംഗ്ലേ യസഭയുടെ ചിന്തയിൽ ഗുരുതരമായിരുന്നു. അത് സി.എസ്.ഐ. നേരി ട്ടവിധം ശ്രദ്ധേയമാണ്. ആ വൈദികരെ ബിഷപ്പന്മാരിലാരെങ്കിലും പട്ടം കൊടുത്തു സ്വീകരിക്കാമെന്നോ, ആംഗ്ലേയ സമൂഹങ്ങളിൽ അവരെ നിയ മിക്കണമെന്നോ നിർദ്ദേശിച്ചില്ല. അതുപോലെ ആംഗ്ലേയ വൈദികരെ, മറ്റു സമൂഹങ്ങളിൽ, അവർക്കിഷ്ടമില്ലാത്തപക്ഷം, നിയമിക്കണമെന്നും ആരും ശഠിച്ചില്ല. നേരെമറിച്ച്, സി.എസ്.ഐ. ഉദ്ഘാടനാനന്തരമുള്ള മൂന്നു ദശകക്കാലം ആ സഭയിലെ വൈദികരെ എല്ലാം ഏകനിലയിലാക്കുവാ നുള്ള ഘട്ടമായി ആ സഭ പ്രഖ്യാപിച്ചു. ആ കാലത്തു വൈദികവൃത്തി യിൽ പ്രവേശിക്കുന്നവരെല്ലാം ബിഷപ്പന്മാർ മുഖാന്തിരം സ്ഥാനമേറ്റിരി ക്കണമെന്നു നിശ്ചയിച്ചു. ആ മുപ്പതു വർഷങ്ങൾക്കു ശേഷവും ബിഷപ്പ ന്മാരിൽ കൂടിയല്ലാതെ വൈദികസ്ഥാനത്ത് അവരോധിക്കപ്പെട്ടവരുണ്ടെ ങ്കിൽ, അവരെ പ്രത്യേക പരിചരണയ്ക്ക് വിധേയമാക്കുന്ന നയം സഭ സ്വീകരിച്ചു. മുപ്പതു കൊല്ലങ്ങൾക്കുള്ളിൽ സി.എസ്.ഐ. സഭയിലെ വൈദികരെല്ലാം ബിഷപ്പന്മാർ മൂലം സ്ഥാനം പ്രാപിച്ചവരായിരിക്കുമെന്ന് സഭ പ്രതീക്ഷിച്ചു.

### 3. ഉത്തരേന്ത്യാ സഭ (സി.എൻ.ഐ.)

1970 നവംബർ 29-ാം തീയതി സി.എൻ.ഐ. യുടെ ഉദ്ഘാടന കർമ്മം നടന്നു. ആ ശുശ്രൂഷയിൽ സി.എസ്.ഐ. മോഡറേറ്റർ ബിഷപ്പ് പി. സോള മനും, മാർത്തോമ്മാ സഭാദ്ധ്യക്ഷൻ അലക്സാണ്ടർ മാർ തെയോഫി ലോസ് മെത്രാപ്പോലീത്തായും ഡാക്കായിലെ ബാപ്റ്റിസ്റ്റ് സഭയുടെ ഇ. എൽ. വെങ്ങറും കൂടി, സി.എൻ.ഐ. യിലേയ്ക്ക് ആറ് നിയുക്ത ബിഷ പ്പന്മാരെയും ഒൻപതു ബിഷപ്പു സ്ഥാനികളെയും വിരമിക്കുന്ന നാല് ബിഷപ്പന്മാരേയും സഭാസേവനത്തിലേയ്ക്കു സ്വീകരിച്ചു. ഇവർക്കും പുറമേ ഓരോ ഭദ്രാസനത്തിന്റെ പ്രതിനിധികളായി സന്നിഹിതരായിരുന്ന വൈദികരെയും അവരവരുടെ സ്ഥാനങ്ങളിൽ നിയോഗിച്ചു. ഈ വിധം സ്ഥാനം പ്രാപിച്ച ബിഷപ്പന്മാർ ഓരോ ഭദ്രാസനങ്ങളിലും ഇങ്ങനെ നിയോഗിതരായ വൈദികരുമായി ചേർന്നു മറ്റു വൈദിക സ്ഥാനികൾക്കും സ്വീകരണം നൽകുക എന്നതായിരുന്നു സി.എൻ.ഐ. യുടെ പ്ലാൻ.

വൈദികരുടെ ഏകീകരണമടിസ്ഥാനമാക്കി സി.എസ്.ഐ. യും സി.എൻ.ഐ. യും പ്രയോഗത്തിൽ വരുത്തിയ സുപ്രധാന വ്യത്യാസം ഇവിടെ കാണാവുന്നതാണ്. സി.എസ്.ഐ. യിൽ ആ ഏകീകരണം മുപ്പതുകൊല്ല ക്കാലം കൊണ്ടു സാധിതമാകുവാൻ അതിന്റെ നേതാക്കൾ ഉദ്ദേശിച്ചു എങ്കിലും സി.എൻ.ഐ. അത് ആരംഭത്തിൽ തന്നെ നടപ്പിലാക്കുന്ന പരി പാടിയാണ് വിഭാവന ചെയ്തത്. ആ പരിപാടിയുടെ ഉദ്ഘാടനം 1970 നവംബർ 29-ാം തീയതി നടന്നു.

സഭകളുടെ ഐക്യം തെക്കേ ഇന്ത്യയിലെന്നപോലെ വടക്കേ ഇന്ത്യ യിലും ക്രൈസ്തവ നേതാക്കളുടെ ചിന്തയെ നേരത്തെതന്നെ ആകർഷി ച്ചിരുന്നതാണ്. 1924-ൽ ഉത്തരേന്ത്യാ ഐക്യസഭ (യു.സി.എൻ.ഐ.) രൂപം കൊണ്ടിരുന്നു. വടക്കേ ഇന്ത്യയിലെ പ്രെസ്ബിറ്റീറിയൻ സഭ, കോൺഗ്രി ഗേഷനൽ സഭകളുമായി ചേർന്നു കഴിഞ്ഞിരുന്ന 11 വിഭാഗങ്ങൾ എന്നിവ ചേർന്നുള്ളതായിരുന്നു ആ ഐക്യസഭ. ആസ്സാമിൽ തുടങ്ങി ബംഗാൾ കടന്നു ഗുജറാത്തും പഞ്ചാബും വരെയുള്ള ദേശങ്ങളിൽ കിടന്നിരുന്നു.

വടക്കേ ഇൻഡ്യയിലെ സഭകളുടെ ഐക്യം കൂടുതൽ വിപുലമായ തോതിൽ പ്രാവർത്തികമാക്കുവാൻ ഒരു ചർച്ചാസമിതി രൂപീകൃതമായി. യു.സി.എൻ.ഐ., ഇന്ത്യാ, ബർമ്മാ, സിലോൺ എന്നീ ദേശങ്ങളിലെ ആംഗ്ലേയ സഭ, ദക്ഷിണേഷ്യയിലെ മെത്തഡിസ്റ്റുസഭ, ഉത്തരേന്ത്യയിലെ ബാപ്റ്റിസ്റ്റു സഭാ കൗൺസിൽ തുടങ്ങിയ സമൂഹങ്ങളെ അതു പ്രതിനി ധാനം ചെയ്തു. പിന്നീട് ബ്രദറൺ സഭയും (Church of the Brethren), ക്രിസ്തുശിഷ്യന്മാരുടെ സഭയും (Church of the Disciples of Christ) ആ സമിതിയിൽ അംഗത്വം സ്വീകരിച്ചു. 1970-ലെ ഉദ്ഘാടനത്തിൽ ബ്രിട്ടീഷ് ബാപ്റ്റിസ്റ്റുകാർ ബ്രദറൺ സമൂഹം, ക്രിസ്തുശിഷ്യന്മാർ, ആംഗ്ലേയസഭ, ബ്രിട്ടീഷുകാരുമായും, ആസ്ത്രേലിയരുമായും ബന്ധമുള്ള മെത്തഡിസ്റ്റ് സഭ, യു.സി.എൻ.ഐ. എന്നീ സമൂഹങ്ങൾ പങ്കുകൊണ്ടു.

ഇങ്ങനെ ഐക്യത്തിൽ വന്ന സി.എൻ.ഐ. യിൽ 23 ഭദ്രാസനങ്ങളി ലുൾപ്പെട്ട 600,000 അംഗങ്ങളാണുള്ളത്. 1139 വൈദികരും, 1461 സഭാ പ്രവർത്തകരും, 144 മിഷനറിമാരും ആ സഭയിൽ ഉണ്ട്.

### 4. മറ്റു പ്രൊട്ടസ്റ്റന്റു സഭകൾ

സി.എസ്.ഐ., സി.എൻ.ഐ. എന്നീ സഭകൾ ഇന്ത്യയിലെ പ്രോട്ട സ്റ്റന്റു ക്രിസ്ത്യാനികളെ എല്ലാം ഉൾക്കൊള്ളുന്നില്ല. അവ രണ്ടിനേക്കാ ളുമധികം അംഗസംഖ്യ ഇന്ത്യയിൽ പ്രവർത്തിക്കുന്ന മറ്റു പ്രോട്ടസ്റ്റന്റു സഭകൾക്കെല്ലാം കൂടി മൊത്തത്തിലും, അവയിലൊന്നിനു തനിച്ചും ഉണ്ട്. ആ സഭകൾ പ്രധാനമായി ലൂതറൻ സമൂഹങ്ങൾ, അമേരിക്കൻ മെത്ത ഡിസ്റ്റ് സഭ, രക്ഷാസൈന്യം, ചില ബാപ്റ്റിസ്റ്റ് വിഭാഗങ്ങൾ തുടങ്ങിയവ

യാണ്. ഇവയ്ക്കും പുറമേ വിവിധ പെന്തിക്കോസ്തു സമൂഹങ്ങളും മററനേക സ്വതന്ത്ര സുവിശേഷാധിഷ്ഠിത സഭകളും ഉണ്ട്. ഇന്ത്യയിലാകെ 11 സമൂഹങ്ങളിലായി പിരിഞ്ഞു കഴിയുന്ന പെന്തിക്കോസ്തുകാർ ഒരു ലക്ഷത്തിൽപരം അംഗസംഖ്യ അവകാശപ്പെടുന്നു.

പ്രോട്ടസ്റ്റന്റു ഭാഗത്തു നിന്നും സുവിശേഷ പ്രചരണാർത്ഥം ഇന്ത്യയിലാദ്യമായി വന്നതു ലൂതറൻ പാരമ്പര്യവുമായി ബന്ധപ്പെട്ട ട്രാങ്കുബാർ മിഷനായിരുന്നു. 18-ാം നൂറ്റാണ്ടിൽ ആ മിഷൻ തഞ്ചാവൂർ, മദ്രാസ്, മധുര, തൃശ്ശിനാപ്പള്ളി ആദിയായ സ്ഥലങ്ങളിൽ പ്രവർത്തിച്ച വസ്തുത നേത്തെ സൂചിപ്പിച്ചിട്ടുണ്ട്.

1845-ൽ ഡന്മാർക്ക് അതിന്റെ ഇന്ത്യൻ കോളനികളെ ബ്രിട്ടീഷുകാർക്കു വിറ്റു. എന്നാൽ ട്രാങ്കുബാറിലെ മിഷൻ സ്ഥാപനം ലൂതറൻ സമൂഹത്തിന്റെ വകയായിത്തന്നെയിരിക്കണമെന്ന് പ്രത്യേകം വ്യവസ്ഥ ചെയ്തിരുന്നു. അതിനു മുമ്പുതന്നെ ജർമ്മനിയിലെ ലൈപ്സിഗു ഇവാഞ്ചലിക്കൽ ലൂതറൻ മിഷൻ (The Leipzig Evangelical Lutheran Mission) ഇന്ത്യയിൽ മിഷൻ വേലയ്ക്കു കടന്നു വന്നു. 1836-ൽ സ്ഥാപിച്ച ലൈപ്സിംഗ് മിഷൻ ട്രാങ്കുബാർ കേന്ദ്രമാക്കി ലൂതറൻ മിഷനറി പരിപാടി പുനരാരംഭിച്ചു.

1833-നു ശേഷം അമേരിക്കയിൽ രൂപംപ്രാപിച്ച ലൂഥറൻ സമൂഹങ്ങളും ഇന്ത്യയിലെ സുവിശേഷ പ്രചരണത്തിലുത്സുകരായി. ഇതിന്റെയെല്ലാം ഫലമായി ഒമ്പതു ലൂഥറൻ സമൂഹങ്ങൾ ഇന്ത്യയിൽ രൂപംകൊണ്ടു. ഇവ ചേർത്തുള്ള ഒരു സഭാ ഫെഡറേഷൻ 1828-ൽ നിലവിൽ വന്നു. അതു 1947 മുതൽ യുണൈറ്റഡ് ഇവാഞ്ചലിക്കൽ ലൂതറൻ സഭകൾ (United Evangelical Churches in India) എന്ന പേരിൽ ഒരു സഭാ സംഘടനയായി നിലനിൽക്കുന്നു.

ഇന്ത്യയിലെ ലൂതറൻ സഭകൾക്കെല്ലാം കൂടി പത്തു ലക്ഷത്തിലധികം അംഗങ്ങളുണ്ട്. മദ്രാസിലെ ഗുരുകുൽ തിയോളജിക്കൽ കോളജ് ആ സഭകളുടെ പൊതുവായ വൈദിക വിദ്യാലയമാണ്. ആന്ധ്രാ ക്രിസ്ത്യൻ കോളജുൾപ്പെടെ പല വിദ്യാഭ്യാസ സ്ഥാപനങ്ങളും ലൂതറൻ സഭകളുടെ വകയായിട്ടുണ്ട്. സി.എസ്.ഐ. യുമായുള്ള ഈ സഭകളുടെ ഐക്യ സംഭാഷണം പ്രായോഗികതലത്തിലേയ്ക്കു പുരോഗമിച്ചില്ല.

ഇന്ത്യയിലെ ബാപ്റ്റിസ്റ്റു സമൂഹങ്ങളിലൊരു വലിയ പങ്കും സി.എൻ.ഐ. യുമായി യോജിച്ചു. എന്നാൽ അവരേക്കാൾ വളരെയധികം ബാപ്റ്റിസ്റ്റുകൾ സി.എസ്.ഐ. യിലോ, സി.എൻ.ഐ. യിലോ ലയിക്കാതെ കഴിയുന്നുണ്ട്. അങ്ങനെയുള്ളവർ ഇരുപതു ലക്ഷത്തിലധികം ഉണ്ടെന്ന്

കണക്കാക്കപ്പെടുന്നു. ശിശുസ്നാനം നിഷേധിക്കുന്ന അവരുടെ നിലപാടിന് അയവു വരുമോ എന്നു ഭയന്നാണ് ആ സമൂഹങ്ങൾ, ശിശുസ്നാനം നടത്തിവരുന്ന സഭകളുമായി യോജിക്കുവാൻ മടിക്കുന്നത്.

ഇന്ത്യയിൽ അഞ്ചു ലക്ഷത്തോളം അംഗസംഖ്യയുള്ള ഒരു സമൂഹമാണ് രക്ഷാസൈന്യം. നിർദ്ധനരുടെ ഉന്നമനം ലാക്കാക്കി 1865-ൽ വില്യം ബൂത്ത് ലണ്ടനിൽ സ്ഥാപിച്ചതാണ് ഇത്. സേവനപരമായ അതിന്റെ പ്രവർത്തനം 1882-ൽ ഇന്ത്യയിലെത്തി. ആരംഭത്തിൽ തന്നെ നാഗർകോവിൽ പ്രദേശങ്ങളിൽ വേല ആരംഭിക്കുകയും ചെയ്തു. കേരളത്തിൽ പല സ്ഥലങ്ങളിലും ഇന്ത്യയിലെ പ്രധാന നഗരങ്ങളിലും ആ സമൂഹത്തിന്റെ ശാഖകൾ പ്രവർത്തിക്കുന്നുണ്ട്. രക്ഷാസൈന്യം കൂദാശകളൊന്നും സ്വീകരിക്കുന്നില്ല. വിശ്വാസത്തിന്നാധാരമായി വേദപുസ്തകം അംഗീകരിക്കുന്നു. സൈന്യത്തിൽ ചേരുന്നവർക്കായി ചില പ്രത്യേക കർമ്മങ്ങൾ നിർവഹിക്കുന്നു. കുഷ്ഠരോഗാശുപത്രി, ആതുരാലയങ്ങൾ, വിദ്യാഭ്യാസ രംഗത്തുള്ള പ്രവർത്തനങ്ങൾ ആദിയായവ രക്ഷാസൈന്യം നടത്തിവരുന്നു. രക്ഷാസൈന്യത്തിലെ ശുശ്രൂഷകർക്കു പട്ടാള ഉദ്യോഗസ്ഥന്മാരുടെ സ്ഥാനനാമങ്ങളാണുപയോഗിച്ചു വരുന്നത്.

സി.എൻ.ഐ. യുമായി ഐക്യസംഭാഷണത്തിൽ ഏർപ്പെട്ടുവെങ്കിലും അതിൽനിന്നു വിട്ടുമാറിയ സഭയാണ് ഇന്ത്യയിലെ അമേരിക്കൻ മെത്തഡിസ്റ്റ് എപ്പിസ്ക്കോപ്പൽ സഭ. 19-ാം നൂറ്റാണ്ടിന്റെ മധ്യഘട്ടത്തിലാണ് ഇന്ത്യയിൽ അതിന്റെ ആവിർഭാവം. പല സ്ഥലങ്ങളിലും സ്കൂളുകൾ, കോളജുകൾ, ആശുപത്രികൾ ആദിയായ സ്ഥാപനങ്ങൾ, അവർ നിർമ്മിച്ചു. ഇപ്പോൾ ആറു ലക്ഷത്തിലധികം അംഗങ്ങളുള്ള ആ സഭയിൽ ആറു ബിഷപ്പന്മാർക്കും പുറമെ 2700-ൽപരം പ്രവർത്തകരുണ്ട്. സി.എൻ.ഐ. യിൽ ചേരാതെ കഴിയുന്ന മറ്റൊരു പ്രോട്ടസ്റ്റന്റു സമൂഹമാണ് വടക്കുകിഴക്കേ ഇൻഡ്യയിൽ പ്രവർത്തിച്ചുവരുന്ന പ്രെസ്ബിറ്റീറിയൻ സമൂഹം. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ആരംഭിച്ച ആ സഭയിൽ നാലു ലക്ഷത്തോളം അംഗങ്ങളുണ്ട്. ആ പ്രദേശങ്ങളിൽ ബാപ്റ്റിസ്റ്റുകാർ കഴിഞ്ഞാൽ, പിന്നീട് കൂടുതൽ സംഖ്യാബലമുള്ളത് ഈ സഭയ്ക്കാണ്.

### ചോദ്യങ്ങൾ

1. സി.എസ്.ഐ. രൂപമെടുത്തതെങ്ങനെ?

2. വൈദികരുടെ ഏകീകരണമാസ്പദമാക്കി സി.എൻ.ഐ., സി.എസ്.ഐ. യുടേതിൽ നിന്നും വ്യത്യസ്തമായി അവലംബിച്ച പരിപാടി എന്ത്?

3. ഇന്ത്യയിലെ ലൂതറൻ സഭ എങ്ങനെയാണു സ്ഥാപിതമായത്?

4. മറ്റു പ്രോട്ടസ്റ്റന്റു സഭകളെപ്പറ്റി നമുക്ക് എന്തെല്ലാം വിവരങ്ങളറിയാം?

## പാഠം 4

# റോമൻ കത്തോലിക്കാസഭയുടെ വളർച്ച

❑ പ്രാരംഭം ❑ സഭാവികസനം ❑ വൈദികരുടെ വിദ്യാഭ്യാസം ❑ വിവിധ രംഗങ്ങളിലെ സേവനം

### 1. പ്രാരംഭം

1923 മുതൽ റോമൻ കത്തോലിക്കാ സഭയ്ക്ക് ഇന്ത്യയിൽ അഭൂതപൂർവമായ വളർച്ചയുണ്ടായി. ഇതിൽ സീറോ മലബാർ സഭയുടെ പുരോഗമനം ശ്രദ്ധേയമായിരുന്നു. മുമ്പു സൂചിപ്പിച്ച രണ്ടു വൈദിക വിദ്യാഭ്യാസ കേന്ദ്രങ്ങൾക്കും പുറമേ പല സ്ഥലങ്ങളിലായി സെമിനാരികൾ സ്ഥാപിതമായി. സന്യാസി സമൂഹങ്ങളും സന്യാസിനീ സമൂഹങ്ങളും ധാരാളമായി വർദ്ധിച്ചു. വിദ്യാഭ്യാസരംഗത്തും സേവനരംഗത്തും വളരെയധികം പുരോഗമനമുണ്ടായി.

### 2. സഭാ വികസനം

സ്വതന്ത്ര ഭാരതത്തിലെ റോമൻ കത്തോലിക്കാ സഭയുടെ വളർച്ച മൂന്നു ഭാഗങ്ങളിലായി പരാമർശിക്കേണ്ടതുണ്ട്. 1. സീറോ-മലബാർ സഭ. 2. സീറോ-മലങ്കര സഭ. 3. ലത്തീൻ പാരമ്പര്യം നിലനിർത്തുന്ന സഭ.

### 1. സീറോ-മലബാർ സഭ

1923-ൽ അനുവദിച്ച ക്രമീകരണത്തെ തുടർന്ന് 1950-നു ശേഷം കേരളത്തിലെ സീറോ-മലബാർ സഭയിൽ എറണാകുളം, ചങ്ങനാശ്ശേരി എന്നീ കേന്ദ്രങ്ങളെ റോം മഹായിടവക (അതിരൂപത) കളാക്കി ഉയർത്തി. അവയിൽ എറണാകുളത്തിനു ഭദ്രാസന (രൂപത) ങ്ങളായി തൃശ്ശൂർ, തലശ്ശേരി, കോതമംഗലം, പാലക്കാട്, ഇരിങ്ങാലക്കുട, മാനന്തവാടി എന്നിവയും ചങ്ങനാശ്ശേരിക്ക് കോട്ടയം, പാലാ, കാഞ്ഞിരപ്പള്ളി എന്നിവയും ലഭ്യമായി.

1960-നു ശേഷം സീറോ-മലബാർ സഭ മൂന്ന് ബഹുമതികൾ പ്രാപിച്ചു. ഒന്ന്, ആ സഭയുടെ നേതൃത്വത്തിൽ നടന്ന വിജയപ്രദമായ മിഷൻ പ്രവർത്തനത്തിന്റെ അനുമോദന സൂചകമായി ചന്ദാ, സത്നാ, ഉജ്ജൈൻ, സാഗർ, ബാലസൂർ എന്നീ സ്ഥലങ്ങളിൽ 1962-ലും 1968-ലും എക്സാർക്കുമാരെ നിയമിച്ച് ആ സ്ഥാനങ്ങളിൽ സീറോ-മലബാർ സഭയിൽപ്പെട്ട വൈദികർക്ക് ആ ചുമതല നൽകി. പിന്നീട് അവയെ ഭദ്രാസനങ്ങളായി ഉയർത്തുകയും ചെയ്തു. രണ്ട്, 1969-ൽ സീറോ-മലബാർ സഭയുടെ എറണാകുളം ആർച്ചുബിഷപ്പ് ജോസഫ് പാറേക്കാട്ടിലിനെ ഒരു കർദ്ദിനാളായി റോം നിയമിച്ചു. അദ്ദേഹമായിരുന്നു ഇന്ത്യാക്കാരനായ രണ്ടാമത്തെ കർദ്ദിനാൾ. മൂന്ന്, എറണാകുളം ആർച്ച്ബിഷപ്പിനെ മേജർ ആർച്ച് ബിഷപ്പായി ഉയർത്തി സഭയ്ക്ക് കൂടുതൽ ഉൾഭരണ സ്വാതന്ത്ര്യം നൽകി.

### 2. സീറോ മലങ്കരസഭ

1930 സെപ്റ്റംബർ 20-ാം തീയതി ആർച്ചുബിഷപ്പ് ഈവാനിയോസ്, ബിഷപ്പ് തിയോഫിലോസിനോടുകൂടി റോമൻ കത്തോലിക്കാ സഭയിൽ ചേർന്നതിനെ തുടർന്ന് 1932-ൽ തിരുവനന്തപുരത്തെ മഹായിടവകയും, തിരുവല്ലാ അതിനോടു ബന്ധപ്പെട്ട ഭദ്രാസനവുമായി റോം പ്രഖ്യാപിച്ചു. മാർ ഈവാനിയോസ് തന്റെ നിര്യാണം വരെ (1953) തിരുവനന്തപുരം ആർച്ചുബിഷപ്പായും, മാർ തിയോഫിലോസ് തിരുവല്ലാ ബിഷപ്പായും സേവനമനുഷ്ഠിച്ചു. മാർ തിയോഫിലോസിന് അധികകാലം സഭാ നേതൃത്വം വഹിക്കുവാൻ കഴിഞ്ഞില്ല. രോഗാവലംബിയായിത്തീർന്ന അദ്ദേഹത്തിന്റെ സ്ഥാനത്ത് 1938 മുതൽ മലങ്കര ഓർത്തഡോക്സ് സഭ വിട്ടു റോമൻ കത്തോലിക്കാ സഭയിൽ ചേർന്ന വാളക്കുഴി ജോസഫ് മാർ സേവേറിയോസ് 1950 വരെ തിരുവല്ലാ ഭദ്രാസനത്തിന്റെ അഡ്മിനിസ്ട്രേറ്ററായും, അതിനുശേഷം 1955 വരെ ബിഷപ്പായും പ്രവർത്തിച്ചു. മാർ ഈവാനിയോസിന്റെ പിൻഗാമിയായി ബനഡിക്ട് മാർ ഗ്രിഗോറിയോസും മാർ സേവേറിയോസിന്റെ അനന്തരഗാമിയായി സഖറിയാസ് മാർ അത്താനാസ്യോസും സഭയെ നയിച്ചു.

1979-ൽ തിരുവല്ലാ ഭദ്രാസനത്തെ രണ്ടായി വിഭജിച്ചു. കുന്നംകുളം വരെയുള്ള വിഭാഗം തിരുവല്ലായുടെ മേൽനോട്ടത്തിലും, അവിടം മുതൽ വടക്കോട്ടുള്ള മലബാർ പ്രദേശങ്ങളും തമിഴ്നാടും കർണ്ണാടകവും സുൽത്താൻബത്തേരി ഭദ്രാസനത്തിന്റെ നേതൃത്വത്തിലും കഴിയത്തക്കവണ്ണം ക്രമീകരണം ചെയ്തു.

### 3. ലത്തീൻ പാരമ്പര്യം നിലനിർത്തുന്ന സഭ

ഇന്ത്യയിലെ റോമൻകത്തോലിക്കരിൽ ബഹുഭൂരിപക്ഷവും ലത്തീൻ പാരമ്പര്യത്തിൽ കഴിയുന്നവരാണ്. പദ്രോവാദോയും പ്രോപ്പഗാൻഡയും തമ്മിൽ നടന്ന സമരം അവസാനിപ്പിച്ചതോടെ ഒരു പുതിയ യുഗം തന്നെ സഭയ്ക്കുദയം ചെയ്തു.

1886-ൽ കേരളത്തിലെ ലത്തീൻ സഭയ്ക്കു വരാപ്പുഴയെ അതിന്റെ മഹായിടവകയായി റോം പ്രഖ്യാപിച്ചു. അതിനുശേഷം വരാപ്പുഴയ്ക്കു കൊച്ചി, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം, കോഴിക്കോട്, വിജയപുരം എന്നിവ ഭദ്രാസനങ്ങളായി നൽകുകയും ചെയ്തു. കേരളത്തിനു വെളിയിൽ ഗോവാ ഉൾപ്പെടെ 15 മഹായിടവകകളും 60-ൽപരം ഭദ്രാസനങ്ങളും ലത്തീൻ സഭയ്ക്ക് ഉണ്ടായി.

ഈ വിധം വളർച്ച പ്രാപിച്ച സഭയെ ഐക്യത്തിൽ നിലനിർത്തുവാൻ 1944-ൽ രൂപംകൊണ്ട സംഘടനയാണ് ഇന്ത്യയിലെ കത്തോലിക്കാ ബിഷ

പ്പന്മാരുടെ കോൺഫറൻസ് (The Catholic Bishops Conference of India - C.B.C.I.). ന്യൂഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ അസോസിയേഷനു വിപുലമായ കർമ്മപരിപാടിയുണ്ട്. അതിന്റെ ആഭിമുഖ്യത്തിൽ ബാംഗ്ലൂരിലെ സെന്റ് ജോൺസ് മെഡിക്കൽ കോളജുൾപ്പെടെ ചില പ്രധാന സ്ഥാപനങ്ങൾ സഭ നടത്തിവരുന്നു. ഈ കോൺഫറൻസിന്റെ ശാഖകളെന്നവണ്ണം പ്രാദേശികതലത്തിലും ബിഷപ്പുമാരുടെ കോൺഫറൻസുകൾ പ്രവർത്തിക്കുന്നുണ്ട്. അങ്ങനെ കേരളത്തിലുള്ള സംഘടനയാണ് കേരള കത്തോലിക്കാ ബിഷപ്പുമാരുടെ കോൺഫറൻസ് (കെ.സി.ബി.സി.). അതിനു പുറമേ 11 പ്രാദേശിക കോൺഫറൻസുകളും ഇന്ത്യയിലുണ്ട്.

### 3. വൈദിക വിദ്യാഭ്യാസം

ഇന്ത്യൻ സഭയുടെ ആദ്ധ്യാത്മിക സേവനം ആദ്യ കാലങ്ങളിൽ വിദേശ മിഷനറിമാർ നിർവഹിച്ചു വന്നു. എന്നാൽ സഭ വളർന്നതോടെ ഇന്ത്യാക്കാരായ വൈദികർ സഭാസേവനത്തിൽ കൂടുതൽ ചുമതല വഹിക്കുവാൻ സന്നദ്ധരായി. സാമ്പത്തിക സുഭിക്ഷതയിൽ കഴിയുന്ന പാശ്ചാത്യനാടുകളിലെ സഭകളിൽ നിന്ന് റോമിൽക്കൂടി ലഭിക്കാവുന്ന സഹായസഹകരണങ്ങൾ ഇന്ത്യയിലെ റോമൻ കത്തോലിക്കാ സഭ മറ്റേതു സഭയേക്കാളും പ്രയോജനപ്പെടുത്തുന്ന പരമാർത്ഥം വൈദിക വിദ്യാഭ്യാസ നിർവ്വഹണത്തിലും മറ്റെല്ലാ പ്രവർത്തനങ്ങളിലും വ്യക്തമാണ്.

ഇന്ത്യാക്കാരെ വൈദികവൃത്തിക്കു പരിശീലിപ്പിച്ചെടുക്കുവാൻ വേണ്ടി സ്ഥാപിതമായ ആലുവായിലെ മംഗലപ്പുഴ സെമിനാരിയും കാൻഡിയിൽ നിന്നും പൂനായിലേയ്ക്കു മാറ്റിയ ജസ്വിത്ത് സെമിനാരിയും കർമ്മനിരതമായവിധം നാം കണ്ടു. ഇവയും 18-ഉം 19-ഉം നൂറ്റാണ്ടുകളിൽ സ്ഥാപിതമായ മറ്റു ചില വിദ്യാലയങ്ങളും പോരാതെ വന്നു. അതിനാൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലായി വേറെ പല വൈദിക വിദ്യാലയങ്ങളും കോളജുകളും സഭ നിർമ്മിച്ചു. അവിടവിടങ്ങളിലെ സഭാസേവനത്തിനും മറ്റു സ്ഥലങ്ങളിൽ സുവിശേഷപരമായ യത്നങ്ങൾക്കും താത്പര്യമുള്ള യുവാക്കളെ പരിശീലിപ്പിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ സഭ ചെയ്തു.

ഈ വിധം സീറോ-മലബാർ, സീറോ-മലങ്കര എന്നീ സഭകളെ പ്രത്യേകം ഉദ്ദേശിച്ചു കോട്ടയത്തു വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക വിദ്യാപീഠം 1962-ൽ സ്ഥാപിതമായി 350-ഓളം വിദ്യാർത്ഥികളും 25-നടുത്തു പ്രഗത്ഭരായ അദ്ധ്യാപകന്മാരുമുള്ള ആ വൈദിക വിദ്യാലയം ഇന്ത്യയിലെ റോമൻ കത്തോലിക്കാ സെമിനാരികളിൽ മുൻപന്തിയിൽ നിൽക്കുന്ന ഒന്നാണ്. ഇതിനേക്കാൾ പേരും പെരുമയും

അവകാശപ്പെടുവാൻ നാം നേരത്തെ സൂചിപ്പിച്ച ആലുവാ മംഗലപ്പുഴ സെമിനാരിക്കും അർഹതയുണ്ട്. ഇവ രണ്ടിനും പുറമെ ചെറിയ തോതിൽ നടന്നുവരുന്ന വൈദിക വിദ്യാലയങ്ങൾ റോമൻ കത്തോലിക്കാ സഭയോടു ചേർന്നു കേരളത്തിൽത്തന്നെയുണ്ട്.

ഇന്ത്യയിലെ സെമിനാരികളിൽ ആദ്യത്തേത് 1610-ൽ ഗോവായിൽ സ്ഥാപിതമായി. പിന്നീട് 3 സെമിനാരികൾ 18-ാം നൂറ്റാണ്ടിലും ഏറെ വിദ്യാലയങ്ങൾ 19-ാം നൂറ്റാണ്ടിലും, 9 സ്ഥാപനങ്ങൾ 20-ാം നൂറ്റാണ്ടിലും രൂപംകൊണ്ടു. അവയിലെല്ലാം കൂടി 250-നുമേൽ അദ്ധ്യാപകന്മാരും 320-നടുത്തു അദ്ധ്യേതാക്കളുമുണ്ട്. ക്രിസ്തീയ വിജ്ഞാനം പകരുന്ന പല പ്രശസ്ത സ്ഥാപനങ്ങളും ഇന്ത്യയുടെ പല ഭാഗങ്ങളിലും പ്രവർത്തിക്കുന്നു. ആ കൂട്ടത്തിലുൾപ്പെടുത്തേണ്ടതാണ് ബാംഗ്ലൂരിലെ ധർമ്മാരാം കോളജ്. സീറോ-മലബാർ സഭയിലെ കർമ്മലീത്താ സമൂഹം (സി.എം.ഐ.) നടത്തുന്ന ഒരു പ്രശസ്ത വിദ്യാഭ്യാസ സ്ഥാപനമാണ് അത്.

### 4. വിവിധ രംഗങ്ങളിലെ സേവനം

പല പരിപാടികൾ വഴി റോമൻ കത്തോലിക്കാ സഭ നിർവ്വഹിച്ചുവരുന്ന പൊതുജനസേവനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. മൂന്നു സരണികളിലായി അതു ചൂണ്ടിക്കാണിക്കാം. 1. വിദ്യാഭ്യാസരംഗത്ത്, 2. ആതുരസേവനരംഗത്ത്, 3. പൊതുവായ സാമൂഹ്യരംഗത്ത്.

**1. വിദ്യാഭ്യാസ രംഗത്ത്:** ഇടവകതലത്തിലും ഭദ്രാസനതലത്തിലും മറ്റുമായി റോമൻ കത്തോലിക്കാ സഭയുടെ ആഭിമുഖ്യത്തിൽ ഒരു വലിയ സംഖ്യ സ്കൂളുകളും, 145 സർവ്വകലാശാലബന്ധമുള്ള കോളജുകളും 300 സാങ്കേതിക സ്കൂളുകളും ഇന്ത്യയുടെ പല ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു.

ബ്രിട്ടീഷുകാർ ഇന്ത്യയുടെ ഭരണം നിർവഹിച്ചിരുന്ന കാലങ്ങളിൽ തന്നെ കോട്ടയത്തു പഴയസെമിനാരിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു. അതിനുശേഷം സി.എം.എസ്. മിഷനറി ഹെൻറി ബേക്കർ സുറിയാനി സഭയുടെ പള്ളികളോട് ചേർന്നു വിദ്യാലയങ്ങൾ നിർമ്മിക്കുവാൻ ശ്രമിച്ചു. റോമൻ കത്തോലിക്കാ സഭയുടെ കേരളത്തിലെ വിദ്യാഭ്യാസ പ്രചരണത്തിന് ഈ സംഭവങ്ങൾ പ്രചോദനം നൽകി.

കേരളത്തിനു വെളിയിലുള്ള പ്രദേശങ്ങളിലും ഒരനുകൂല സാഹചര്യം ലഭ്യമായി. റയിൽവേ, തപാൽ, കമ്പിത്തപാൽ (Telegraphy) തുടങ്ങി സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള ജോലികൾക്കു രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും കൊള്ളാവുന്നവരെ ഗവൺമെന്റ് നിയമിച്ചു. അവരിൽ ചിലർ റോമൻ കത്തോലിക്കാ ക്രിസ്ത്യാനികളായിരുന്നു. മറ്റു ചിലർ

സ്വന്ത നാടുമായുള്ള ബന്ധം വിട്ടതോടെ ക്രിസ്തുമതമവലംബിച്ചു റോമൻ കത്തോലിക്കാ സഭയോടു ചേരുവാൻ മടിച്ചില്ല. ഈ വിധം വന്ന കത്തോലിക്കർക്കും കത്തോലിക്കരുമായി ചേർന്നവർക്കും ഓരോ സ്ഥലങ്ങളിലും സഭ പള്ളികൾ നിർമ്മിച്ചു കൊടുത്തു. അവരുടെ മക്കൾക്കു വിദ്യാഭ്യാസം നൽകുവാൻ സ്കൂളുകളും ഉണ്ടാക്കി. ഇങ്ങനെ ഇന്ത്യയുടെ പല സ്ഥലങ്ങളിലും റോമൻ കത്തോലിക്കാ സഭ വക സ്കൂളുകളും പിന്നീടു കോളജുകളും സ്ഥാപിതമായി. ആരംഭത്തിൽ ആ സഭയുടെ മക്കളെ വിശ്വാസം പഠിപ്പിക്കുവാനും അല്ലാത്തവരെ വിശ്വാസത്തിലേയ്ക്കു വരുത്തുവാനും ഉദ്ദേശിച്ചുള്ളതായിരുന്നു ആ സ്ഥാപനങ്ങൾ. പിന്നീടു മറ്റു സഭകളിൽപ്പെട്ടവർക്കും ഇതര മതസ്ഥർക്കും അവയിൽ പ്രവേശനം നൽകി വന്നു. ഇന്ന് റോമൻ കത്തോലിക്കാ സഭയുടെ സ്കൂളുകളും കോളജുകളും രാജ്യത്തെ വിദ്യാഭ്യാസരംഗത്തു പ്രശംസനീയമായ സേവനം ജാതി മതഭേദമെന്യേ എല്ലാവർക്കും നൽകുന്നു.

**2. ആതുരസേവനരംഗത്ത്:** റോമൻ കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ 679 ആശുപത്രികളും 766 അനാഥാലയങ്ങളും 157 വയോജന മന്ദിരങ്ങളും പ്രവർത്തിക്കുന്നു. ആശുപത്രികളിലെല്ലാം കൂടി 19189 രോഗികളെ കിടത്തി ശുശ്രൂഷിക്കുവാൻ സൗകര്യമുണ്ട്.

ഈ സേവനപരിപാടിക്കും 19-ാം നൂറ്റാണ്ടുവരെയുള്ള ചരിത്രമുണ്ട്. അനാഥാലയങ്ങൾ, അഭയാർത്ഥി സങ്കേതങ്ങൾ, വയോജനമന്ദിരങ്ങൾ എന്നിവ ഒരളവിൽ ആ കാലങ്ങളിൽ നടത്തിവന്നിരുന്നു. എന്നാൽ കത്തോലിക്കാസഭയുടെ ആഭിമുഖ്യത്തിൽ ആശുപത്രികൾ ശരിയായവിധം നടത്തിത്തുടങ്ങിയത് 20-ാം നൂറ്റാണ്ടിലായിരുന്നു. 1935-ൽ കഷ്ടിച്ച് അരഡസൻ ആശുപത്രികൾ മാത്രമേ പ്രവർത്തിച്ചിരുന്നുള്ളു. അന്ന് റാവൽപിണ്ടിയിൽ ഫ്രാൻസിസ്ക്കൻ മിഷനറി വനിതകൾ നടത്തിവന്ന ഒരു ചെറിയ ആശുപത്രി ഉണ്ടായിരുന്നു. അവിടെ സേവനമനുഷ്ഠിക്കുവാൻ ഡോ. അന്നാ ഡംഗേൽ യൂറോപ്പിൽ നിന്നും വന്നു. ആ സംഭവം റോമൻ കത്തോലിക്കാ സഭയിൽ ഒരു വലിയ വ്യത്യാസം ഉണ്ടാക്കി. ഏതാനും കാലം അവിടെ ജോലിസ്ഥിതിഗതികൾ മനസ്സിലാക്കിയശേഷം സ്വദേശത്തേയ്ക്കു മടങ്ങിപ്പോയ ആ വനിതാ ഡോക്ടർ കോൺഗ്രിഗേഷൻ ഓഫ് സിസ്റ്റേഴ്സ് (Congritation of Sisters) എന്ന പേരിൽ കത്തോലിക്കാ മെഡിക്കൽ മിഷനറിമാരുടെ ഒരു സമൂഹം സംഘടിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിച്ചു. സന്യാസിനികൾ പ്രസവവാർഡുകളിൽ ശുശ്രൂഷ നൽകരുതെന്ന് അന്ന് ഒരു നിയമം നിലവിലിരുന്നു. അതു മാറ്റാൻ പ്രചോദനം കൊടുത്തതു അന്നാ ഡംഗേൽ ആയിരുന്നു. അവരുടെ സേവനമാണ് ബാഗ്ലൂരിലെ സെന്റ് ജോൺസ് മെഡിക്കൽ കോളജുകളുൾപ്പെടെ റോമൻ കത്തോലിക്കാ സഭയിലെ എല്ലാ മെഡിക്കൽ കോളജുകൾക്കും അടിസ്ഥാനമായി തീർന്നത്.

3. പൊതുവായ സാമൂഹ്യസേവനരംഗത്തു ക്രിസ്തീയ മിഷൻ ചെയ്ത സേവനം പ്രത്യേകം ശ്രദ്ധേയമാണ്. 16-ാം നൂറ്റാണ്ടിൽ കേരളത്തിന്റെ കടലോരങ്ങളിൽ ധാരാളം മുക്കുവർ ക്രിസ്തുമതം സ്വീകരിച്ചു. അവരുടെ സാമൂഹ്യോദ്ധാരണത്തിനായി ചില പ്രവർത്തനങ്ങൾ ഉണ്ടായി. അതു പോലെ 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിലും തെക്കൻ തിരുവിതാം കൂറിലും ഇന്ത്യയുടെ മറ്റു പല ഭാഗങ്ങളിലും താണജാതിക്കാർ സമൂഹ മായി ക്രിസ്തുമതം സ്വീകരിച്ചു. അത് സാമൂഹ്യരംഗത്ത് അവരുടെ വിമോ ചനത്തിലേയ്ക്ക് വഴിതെളിച്ചു.

സഭ നീതിക്കും സത്യത്തിനും വേണ്ടി നിൽക്കുന്നു. അതിനെതിരായി പ്രവർത്തിക്കുന്നവരുടെ നിയന്ത്രണത്തിൽ നിന്നും സാധുക്കളെ ഉദ്ധരി ക്കുവാൻ യത്നിക്കുന്നു. ഈ ലക്ഷ്യത്തിനുവേണ്ടി ജീവിതം അർപ്പിച്ചി ട്ടുള്ള മിഷനറിമാരുണ്ട്. അങ്ങനെയുള്ള ചിലരെപ്പറ്റി അഖിലീസ് മീഴ് സ്മാൻ ഒരു ലേഖനത്തിൽ എടുത്തുപറയുന്നതിവിടെ ശ്രദ്ധേയമാണ് (ലേഖനം Christianity in India, Ed. by Perumalil and Hambye, 1972, pp. 254-55 കാണുക). 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ചോട്ടാനാഗപൂർ പ്രദേ ശങ്ങളിൽ സഭ വളർന്ന് 20-ാം നൂറ്റാണ്ടിൽ അവിടെ മൂന്ന് ഭദ്രാസനങ്ങൾ രൂപമെടുക്കുവാൻ സാദ്ധ്യമായ സാഹചര്യം ലേഖനകർത്താവ് വിവരി ക്കുന്നു. ആ നാട്ടിലെ താണജാതിക്കാരായ സാധുക്കളെ അവിടങ്ങളിൽ പണം പലിശയ്ക്കു കൊടുത്തുകൊണ്ടിരുന്ന കുബേരന്മാർ കബളിപ്പിച്ച് അവരുടെ ഭൂമി സ്വന്തമാക്കി വന്നിരുന്നു. ഈ വസ്തുത മനസ്സിലാക്കിയ ബൽജിയംകാരായ മിഷനറിമാർ ആ സാധുക്കളെ ചൂഷണത്തിൽ നിന്നും വിടുവിച്ചു. ഇത് ആ ജനങ്ങളെ ക്രിസ്തുമതമവലംബിക്കുവാൻ പ്രേരി പ്പിച്ചു.

മദർ തെരേസ്സാ സാധുക്കളുടെ ഉന്നമനത്തിനുവേണ്ടി ചെയ്തുവന്ന പ്രവർത്തനങ്ങളും ഇവിടെ പ്രസ്താവ്യമാണ്. അദ്ധ്വാനിക്കുന്നവർക്കും, ഭാരം ചുമക്കുന്നവർക്കും ആശ്വാസം നൽകുന്ന യേശുക്രിസ്തുവിന്റെ സമാധാനം സഭ ലോകത്തിനു കൊടുക്കേണ്ടതാണ്.

ഒരു കണക്കനുസരിച്ച് ഇന്ത്യയിലെ റോമൻ കത്തോലിക്കാ സഭയിൽ ഇപ്പോൾ 10 ദശലക്ഷങ്ങളിലധികം അംഗങ്ങളുണ്ട്. 19500-നടുത്തു വരുന്ന പള്ളികളും ആരാധനാസ്ഥലങ്ങളും അതിലുണ്ട്. 124 ബിഷപ്പന്മാരും 7224 ഇടവകപട്ടക്കാരും 4250-ഓളം സന്യാസിപ്പട്ടക്കാരും അതിൽ സേവനമ നുഷ്ഠിക്കുന്നു. 45,000-ഓളം സന്യാസികളും സന്യാസിനികളും ആ സഭാ ബന്ധത്തിൽ കഴിയുന്നു.

### ചോദ്യങ്ങൾ

1. റോമൻ കത്തോലിക്കാ സഭയിലെ വിവിധ പാരമ്പര്യങ്ങൾ ഏവ? അവയിലേതൊക്കെയ്ക്ക് എത്രത്തോളം വളർച്ച ഇതിനകം ഉണ്ടായിട്ടുണ്ട്? എങ്ങനെയെല്ലാം?

2. സി.ബി.സി.ഐ., കെ.സി.ബി.സി. എന്നെല്ലാം പറയുന്നതെന്തിനെ കുറിക്കുന്നു? അവയുടെ പ്രവർത്തനവ്യാപ്തി വ്യക്തമാക്കുക.

3. വൈദിക വിദ്യാഭ്യാസം ആസ്പദമാക്കി റോമൻ കത്തോലിക്കാ സഭയുടെ ഇന്നത്തെ സ്ഥിതി എന്ത്?

4. സേവനരംഗത്ത് റോമൻകത്തോലിക്കാ സഭയുടെ സംഭാവന എന്ത്?

## പാഠം 5

## സഭകളുടെ ആകമാന സേവനം

❑ പ്രാരംഭം ❑ സ്ത്രീ വിദ്യാഭ്യാസം ❑ മെഡിക്കൽ മിഷൻ ❑ വിദ്യാഭ്യാസ രംഗത്ത്

### പ്രാരംഭം

സേവനരംഗത്ത് റോമൻ കത്തോലിക്കാ സഭ നൽകുന്ന സംഭാവനകളുടെ സംക്ഷിപ്ത വിവരം കഴിഞ്ഞ പാഠത്തിൽ നൽകി. മറ്റു സഭകൾ ഈ രംഗത്തു ചെയ്തുവരുന്ന കാര്യങ്ങൾ ഈ പാഠത്തിൽ പരിഗണിക്കാം. പ്രധാനമായി പ്രോട്ടസ്റ്റന്റു സഭകളുടെ മിഷൻ സമൂഹങ്ങൾ ചെയ്തിട്ടുള്ള സംഭാവനകളായി ചൂണ്ടിക്കാണിക്കേണ്ടവയാണു സ്ത്രീ വിദ്യാഭ്യാസം, മെഡിക്കൽ മിഷൻ, വിദ്യാഭ്യാസരംഗത്തു ചെയ്ത സേവനം എന്നിവ.

### 2. സ്ത്രീവിദ്യാഭ്യാസം

പെൺകുട്ടികൾക്കു വിദ്യാഭ്യാസം കൊടുക്കുന്ന രീതി 18-ാം നൂറ്റാണ്ടിലെ ഇന്ത്യയിൽ പൊതുവെ ഉണ്ടായിരുന്നതല്ല. ഉത്തരേന്ത്യയിൽ അതു നിരുത്സാഹപ്പെടുത്തിയിരുന്നു. എന്നാൽ അതു പ്രചാരത്തിൽ വരുത്തുവാൻ വേണ്ടി പ്രവർത്തിച്ചത് പ്രോട്ടസ്റ്റന്റു മിഷനറിമാരായിരുന്നു. ആരംഭത്തിൽ അതു സ്വീകാര്യമായി ജനങ്ങൾ കരുതിയില്ലെങ്കിലും 19-ാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേയ്ക്കും അതു പ്രചാരത്തിൽ വന്നു.

1818-ൽ സെറാമ്പൂർ മിഷനറി മാർഷ്മാന്റെ ഭാര്യയും അതിനടുത്ത് ബോംബെയിൽ മിഷനറി വിത്സന്റെ ഭാര്യയും പെൺകുട്ടികളെ പഠിപ്പിക്കുവാനുള്ള സംരംഭത്തിൽ ഏർപ്പെട്ടു. 1834-ൽ ഇംഗ്ലീഷ് മിഷനറി വനിത കൽക്കട്ടായിൽ പെൺകുട്ടികൾക്കായി ഒരു സ്കൂൾ ആരംഭിച്ചു. അതിനു ശേഷം 1849-ൽ ബ്രഹ്മസമാജത്തിന്റെ സഹകരണത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഗൗരവപൂർവം കരുതണമെന്നുള്ള ചിന്ത മിഷനറിമാർ പ്രകടിപ്പിച്ചു. 1854-ൽ ഹൈന്ദവ കുടുംബങ്ങളിൽ വച്ചു പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുവാനുള്ള ഒരു പരിപാടി മിഷനറിമാർ ആസൂത്രണം ചെയ്തു. 1857-ൽ അലക്സാണ്ടർ ഡഫ് പെൺകുട്ടികൾക്കു വിദ്യാഭ്യാസം നൽകുവാൻവേണ്ടി കൽക്കട്ടായിൽ ഒരു സ്കൂൾ രൂപീകരിച്ചു. 1859-ൽ അമേരിക്കൻ പ്രസ്ബിറ്ററിയൻ മിഷൻ ഡെറാഡൂണിൽ പെൺകുട്ടികൾക്കായി ഒരു ബോർഡിംഗ് സ്കൂൾ സ്ഥാപിക്കുകയും ചെയ്തു.

ഈ വിധത്തിൽ കാര്യങ്ങൾ ഇന്ത്യയിൽ നീങ്ങിക്കൊണ്ടിരിക്കവേ ഇംഗ്ലണ്ടിൽ ആംഗ്ലേയ സഭ 1881-ൽ സെനാനാ മിഷനറി സൊസൈറ്റി സ്ഥാപിച്ചു. അത് സ്ത്രീകൾക്കു വേദപുസ്തകവിജ്ഞാനം നൽകുവാനുദ്ദേശിച്ചുള്ള സെനാനാ ബൈബിൾ മിഷനും, അവർക്കു വൈദ്യസഹായം പ്രദാനം ചെയ്യുവാൻ ലാക്കാക്കിയുള്ള സെനാനാ മെഡിക്കൽ മിഷനും ഉൾക്കൊള്ളുന്നതായിരുന്നു. അതിനു മുമ്പു തന്നെ, 1870-ൽ അമേരിക്കൻ മെത്തഡിസ്റ്റ് എപ്പിസ്ക്കോപ്പൽ സഭയിൽ നിന്നും ലക്നൗവിൽ വന്ന ഇസബല്ല തോബേൺ, സ്ത്രീ വിദ്യാഭ്യാസത്തിനു സ്തുത്യർഹമായ നേതൃത്വം നൽകിയിരുന്നു. ആ മിഷനറി വനിതയുടെ ശ്രമഫലമായി പെൺകുട്ടികൾക്കായി ഒരു സ്കൂൾ സ്ഥാപിച്ചു. അതാണു പിന്നീടു ലക്നൗവിൽ ഇസബല്ല തോബേൺ കോളജായി പ്രശസ്തി നേടിയത്. 1884-ൽ ബോംബെയിലെ രണ്ടു ക്രിസ്ത്യാനി പെൺകുട്ടികൾ യൂണിവേഴ്സിറ്റിയുടെ മെട്രിക്കുലേഷൻ പരീക്ഷ എഴുതി വിജയം വരിച്ചു. അതിനടുത്ത വർഷം രണ്ടു പാർസി യുവതികൾ ബോംബെയിലെ വിൽസൺ കോളജിൽ ചേർന്നു പഠനം തുടങ്ങി. 19-ാം നൂറ്റാണ്ടിന്റെ അന്ത്യമായപ്പോഴേയ്ക്കും സ്ത്രീ വിദ്യാഭ്യാസം ഇന്ത്യയിൽ പ്രചാരത്തിൽ വന്നു.

സ്ത്രീകളുടെ സ്വാതന്ത്ര്യലബ്ധിക്കായി മറ്റാരെയുംകാളധികം പ്രവർത്തിച്ച ഇന്ത്യൻ വനിതയണ് പണ്ഡിത രമാബായി. 1858-ൽ ജനിച്ച് 1922-ൽ ചരമമടഞ്ഞ ഈ മഹത് വനിതയുടെ കഥ വളരെ അസാധാരണമായ ഒന്നാണ്. തികച്ചും സ്വതന്ത്ര ചിന്തകനായ ഒരു മറാത്തി ബ്രാഹ്മണനായിരുന്നു രമാബായിയുടെ പിതാവ്. ഹൈന്ദവ പാരമ്പര്യമതിലംഘിച്ച് അദ്ദേഹം തന്റെ ഭാര്യയെയും മകളെയും സംസ്കൃതം നന്നായി പഠിപ്പിച്ചു. 1876-ലുണ്ടായ കഠിന ക്ഷാമത്തിലുണ്ടായ ദുരിതാനുഭവങ്ങൾക്കിടയിൽ രമാബായി 1878-ൽ കൽക്കട്ടായിലെത്തി. അവിടെവച്ച് ബ്രഹ്മസമാ

ജത്തിൽ ചേരുകയും ഒരു ബംഗാളി യുവാവിനെ വിവാഹം കഴിക്കുകയും ചെയ്തു. എങ്കിലും രണ്ടു കൊല്ലങ്ങൾക്കകം ഭർത്താവ് നിര്യാതനായി. രമാബായി തന്റെ ഏക മകളുമൊരുമിച്ചു പൂനായിൽ തിരിച്ചെത്തി ക്രിസ്തുമതം സ്വീകരിച്ചു. പിന്നീട് 1922-ൽ നിര്യാണം പ്രാപിക്കുന്നതുവരെ സ്ത്രീകളുടെ സമുദ്ധാരണത്തിനും ഉന്നമനത്തിനുംവേണ്ടി അവർ പ്രവർത്തിച്ചു.

## 3. മെഡിക്കൽ മിഷൻ

വൈദ്യസഹായം നൽകിക്കൊണ്ടുള്ള മിഷൻ ഇന്ത്യയിൽ ഇദംപ്രഥമമായി ആരംഭിച്ചതും പ്രോട്ടസ്റ്റന്റു ഭാഗത്തു നിന്നുമായിരുന്നു. അമേരിക്കൻ ബോർഡ് ഇന്ത്യയിലേയ്ക്കു മെഡിക്കൽ മിഷനെ ആദ്യമായി അയച്ചു. അങ്ങനെ 1836-ൽ ജോൺസ്കഡർ മദ്രാസിലെത്തി. 1851-ൽ അദ്ദേഹത്തിന്റെ രണ്ടു മക്കളും ആഗതരായി. അവരിൽ മൂത്തയാളായിരുന്ന ഹെന്ററിസ്ക്കഡർ തന്റെ വേലസ്ഥലമായി ആർക്കോട്ടു തിരഞ്ഞെടുത്ത് അവിടേയ്ക്കു നീങ്ങി. ആർക്കോട്ടു മിഷൻ സ്ഥാപിച്ചതു ഹെന്ററിസ്ക്കഡർ ആയിരുന്നു. അതിനു മുമ്പ്, 1838-ൽ, എൽ.എം.എസ്. നെയ്യൂരിൽ മെഡിക്കൽ മിഷൻ പ്രവർത്തനം ആരംഭിച്ചിരുന്നതാണ്.

19-ാം നൂറ്റാണ്ടിന്റെ ഏകദേശം മദ്ധ്യഘട്ടം മുതൽ ഇന്ത്യയിലെ പ്രോട്ടസ്റ്റന്റു മിഷൻ വൈദ്യസേവനത്തിനു പ്രാധാന്യം നൽകി. അതുമൂലം 1858-ൽ ഇന്ത്യയിലാകമാനം 7 മെഡിക്കൽ മിഷനറിമാരാണുണ്ടായിരുന്നത്. എന്നാൽ 1882-ൽ അത് 28-ഉം, 1895-ൽ 140-ഉം 1905-ൽ 280-ഉം ആയി വർദ്ധിച്ചു. 1860-ൽ രാജസ്ഥാനിൽ വേല ആരംഭിച്ച സ്കോട്ട്ലൻഡുകാരായ പ്രെസ്ബിറ്റീറിയൻ മിഷനറിമാർ പിന്നീട് 25 കൊല്ലക്കാലത്തോളം ആ സ്ഥലങ്ങളിൽ ആശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിച്ചു. അവയിൽ കൂടിയായിരുന്നു സുവിശേഷ പ്രചരണം നടത്തുവാൻ ഉദ്യമിച്ചത്. അതുപോലെ ബാസൽ മിഷനും 1885-ൽ കോഴിക്കോട്ടും മറ്റുമായി ആശുപത്രികൾ തുടങ്ങി. 1889 മുതൽ മിറാജിൽ മിഷനറിമാർ ഒരു മെഡിക്കൽ സെന്റർ സ്ഥാപിച്ചു. ഇങ്ങനെ 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടത് വൈദ്യസഹായം നൽകുവാനുള്ള പരിപാടിയുമായിട്ടായിരുന്നു.

ഇങ്ങനെ മെഡിക്കൽ മിഷൻ വർദ്ധിക്കുവാനുള്ള ഒരു കാരണം, മിഷനറി വനിതകൾ തങ്ങളുടെ വേലസ്ഥലങ്ങളിൽ കണ്ട ഇന്ത്യൻ സ്ത്രീകളുടെ ആരോഗ്യപരമായ ശോച്യസ്ഥിതി മനസ്സിലാക്കിയതുകൊണ്ട് ആയിരുന്നു. സ്ത്രീകളുടെ സഹായാർത്ഥം 1870 മുതൽ ലേഡീസ് ഹോസ്പിറ്റലുകൾ പല സ്ഥലങ്ങളിലും നിർമ്മിക്കപ്പെട്ടു. ഹോസ്പിറ്റലുകൾ പ്രവർത്തിക്കുവാൻ തുടങ്ങിയപ്പോൾ അവിടെ ജോലി ചെയ്യുവാൻ ഡോക്ടർമാർ, നേഴ്സുമാർ, കമ്പൗണ്ടർമാർ തുടങ്ങിയ ജോലിക്കാരുടെ ആവശ്യം ബോദ്ധ്യമായി. ഇതാണ് മെഡിക്കൽ കോളജുകൾ സ്ഥാപിക്കുവാൻ മിഷ

നറിമാരെ പ്രേരിപ്പിച്ചത്.

പല സ്ഥലങ്ങളിലും മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിതമായി. ആ സാഹചര്യത്തിൽ 1894-ൽ സ്ത്രീകൾക്കു വേണ്ടി ഉത്തരേന്ത്യ സ്കൂൾ ഓഫ് മെഡിസിൻ ലുധിയാനായിൽ ആരംഭിച്ചു. ഡോ. ഈഡിത്ത് ബ്രൗൺ, മിസ് ഗ്രീൻഫീൽഡ് എന്നീ രണ്ടു മിഷനറി വനിതകളാണ് അതിന്റെ സ്ഥാപകർ. ദക്ഷിണേന്ത്യയിലും അമേരിക്കൻ ആർക്കോട്ടു മിഷന്റെ നേതൃത്വത്തിൽ, സ്ത്രീകൾക്കുവേണ്ടി ഒരു മെഡിക്കൽ സ്കൂൾ വെല്ലൂരിൽ സ്ഥാപിതമായി. താമസിയാതെ മറ്റു മിഷൻ സംഘടനകൾ അതിന്റെ പ്രവർത്തനത്തിൽ സഹകരിക്കുവാൻ സന്നദ്ധമായി. ഇപ്പോൾ മലങ്കര ഓർത്തഡോക്സ് സഭയും ഇതിൽ സഹകരിക്കുന്നു. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജും ഹോസ്പിറ്റലും ഏഷ്യാ ആകമാന മുള്ള ഏറ്റം വലിയ ക്രിസ്ത്യൻ മെഡിക്കൽ സ്ഥാപനമാണ്.

ആരംഭത്തിൽ ഈ സ്ഥാപനങ്ങളെല്ലാം സ്കൂളുകൾ മാത്രമായിരുന്നു. ആ സ്ഥിതിയിൽ അവയുടെ സർവകലാശാലാ ബന്ധം പിൻവലിക്കുമെന്ന നില ആവിർഭവിച്ചു. അതുമൂലം വെല്ലൂർ മെഡിക്കൽ സ്കൂൾ 1942-ലും 1945-ലുമായി മദ്രാസ് യൂണിവേഴ്സിറ്റിയുടെ ബന്ധത്തിൽ സമ്പൂർണ്ണ കോളജായി ഉയർന്നു. അതിനുശേഷം ലുധിയാനായും ആ വിധം പഞ്ചാബ് യൂണിവേഴ്സിറ്റിയോടു ചേർന്നു കോളജ് പദവിയിൽ എത്തി. ഇപ്പോൾ ഇന്ത്യയിൽ പ്രോട്ടസ്റ്റന്റു സഭകൾ മുൻകൈ എടുത്തു നടത്തുന്ന പല ആശുപത്രികളുമുണ്ട്. മലങ്കര ഓർത്തഡോക്സ് സഭാബന്ധത്തിൽ നടത്തപ്പെടുന്ന 24 ആശുപത്രികളുമുണ്ട്.

ആശുപത്രികളിൽ നേഴ്സുമാരെയും മറ്റു പ്രവർത്തകരെയും ആവ ശ്യമുണ്ട്. മെഡിക്കൽ കോളജുകളും ചില ആശുപത്രികളും ആ ജോലി ക്കുള്ള ആളുകളെ പരിശീലിപ്പിക്കേണ്ടതുണ്ട്. രണ്ടാം ലോകമഹായുദ്ധ കാലം വരെ ഇന്ത്യയിലെ സ്ത്രീകൾ നേഴ്സുമാരായി ജോലി ചെയ്യുവാ നിഷ്ടപ്പെട്ടിരുന്നില്ല. ആ കാലങ്ങളിൽ ഇന്ത്യയിൽ സേവനമനുഷ്ഠിച്ചവ രിൽ 90 ശതമാനവും ക്രിസ്ത്യാനികളും അവരിൽ 80 ശതമാനവും ക്രിസ്ത്യൻ മെഡിക്കൽ കോളജുകളിൽ പരിശീലനം പ്രാപിച്ചവരുമായി രുന്നു. അതിനുശേഷം ഒരു വലിയ വ്യത്യാസം ഉണ്ടായി.

ഇന്ത്യയിലെ മെഡിക്കൽ സേവനത്തെ ശക്തിപ്പെടുത്തുവാൻ സഹായ കമായവിധം പ്രവർത്തിക്കുന്ന സംഘടനകൾ ഇന്ന് ഇന്ത്യയിലുണ്ട്. എൻ. സി.സി. യോടു ചേർന്ന് 'ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയും' 'ക്രിസ്ത്യൻ നേഴ്സ് ലീഗും' പ്രവർത്തിക്കുന്നു. റോമൻ കത്തോലിക്കാസഭയിലും 'ഇന്റർനാഷനൽ മെഡിക്കൽ അസോസിയേ ഷൻ' തുടങ്ങിയ പല സംഘടനകളുണ്ട്.

## വിദ്യാഭ്യാസ-സേവനരംഗത്ത്

ഇന്ത്യയിലെ സഭകളെല്ലാം തന്നെ പല സ്ഥലങ്ങളിലായി സ്കൂളുകളും കോളജുകളും ധാരാളമായി നടത്തുന്നുണ്ട്. ഇതുമൂലം സഭകൾ വിദ്യാഭ്യാസരംഗത്ത് ഓരോ സ്റ്റേറ്റിലെയും ഗവൺമെന്റുകളുമായി സഹകരിച്ചു പ്രവർത്തിക്കുന്നു.

സർവകലാശാല തലത്തിലുള്ള ഉന്നത വിദ്യാഭ്യാസം എല്ലാവർക്കും അനുയോജ്യമോ പ്രാപ്യമോ അല്ല. സാധാരണജനങ്ങളിൽ ഒരു വലിയ പങ്കിനും സാമാന്യ സ്കൂൾ വിദ്യാഭ്യാസത്തെ തുടർന്ന് അവരവരുടെ ഉപജീവനമാർഗം കണ്ടുപിടിക്കുവാൻ സഹായകമായ തൊഴിൽ പരിശീലനമാണ് അഭികാമ്യമായിട്ടുള്ളത്. ഇന്നു ചില സ്ഥലങ്ങളിൽ നടത്തിവരുന്ന ഐ.റ്റി.സി. കൾ ഇതിനു പ്രയോജനകരമായി തീരാവുന്നതാണ്.

യുവതീയുവാക്കന്മാർക്ക് തൊഴിൽ പരിശീലനത്തോടുകൂടി വിദ്യാഭ്യാസം നൽകുന്ന പരിപാടിയും ക്രിസ്ത്യൻ മിഷൻ 19-ാം നൂറ്റാണ്ടു മുതൽ പ്രാവർത്തികമാക്കിയിരുന്നു. ഉത്തരകേരളത്തിലും കർണ്ണാടകത്തിലും പ്രവർത്തിച്ചിരുന്ന ബാസൽ മിഷൻ ഈ ഊന്നൽ നൽകി വന്നു. മറ്റു സ്ഥലങ്ങളിലും ഇതിനു തുല്യമായ പരിപാടികൾ മിഷൻ പ്രവർത്തകർ ആവിഷ്ക്കരിച്ചു. കാർഷികരംഗത്തും വ്യവസായ രംഗത്തും അവർ പരിശീലനമാതൃകയും നേതൃത്വവും നൽകി.

ബൈബിൾ സൊസൈറ്റി, വൈ.എം.സി.എ. എന്നീ സംഘടനകളെപ്പറ്റിയും പരാമർശിക്കുന്നത് അപ്രസക്തമല്ല. 1811 മുതൽ ബൈബിൾ സൊസൈറ്റി (British and Foreign Bible Society) യുടെ ശാഖകൾ ഇന്ത്യയിൽ സ്ഥാപിതമായി. വേദപുസ്തകം മുഴുവനായും ഭാഗികമായും വിവിധ ഭാഷകളിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്ന ചുമതല ഈ ശാഖകൾ നിർവ്വഹിച്ചു. നിലവിലുള്ള തർജ്ജമകളെ പരിശോധിച്ചു ശരിപ്പെടുത്തുവാനും പുതിയ വിവർത്തനങ്ങൾ തയ്യാറാക്കുവാനും അവ ശ്രമിച്ചു. ഇതുമൂലം വേദപുസ്തകം ചുരുങ്ങിയ വിലയ്ക്ക് ആർക്കും തന്നെ ലഭിക്കാവുന്നതായിത്തീർന്നു.

മലയാളത്തിൽ വേദപുസ്തകമോ അതിന്റെ ഏതെങ്കിലും ഭാഗമോ 19-ാം നൂറ്റാണ്ടിനു മുമ്പ് ഉണ്ടായിരുന്നില്ല. സുറിയാനിയിൽ നിന്നുള്ള ഒരു പുതിയനിയമ വിവർത്തനം 1806-നു ശേഷം ക്ലോഡിയസ് ബുക്കാനൻ ബോംബെയിൽ അച്ചടിച്ച് സുറിയാനി സഭയിൽ വിതരണം ചെയ്യുവാൻ നൽകി. കേവലം പദാനുപദ തർജ്ജമയായിരുന്ന ആ കൃതി പ്രചാരത്തിൽ വന്നില്ല. പിന്നീട് സി.എം.എസ്. മിഷനറി ബെഞ്ചമിൻ ബെയ്‌ലി ചെയ്ത വിവർത്തനം 1929 മുതൽ 1941 വരെയായി പൂർത്തീകരണം പ്രാപിച്ചു.

അതിനുശേഷം ബാസൽ മിഷനറിമാർ മുൻകൈ എടുത്ത് പുതിയനിയമവും വേദപുസ്തകത്തിന്റെ ഒരു വലിയ ഭാഗവും തർജ്ജമ ചെയ്തു. ഗുണ്ടർട്ട് നിർവഹിച്ച ഈ വിവർത്തനം സി.എം.എസു. കാരും ബാസൽ മിഷൻകാരും ചേർന്ന് 1910-ൽ മംഗലാപുരത്ത് അച്ചടിച്ചു. ബൈബിൾ സൊസൈറ്റി അതു വിതരണം ചെയ്തു.

1844-ൽ ജോർജ്ജ് വില്യമും സഖാക്കളും ചേർന്ന് ലണ്ടനിൽ സമാരാംഭിച്ച ഒരു ക്ലബ്ബാണ് താമസംവിനാ വൈ.എം.സി.എ. എന്ന അന്തരാഷ്ട്ര സംഘടനയായി രൂപംപ്രാപിച്ചത്. വ്യാപാരത്തിലേർപ്പെട്ടു കഴിഞ്ഞ മനുഷ്യരുടെ ആദ്ധ്യാത്മികമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. 19-ാം നൂറ്റാണ്ടിൽ തന്നെ വൈ.എം.സി.എ. ഇന്ത്യയിലെത്തി. ഭാരതത്തിലെ പ്രോട്ടസ്റ്റന്റു സഭകളിൽ നേതൃത്വം നൽകിയ ബിഷപ്പ് വി. എസ്. അസറിയാ, കെ. റ്റി. പോൾ ആദിയായ പലരും ആ സംഘടനയിൽ പ്രവർത്തിച്ചവരാണ്. 1913 മുതൽ 1930 വരെ വൈ.എം.സി.എ. യിൽ പ്രവർത്തിച്ച പോൾ 1916 മുതൽ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചു. 1930-ൽ ലണ്ടനിൽ വച്ചു നടന്ന വട്ടമേശ സമ്മേളനത്തിൽ മഹാത്മാഗാന്ധിയോടൊപ്പം അന്നത്തെ വൈസ്രോയിയുടെ പ്രത്യേക ക്ഷണമനുസരിച്ച് പങ്കുകൊണ്ട ദേഹമായിരുന്നു കെ. റ്റി. പോൾ.

ജാതിമതഭേദമെന്യേ എല്ലാവർക്കും സഹകരിച്ചു പ്രവർത്തിക്കാവുന്ന ഒരു സംഘടനയാണ് വൈ.എം.സി.എ. മുമ്പ് അതിന്റെ പ്രസിഡന്റ് ആയിരുന്ന ശ്രീ. കെ. എം. ഫിലിപ്പ് ഓർത്തഡോക്സ് സഭാംഗമാണ്.

### ചോദ്യങ്ങൾ

1. ഇന്ത്യയിൽ സ്ത്രീ വിദ്യാഭ്യാസം പ്രചരിച്ചതെങ്ങനെ?
2. വെല്ലൂർ 'ക്രിസ്ത്യൻ മെഡിക്കൽ കോളജ്' എങ്ങനെ രൂപംകൊണ്ടു?
3. വിദ്യാഭ്യാസരംഗത്ത് ക്രിസ്ത്യാനികൾ നൽകുന്ന സംഭാവന എന്ത്?
4. ബൈബിൾ സൊസൈറ്റി, വൈ.എം.സി.എ എന്നിവയെപ്പറ്റി എന്തറിയാം?

# പാഠം 6

## ഉപസംഹാരം

❑ പ്രാരംഭം ❑ ഭൂതകാലത്തിലേയ്ക്കൊരു തിരിഞ്ഞുനോട്ടം ❑ സഭയും ഇന്ത്യൻ സംസ്ക്കാരവും ❑ സഭയും എക്യുമെനിസവും

### 1. പ്രാരംഭം

ഈ ചെറു ഗ്രന്ഥത്തിന്റെ അന്ത്യപാഠമാണിത്. ഭാരതഭൂമിയിൽ ക്രൈസ്തവ സമൂഹങ്ങൾ എങ്ങനെ ആരംഭിച്ചു വളർന്നു എന്നുള്ള വസ്തുത കഴിയുന്നതും ലളിതമായും ചുരുക്കമായും പരാമർശിക്കുവാൻ ഉദ്യമിക്കുകയായിരുന്നു. ഈ അടിസ്ഥാനത്തിൽ ഇന്ത്യയിലെ സഭ ഏതു നിലയിലേയ്ക്ക് വളരണമെന്നുള്ള സുപ്രധാനമായ ചോദ്യം ഭാവിയെ ആസ്പദമാക്കി നാം അഭിമുഖീകരിക്കേണ്ടതുണ്ട്.

ഇവിടെ രണ്ടു പരമാർത്ഥങ്ങൾ നാം ഓർക്കണം. ഒന്ന് ക്രൈസ്തവ സഭ ഭാരതഭൂമിയിൽ തന്നെ ജനിച്ച് വികസിച്ചതല്ല. സഭകളെല്ലാം വിവിധ വിദേശനാടുകളിൽ, അവിടവിടത്തെ ബുദ്ധിപരവും ആദ്ധ്യാത്മികവും സാംസ്ക്കാരികവുമായ പശ്ചാത്തലങ്ങളിൽ രൂപമെടുത്തു വളർന്ന അവസ്ഥയിൽ അവിടെനിന്നും പകർത്തപ്പെട്ടവയാണ്. അതിനാൽ വ്യത്യസ്തമായ നിലകളിലാണെങ്കിലും വൈദേശികമാണ് ഈ സഭകളെല്ലാം. സഭയുടെ ഈ വൈദേശികത്വം മാറ്റിക്കിട്ടുകയും വേണം.

ഇതുപോലെ പ്രാധാന്യമർഹിക്കുന്നതാണ് രണ്ടാമത്തെ പരമാർത്ഥം. ഇത് ഇന്ത്യയിലെ സഭ ഏക സമൂഹമല്ലെന്നുള്ള വസ്തുതയാണ്. വിവിധ പാരമ്പര്യങ്ങൾക്കു വിധേയമായിക്കഴിയുന്ന ഭിന്ന സമൂഹങ്ങളാണ് ഇവയെല്ലാം. എന്നാൽ യേശുക്രിസ്തുവിനും യേശുക്രിസ്തുവിനെപ്പറ്റിയുള്ള ഉദ്ഘോഷണത്തിനാധാരമായ വേദപുസ്തകത്തിനും കേന്ദ്രപ്രാധാന്യം നൽകുന്ന ഈ സമൂഹങ്ങളുടെ ആകമാന ഐക്യം നമ്മുടെ ചിന്താവിഷയമാകേണ്ടതാണ്.

### 2. ഭൂതകാലത്തിലേയ്ക്ക് ഒരു തിരിഞ്ഞു നോട്ടം

ഇന്ത്യയിലെ നിരവധി സഭകളിൽ കേരളത്തിലെ സുറിയാനി സഭകൾക്ക് മറ്റേതിനേക്കാളും പുരാതനത്വമുണ്ട്. അവയുടെ ദീർഘകാല ചരിത്രത്തിൽ ആ സഭകൾ പുരാതന പേർഷ്യൻ സഭയുടെയും റോമൻ കത്തോലിക്കാ സഭയുടെയും, അന്ത്യോക്യൻ സുറിയാനി സഭയുടെയും, പ്രോട്ടസ്റ്റന്റു സഭകളിൽ ആംഗ്ലേയ സഭയുടെയും വേഴ്ചയിൽ വന്നിരുന്നു. ഇന്ന് അവയെല്ലാം തന്നെ പൗരസ്ത്യ സഭകളിൽ പേർഷ്യൻ സഭയോടൊ, അന്ത്യോക്യൻ സുറിയാനി സഭയോടൊ കടപ്പെട്ടവയാണ്.

ഈ രണ്ടു സഭകളിൽ പേർഷ്യൻസഭ 431-ലെ എഫേസോസ് സുന്നഹദോസിനെ സ്വീകരിക്കാതെ, ആ സുന്നഹദോസ് സഭാഭ്രംശം ചെയ്ത നെസ്തോറിയോസിനെയും അദ്ദേഹത്തിന്റെ നിലപാട് അവലംബിച്ചവരേയും സഭാപിതാക്കന്മാരായി കരുതുന്നു. അന്ത്യോക്യൻ സുറിയാനി സഭയാകട്ടെ, 451-ലെ കൽക്കദൂൻ സുന്നഹദോസിനെ കണക്കിലെടുക്കാതെ, അവിടെ സഭേതരനാക്കിയ ദീയസ്ക്കോറോസിനെയും അനുയായികളെയും അംഗീകരിക്കുന്നു. പുരാതന കാലങ്ങളിൽ നടന്ന ഈ സഭാഭ്രംശ പ്രക്രിയകൾക്ക് ഇന്ന് ക്രൈസ്തവ പണ്ഡിതന്മാർ പൊതുവേ സമകാലീന പ്രസക്തി കൽപിക്കുന്നില്ല. പേർഷ്യൻ സഭയുമായി കേരളത്തിലെ സഭയ്ക്ക് 16-ാം നൂറ്റാണ്ടുവരെ ബന്ധമുണ്ടായിരുന്നു. അന്ത്യോക്യൻ സുറിയാനി സഭയുമായി 1665 മുതൽ മലങ്കരസഭയിലൊരു വിഭാഗത്തിനു ബന്ധമുണ്ടായി.

പേർഷ്യൻ സഭാബന്ധത്തിൽ തൃശൂർ കേന്ദ്രമായി കഴിയുന്ന ഒരു ചെറിയ സഭയാണ് കൽദായ സഭ (Church of the East). വിശ്വാസം ആസ്പദമാക്കിയുള്ള പേർഷ്യൻ സഭയുടെ നിലപാടിനെ സീറോ മലബാർ സഭ നിരാകരിക്കുന്നുവെങ്കിലും, പേർഷ്യൻ സഭയുടെ മറ്റു പാരമ്പര്യങ്ങളെ റോം അംഗീകരിക്കുന്നവിധം രേഖപ്പെടുത്തി അവർ നിലനിർത്തുന്നു. മറ്റെല്ലാ സുറിയാനി സഭകൾക്കും വ്യത്യസ്ത രീതികളിലായി അന്ത്യോക്യൻ സുറിയാനി പാരമ്പര്യം ഉണ്ടെങ്കിലും സീറോ-മലങ്കര റോം അനുവദിക്കുന്നവിധത്തിൽ മാത്രമേ അതിനെ പിൻതുടരുന്നുള്ളു. വിശ്വാസപരവും മറ്റുമായ അന്ത്യോക്യൻ സുറിയാനി പാരമ്പര്യങ്ങളിൽ സാരമായ വ്യത്യാസമൊന്നും വരുത്താതെ നിലനിർത്തിക്കഴിയുന്നതാണ് മലങ്കരസഭയിലെ രണ്ടു വിഭാഗങ്ങളും (ഓർത്തഡോക്സ്-യാക്കോബായ വിഭാഗങ്ങൾ). മാർത്തോമ്മാ സഭ അന്ത്യോക്യൻ പാരമ്പര്യങ്ങളിൽ പാശ്ചാത്യ നവീകരണ സ്വാധീനത്താൽ വ്യത്യാസങ്ങൾ വരുത്തിയിട്ടുള്ളവരാണ്.

കേരളത്തിനുള്ളിലും വെളിയിലുമുള്ള മറ്റു സഭകളിൽ ഏറ്റം പ്രബലമായ സമൂഹം ലത്തീൻ കത്തോലിക്കാ സമുദായമാണ്. ആ സഭയും, സീറോ-മലബാർ സമൂഹമോ സീറോ-മലങ്കര സമൂഹമോ പോലെ, റോമിന്റെ ആഗോളാധീശത്വം ഔദ്യോഗികമായി സ്വീകരിച്ചു കഴിയുന്നു. ഈ സഭകളിൽ ഓരോന്നും എങ്ങനെ ഇന്ത്യയിൽ ആഗതമായി, എങ്ങനെ അവ വളർന്നു എന്നുള്ള വസ്തുതകൾ ഈ ഗ്രന്ഥത്തിന്റെ മുൻഭാഗങ്ങളിൽ എടുത്തു കാണിച്ചിട്ടുണ്ട്. റോമിന്റെ നേതൃത്വത്തിൻകീഴിൽ അനുവദനീയമായ ഉൾഭരണ സ്വാതന്ത്ര്യവും ഭാരതവൽക്കരണവും സഭയ്ക്കുണ്ടാകണമെന്ന് ആ സഭകളിന്നു വാദിക്കുന്നു. ഭാരതവൽക്കരണത്തിനു ആകമാന അംഗീകരണം ലഭിച്ചിട്ടില്ലെങ്കിലും, ആ ലക്ഷ്യത്തിലേയ്ക്ക്

അവർ നീങ്ങുന്നുണ്ട്. സി.ബി.സി.ഐ. (Catholic Bishops Conference of India) ആദിയായ സംഘടനകൾ വഴി ഉൾഭരണ സ്വാതന്ത്ര്യവും റോമൻ കത്തോലിക്കാ സഭ അനുഭവത്തിൽ വരുത്തുന്നുണ്ട്. എന്നാൽ ഈ രണ്ടു തത്ത്വങ്ങളും ആദർശപരമായി അംഗീകരിക്കുന്ന റോമൻ കത്തോലിക്കാ സമൂഹങ്ങൾ, ഇന്നു കാണുന്നതിൽ വളരെയധികം പരസ്പര ഐക്യം നിലനിർത്തേണ്ടതാണ്.

ഇന്ത്യയിലെ പ്രോട്ടസ്റ്റന്റു സഭകൾ കേരളത്തിലെ സഭ വികസിച്ചുണ്ടായവയല്ല. ലത്തീൻസഭ പോലെ പാശ്ചാത്യമിഷൻ അതിന്റെ പല ഭാഗങ്ങൾവഴി മതപ്രചരണം നടത്തിയതിന്റെ ഫലമായി രൂപമെടുത്തവയാണ്. അതുകൊണ്ട് ആ സഭകൾക്ക് കേരളത്തിലെ സുറിയാനി സഭയെപ്പറ്റിയും സുറിയാനി സഭയ്ക്ക് ആ സഭകളെപ്പറ്റിയും കാര്യമായ അറിവു ലഭിച്ചിട്ടില്ല. ഇന്ത്യയിൽ സ്ഥാപിതമായ പ്രധാന പ്രോട്ടസ്റ്റന്റു സഭകളിൽ ഒരു ഗണ്യമായ ഭാഗം ദക്ഷിണേന്ത്യാ സഭയിലും (C.S.I.) ഉത്തരേന്ത്യാസഭ (C.N.I.) യിലും ചേർന്നു കഴിയുന്നു. ഇവയുമായി ലയിക്കാതെയുള്ള പ്രോട്ടസ്റ്റന്റു സഭകളിൽ മിക്കവയും സ്വതന്ത്ര സഭകളായി സ്ഥിതി ചെയ്യുന്നു. ആഗോളതലത്തിലുള്ള സഭാവൈവിദ്ധ്യം ഏകദേശം അതേ തോതിൽ തന്നെ ഇന്ത്യയിലുമുണ്ട്.

### 3. സഭയും ഇന്ത്യൻ സംസ്ക്കാരവും

16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ കേരളത്തിൽ വന്നപ്പോൾ അവരും മലങ്കരസഭയും തമ്മിൽ സാരമായ അഭിപ്രായാന്തരമുണ്ടായി. അവർ പരിചയിച്ചിരുന്ന സഭാജീവിതവുമായി പൂർണ്ണമായി പൊരുത്തപ്പെടാത്ത ഒരു സഭാപാരമ്പര്യത്തെ കേരളത്തിൽ അവർ കണ്ടതായിരുന്നു അതിനു കാരണം. കേരളത്തിലെ ക്രിസ്ത്യാനികൾക്കും, പോർട്ടുഗീസുകാർ നിലനിർത്തിവന്ന റോമൻ കത്തോലിക്കാ സഭയുടെ പാരമ്പര്യത്തെപ്പറ്റി സാരമായ വിരക്തി തോന്നിയിരുന്നു.

എന്നാൽ ആ കാലങ്ങളിലും അതിനുശേഷവും ഇരുകൂട്ടരും വേണ്ടവണ്ണം കണക്കിലെടുക്കാതെ വിട്ടുകളഞ്ഞ പരമാർത്ഥമാണ് സഭയുടെ ആദിമകാലങ്ങളിലെ ചരിത്രം പ്രതിബിംബിക്കുന്നത്. ഉദാഹരണമായി സഭയിൽ പിരിവുകൾ ഉണ്ടാകുന്ന കാലങ്ങൾക്ക് മുമ്പുതന്നെ പൗരസ്ത്യ നാടുകളിൽ ഗ്രീക്കുസഭയും കോപ്റ്റിക് സഭയും, സുറിയാനി സഭകളും, അർമ്മേനിയൻ സഭയും അതാതിന്റെ വ്യക്തിത്വം നിലനിർത്തിക്കഴിയുകയായിരുന്നു. ഓരോ സഭയും മറ്റു സഭകളുടെ സ്വാതന്ത്ര്യത്തെ മാനിച്ചുവന്നു. വിശ്വാസപരമായ കാര്യങ്ങളിൽ, പ്രത്യേകിച്ചും ദൈവത്തിന്റെ ത്രീയേക സ്വഭാവം, യേശുക്രിസ്തുവിന്റെ ആളത്തം, പരിശുദ്ധാത്മ വ്യാപാരം ആദിയായവ ആസ്പദമാക്കി ഐക്യം നിലനിർത്തുവാൻ സഭ

യത്നിച്ചു വന്നു. എന്നാൽ ഓരോ നാട്ടിലേയും സംസ്ക്കാരത്തിനും ജീവിതരീതികൾക്കുമനുയോജ്യമായി മാത്രമായിരുന്നു സഭ വ്യാപരിച്ചു വന്നത്. ആ അവകാശം ഇന്ത്യയിലെ സഭയ്ക്കുമുള്ളതാണ്. അതു പ്രായോഗിക തലത്തിൽ യാഥാർത്ഥ്യമാകുമ്പോഴാണ് സഭയുടെ വൈദേശികത്വം ഇല്ലാതാകുന്നത്.

ക്രൈസ്തവസഭ 19 നൂറ്റാണ്ടുകളിലധികമായി ഇന്ത്യയിൽ സ്ഥിതി ചെയ്യുന്നു. ഈ നിലയിൽ അത് ഇന്ത്യൻ ചരിത്രത്തിന്റെ ഭാഗമാണ്. മാത്രവുമല്ല ഇന്ത്യൻ ജീവിതസാഹചര്യവുമായി ചേർന്നുതന്നെ അതു കഴിഞ്ഞു വരികയും ചെയ്യുന്നു. രാഷ്ട്രീയവും സാമൂഹ്യവുമായ ജീവിതരംഗങ്ങളെ നയിക്കുന്ന ശക്തികളുടെ ആനുകൂല്യം സമ്പാദിച്ച് സ്വന്ത നില ഭദ്രമാക്കുവാൻ ശ്രമിക്കുകയല്ല സഭകളുടെ സേവനലക്ഷ്യം. നേരെമറിച്ച്, ഇന്ത്യൻ സാഹചര്യവുമായി സംയോജിച്ചുള്ള ജീവിതം വഴി അതിന്റെ സ്വകീയമായ സംഭാവനകൾ പൊതുവിന്റെ നന്മയ്ക്കായി പങ്കിടുകയാണ്. ഈ അടിസ്ഥാനത്തിൽ ഇന്ത്യയുടെ അനിഷേധ്യ ഭാഗമായി ക്രൈസ്തവസഭയ്ക്കാകമാനം പുരോഗമിക്കുവാൻ സാധിക്കുകയും വേണം.

### 4. സഭയും എക്യുമെനിസവും

ഈ ഗ്രന്ഥത്തിൽ ഇതിനകം ഉപയോഗിച്ചിട്ടില്ലാത്ത ഒരു ഇംഗ്ലീഷ് പദമാണ് 'എക്യുമെനിസം.' ഗ്രീക്കു ഭാഷാ മൂലത്തിൽ നിന്നും ഇംഗ്ലീഷ് ഭാഷ ഉപയോഗത്തിൽ വരുത്തിയിട്ടുള്ളതാണ് ഈ പദം. ഭിന്നിച്ചു നിൽക്കുന്ന ക്രൈസ്തവ സഭകളെ, ക്രിസ്തീയ സമൂഹങ്ങളെ ഒരുമിപ്പിക്കുവാനുള്ള യത്നത്തേയാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. എന്നാൽ അതിലും വ്യാപകമായ അർത്ഥം പദത്തിനുണ്ട്. സഭകളേയും, ക്രിസ്ത്യാനികളേയും മാത്രമല്ല, മനുഷ്യവർഗത്തെ ആകമാനവും അഖിലാണ്ഡത്തെ മുഴുവനും ഒരുമിച്ചു കാണുക എന്ന ആശയം ആ പദം ഉൾക്കൊള്ളുന്നുണ്ട്.

ഈ ഗ്രന്ഥത്തിലെ പരാമർശങ്ങളുടെ വെളിച്ചത്തിൽ ഉന്നയിക്കാവുന്ന ചോദ്യം ഇതാണ്. ഇന്ത്യയിലെ ക്രൈസ്തവ സഭകൾക്കും, ക്രിസ്ത്യാനികൾക്കു പൊതുവെയും, ഐക്യത്തിന്റെ ദൂത് എങ്ങനെ ഉദ്ഘോഷിക്കുവാൻ കഴിയും? ഇതിനുത്തരം നൽകുവാൻ ഇവിടെ ഉദ്യമിക്കുന്നില്ല. ചോദ്യം അനുവാചകരുടെ പരിചിന്തനത്തിനു വിഷയമാക്കുക മാത്രമേ ചെയ്യുന്നുള്ളു. ഐക്യത്തിന്റെ ആത്മാവ് നമ്മെ നയിക്കട്ടെ.

# ഗ്രന്ഥസൂചിക

'സഭ വളരുന്നു' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച കൃതിയിൽ ചേർത്തിട്ടുള്ള ഗ്രന്ഥങ്ങളിൽ പലതും ഈ വാല്യത്തിലെ പ്രതിപാദനത്തിനും സഹായകമായിരുന്നു. അവയ്ക്കും പുറമെ ഉപയോഗപ്രദമായിരുന്ന ഒരു ചെറിയ ലിസ്റ്റും ഇവിടെ ഉൾപ്പെടുത്തുന്നു.


Apreme, Mar: *The Chaldean Syrian Church in India*, Trichur, 1977.

*Indian Christian Directory*, Bangalore, 1984.

K. Baago, *A History of the National Christian Council*, N.C.C., 1965.

R. H. S. Boyd: *An Introduction to Indian Christian Theology*, C.L.S., 1969.

Faculty of the Madras Christian College.

India Today, CLS-CISRS, 1967.

M. E. Gibbs: *The Anglican Church in India*, ISPCK, 1972.

John Maliekal: *The Independence Movement*, C.S.A., Bangalore, 1980.

*Kerala Christian Directory*, 1969.

T. C. Korah, *താഴത്തച്ചൻ*, 1986.

C. P. Mathew and M. M. Thomas, *The Indian Churches of St. Thomas*, ISPCK, 1967.

പ്രകാശം പബ്ലിക്കേഷൻസ്: *ക്രൈസ്തവ വിജ്ഞാനകോശം*, 1975.

R. D. Paul: *Ecumenism in Action: Church of South India: An Assesment*, C.L.S., 1972.

H. A. Popley: *K. T. Paul, Christian Leader*, Y.M.C.A., Culcutta, 1938.

N.V. Rappai: *പൗരസ്ത്യസുറിയാനി സഭ*, തൃശൂർ, 1982.

Stephen Neill: *Builders of the Indian Church*, Westminister, 1934.

*The Story of the Christian Church in India and Pakistan*, CLS-ISPCK, 1970.

J. Kollaparambil: *Mar Dionysius the Great of Malabar for the One True Fold*, Rome, 1964.

C. H. Swavely: *The Lutheran Enterprises in India*, FELCI, 1952.

Xavier Koodapuzha: *ഭാരത സഭാചരിത്രം*, Oriental Institute of Religious Studies, Kottayam, 1980.